ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

വികസന രേഖ



മാസ്റ്റർ ഓഫ്സെറ്റ് പ്രസ്സ്, കാഞ്ഞങ്ങാട്

With Best Compliments From

ONE ZERO COMPUTERS

Nileshwar. NSC Bank Bldg. Ph : 641062.

Payyanur. Opp. Mukunda Hospital. Ph : 502127.

Kannur. Business Complex. Ph : 67605

" Govt. Of India Recognised "

Computer Courses

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്
ജനകീയ ആസൂത്രണം
സമഗ്ര വികസന രേഖ

സൃഷ്ടിപരമായ പ്രവർത്തനം വെറും
തൊഴിൽ ദാന പരിപാടിയല്ല.
അതിന്റെ ലക്ഷ്യമാർഗ്ഗങ്ങൾ
ദയയോ ഭിക്ഷാ ദാനമോ അല്ല.
ജനങ്ങളിൽ സ്വാശ്രയബോധവും
ഇച്ഛാശക്തിയും വളർത്തി
അവരെ കർമ്മോൻമുഖരാക്കുകയാണ്.
അവരുടെ കഴിവും ശക്തിയും വളരണം.
അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും
ദുർവിനിയോഗത്തെ ചെറുക്കാനും
ജനങ്ങൾ ശക്തിയാർജ്ജിക്കണം.

– ഗാന്ധിജി–

ശ്രീ. രാജീവ് ഗാന്ധി
പഞ്ചായത്ത് രാജ് – ശ്രീമതി ഫുലറേണു ഹൈ

അധികാര വികേന്ദ്രീകരണത്തിന്
നാന്ദികുറിച്ച .....പ്രധാനമന്ത്രി

എഡിറ്റോറിയൽ ബോർഡ്

1. എൻ. റ്റി. ജോസഫ് (പ്രസിഡന്റ്)
2. തോമസ് മാത്യു (എഡിറ്റർ)
3. ബൈജു. കെ.പി.
4. ജോയി അബ്രാഹം
5. കെ.ജെ. ചാക്കോ
6. സി.എം. സെബാസ്റ്റ്യൻ
7. ഡെയ്സി ജോസ്
8. എ.എം. തോമസ്
9. കെ.എ. മൊയ്തീൻ കുഞ്ഞി
10. അഡ്വ. സന്തോഷ് പല്ലാട്ട്
12. തോമസ്സ് കൊറ്റനാൽ
13. മിനി സുരേന്ദ്രൻ

പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ



എൻ. ടി. ജോസഫ്
പ്രസിഡൻറ്



ടോമി പ്ലാച്ചേരി
വൈസ് പ്രസിഡൻറ്



തോമസ് കൊറ്റനാൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ

പ്രസന്ന ജോസഫ്

മിനിമോൾ



ടോമി തോമസ്



അന്നമ്മ ആൻറണി

റോയി ആൻറണി



കുഞ്ഞിരാമൻ കോട്ടയിൽ

ട്രേസി ജോർജ്ജ്



വിഷയവിവരം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹ്യ – സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി
5. സാമൂഹ്യ– സാമ്പത്തിക മേഖല

5.1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണം

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 പൊതുജനാരോഗ്യവും കുടിവെള്ളവും

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5.8 സംസ്ക്കാരം

5.9 പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം

5.10 സഹകരണം

5.11 വനിത

5.12 വിഭവസമാഹരണം

6 ഉപസംഹാരം

ഈസ്റ്റ് എളേരി പഞ്ചായത്തിന്റെ ഭരണ സാരഥികൾ

31-1-1956 മുതൽ 16-4-1960 വരെ

1.	കെ. മാധവൻ	(പ്രസിഡണ്ട്)
2.	എൻ. സി. ചാണ്ടി	(വൈസ് പ്രസിഡണ്ട്)
3.	അച്ചിരവീട്ടിൽ നാരായണൻ നായർ	(മെംബർ)
4.	ചെമ്മഞ്ചേരി നാരായണൻ നായർ	(,,)
5.	മാതു പൈക്കട	(,,)
6.	വെളുത്ത കണ്ണൻ	(,,)
7.	ജോസഫ് കാഞ്ഞമല	(,,)
8.	കെ.കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ	(,,)

17-4- 1960 മുതൽ 31-12- 1961 വരെ

1.	എൻ. സി. ചാണ്ടി	(പ്രസിഡണ്ട്)
2.	അച്ചിരവീട്ടിൽ നാരായണൻ നായർ	
3.	ചെമ്മഞ്ചേരി നാരായണൻ നായർ	
4.	മാതു പൈക്കട	
5.	ജോസഫ് കാഞ്ഞമല	
6.	കെ.കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ	
7.	വെളുത്ത കണ്ണൻ	

1-1-1962 മുതൽ 19-12-1963 വരെ

സ്പെഷ്യൽ ഓഫീസർ

20-12-1963 മുതൽ 30-9-1965 വരെ

1.	ടി. ജെ. ജോസഫ് തൈയ്യിൽ	(പ്രസിഡണ്ട്)
2.	പ. അബ്ദുൾ റഹിമാൻ ഹാജി	(വൈസ് പ്രസിഡണ്ട്)
3.	പി.എം. ദേവസ്യ നായ്ക്കം പറമ്പിൽ	(മെംബർ)
4.	എൻ. എം. മാണി വടക്കേട്ട്	(,,)
5.	കെ.കെ. ദാമോദർൻ നായർ	(,,)
6.	പി. കുഞ്ഞിരാമൻ നായർ	(,,)
7.	കയ്യൂർക്കാരൻ കണ്ണൻ	(,,)
8.	കെ. കുഞ്ഞിക്കോമൻ	(,,)
9.	കെ.കെ. പാപ്പി അമ്മ	(,,)

10–10– 1969 മുതൽ 6–8–1979 വരെ

1.	കെ.കെ. ദാമോദരൻ നമ്പ്യാർ	(പ്രസിഡണ്ട്)
2.	പി. എം. ദേവമസ്യ നായ്ക്കം പറമ്പിൽ	
3.	ടി.ജെ. ജോസഫ് തയ്യിൽ	

28–9–1979 മുതൽ 30–9–84 വരെ

1.	ടി. എം. ജോസഫ്	(പ്രസിഡണ്ട്)
2.	എ.എം. തോമസ്	(വൈസ് പ്രസിഡണ്ട്)
3.	സുഹറ സമദ്	(മെംബർ)
4.	സി.പി. നാരായണൻ നായർ	(,,)
5.	എം. കെ. തങ്കപ്പൻ	(,,)
6.	കെ.പി. ദാമോദരൻ	(,,)
7.	പി.എം. സെബ്സ്റ്റ്യൻ നായ്ക്കാം പറമ്പിൽ	(,,)
8.	എം. ഡി. ഔസേഫ്	

6–2–1988 മുതൽ 30–5–1991 വരെ

1.	എൻ. ജെ. ദേവസ്യ	(പ്രസിഡണ്ട്)
2.	ടോമി പ്ലാച്ചേരി	(മെംബർ)
3.	എം.കെ. ബാബു	(,,)
4.	പി.കെ. മോഹനൻ	(,,)
5.	കുഞ്ഞി രാമൻ കോട്ടയിൽ	(,,)
6.	കെ.ജെ. ചാക്കോ	(വൈസ്പ്രസിഡണ്ട്)
7.	മറിയക്കുട്ടി തോമസ്സ്	(മെംബർ)
8.	പി.കെ. ദാമോദരൻ	(,,)
9.	കെ.ജെ. അബ്രഹാം	(,,)
10.	സുഹറ സമദ്	(,,)

15–5– 1991 മുതൽ 30–9–1995 വരെ

1.	കെ.ജെ. ചാക്കോ	(പ്രസിഡണ്ട്)
2.	ടോമി പ്ലാച്ചേരി	(വൈസ്പ്രസിഡണ്ട്)
3.	സുഹറ സമദ്	(മെംബർ)
4.	മരിയക്കുട്ടി തോമസ്സ്	(,,)
5.	പി.കെ. മോഹനൻ	(,,)
6.	എൻ. ജെ. ദേവസ്യ	(,,)
7.	പി.കെ. ദാമോദരൻ	(,,)
8.	അബ്രഹാം കെ.ജെ	(,,)
9.	കുഞ്ഞിരാമൻ കോട്ടയിൽ	(,,)
10.	എം.കെ. ബാബു	(,,)

1. ആമുഖം

സ്വയം പരിപൂർണ്ണ ഗ്രാമങ്ങൾ എന്നത് അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് നമ്മുടെ എക്കാലത്തെയും വലിയ സ്വപ്നമായിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം ഏറെക്കാലം കഴിഞ്ഞ് ഈ സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കുന്നതിന് യശ്ശഃശരീരനായ പ്രധാനമന്ത്രി രാജീവ് ഗാന്ധി നാന്ദികുറിച്ച്, പ്രധാനമന്ത്രിയായിരുന്ന് പി.വി.നരസിംഹറാവുവിന്റെ 73,74 ഭരണഘടനാ ഭേദഗതിയിലൂടെ പൂർത്തീകരിച്ച്കൊണ്ട് ഈ അവസ്ഥയ്ക്ക് കാര്യമായ മാറ്റത്തിന് കളമൊരുക്കി.

വ്യക്തമായ ആസൂത്രണമില്ലാത്ത ഏതുപ്രവർത്തനവും അതിന്റെ അന്തിമ വിശകലനത്തിൽ പരാജയപ്പെടും. ഗ്രാമതലങ്ങളിലെ ഓരോ മേഖലയിലേയും ആവശ്യങ്ങൾ തിട്ടപ്പെടുത്തുകയുംഅവയുടെ മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നതോടെ ഗ്രാമപഞ്ചായത്തുകൾ അവയുടെ ചരിത്രപരമായ കടമകൾ നിർവ്വഹിച്ചുതുടങ്ങുന്നു. ഇതിനുകളമൊരുക്കുകയാണ് ജനകീയാസൂത്രണ പ്രസ്ഥാനം ചെയ്യുന്നത്.

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ഒരു ജനകീയപ്രസ്ഥാനത്തിന് രൂപം നല്കി നടപ്പിലാക്കി വരികയാണ്. പദ്ധതി രൂപീകരണം മുതൽ അത് നടപ്പിലാക്കുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും അതുവഴി ഒരു പുതിയ വികസന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ആസൂത്രണപ്രക്രിയയിൽ ഒരു പുതിയ യുഗപ്പിറവി കുറിക്കുന്ന ജനകീയാസൂത്രണ പരിപാടി അധികാര വികേന്ദ്രീകരണത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണ്. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകതിക്കും അവിടത്തെ ജനകീയാവശ്യങ്ങൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ച്ചെയ്യാതിരുന്നതുമൂലം നന്നായി ആവിഷ്ക്കരിക്കപ്പെട്ട പല പദ്ധതികളും പ്രയോഗത്തിൽ പരാജയപ്പെട്ടതിന് നിരവധി ദൃഷ്ടാന്തങ്ങൾ ഉണ്ട്. നാം പിന്തുടർന്ന് വന്ന ആസൂത്രണ സമ്പ്രദായത്തിലെ വൈകല്യങ്ങൾ ഒഴിവാക്കി വികസനത്തിന്റെ എല്ലാ തലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കാൻ ഈ പരിപാടിയിലൂടെ കഴിയണം. ഒൻപതാം പദ്ധതി അടങ്കലിന്റെ 30.4 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും ഇതോടെ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാകുന്നു. മനുഷ്യവിഭവമടക്കം വൻതോതിൽ വി വസമാഹരണം നടത്തി പ്രാദേശികതലത്തിൽ സന്തുലിത വികസനം ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം.

ഈ ജനകീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട മുഴുവൻ പരിപാടികളും അഞ്ചു മാസത്തിനകം പൂർത്തിയാക്കേണ്ടതുണ്ട്. ചുരുങ്ങിയ സമയം കൊണ്ടുതന്നെ ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക എന്നത് ഒരു അനിവാര്യതയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ അതു തീർത്തേ മതിയാകൂ. സമയ ബന്ധിതമായിതന്നെ ചിട്ടയിൽ പ്രവർത്തനങ്ങൾ മുന്നേറണം. ഇതു കൃത്യമായി പൂർത്തീകരിക്കുവാൻ സാമൂഹിക പ്രതിബദ്ധതയും സംഘശക്തിയും മാത്രമേ നമുക്ക് കൈമുതലായുള്ളൂ.

കരട് സമയ പരിപാടി താഴെ കൊടുക്കുന്നു.

ജൂലൈ പരിപാടിക്ക് പ്ലാനിംങ് ബോർഡും, കേരള സർക്കാരുംഅംഗീകാരം നൽകുന്നു.

ഓഗസ്റ്റ് 115 കരട് പരിപാടിയെകുറിച്ചുള്ള വിവിധ തലങ്ങളിലുള്ള കോൺഫറൻസുകൾ

ഓഗസ്റ്റ് 17 ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം
ഓഗസ്റ്റ് 1524 സംസ്ഥാനതല പരിശീലനം
ഓഗസ്റ്റ് 30സെപ്13 ജില്ലാതല പരിശീലനങ്ങൾ

സെപ്തംബർ 14ഒക്ടോബർ 2 ഗ്രാമസഭകൾ
ഒക്ടോബർ 25 രണ്ടാം ഘട്ട പരിശീലനം

ഒക്ടോബർ 25 മുതൽ നവംബർ 30 പഞ്ചായത്ത് സെമിനാറുകൾ
ഡിസംബർ 10 പഞ്ചായത്ത് തല ടാസ്ക ഫോഴ്സുകളുടെ പ്രവർത്തനം

ഡിസംബർ 25 മുതൽ ജനുവരി 25 ബ്ലോക്ക്തല സെമിനാറുകൾ
ജനുവരി 26 മുതൽ ഫെബ്രുവരി അവസാനം 9ാം പദ്ധതി കരടുരേഖയെകുറിച്ചുള്ള സംസ്ഥാനതല കോൺഗ്രസ്.

ജനകീയാസൂത്രണ പരിപാടിയുടെ പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനങ്ങൾ 1996 സെപ്തംബർ 14ന് രാവിലെ 10 മണിക്ക് തോമാപുരം സെന്റ് തോമസ് എൽ.പി. സ്ക്കൂളിൽ വച്ച് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ.വി. നാരായണൻ നായർ ഉദ്ഘാടനം ചെയ്ത് ഒന്നാം ഘട്ടപരിശീലനത്തോടെ ആരംഭിച്ചു പഞ്ചായത്തിലെ 10 വാർഡുകളുടേയും വിവിധ ഓഫീസുകളുടെയും പ്രതിനിധികളായ 74 പേർ പങ്കെടുത്ത പരിശീലനത്തിൽ വച്ചുതന്നെ പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചിരുന്ന ഗ്രാമസഭായോഗങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. വിപുലമായ പ്രചാരണപ്രവർത്തനങ്ങൾക്കുശേഷം ഗ്രാമസഭകളുടെ പഞ്ചായത്തുതല ഉദ്ഘാടനം 21996നു പാലാവയൽ സെന്റ് ജോൺസ് ഹൈസ്ക്കൂളിൽ വച്ച് പഞ്ചായത്തു പ്രസിഡന്റ് ശ്രീ. എൻ.ടി.ജോസഫ് നിർവ്വഹിച്ചു. ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് ഗ്രാമസഭകളുടെ വിവരങ്ങൾ

വാർഡ്	ഗ്രാമസഭകൾ ചേർന്ന സ്ഥലങ്ങൾ	തീയ്യതി	പങ്കെടുത്ത വോട്ടർമാർ		
			പുരുഷൻമാർ	സ്ത്രീകൾ	ആകെ
1.	ചിറ്റാരിക്കൽ സെന്റ്.തോമസ് സ്ക്കൂൾ	27996	101	8	109
2.	കടുമേനി സെന്റ് മേരീസ് ഹൈസ്ക്കൂൾ	28996	197	50	247
3.	കമ്പല്ലൂർ ഗവ:ഹയർ സെക്കന്ററി സ്ക്കൂൾ	29996	250	137	387
4.	പാറക്കടവ് എ. എൽ.പി.സ്ക്കൂൾ	28996	137	27	164
5.	പൊങ്കൽ സാംസ്കാരിക നിലയം	23996	119	23	142
6.	കണ്ണിവയൽ ടി.ടി. ഐ	30996	153	39	196
7.	തോമാപുരം എൽ.പി.സ്ക്കൂൾ	27996	98	5	103
8.	കണ്ണിവയൽ ചർച്ച് ഹാൾ	11096	145	05	150
9.	പാലാവയൽ ഹൈസ്ക്കൂൾ	21996	103	36	139
10.	തയ്യേനി ജി.യു.പി.സ്ക്കൂൾ	11096	232	60	292

ഈ ജനകീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു

പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഗ്രാമസഭകളിൽ 100ൽ കൂടുതൽ പങ്കാളിത്തം ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. ഈ ബഹുമതി കൈവരിച്ച കാസർഗോഡുജില്ലയിലെ 8 പഞ്ചായത്തുകളിൽ ഒന്നായി നമുക്കും മാറാൻ കഴിഞ്ഞു എന്നത് അഭിമാനത്തിനു വകനൽക്കുന്നു.

വിവിധ വികസനമേഖലകളിലെ പ്രശ്നങ്ങളേയും പരിഹാര മാർഗ്ഗങ്ങളേയും കുറിച്ച് സമഗ്രമായ ചർച്ച എല്ലാ ഗ്രാമസഭകളിലും നടന്നു. പ്രാദേശികകലത്തിലുള്ള ജനങ്ങളുടെ കർമ്മശേഷിയേയും വികസനപ്രശ്നങ്ങളേയും പരിഹാരങ്ങളേയും കുറിച്ചുള്ള സമൂഹതാത്പര്യത്തേയും ഗ്രാമസഭകളിലെ ചർച്ചകൾ തെളിയിച്ചു.

ഗ്രാമസഭകൾക്കും രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിനും ശേഷം 21196 ന് രാവിലെ 10 മണിക്ക് ചിറ്റാരിക്കലിൽവച്ച് പഞ്ചായത്തുതലത്തിലുള്ള രണ്ടാംഘട്ട പരിശീലനം നടന്നു. അതിനുശേഷം വിവിധ വികസനമേഖലകളേക്കുറിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

പഞ്ചായത്തിന്റെ ഭൂപ്രകൃതി, മൺതരങ്ങൾ, വിളകൾ, ജലലഭ്യത മുതലായവ പഠിക്കുന്നതിനുവേണ്ടി നടത്തിയ പഠനപര്യടനം ശ്രദ്ധേയമായ ഒരു പരിപാടിയായിരുന്നു. പഞ്ചായത്തിന്റെ വടക്ക് കാറ്റാംകവലയിൽ തുടങ്ങി തെക്ക് മുനയം കുന്നിൽ അവസാനിച്ച ഒന്നാം സംഘത്തിന്റെ പഠനപര്യടനത്തിന് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എൻ. റ്റി. ജോസഫ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് ടോമി പ്ലാച്ചേരി നേതൃത്വം നൽകി. പടിഞ്ഞാറ് നെടുങ്കല്ലിൽ തുടങ്ങി കിഴക്ക് ഓടക്കൊല്ലിയിൽ അവസാനിച്ച രണ്ടാം സംഘത്തിന്റെ പര്യടനത്തിന് പഞ്ചായത്ത് സ്റ്റാൻന്റിംഗ് കമ്മറ്റി ചെയർമാൻ തോമസ് കൊറ്റനാൽ നേതൃത്വം നൽകി. നവംബർ 5ന് രാവിലെ 8 മണിമുതലാണ് ഈ പഠനപര്യടനങ്ങൾ നടന്നത്.

ഏതുപ്രവർത്തനവും ഏറ്റെടുക്കാൻ കഴിവുള്ള ഒരു നല്ല വളണ്ടിയർസേന രാപ്പകൽ പണിയെടുക്കാൻ സദാ സന്നദ്ധരായി പഞ്ചായത്തിലുണ്ടെന്നതാണ് ശ്രദ്ധേയം. ജനകീയാസൂത്രണ രഥം ഏറെ മുന്നോട്ട്കൊണ്ടുപോകാൻ കഴിയും എന്ന പ്രത്യാശ അതുകൊണ്ട് തന്നെ നമുക്ക് ഉണ്ടാകുന്നു.

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധസേവനതൃഷ്ണയുടേയും അടിത്തറയിൽ മുൻകാലസേവകരുടെ ഉത്തമ പാരമ്പര്യ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട്, ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ജനകീയ സമിതികളുടെ രൂപീകരണത്തിലൂടെ ബഹുജനശക്തി സംഭരിച്ചുകൊണ്ട്, ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാൻ ചരിത്രത്തിന്റെ വർത്തമാനകാലദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടുവാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട് നാളെയുടെ ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ നമുക്ക് സ്വീകരിക്കാം.

2. ഗ്രാമ പഞ്ചായത്ത് പൊതുവിതരണം

ഗ്രാമപഞ്ചായത്തിന്റെ പേര് : ഈസ്റ്റ് എളേരി
ഉൾപ്പെടുന്ന വില്ലേജുകൾ : ചിറ്റാരിക്കൽ, പാലാവയൽ
ബ്ലോക്ക് പഞ്ചായത്ത് : നീലേശ്വരം ബ്ലോക്ക്
താലൂക്ക് : ഹോസ്ദുർഗ്
ജില്ല : കാസറഗോഡ്
അസംബ്ലി മണ്ഡലം : തൃക്കരിപ്പൂർ
പാർലിമെന്റ് മണ്ഡലം : കാസറഗോഡ്
വിസ്തീർണ്ണം : 62.52 ച.കി.മീ.

അതിരുകൾ

കിഴക്ക് : കൊടക് ഫോറസ്റ്റ് (കർണ്ണാടക സംസ്ഥാനം)
പടിഞ്ഞാറ് : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്
വടക്ക് : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്
തെക്ക് : കാര്യംങ്കോട് പുഴ

ജനസംഖ്യ : 22738
പുരുഷൻമാർ : 11525
സ്ത്രീകൾ : 11213
സാക്ഷരർ : 18526
പുരുഷൻമാർ : 9549
സ്ത്രീകൾ : 8977
വാർഡുകളുടെ എണ്ണം : 10
(അവലംബം സെൻസസ് റിപ്പോർട്ട് 1991)

ഈസ്റ്റ് എളേരിയുടെ ചരിത്രത്തിലേക്ക്

അടിമത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും കാർഷികസമരങ്ങളുടെയും ചരിത്രമുറങ്ങുന്നതും കഠിനാദ്ധ്വാനവും സാഹസികതയും നിറഞ്ഞ കുടിയേറ്റത്തിന്റെ വീരഗാഥ രചിക്കപ്പെട്ടതുമായ ഈസ്റ്റ് എളേരി, കാസർഗോഡു ജില്ലയുടെ തെക്കു കിഴക്ക് കുടകുവനങ്ങൾക്കരികുചേർന്നുള്ള ഒരു ഗ്രാമമാണ്. ബ്രഹ്മഗിരിയിൽനിന്നുത്ഭവിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളെ വേർതിരിച്ചൊഴുകുന്ന പയസ്വിനിയെന്ന കാര്യങ്കോട് പുഴയാൽ അതിരുതീർക്കപ്പെട്ട ഈസ്റ്റ് എളേരി പഞ്ചായത്തിന് 62.52 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ആകെ 15558 ഏക്കർ സ്ഥലവുമുണ്ട്. പച്ചപുതച്ച മലനിരകളും താഴ് വരകളും അവയെ തഴുകിയൊഴുകുന്ന കൈത്തോടുകളും ഉൾക്കൊള്ളുന്ന എളേരി പ്രശാന്തസുന്ദരമാണ്.

പഴമയിലേക്ക്

ഉദ്ദേശം 700 വർഷങ്ങൾക്കു മുമ്പ് ചിത്താരിപുഴക്ക് വടക്കുനിന്നും വന്നതെന്നു കരുതപ്പെടുന്ന ഒരു വിഭാഗം ബ്രാഹ്മണ സമുദായക്കാർ ഈ പ്രദേശത്തു താമസിച്ചിരുന്നതായും 1400 കാലഘട്ടത്തിൽ പൂർവ്വന്മാർ എന്നൊരു വർഗ്ഗക്കാർ ബ്രാഹ്മണ സമുദായക്കാരെ തുരത്തിയോടിച്ച് കമ്പല്ലൂരിൽ ആധിപത്യം സ്ഥാപിച്ചതായും പറയപ്പെടുന്നു. പൂർവ്വന്മാർ പൊതുവേ കായബലമുള്ളവരും നായാട്ടിൽ കമ്പമുള്ളവരുമായിരുന്നു. അവർക്കും വളരെക്കാലം ഇവിടെ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. 1550 നോടടുത്ത് പഴയങ്ങാടിയിൽ താമസിച്ചിരുന്ന പുല്ലായിക്കൊടി എന്ന തറവാട്ടുക്കാർ പുളിങ്ങോം ദേശത്തുവരികയും അവിടെനിന്നും കമ്പല്ലൂർ ആസ്ഥാനമാക്കി ഭൂമി കൈവശപ്പെടുത്തി കോട്ടകെട്ടി താമസമുറപ്പിച്ചതായും അറിയപ്പെടുന്നു. വേട്ടമൃഗങ്ങളെയും കാട്ടുകിഴങ്ങും ഭക്ഷണമാക്കി മരവുരികൊണ്ട് നഗ്നത മറച്ച് കാട്ടു പ്രദേശങ്ങളിൽ കഴിഞ്ഞിരുന്ന വേട്ടുവരെ ബലമായി പിടിച്ച് കമ്പല്ലൂർ കോട്ടയിൽ കൊണ്ടുവന്ന് അടിമപണി ചെയ്യിച്ചിരുന്നതായി പഴമക്കാർ പറയുന്നു. ആദിവാസികളായ വേട്ടുവരുടെ ദേവസ്ഥാനം മുക്കടയ്ക്കടുത്തുള്ള പെരുങ്ങാലയിലായിരുന്നു. അതിനാൽ അവർ പെരുങ്ങാലവേട്ടുവർ എന്നറിയപ്പെട്ടു. ഇന്നാട്ടുകാരാണെന്ന് അവകാശപ്പെടാവുന്നവർ മേൽപ്പറഞ്ഞ ഹരിജനങ്ങളാണ്. 1750ൽ ടിപ്പു സുൽത്താന്റെ ആക്രമണകാലത്ത് പൂർവ്വന്മാർ ഇവിടെ

നിന്നും കൂട്ടത്തോടെ പോയതായും കരുതപ്പെടുന്നു.

ജന്മിത്വ കാലഘട്ടം

1900 ശതകത്തിന്റെ ആരംഭത്തോടുകൂടി നാടുവാഴികളും ഇടപ്രഭുക്കന്മാരും തീരപ്രദേശങ്ങളിൽ നിന്നും കിഴക്കൻ മലയോരങ്ങളിൽ വരികയും പുനകൃഷിചെയ്യുന്നതിനും വേട്ടയാടുന്നതിനുമായി മത്സരിച്ച് ഭൂമികൈവശപ്പെടുത്തുകയും ചെയ്തു. കോടോത്ത്. ഏച്ചിക്കാനം. കോണോത്ത് എന്നീ കുടുംബക്കാരായിരുന്നു മുൻപന്തിയിലുണ്ടായിരുന്നത്. എളേരിഗ്രാമത്തിന്റെ ഭൂരിഭാഗവും കോണോത്ത് വീട്ടുക്കാരും കമ്പല്ലൂർ കോട്ടയിൽ തറവാട്ടുക്കാരും കൈയ്യടക്കി. 1880 നോടടുത്ത കാലത്ത് കൃഷിയിൽ താല്പര്യമുള്ള വ്യക്തികൾ തീരദേശങ്ങളിൽ നിന്നും എളേരിയിൽ വന്നു സ്ഥലമെടുത്തു. ജന്മി മാരും അവരെ ആശ്രയിച്ചുകഴിഞ്ഞ കൃഷിക്കാരും ഇവരുടെയെല്ലാം അടിയാളന്മാരായികഴിഞ്ഞിരുന്ന മാവിലർ, വേട്ടുവർ, ചെറമർ എന്നിവരുടേതുമായ ഒരു സമൂഹമായി. ഈ ഗ്രാമത്തെ സംബന്ധിച്ച് ഇവർ ഗിരി ജനവർഗ്ഗങ്ങളാണെങ്കിലും ആ രീതിയിൽ ഗവൺമെന്റിനാൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇവരുടെ ഒരു പ്രത്യേക ജീവിതരീതിയായിരുന്നു അന്ന് ഇവിടെ നിലവിലുണ്ടായിരുന്നത്. തീണ്ടലും തൊട്ടുകൂടായ്മയുമുണ്ടായിരുന്നു. പുനം കൊത്തി നെൽകൃഷിചെയ്യൽ പ്രധാനമായിരുന്നു. ആ കൃഷിയിൽ തന്നെ തുവര, മത്തൻ, വെള്ളരി മുതലായവയും നട്ട് ഫലമെടുത്തിരുന്നു. ആന, കടുവാ, മാൻ, കേഴ എന്നിങ്ങനെ ധാരാളം മൃഗങ്ങൾ ഈ പ്രദേശത്തുണ്ടായിരുന്നു. നായാട്ട് ഇവർക്ക് മാംസശേഖരണത്തിനും വിനോദത്തിനുമുള്ള അവസരമായി. ആ കാലത്ത് മാംസം വിലക്ക് വിറ്റിരുന്നില്ല. വീതിച്ചെടുത്തിരുന്നു. മിച്ചമുള്ളവ ഇഉണക്കി സൂക്ഷിക്കുന്ന പതിവുമുണ്ടായിരുന്നു. മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകളും ഈ കാലഘട്ടത്തിൽ ഇവിടെ താമസമുണ്ടായിരുന്നു.

തെയ്യങ്ങൾ

വിളവെടുപ്പ്കാലങ്ങളിൽ കൊണ്ടാടിയിരുന്ന ഉത്സവത്തിൽ പ്രധാനപ്പെട്ടത് തെയ്യമെന്നും തിറയെന്നും അറിയപ്പെടുന്ന ഹിന്ദു ദൈവങ്ങളുടെ കെട്ടിയാടിക്കലായിരുന്നു. അനുഷ്ടാനങ്ങളിലും ആചാരങ്ങളിലും പ്രാചീനതകളെ സൂക്ഷിച്ചു പോരുന്ന കളിയാട്ടം ദ്രാവിഡപ്പൊലിമയുടെ കരുത്തും ദാർഢ്യവും വിളിച്ചോതുന്നവയാണ്. വർണ്ണ വൈവിദ്യമാർന്ന ആടായാഭരണങ്ങളും സൂക്ഷ്മസംങ്കീർണ്ണമായ മുഖമെഴുത്തും നൃത്തതാണ്ഡവലാസ്യങ്ങളും വിവിധ വാദ്യമേളങ്ങളും സമഞ്ജസമായി സ്മ്മേളിക്കുന്ന കാലാരൂപമാണ് തെയ്യം. ദൈവത്തെ നിനച്ചു തൊഴുതുനില്ക്കുന്ന ഭക്തരെ ഉറഞ്ഞാടിയെത്തുന്ന തെയ്യം അനുഗ്രഹിക്കുകയും ആ സ്വാന്തനത്തിന്റെ കുളിരിൽ അവർ നിർവൃതിയടയുകയും ചെയ്യുന്നു. താഴ്ന്ന സമുദാംഗമായ തെയ്യക്കാരന്ഡ അഭൗമസുന്ദരമായ വേഷഭൂഷാദികളോടെ ആടിതിമർത്തെത്തുമ്പോൾ മേലാളർ കുമ്പിട്ടു നില്ക്കുന്നു. തെയ്യക്കാരൻ വിസ്മരിക്കപ്പെടുകയും ദൈവം ആദരിക്കപ്പെടുകയും ചെയ്യുന്നു. അനുഷ്ടാനകലയും കൂടിയാണ് തെയ്യം. കളിയാട്ടവേദി ജനകീയോത്സവമാണ്. അവർണ്ണ സവർണ്ണ ഭേദമില്ലാതെ പങ്കാളിത്തം. കളിയാട്ടങ്ങൾ ഒരു സമുദായത്തിന്റെ ഐക്യദാർഢ്യത്തിനും വിഭിന്നസമുദായങ്ങളുടെ സഹകരണ സന്നദ്ധതക്കും നിദർശന മാണ്. അയിത്തമുണ്ടായിരുന്ന കാലത്ത് പോലും തെയ്യക്കാരനും വാദ്യക്കാരും താഴ്ന്ന ജാതിയായിട്ടും മേൽജാതിക്കാർ നന്നായി സഹകരിച്ചു. പ്രധാന തെയ്യക്കോലങ്ങൾ കതിരൂർ വീരൻ, ഒറ്റക്കോലം, (തീച്ചാമുണ്ഡി) പരദേവത, പൊട്ടൻ തെയ്യം, ഭഗവതി, ഗുളികൻ മുതലായവയാണ്. ഓരോ തെയ്യക്കോലവും കെട്ടാൻ പ്രത്യേക അവകാശികളും വ്യവസ്ഥകളുമുണ്ടായിരുന്നു. തെയ്യമുള്ള ദിവസം ആ പ്രദേശത്തെ ആബാല വൃദ്ധം ജനങ്ങൾ ആ സ്ഥലത്ത് ഒന്നിച്ചു കൂടുകപതിവായിരുന്നു.

പഴയകാലക്ഷേത്രങ്ങൾ

ഈശ്വര ഭക്തിയും മതതീക്ഷ്ണതയുമുള്ള അന്നത്തെ ആളുകൾ പല സ്ഥലങ്ങളിലും കാവുകൾ സ്ഥാപിച്ചു. പ്രധാനപ്പെട്ടവ ആക്കോ കാവ്, (കമ്പല്ലൂർ) ചിത്രാടിക്കാവ്, ചിറ്റാരിക്കാൽ കാവ്, കടുമേനി മുണ്ഡ്യക്കാവ്, തയ്യേനി കാവ്, എന്നിവയാണ്. കാവും തല ഒരു കാവ് ഉണ്ടായിരുന്നെങ്കിലും ആ കാവ് ഇപ്പോൾ ഇല്ലാതായിരിക്കയാണ്.

കടുമേനി മുണ്ഡ്യാക്കാവ്:-

ശ്രീ വിഷ്ണുമൂർത്തി മുണ്ഡ്യാക്കാവിന്റെ തുടക്കത്തിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. കാവിന് പടിഞ്ഞാറുഭാഗം പണ്ട് ഒരു ശിവക്ഷേത്രം

ഉണ്ടായിരുന്നതായും പിൻക്കാലത്ത് അതുനശിച്ചുപോയതായും പറയുന്നു. കാവ് നില്ക്കുന്ന സ്ഥലം തട്ടുപ്രദേശമാമ്. ശ്രീവൈകുണ്ഡം എന്നാണ് കട്ടുമേനിക്ക് പഴമക്കാർ പറയുള്ളത്. ഇവിടുത്തെ പ്രധാന ആരാധനാമൂർത്തി ശ്രീ വിഷ്ണുമൂർത്തി തെയ്യവും ചാമുണ്ഡേശ്വരി തെയ്യവുമാണ്. പുറംകാവൽക്കാരനായി ഗുളികൻ തെയ്യവുമുണ്ട്. നീലേശ്വരം കോട്ടപുറം വിഷ്ണുമൂർത്തി കഴിഞ്ഞാൽ കടുമേനിയിലെ വിഷ്ണുമൂർത്തിക്ക് വളരെ പ്രാധാന്യമുണ്ട്.

നൂറ്റാണ്ടുകൾക്കുമുമ്പ് നീലേശ്വരം കോട്ടപ്പുറം ചെറുവുക്കരവീട്ടിൽ നിന്ന് രണ്ട് അച്ഛന്മാരും തിയ്യസമുദായത്തിൽപ്പെട്ട ഒരാളും കൂടി കമ്പല്ലൂർ ശ്രീ കോട്ടയിൽ തറവാട്ടുവീട്ടിലേക്ക് യാത്രതിരിച്ചു. അന്നത്തെകാലത്ത് യാത്ര പോകുമ്പോൾ ഭക്ഷണപൊതിയും മുറുക്കാൻ പൊതിയും ഓലക്കുടയും കൊണ്ടുപോവുക പതിവാണല്ലോ ? യാത്രാമദ്ധ്യേ മൂന്നപേരും ഇന്നുകാവ് നില്ക്കുന്ന കടുമേനിയിലെത്തി. മരതണലിൽ മൂന്നപേരും അഭിമുഖമായിരുന്ന് ഭക്ഷണം കഴിച്ച്, വെറ്റില മുറുക്കും നടത്തി സുഖശീതളമായ കാറ്റും കൊണ്ട് വിശ്രമിച്ചിരുന്നു. ക്ഷീണമെല്ലാം മാറിയാത്ര തുടരാനായി ഓലകുട എടുക്കാൻ തുന്നിഞ്ഞപ്പോൾ കുട നിലത്തുനിന്നും പൊങ്ങിയില്ല എന്നു പറയപ്പെടുന്നു. അവർ ഉടൻ തന്നെ കമ്പല്ലൂർ കോട്ടയിൽ തറവാട്ടിൽ വിവരം പറയുകയും പിന്നീട് ജ്യോതിഷ ചിന്ത നടത്തിയപ്പോൾ കുടവച്ചസ്ഥലത്ത് ദൈവികശക്തിയുണ്ടെന്നും ശ്രീ വിഷ്ണുമൂർത്തി തെയ്യം കോട്ടപുറത്ത് നിന്ന് ഓലക്കുടയിൽ എത്തിയെന്നും കണ്ടു. അങ്ങിനെ മൂന്നുപേർ മരച്ചുവട്ടിൽ ഇരുന്ന സങ്കൽപ്പത്തിലാണ് ഇവിടുത്തെ പ്രതിഷ്ഠകൾ മുഖത്തോട്മുഖം നോക്കി നില്ക്കുന്ന രീതിയിലാണ്. മരത്തിന്റെ സങ്കൽപ്പതിനായി പ്രതിഷ്ഠകൾ തേക്കുമരത്തിന്റെ പ്രത്യേക ആകൃതിയിൽ തീർത്തിരിക്കുന്ന കാലും പലകയും എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവിടുത്തെ പ്രതിഷ്ഠകൾക്ക് മേൽക്കൂരയില്ല. ഉത്സവസമയത്തുമാത്രം മനോഹരമായി പന്തൽ കെട്ടുന്നു. ക്ഷേത്രഭരണം പലകുടുംബക്കാർ മാറി മാറി നടത്തിയിരുന്നു. 1991 നു മുമ്പുവരെ ശ്രീ. കരിമ്പിൽ കുഞ്ഞമ്പു അവർകളാണ് ക്ഷേത്രം നടത്തി വന്നിരുന്നത്. 1991 നവംബർ 16ന് ഒരു ജനകീയ കമ്മിറ്റിക്ക് കാവും പറമ്പും ദാനം ചെയ്തു. മൂന്നവർഷക്കാലാവധിക്കു തിരഞ്ഞെടുക്കപ്പെടുന്ന 15 അഗംസമിതിയാണ് ക്ഷേത്രത്തിന്റെ ഭരണം നിർവ്വഹിക്കുന്നത്. എല്ലാവർഷവും മലയാളമാസം മകരം 27 മുതൽ മൂന്ന് ദിവസത്തേക്ക് കളിയാട്ടം നടത്തുന്നു. ഉത്സവത്തോടനുബന്ധിച്ച് കലാപരിപാടികളും നടത്താറുണ്ട്. തെയ്യം കെട്ടുന്നവർ കിണാവൂർ ദേശത്തെ മലയസമുദായക്കാരാണ്.

കമ്പല്ലൂർ :-

കോട്ടയിൽ തറവാടിനോടനുബന്ധിച്ച് ഒരു ക്ഷേത്രവും അവരുടെ തറവാട്ടുവീട്ടിൽ ദൈവക്കോലങ്ങൾ കെട്ടിയാടിക്കുന്ന ഒരു സ്ഥാനവും ഉണ്ട്. ക്ഷേത്രഭരണം ഇപ്പോൾ ജനകീയ കമ്മറ്റിക്കു വിട്ടുകൊടുത്തിരിക്കുകയാണ്.

കൊല്ലാട :-

ശ്രീ വിഷ്ണുമൂർത്തിയുടെ നരസിംഹാവതാരം സങ്കൽപ്പിച്ചുള്ള ഒരു കാവുണ്ട്.

ചിറ്റാരിക്കാൽ:-

പണ്ട് ശിവസങ്കൽപ്പമുള്ള ഒരു കാവുണ്ടായിരുന്ന സ്ഥാനത്ത് അത് പുനരുദ്ധരിച്ച് ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം നിർമ്മിച്ചു. ആണ്ട് തോറും ഉത്സവവും കലാപരിപാടികളും നടത്തുന്നു.

തയ്യേനി:-

എച്ചിക്കാനത്തു കോരൻ നൈനാരുടെ കാലത്ത് കുഴിയിൽ വീണ് ആനയെ കിട്ടുകയും തയ്യേനീശ്വരനോടുള്ള നന്ദിസൂചകമായി നേരത്തേയുള്ള കാവിനോടനുബന്ധിച്ച് ക്ഷേത്രം പണിയുകയും ചെയ്തതായി പറയുന്നു. കാവും തലയിലുള്ള കാവുമായി പൂജാദികാര്യങ്ങളിൽ ബന്ധങ്ങളുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ കാവുംതലക്കാവിൽ കർമ്മങ്ങൾ ചെയ്ത ശേഷമാണ് തയ്യേനിയിൽ തെയ്യം നടത്തിയിരുന്നത്. തയ്യേനിയിൽ കെട്ടിയാടുന്ന തെയ്യങ്ങൾ തയ്യേനീശ്വരൻ, വായ്ക്കാനത്തു ചാമുണ്ഡി, വീരൻ, കുളിയൻ, മൊടന്തേമ എന്നിവയാണ്. ജന്മിയുടെ പണിക്കാരായി തയ്യേനി – ഒറ്റകുഴിയിൽ താമസമാക്കിയ മായിലാണ് കാലത്താൽ തെയ്യങ്ങൾ കെട്ടിയാടുന്നത്. തയ്യേനി ക്ഷേത്രത്തിന് വേണ്ടി തെയ്യം കെട്ടുന്നതിനുള്ള അവകാശവും അവർക്കാണ്.

മുസ്ലീം പള്ളികൾ:

നീലംപാറ:

ഈസ്റ്റ് എളേരി പഞ്ചായത്തിലെ നീലംപാറയിൽ രണ്ട് നൂറ്റാണ്ടു മുമ്പ് തന്നെ ജനവാസമുണ്ടായിരുന്നു. കരിവെള്ളൂർ, തൃക്കരിപ്പൂർ, ഉദിനൂർ തുടങ്ങിയ സ്ഥലത്തുനിന്നും വന്ന മുസ്ലീം സമുദായക്കാരായിരുന്നു ആദ്യകാല താമസക്കാർ. നീലംപാറയിൽ അന്ത്യവിശ്രമം കൊള്ളുന്ന വലിയ്യിന്റെ (ദിവ്യൻ) ഉറൂസ് (മതപരമായ ആഘോഷം) അക്കാലത്ത് കൊണ്ടാടപ്പെട്ടിരുന്നു.പിന്നീട് കൂക്കോട്ട് മൊയ്തീൻ കുഞ്ഞി, കൂക്കോട്ട് എറമുള്ളാൻ, അഞ്ചില്ലത്ത് മുഹമ്മദ്, തെക്കേപുരയിൽ അബ്ദുല്ല തുടങ്ങിയവരുടെ കുടുംബം കടുമേനി, നീലംപാറ, പാവൽ എന്നിവടങ്ങളിൽ താമസമുറപ്പിച്ചു. നീലംപാറ വലിയ്യിന്റെ ഉറൂസിന് നാനാജാതി മതസ്ഥർ പങ്കെടുത്തിരുന്നു. 1934 –ൽ നീലംപാറയിൽ ഒരു മതപാഠശാല ആരംഭിച്ചു. 1935–ൽ നീലംപാറ ജുമാ മസ്ജിദ് ഒരു പുല്ലുമേഞ്ഞ ഷെഡ്ഡിൽ ആരംഭിച്ചു. തളിയിൽ കമ്മാര പൊതുവാൾ, വലിയ അമ്പാടി, വണ്ണാത്തൻ കോമൻ, പടപ്പേങ്ങാടൻ അമ്പു തുടങ്ങിയ ഹൈന്ദവ കുടുംബങ്ങളും അക്കാലത്തുണ്ടായിരുന്നു. കടുമേനിയിലെ കുടിയേറ്റക്കാരിൽ ആദ്യമായി എത്തിയത് മാളിയേക്കൽ കുടുംബമാണ്.

കൊല്ലാട:

കാര്യങ്കോട്ട് പുഴയുടെ അരികിലുള്ള കൊല്ലാടയിൽ 1936 – ൽ ഒരു മുസ്ലീം പള്ളി സ്ഥാപിച്ചു. കരിവെള്ളൂർ പാലക്കുന്ന എന്ന സ്ഥലത്തു നിന്നും വന്ന ഒറ്റത്തയ്യിൽ മമ്മദും മകൻ ഹുസൈനാരും കമ്പല്ലൂരിൽ ചെരുവപ്പാടി എന്ന സ്ഥലത്ത് താമസമുറപ്പിച്ചു. കണ്ണിവയൽ ഭാഗത്തും ഇതേകാലത്ത് ഒരു മുസ്ലീം കുടുംബം ഉണ്ടായിരുന്നു. ആദ്യമായി താമസം തുടങ്ങിയത് കൂക്കോട്ട് എറമുള്ളാൻ മക്കൾ അബ്ദുൾ ഖാദർ, അബൂബക്കർ, അബ്ദുൾകരീം, ആമിന എന്നിവരായിരുന്നു. കൂടാതെ മടമ്പില്ലത്ത് സാവാൻ എന്ന ആൾ നല്ലോം പുഴയിൽ താമസിച്ചിരുന്നു. പുളിങ്ങോം ഉറൂസിന് പോകുന്ന തീർത്ഥാടകർക്ക് ഒരു വിശ്രമകേന്ദ്രം കൂടിയായിരുന്നു ഈ വീടുകൾ.

മുനയം കുന്ന്:

മുനയം കുന്നു ഭാഗത്ത് വളരെക്കാലം മുമ്പേ മുസ്ലീങ്ങൾ സ്ഥിരതാമസമാക്കിയിരുന്നു. മുനയം കുന്നിൽ 640 ഏക്കർ സ്ഥലത്തിന്റെ ജന്മി കൈക്കേട്ടു കടവിലെ അഹമ്മദ് എന്നയാൾ ആയിരുന്നു. അദ്ദേഹം ഈ സ്ഥലത്തിന്റെ മേൽനോട്ടത്തിനായി ഒരു ബംഗ്ലാവു പണിത് അഹമ്മദ് എന്നയാളെ കാര്യസ്ഥനാക്കി. കൂടാതെ കുറച്ച് ഹൈന്ദവ കുടുംബങ്ങളുമുണ്ടായിരുന്നു. മുനയം കുന്നിലെ ആദ്യത്തെ കുടിയേറ്റക്കാരനായ ഓടപ്പാക്കൻ ബീരാൻ സാഹിബ്ബ് 1949–ൽ തിരുവിതാംകൂറിൽ നിന്നു വന്നു. 1950 –ൽ കിഴുതറ കുട്ടി, പൂക്കുന്നേൽ ഔത, പൂക്കുന്നേൽ കുഞ്ഞുലോ, പൂക്കുന്നേൽ കുഞ്ഞുപാപ്പു, T.M. അബ്ദുൾ റഹിമാൻ തട്ടാപറമ്പിൽ എന്നിവരും 1958 – ൽ ഹമീദ് സാഹിബ്ബ് പുതുകുടി, സെയ്ദ് മുഹമ്മദു റാവുത്തർ, കാസിം ആര്യാട്ട്, ജോസ് ആലപ്പുഴ എന്നിവർ വന്നു. 1953 – ൽ ഇവിടെ മുസ്ലീം പള്ളി സ്ഥാപിച്ചു. ഈസ്റ്റ് എളേരിയിൽ ഇപ്പോൾ നിലവിലുള്ള മുസ്ലീം ആരാധനാലയങ്ങൾ താഴെ പറയുന്നവയാണ്.

1. നീലംപാറ ജുമാ മസ്ജിദ്
2. കമ്പല്ലൂർ – കൊല്ലാട ജുമാ മസ്ജിദ്
3. സലാഫി മസ്ജിദ് കടുമേനി
4. മുനയം കുന്ന് ജുമാ മസ്ജിദ്
5. നീലംപാറ മഖാം ശരീഫ്
6. ഹിദായത്തുൽ ഇസ്ലാം മദ്രസ്സ നീലംപാറ
7. നിസ്രാസുൽ ഇസ്ലാം മദ്രസ കൊല്ലാട
8. മുനയം കുന്ന് ബദ്റുൽ ഹുദാ മദ്രസ

ക്രൈസ്തവ ദേവാലയങ്ങൾ

ദൈവാരാധനയ്ക്കായി കുടിയേറ്റ കേന്ദ്രങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. ഓരോ സ്ഥലത്തേയും പള്ളികളും ഇടവക സ്ഥാപക വർഷവും താഴെ ചേർക്കുന്നു.

തോമാപുരം സെന്റ് തോമസ് ചർച്ച്	–	1948
പാലാവയൽ സെന്റ് ജോൺസ് ചർച്ച്	–	1952
കടുമേനി സെന്റ് മേരീസ് ചർച്ച്	–	1956
തയ്യേനി ലൂർദ്ദ് മാതാ ചർച്ച്	–	1966

കണ്ണിവയൽ സെന്റ് സെബാസ്റ്റ്യൻ ചർച്ച് – 1972

കാവുംതല സെന്റ് ജോസഫ്സ് ചർച്ച് – 1975

കമ്പല്ലൂർ Bl. അൽഫോൻസാ ചർച്ച് – 1993

ചാവറഗിരി Bl. കുര്യാക്കോസ് ഏലിയാസ് ചർച്ച് കുരിശുപള്ളിയായി 1993 യിൽ സ്ഥാപിക്കപ്പെട്ടു.

കടുമേനിയിൽ ഒരു യാക്കോബായ പള്ളിയും നിലവിൽ ഉണ്ട്

സന്യാസിനി മഠങ്ങൾ

സാമൂഹ്യ സേ വനരംഗത്ത് സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ ന്യ ാ സ ി ന ി മഠങ്ങളും സ്ഥാപക വർഷവും താഴെ ചേർക്കുന്നു.

തോമാപുരം അഡൊറേഷൻ കോൺവെന്റ് – 1956

പാലാവയൽ അഡൊറേഷൻ – 1957

കടുമേനി ഹോളി ഫാമിലി – 1983

കാവുംതല സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് – 1991

കമ്പല്ലൂർ അൽഫോൻസാ – 1993

തോമാപുരം സെന്റ് ആൻസ് – 1994

തയ്യേനി സെന്റ് മാർത്താ – 1995

കണ്ണിവയൽ വിമലാലയക്കാരുടെ റാണിപുരം കോൺവെന്റ് – 1996

സ്ഥലനാമങ്ങൾക്കു പിന്നിൽ:

എളേരി: നീലേശ്വരം രാജകുടുംബത്തിലുള്ളവർക്ക് സ്വന്തമായി ഓരോ പ്രദേശങ്ങൾ വിട്ടുകൊടുത്തിരുന്നു. അതിൽ ഇളയരാജാവിനു കൊടുത്തിരുന്ന പ്രദേശം എളയിടത്തുശ്ശേരി എന്നറിയപ്പെട്ടു. ഇതുലോപിച്ച് എളേരിയായി.

ചിറ്റാരിക്കൽ: കോണോത്തു കുഞ്ഞിരാമൻ പട്ടേലരുടെ വക ഒരു ചിറ്റാരി (നെല്ല് സൂക്ഷിക്കുന്ന പത്തായപുര) ഇവിടെയുണ്ടായിരുന്നു. ചിറ്റാരിക്കു പരിഷ്കരിച്ചുണ്ടായ പേരാണ് ചിറ്റാരിക്കൽ.

തോമാപുരം: ാരതാപ്പസ്തോലനായ വി. തോമാശ്ലീഹയുടെ സ്മരണ നിലനിറുത്തുന്നതിന് തോമാപുരം എന്നു നാമകരണം ചെയ്തു. ചിറ്റാരിക്കലിലെ പള്ളിയും സ്ക്കൂളും തോമാപുരം എന്ന പേരിൽ അറിയപ്പെടുന്നു.

പാലാവയൽ: ഏഴിലംപാലനിന്ന സ്ഥലം പാലാവയലായി. പാലാക്കാർ ധാരാളം കുടിയേറിയതോടെ പാലാവയലുമായി.

തയ്യേനി: തയ്യേനീശ്വരനെ പ്രതിഷ്ഠിച്ചു കൊണ്ടുള്ള ക്ഷേത്രം സ്ഥാപിച്ചതോടുകൂടി തയ്യേനി എന്ന പേർ വന്നു. കർണ്ണാടാതിർത്തിയിൽ ടൂറിസ്റ്റുകളെ കാത്ത് തലയെടുപ്പോടെ നില്ക്കുന്ന തയ്യേൻ കുമ്പൻ മലയും തയ്യേനിയുടെ പേരുമായി ബന്ധപ്പെട്ടുനിൽക്കുന്നു.

കാവുംതല: ജന്മിത്വമുള്ള കാലത്ത് ഇവിടെയൊരു കാവുണ്ടായിരുന്നു. ഈ കാവുമായി ബന്ധിപ്പിച്ചാണ് കാവും തല എന്ന പേരുണ്ടായത്.

മലാൻകടവ്: വേനൽക്കാലത്ത് മാൻകൂട്ടം വെള്ളം കുടിക്കാൻ കടന്നുവരുന്ന പൊയിലിനെ കേന്ദ്രീകരിച്ചാണ് മലാൻ കടവ് എന്ന പേരുണ്ടായത്.

ആദിവാസികൾ

ജന്മിമാരുടെ ആജ്ഞാനുസരണം അവർക്കു വേണ്ടി പണിയെടുത്തിരുന്ന മായിലർ, ചെറുമർ, വേട്ടുവർ എന്നിവർഗ്ഗക്കാർ ഓടയിലകൊണ്ടോ, തരിമ്പ പുല്ലുകൊണ്ടോ മേഞ്ഞ കുടുലുകളിൽ താമസിച്ചിരുന്നു. മലങ്കാടുകൾ വെട്ടികിളച്ച് പുനകൃഷിചെയ്തും. വിത്തുകിളപ്പാട്ട് സംഘം ചേർന്ന് പാടി കളിച്ചും കഠിനമായി അദ്ധ്വാനിച്ചും ഒടേരുടെ പത്തായം നിറച്ചു. സന്ധ്യാ നേരങ്ങളിൽ കുടിലുകളിൽ നിന്നുയരുന്ന തുടിയുടേയും പുല്ലാങ്കുഴലിന്റെയും നാടൻ പാട്ടുകളുടെയും നാദബ്രഹ്മത്തിൽ കഷ്ടതകൾ മറന്ന് അവർ ആഹ്ലാദിച്ചിരുന്നു.

കുടിയേറ്റം

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടുകൂടി തിരുവിതാംകൂർ രാജ്യത്ത് രൂക്ഷമായ ഭക്ഷ്യക്ഷാമം

അനുഭവപ്പെട്ടു. കൃഷി ചെയ്ത ഉപജീവനം കഴിച്ചിരുന്ന പലർക്കും പട്ടിണി പേടിസ്വപ്നമായി. സ്വസ്ഥവും നമ്പന്നവുമായ ജീവിത വൃത്തിക്കു വേണ്ടി പലരും കന്നി മണ്ണന്വേഷിച്ച് ഇറങ്ങിത്തിരിച്ചു. മലബാറിന്റെ മണ്ണിലൂടെ ബഹുദൂരം നടന്ന് പലരും പലസങ്കേതങ്ങളിലെത്തി. 1945 ലാണ് ഈസ്റ്റ് എളേരിയിലേക്ക് കുടിയേറ്റം ആരംഭിച്ചത്. കഠിനാദ്ധ്വാനം കൈമുതലായുള്ള ഒരുപറ്റം ആളുകൾ ഘോര വനങ്ങൾ വെട്ടിത്തെളിച്ചും വന്യമൃഗങ്ങളോടെതിരിട്ടും പുതിയൊരു വികസനചരിത്രത്തിനു തുടക്കം കുറിച്ചു. ആദ്യകുടിയേറ്റക്കാർ തയ്യിലിടപ്പാട്ട് ഔസേപ്പ്, തയ്യിൽ വർക്കി, പുല്ലാട്ടു കുര്യൻ, അടിച്ചിലാമ്മക്കൽ വറുഗീസ്, പുഞ്ചക്കുന്നേൽ തോമസ്, തയ്യിൽ ഔസേപ്പ എന്നിവരായിരുന്നു. ചീമേനി തോട്ടം സൂപ്രണ്ടായിരുന്ന തയ്യിൽ തോമസിന്റെ നേതൃത്വം ഇവർക്ക് ല ച്ചു. നിത്യ സ്മരണാർഹനായ മോൺ, ജറോം ഡിസൂസയുടെ ധീരമായ നേതൃത്വം കുടിയേറ്റജനതക്ക് ഒരുണർവ്വായി. കുടിയേറ്റ കർഷകരാണ് ഈ നാടിന്റെ മുഖച്ഛായ മാറ്റിയത്. കർഷകർ കൂടുതൽ വന്നതോടെ ജന്മിത്ത വ്യവസ്ഥിതിയിൽ ചരിത്രപരമായ ഒരു മാറ്റം സം വിച്ചു. കുടിയേറ്റത്തിനു മുമ്പ് ജന്മിയും, കുടിയാനും (കൃഷിക്കാരൻ) അടിമയും എന്ന വ്യവസ്ഥിതിയിൽ നിന്ന് മാറി ഭൂമിയിൽ ജന്മാവകാശമുള്ള ധാരാളം സ്വതന്ത്ര കൃഷിക്കാർ നിലവിൽ വന്നു. നല്ല വിലകൊടുത്ത് ജന്മിമാരിൽ നിന്ന് ജന്മമായിത്തന്നെ ഭൂമി വാങ്ങി. കുടിയേറ്റം വർദ്ധിച്ചതോടുകൂടി ജന്മിത്വത്തിന്റെ ശക്തിയും ക്ഷയിച്ചു തുടങ്ങി. അതോടൊപ്പം മറ്റൊരു സാമൂഹ്യമാറ്റവും നടക്കുകയുണ്ടായി. നായർ തറവാട് ഭാഗിക്കപ്പെട്ടു. ഭാഗിച്ചുകിട്ടിയവരുടെ സ്വത്തിൽകിഴക്കൻ ഭൂമികൾ വില്ക്കാൻ തുടങ്ങി. ഇതും കുടിയേറ്റത്തെ ത്വരിതപ്പെടുത്തി. ജന്മിത്വത്തിനും നാടുവാഴിത്തത്തിനു മെതിരായി കർഷക സമരങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. വാരവും പാട്ടവും പത്തിനു രണ്ടു കൊടുക്കുന്നതിനെതിരെയും കൈവശഭൂമിയിൽ സ്ഥിരാവകാശത്തിനു വേണ്ടിയും സമരം നടന്നു.

1949-ൽ പാലാവയലിൽ കുടിയേറ്റം ആരംഭിച്ചു. പാലാ, അതിരമ്പുഴ, മേലുകാവ്, പ്രവിത്താനം, കടനാട്, രാമപുരം എന്നിവിടങ്ങളിൽ നിന്നും വന്നവരാണ് കുടിയേറ്റക്കാരിൽ അധികവും. പയ്യന്നൂർ മുതലായ സ്ഥലങ്ങളിൽ നിന്നു കുടിയേറിയവരും അക്കൂട്ടത്തിൽപ്പെടുന്നുണ്ട്.

ഹിന്ദുക്കളും മുസ്ലീങ്ങളും യാക്കൊബായ ക്രിസ്ത്യാനികളും കത്തോലിക്കരും ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്ന കടുമേനികോളനിക്കും ചിറ്റാരിക്കാലിന്റെ ഒപ്പം തന്നെ പഴക്കമുണ്ട്. കുടിയേറ്റക്കാരിൽ അധികവും മണിമല സ്വദേശികളാണ്. കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ കർഷകർക്ക് വളരെയേറെ യാതനകൾ അനുഭവിക്കേണ്ടിവന്നു. കാടു തെളിച്ചു കൃഷി ചെയ്തെങ്കിലും വേണ്ടസമയത്ത് മഴകിട്ടാതെ കൃഷി നാശമുണ്ടാക്കി. വർഷകാലത്ത് നില്കാത്ത മഴയിൽ കുതിർന്ന് അവരുടെ അദ്ധ്വാനം വ്യർത്ഥമായ അനു വമുണ്ട് മലമ്പനിയും മഞ്ഞപ്പിത്തവും മലയോര മക്കൾ മാരകരോഗമായി വൈദ്യസഹായം കിട്ടാതെ പലരും കാലയവനികയ്ക്കു പിന്നിൽ മറഞ്ഞു. മൈലുകൾ ക്കപ്പുറത്തേക്ക് മരുന്നുവാങ്ങാനുള്ള യാത്രയും സാഹസികതനിറഞ്ഞതായിരുന്നു, വിജനമായ കാട്ടു പാതയിലൂടെ കാട്ടുമൃഗങ്ങളുടെ ആക്രമത്തെ നേരിട്ട് മരുന്നുമായെത്തുമ്പോൾ രോഗിമരിച്ചിരിക്കും. രോഗവും പട്ടിണിയും പ്രതികൂല കാലാവസ്ഥയേയും അതിജീവിച്ച് കഠിനാദ്ധ്വാനം ചെയതു. കാട്ടുമൃഗങ്ങളുടെ ശല്യം കർഷകർക്ക് മറ്റൊരു ഭീഷണിയായി. ഇവ രാത്രീകാലങ്ങളിൽ കൃഷി യിടങ്ങളിൽ കൂട്ടത്തോടെ ഇറങ്ങി കപ്പയും നെല്ലും മറ്റുകുറും പുവു കൃഷികൾക്കും നാശം വരുത്തി. ഇതിനെ നേരിടാൻ ഏറുമാടം കെട്ടികാവലിരിക്കേണ്ടിയും വന്നു. പകലന്തിയോളം പണിയെടുത്തും രാത്രിയിൽ ഉറക്കമിളച്ച്, ഒച്ച വച്ച് മൃഗങ്ങളെയോടിച്ചും അവർ ദിനങ്ങൾ പിന്നിട്ടു. പ്രിയപ്പെട്ടവരുടെ വേർപാടിലും നട്ടുവളർത്തിയവയുടെ നാശം കണ്ടും മനസ്സു തളരാതെ അവർ വരും തലമുറയ്ക്കായി നിരന്തരം മണ്ണിനോട് പടവെട്ടി. എല്ലു നുറുങ്ങിയ അദ്ധ്വാനത്തിന്റെയും ഇവിടെയൊഴുക്കിയ വിയർപ്പിന്റെയും വളക്കൂറിലാണ് ഇന്നു കാണുന്ന സൗകര്യങ്ങളും സമൃദ്ധിയും നിലകൊള്ളുന്നുത്. മൺമറഞ്ഞ പൂർവ്വികരുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുനയംകുന്ന് സംഭവം :

ജന്മിത്വത്തിനും നാടുവാഴിത്തത്തിനും എതിരായ കാർഷിക സമര ചരിത്രത്തിലെ ഉജ്വലമായ ഒരദ്ധ്യായമാണ് മുനയംകുന്ന് സംഭവം. 1948 ഏപ്രിൽ 30 - ന് രാത്രിയുടെ മറവിൽ വീടുവളഞ്ഞ് നിനച്ചിരിക്കാത്ത ഒരു നിമിഷത്തിൽ നടത്തിയ വെടിവയ്പിന്റെ ഫലമായി ഒളിവുസങ്കേത ത്തിലുണ്ടായിരുന്നവരിൽ 6 കൃഷിക്കാർ മരിച്ചു. ധീര രക്തസാക്ഷിത്വം വരിച്ചവർ താഴെപ്പറയുന്നവർ ആണ്.

1. K.C കുഞ്ഞാപ്പുമാസ്റ്റർ

2.കെ. എ. ചിണ്ടപ്പൊതുവാൾ

3.പനയംതട്ട കണ്ണൻനമ്പ്യാർ

4.പാപ്പിനിശ്ശേരി കേളുനായർ

5.കുന്നുമ്മൽ കുഞ്ഞുരാമൻ

6.മുടത്തറ ഗോവിന്ദൻ

ജന്മിത്വം കൊടികുത്തിവാണിരുന്ന കാലഘട്ടം. ക്ഷാമവും കൊടും ദാരിദ്യവും എങ്ങും നിഴൽ വീശിയിരുന്നു. നെല്ലെല്ലാം ജന്മിമാരുടെ പത്തായങ്ങളിൽ. വിശന്നു വലയുന്ന ജനങ്ങൾക്ക് ന്യായവിലക്ക് നെല്ല് കൊടുക്കുന്നതിനുള്ള പ്രക്ഷോഭസമരങ്ങൾ അഖിലേന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ ചിറക്കൽ താലൂക്കിലുടനീളം ശക്തമായി നടന്നിരുന്നു. കർഷകരെ സംഘടിപ്പിച്ച് നെല്ല് ബലമായി പിടിച്ചെടുത്ത് കർഷകർക്ക് റേഷൻ വിലക്കു വിൽക്കുന്ന പരിപാടിയായിരുന്നു കർഷകസംഘം ഏറ്റെടുത്തു നടത്തിവന്നത്. ഇതിൽ കുപിതരായ ജന്മിമാർ പോലീസ് സഹായം തേടുകയും അവരുടെയും ഗുണ്ടകളുടെയും അകമ്പടിയോടെ സമരത്തെ അടിച്ചമർത്താൻ ആരംഭിക്കുകയും ചെയ്തു. വേങ്ങയിൽ നായനാർ ആലപ്പടമ്പ് നമ്പീശൻ എന്നീ ജന്മിമാരുടെ വീടുകളിൽ നിന്നും നെല്ലു പിടിച്ചെടുത്ത് വിതരണം നടത്തിയതിനെ തുടർന്നാണ് മുനയംകുന്ന് സംഭവം നടക്കുന്നത്. പോലീസിന്റെ നരവേട്ടയിൽ നിന്നും രക്ഷ നേടുന്നതിനുവേണ്ടി അന്നത്തെ സൗത്ത് കാനറാ ജില്ലയുടെ ഭാഗമായ കാസർഗോഡ് താലൂക്കിലെ മുനയംകുന്നിൽ ചേഞ്ചേരി കൃഷ്ണൻ എന്ന കർഷകന്റെ വീട്ടിൽ അൻപതോളം വരുന്ന കർഷകർ ഒളിവിൽ കഴിയുകയായിരുന്നു. ആരോ ഒറ്റിക്കൊടുത്തതിന്റെ ഫലമായാണ് എം. എസ്. പിക്കാർ ഈ വീട് വളയുന്നത്. കേരളത്തിലെ കർഷകപ്രസ്ഥാനത്തിന്റേതെന്നപോലെ ഈസ്റ്റ് എളേരി പഞ്ചായത്തിന്റെയും ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ് മുനയംകുന്നു വെടിവയ്പ്. മുനയംകുന്നിൽ വെടിയേറ്റു വീണ രക്തസാക്ഷികളെക്കുറിച്ചുള്ള സ്മരണ പുതുക്കിക്കൊണ്ട് എല്ലാ വർഷവും ആ ദിനം അവിടെ ആചരിച്ചുവരുന്നു.

പഞ്ചായത്ത്

1956 നവംബർ ഒന്നു വരെ ഈ പ്രദേശം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നെങ്കിലും തെക്കൻ കർണാടക ജില്ല (സൗത്ത് കാനറ) എന്നാണ് അറിയപ്പെട്ടിരുന്നത്. കാഞ്ഞിരോട് താലൂക്കിൽ പെട്ടിരുന്ന ഈ പ്രദേശത്തിന്റെ പോലീസ് സ്റ്റേഷനും രജിസ്റ്റർകച്ചേരിയും ജില്ലാ ആസ്ഥാനമായ മംഗലാപുരത്തായിരുന്നു. കുത്തകാവകാശമായി കൈവശം വച്ചനുഭവിക്കുന്ന ഭൂമിക്ക് നികുതി കൊടുക്കണം എന്നൊരു വ്യവസ്ഥ 1925 – ൽ ബ്രിട്ടീഷ് ഗവൺമെൻറ് ഉണ്ടാക്കി. അതോടുകൂടി എളേരി ഗ്രാമത്തെ കിഴക്കും പടിഞ്ഞാറും ആയി തിരിച്ചു. നികുതി പിരിക്കുക എന്ന ഏക ലക്ഷ്യത്തോടെ പട്ടേലർ (വില്ലേജ് ഓഫീസർ) മാരേയും നിശ്ചയിച്ചു. 1952 – ൽ ഈസ്റ്റ്, വെസ്റ്റ് എളേരി ഗ്രാമങ്ങളെ ഒരേ പഞ്ചായത്തിനും കീഴിൽ ആക്കി. 1956 – ൽ ഒന്നാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. സ്ഥാനാർത്ഥികളെ മുന്നിൽ കണ്ട് കൈ പൊക്കിയുള്ള വോട്ടിംഗിലൂടെ തിരഞ്ഞെടുക്കപ്പെട്ട പ്രഥമ പഞ്ചായത്തു ഭരണസമിതി അംഗങ്ങൾ K മാധവൻ, നാരായണൻ നായർ ചെമ്മഞ്ചേരി, N. C. ചാണ്ടി, മാത്യു പൈകട, അച്ചീരവീട്ടിൽ നാരായണൻ നായർ , വെളുത്ത കണ്ണൻ, കാഞ്ഞമല ജോസഫ്, K. K. കുഞ്ഞികൃഷ്ണൻ നമ്പ്യാർ എന്നിവരാണ്. പ്രസിഡൻറ് K. മാധവന്റെ അദ്ധ്യക്ഷതയിൽ 31 – 1 – 1956 ന് ആദ്യ പഞ്ചായത്തു യോഗം ചേർന്നു. പിന്നീടു K. മാധവൻ പ്രസിഡൻറു സ്ഥാനത്തുനിന്നൊഴിവാകുകയും N. C. ചാണ്ടി സ്ഥാനം ഏൽക്കുകയും ചെയ്തു. തുടർന്നുണ്ടായ തിരഞ്ഞെടുപ്പിൽ T. J. ജോസഫ് പ്രസിഡൻറായുള്ള സമിതി നിലവിൽ വന്നു. രണ്ടര വർഷത്തിനു ശേഷം T. J. ജോസഫ് ഒഴിവായ സ്ഥാനത്ത് K. K ദാമോദരൻ നമ്പ്യാർ പ്രസിഡൻറ് ആയി. 1968 –ൽ പഞ്ചായത്ത് വീണ്ടും വിഭജിച്ചു. ചിറ്റാരിക്കാൽ ആസ്ഥാനമായി ഈസ്റ്റ് എളേരിയും ഭീമനടി ആസ്ഥാനമായി വെസ്റ്റ് എളേരിയും. 1980 – യിൽ നടന്ന തിരഞ്ഞെടുപ്പിൽ T. M ജോസഫ് തെരുവപ്പുഴ പ്രസിഡൻറായുള്ള ഭരണസമിതി അധികാരമേറ്റു. ഈ കാലത്ത് പഞ്ചായത്തിൽ ഗ്രാമോൽസവം നടന്നു. പിന്നീട് നടന്ന തിരഞ്ഞെടുപ്പിനു ശേഷം N. J. ദേവസ്യാ പ്രസിഡൻറായി. രണ്ടര വർഷം കഴിഞ്ഞ് N. J. ദേവസ്യാ പ്രസിഡൻറ് സ്ഥാനത്തു നിന്നും മാറുകയും K. J. ചാക്കോയെ തൽസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. N. T. ജോസഫ്

പ്രസിഡന്റായുള്ള ഭരണസമിതിയാണ് ഇപ്പോൾ പഞ്ചായത്തിന്റെ ഭരണം നിർവഹിക്കുന്നത്. ശ്രീ. തയ്യിൽ ജോസഫ് സൗജന്യമായി തന്ന സ്ഥലത്താണ് പഞ്ചായത്തോഫീസ് നിലനിൽക്കുന്നത്.

വിദ്യാഭ്യാസം

കമ്പല്ലൂർ :

1920 ൽ കമ്പല്ലൂർ അമ്പലത്തിനു സമീപത്തായി എഴുത്താശൻ പഠിപ്പിച്ചിരുന്ന ഒരു പഠനശാല ഉണ്ടായിരുന്നെങ്കിലും അധികകാലം നിലനിന്നില്ല. 1938 ഓടുകൂടി ആറു ആൺകുട്ടികളും രണ്ട് പെൺകുട്ടികളും അടങ്ങുന്ന ഏകാദ്ധ്യാപക സ്കൂൾ ആരംഭിച്ചു. എന്നാൽ ഏകാദ്ധ്യാപക സ്കൂൾ അംഗീകരിക്കപ്പെട്ടത് 1947 – ൽ ബാലകൃഷ്ണൻ എന്ന അദ്ധ്യാപകന്റെ നേതൃത്വത്തിലുള്ള സ്കൂൾ ആണ്. ഇന്നത് ഹയർ സെക്കന്ററി സ്കൂളായി ഉയർന്നിരിക്കുന്നു

തോമാപുരം

1949 ജൂൺ 20 –ന് K. നാരായണൻ നായർ ഹെഡ്മാസ്റ്റർ ആയുള്ള ഒരു ഏകാദ്ധ്യാപക വിദ്യാലയം തുടങ്ങി. തയ്യിൽ T. V ജോസഫ് മാനേജരായുള്ള ഈ സ്ക്കൂൾ 1952- ൽ പള്ളിക്കു വിട്ടുകൊടുത്തു. 1953- ൽ T.J. തോമസ് തയ്യിൽ ഹെഡ്മാസ്റ്റർ ആയി. 1960 ജൂലൈ 4–ന് ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ടു.

പാലാവയൽ, മണ്ഡപം, കടുമേനി, മുനയംകുന്ന് എന്നിവിടങ്ങളിൽ മാനേജുമെന്റ് സ്ക്കൂളുകളും തയ്യേനി, കമ്പല്ലൂർ, കണ്ണിവയൽ എന്നീ സ്ഥലങ്ങളിൽ ഗവ: സ്ക്കൂളുമുണ്ട്. തോമാപുരത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും മന്ദബുദ്ധികൾക്കായുള്ള ഒരു സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. കണ്ണിവയലിൽ 1988–ൽ ആരം ിച്ച ഒരു അദ്ധ്യാപക പരിശീലന കേന്ദ്രവും ഉണ്ട്.

റോഡുകൾ:

ആദ്യകാലത്ത് നീലേശ്വരത്തുനിന്ന് 12 മൈൽ ബോട്ട് യാത്ര ചെയ്ത് മുക്കട ഇറങ്ങി 10 മൈൽ ഘോരവനത്തിലൂടെ സഞ്ചരിച്ചാണ് ചിറ്റാരിക്കാലിൽ എത്തിയത്. പാടിച്ചാലിൽ നിന്നും കൊല്ലാട വഴി കമ്പല്ലൂർ, കടുമേനി ഭാഗത്തേക്കു വരാൻ നടപ്പുവഴി ഉണ്ടായിരുന്നു. കരിവെള്ളൂരിൽ നിന്നും ചീമേനി, കാക്കടവ്, ചെമ്മനംകയം വഴി ഈ ഭാഗത്തേക്ക് വരാൻ കാട്ടുവഴി ഉണ്ടായിരുന്നു. 1950–കളുടെ ആരംഭത്തിൽപ്പോലും റോഡുകൾ ഉണ്ടായിരുന്നില്ല. ഇന്നു കാണുന്ന പല റോഡുകളും ജനങ്ങൾ ശ്രമദാനത്താൽ നിർമ്മിച്ചതാണ്. ഓരോ പ്രദേശത്തുമുള്ള ജനങ്ങളുടെ കൂട്ടായ യത്നത്തിലൂടെ റോഡുകൾ വികസിക്കുകയും കൊച്ചു ബസാറുകൾ രൂപപ്പെടുകയും ചെയ്തു. യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും മറ്റു വികസനകാര്യങ്ങളിലും ക്രിസ്തീയ പുരോഹിതൻമാർ ചെയ്ത സംഭാവന ഈസ്റ്റ് എളേരി ഗ്രാമത്തെ സംബന്ധിച്ച് എന്നും സ്മരിക്കപ്പെടേണ്ടതാണ്. അറയ്ക്ക തട്ടുമുതൽ ചെറുപുഴ ഫെറി വരെയുള്ള റോഡ് P.W.D റോഡായി ഗവൺമെന്റ് അംഗീകരിക്കുന്നത് 1957–ലാണ്. ഇത് ഒടയംചാൽ – ചെറുപുഴ റോഡിന്റെ ഭാഗമാണ്. പിന്നീടുള്ള റോഡുകൾ ജനകീയ സഹകരണത്തോടെ വെട്ടുകയും പഞ്ചായത്ത് അംഗീകൃതമാവുകയും ചെയ്തു.

വായനശാലകൾ:

കുടിയേറ്റത്തോടെയാണ് വായനശാല പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുള്ളത്. ചിറ്റാരിക്കാൽ, പാലാവയൽ, കമ്പല്ലൂർ, കടുമേനി, തയ്യേനി, കുളിനീർ, കാവും തല, പാവൽ, മുനയംകുന്ന് എന്നിവിടങ്ങളിൽ വായനശാലകൾ നന്നായി പ്രവർത്തിക്കുന്നു.

കലാസമിതികൾ:

ആദ്യകാലങ്ങളിൽ കോൽക്കളി, പൂരക്കളി, ദഫ്മുട്ട് മുതലായ കലകളിൽ കർഷകർ ഏർപ്പെട്ടിരുന്നു. ചുരുക്കമായി ഏകാങ്കനാടകങ്ങളും അവതരിപ്പിച്ചിരുന്നു. പിന്നീട് കലാസമിതികൾ രൂപീകരിച്ച് സാധാരണ നാടകങ്ങൾ അവതരിപ്പിച്ചു. അന്ന് പുരുഷൻ ആയിരുന്നു സ്ത്രീ വേഷം കെട്ടിയിരുന്നത്. പിൽക്കാലത്ത് സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവന്നു. കമ്പല്ലൂർ, കടുമേനി, പാലാവയൽ, തയ്യേനി, ചിറ്റാരിക്കാൽ, കണ്ണിവയൽ എന്നിവിടങ്ങളിൽ അതാതുസ്ഥലത്തെ സമിതികൾ നാടകം അവതരിപ്പിച്ചിട്ടുണ്ട്. തോമാപുരം

യംഗ്സ്റ്റേർസും കാവുംതല ദൃശ്യാ തീയറ്റേർസും കൂടുതൽ നാടകം അവതരിപ്പിച്ചിട്ടുള്ള അമച്വർ സമിതികളാണ്. 11 വർഷം മുൻപ് ചിറ്റാരിക്കാലിൽ ആരംഭിച്ച ഫൈൻ ആർട്ട്സ് സൊസൈറ്റി വൈവിദ്ധ്യമാർന്ന പരിപാടികൾ ഇന്നാട്ടിലെ ജനങ്ങൾക്ക് ആസ്വദിക്കാനായി വേദിയൊരുക്കികൊണ്ട് കലാസാംസ്കാരിക രംഗത്ത് ശക്തമായി പ്രവർത്തിക്കുന്നു.

ഉത്സവം, ഉറൂസ്, തിരുന്നാളുകൾ:

ചിറ്റാരിക്കാൽ, കടുമേനി, കമ്പല്ലൂർ, തയ്യേനി ക്ഷേത്രങ്ങളിലെ ഉത്സവം, പ്രസിദ്ധമായ നീലംപാറ മഖാം ഉറൂസ്, ക്രൈസ്തവ ദേവാലയങ്ങളിലെ തിരുന്നാളുകൾ എന്നിങ്ങനെ എല്ലാ ആഘോഷങ്ങളിലും ജാതി മത ഭേദമെന്യേ എല്ലാവരും പങ്ക് ചേരുന്നത് മതസൗഹാർദ്ദത്തിന്റെ മഹനീയ മാതൃകയാണ്.

ജനകീയ സഹകരണത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ:

കൂലംകുത്തിപായുന്ന കാര്യംകോട് പുഴയിലൂടെ ചെറുപുഴ പുളിങ്ങോം ഭാഗത്തേക്ക് മഴക്കാലത്തു കടക്കണമെങ്കിൽ മുളകൾ തമ്മിൽ കെട്ടിയുണ്ടാക്കിയ പാണ്ടിയിൽ സാഹസിക യാത്ര വേണമായിരുന്നു. ജനകീയ സഹകരണത്തോടെ പാലാവയലിലും ചെറുപുഴയിലും കമ്പിപ്പാലം പണിതു. കുറേ കഴിഞ്ഞ് മുനയം കുന്നിലും കമ്പിപ്പാലം ഒന്ന് തീർത്തു ജനകീയ സഹകരണത്തോടെ. ഈ മൂന്ന് പാലത്തിലൂടെയും ആളിനുമാത്രമേ കടക്കാൻ കഴിയൂ. ഒരു കോൺക്രീറ്റു പാലത്തെ കുറിച്ച് ഈ നാട്ടുകാർക്കുള്ള സ്വപ്നത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ജനകീയ സഹകരണത്തോടെ സർക്കാരിൽ നിന്നും പണികഴിപ്പിച്ച പുളിങ്ങോം കോൺക്രീറ്റ് പാലം ഗതാഗതരംഗത്ത് വലിയൊരു നേട്ടമായി. അപ്രോച്ചു റോഡുൾപ്പെടെ പാലത്തിനു ചിലവായ 40-ലക്ഷം രൂപയിൽ 10- ലക്ഷം രൂപ ജനങ്ങൾ സംഭാവന നൽകിയതാണ്. കണ്ണൂർ - കാസർഗോഡ് ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് വലിയൊരു ജനകീയ മുന്നേറ്റത്തിന്റെ നിത്യസ്മാരകമായി ഈ പാലം നിലകൊള്ളും.

സഹകരണ രംഗം:

1951-ൽ സഹകരണ സംഘമായി പ്രവർത്തനം ആരംഭിച്ച് 1974-ൽ ബാങ്കായി ഉയർത്തപ്പെട്ട ഈസ്റ്റ് എളേരി സഹകരണ ബാങ്കിന്റെ ഹെഡ്ഡോഫീസ് ചിറ്റാരിക്കാലിൽ ആണ്. പാലാവയൽ, കടുമേനി എന്നിങ്ങനെ രണ്ടു ബ്രാഞ്ചുകളും ഇതിനുണ്ട്.

1967-ൽ ചിറ്റാരിക്കാൽ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച റബ്ബർ കർഷക സംഘം 1985-ൽ ജില്ല മുഴുവനിലും പ്രവർത്തനം വ്യാപിപ്പിച്ച് കാസർഗോഡ് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ആയി. 10 ഡിപ്പോകളും ഒരു മാർക്കറ്റിംഗ് ഓഫീസും ലാറ്റെക്സ് ഫാക്ടറിയുള്ള KDCRMS ന്റെ H.O ചിറ്റാരിക്കാലിൽ ആണ്.

സഹകരണ ആസ്പത്രി

1984-ൽ എളേരി സഹകരണ ഡിസ്പെൻസറി എന്ന പേരിൽ തുടങ്ങുകയും 1992-ൽ KKM സഹകരണ ആശുപത്രിയെന്ന് പേരു മാറ്റികൊണ്ട് പ്രവർത്തനമേഖല കാസർഗോഡ് ജില്ല മുഴുവൻ വ്യാപിപ്പിക്കുകയും ചെയ്തു. ആസ്ഥാനം ചിറ്റാരിക്കാൽ.

മറ്റു വികസന രംഗങ്ങൾ:

1951 മെയ് 12ന് ഈസ്റ്റ് എളേരി പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിച്ചു. 1973 ജനുവരി 1ന് ഈസ്റ്റ് എളേരി എന്ന പേരുമാറ്റി ചിറ്റാരിക്കാൽ എന്നാക്കി. 1968 ജൂൺ മാസത്തിൽ ചിറ്റാരിക്കാൽ പോലീസ് സ്റ്റേഷൻ നിലവിൽ വന്നു. ഇതിനു മുമ്പ് ചിറ്റാരിക്കാൽ പ്രദേശം നീലേശ്വരം പോലീസ് സ്റ്റേഷന്റെ കീഴിലായിരുന്നു. ചിറ്റാരിക്കാൽ വിദ്യാഭ്യാസ ഉപജില്ലയാകുകയും AEO ഓഫീസ് ചിറ്റാരിക്കാലിൽ തന്നെ സ്ഥാപിതമാവുകയും ചെയ്തു.

ഭൂപ്രകൃതി , ജനപ്രകൃതി

കിഴക്കൻ മലനിരകളിൽ കർണ്ണാടക സംസ്ഥാനത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഹരിതാഭമായ കുന്നുകളും തലയുയർത്തി നിൽക്കുന്ന മലനിരകളും ഉൾപ്പെടുന്ന മലയോര ഗ്രാമമാണ് ഈസ്റ്റ് എളേരി.

തെക്കുഭാഗത്ത് പഞ്ചായത്തിന്റെ അതിർത്തി നിർണ്ണയിച്ചുകൊണ്ട് ഒഴുകുന്ന കാര്യംങ്കോട് പുഴ പഞ്ചായത്തിന്റെ ദക്ഷിണ പ്രദേശങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു. പ്രചീന മനുഷ്യരുടെ പ്രയത്ന ഫലമെന്നോ, പ്രകൃതിയുടെ വികൃതികളെന്നോ വിശേഷിപ്പിക്കാവുന്ന ചില ഗുഹകളും മാളങ്ങളും പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും കാണപ്പെടുന്നുണ്ട്.

തൊട്ടുതൊട്ടുയർന്നു നിൽക്കുന്ന കുന്നുകൾ ഇവിടുത്തെ പ്രകൃതിക്ക് പ്രൗഢത നൽകുന്നു. പൊതുവേ കുന്നുകളുടെ ചെരിവ് പടിഞ്ഞാറു ഭാഗത്തേക്കാണ്. ഓരോ കുന്നിനേയും പരിഗണിക്കുമ്പോൾ ഇങ്ങനെ അനുഭവപ്പെടുന്നില്ലെങ്കിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള കിടപ്പ് പശ്ചിമ ദിക്കിലേക്കു തന്നെ. ചിറ്റാരിക്കാൽ മണ്ഡപം ഭാഗത്തേക്കുള്ള തോട്ടിലെ നീരൊഴുക്ക് ഇത് തെളിയിക്കുന്നു. നല്ലോംപുഴ - അരിയിരുത്തി തോടും തയ്യേനി, പാലാവയൽ, കമ്പല്ലൂർ, അരിമ്പ പ്രദേശങ്ങളിലും നീരൊഴുക്ക് തെക്കുഭാഗത്തേക്കാണ്. ഈ തോടുകൾ കാര്യംങ്കോട് പുഴയിൽ ചേരുന്നു. വടക്കു ഭാഗത്തേക്ക് ചെരിവുള്ള പെരിങ്ങോം-വയക്കര പഞ്ചായത്തിലേയും തെക്കുഭാഗത്തേക്ക് ചെരിവുള്ള നമ്മുടെപഞ്ചായത്തിലേയും കുന്നുകൾക്കിടയിലൂടെയാണ് കാര്യംങ്കോട് പുഴ ഒഴുകുന്നത്. പുഴയോട് ചേർന്ന് കുത്തനയുള്ള കുന്നുകളാണ് പലദിക്കുകളിലും അപൂർവ്വം ചില ദിക്കുകളാണ് താരതമ്യേന നിരപ്പായ പ്രദേശങ്ങളുള്ളത്. പൊതുവേ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും കുത്തനെ ചെരിവുള്ളവയാണ്. കമ്പല്ലൂരിലെ വയലുകളും മറ്റുമുള്ള പ്രദേശമാണ് താരതമ്യേന നിരപ്പായ താഴ് വര പ്രദേശം. കൂടാതെ കാര്യങ്കോട് പുഴയോടു ചേർന്നുള്ള ചില പ്രദേശങ്ങളും താരതമ്യേന നിരപ്പുള്ളവയാണ്.

അക്ഷാംശം 12° 2' 34" -നും 12° 47' രേഖാംശം 74 51' 55" -നും 75 25' 58" East നും ഇടയിൽ കാസർഗോഡ് ജില്ലയുടെ തെക്കുകിഴക്കൻ മൂലയിലാണ് ഈസ്റ്റ് എളേരി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് വെസ്റ്റ് എളേരി പഞ്ചായത്തും കിഴക്ക് കർണ്ണാടക സംസ്ഥാനത്തിലെ കുടക് ഫോറസ്റ്റും വടക്ക് വെസ്റ്റ് എളേരി ബളാൽ പഞ്ചായത്തുകളും തെക്ക് കാര്യങ്കോട് പുഴയും പഞ്ചായത്തിന്റെ അതിർത്തി നിശ്ചയിക്കുന്നു. പഞ്ചായത്തിന്റെ ഭൂവിസ്തൃതി 62.52 ച.കി.മീ. യാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ നിശ്ചിത അതിർത്തി നിശ്ചയിച്ച് വിവിധ മേഖലകളായി തിരിക്കുക ബുദ്ധിമുട്ടാണ്. മലകളും ചെരിവുകളും ഉള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും ഉൾക്കൊള്ളുന്നു. പൊക്കി നിരപ്പുള്ള പ്രദേശങ്ങൾ പുഴയോട് ചേർന്ന പ്രദേശങ്ങളാണ്. പുഴയുടെ തീരപ്രദേശങ്ങൾ പോലും ചെരിവുകളോട് കൂടിയതാണ്.

തയ്യേനിയിലെ വായ്ക്കാനം, മിനഞ്ചേരി എന്നീ പ്രദേശങ്ങളാണ് പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ. കമ്പല്ലൂർ പ്രദേശം ഏറ്റവും താഴ്ന്ന പ്രദേശങ്ങളുമാണ്.

ചരൽ കലർന്ന പശിമരാശി മണ്ണും എക്കൽ മണ്ണും ഈ പ്രദേശത്തെ സമ്പുഷ്ടമാക്കുന്നു. പഞ്ചായത്തിന്റെ കാർഷികാഭിവൃദ്ധിക്ക് നിദാനം ഈ വളക്കൂറുള്ള മണ്ണാണ്. വർഷകാലത്ത് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും നല്ല അളവിലുള്ള വർഷപാതം

ലഭിക്കുന്നുണ്ട്. ജല ലഭ്യതയുടെ കാര്യത്തിൽ പലപ്രദേശങ്ങളിലും ഏറ്റക്കുറച്ചിലുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും വരൾച്ചയുടെ പിടിയിൽ അകപ്പെടുന്നു.

ജനപ്രകൃതി:

1991-ലെ സെൻസസ് കണക്കുകളനുസരിച്ച് ഈസ്റ്റ് എളേരി പഞ്ചായത്തിലെ ജനസംഖ്യ 22738 ആണ്. ഇതിൽ പുരുഷൻമാർ 11525 ഉം സ്ത്രീകൾ 11213 ഉം ആണ്. സ്ത്രീകളെ അപേക്ഷിച്ച് 312 പുരുഷൻമാർ കൂടുതലാണ്. ആകെ വീടുകൾ 4584 ആണ്. അതായത് ശരാശരി വീടൊന്നിന് 4.96 ആളുകൾ വീതം ഉണ്ട്. ആറു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2926 ആണ് ഇതിൽ ആൺകുട്ടികൾ 1486 ഉം പെൺകുട്ടികൾ 1440 ഉം ആണ്. പട്ടികജാതി ജനസംഖ്യ ആകെ 1911 ആണ്. ഇതിൽ പുരുഷൻമാർ 988 ഉം സ്ത്രീകൾ 923 യും ഉൾപ്പെടും. പട്ടികവർഗ്ഗ ജനസംഖ്യ 22 ആണ്. ഇവരിൽ 8 പുരുഷൻമാരും 14 സ്ത്രീകളും ഉൾപ്പെടും. ആകെ ജനങ്ങളിൽ 18525 പേർ സാക്ഷരരാണ്.

സാക്ഷരതയുടെ കാര്യത്തിൽ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിനു ശേഷം കാര്യമായ പുരോഗതി ഉണ്ടായതായി കാണാം.

കാസറഗോഡു ജില്ലയിൽ വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന ഈസ്റ്റ് എളേരി പഞ്ചായത്ത്, വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായ മാറ്റം ഉണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കവും ആണ്. അഭ്യസ്ത വിദ്യരുടെ തൊഴിലിലായ്മ രൂക്ഷമായിവരുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകി മാത്രമേ ഇത് ഒരു പരിധി വരെയെങ്കിലും പരിഹരിക്കാൻ കഴിയൂ.

ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെയും വരുമാന മാർഗ്ഗം കൃഷിയാണ്. കർഷക തൊഴിലാളികളും സമൂഹത്തിൽ വലിയ വിഭാഗം വരും.

ജനങ്ങളുടെ പ്രധാനവരുമാന മാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരമല്ലാതായതിനാൽ മറ്റു തൊഴിൽ മേഖലകളിലേക്ക് കടന്നുകയറ്റം വർദ്ധിച്ചിരിക്കുന്നു. പ്രധാനമായും കെട്ടിടനിർമ്മാണ രംഗത്തേക്കാണ് കൂടുതൽ കടന്നു കയറ്റം നടക്കുന്നത്. തൊഴിലില്ലായ്മ രൂക്ഷവുമാണ്. അഭ്യസ്തവിദ്യരിൽ കായികാദ്ധ്വാനത്തിന് തയ്യാറായി വരുന്നവർ കുറവാണ് വളരെ കുറഞ്ഞ കൂലി നിരക്കിലും മറ്റു സംസ്ഥാനങ്ങളിൽ പോയി ജോലി ചെയ്യാൻ തയ്യാറാവുന്നവരും, ഇവിടെ കാർഷികവൃത്തിക്കും മറ്റും തയ്യാറാവുന്നില്ല എന്നതും വസ്തുതയാണ്. അതുകൊണ്ട് തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ ആളുകൾ ഇവിടെ ജോലിചെയ്യുന്നു.

ജാതിപരമായ ഉച്ചനീചത്വങ്ങൾ പണ്ട് ഉണ്ടായിരുന്നുവെങ്കിലും ഇന്ന് അവസ്ഥ അങ്ങനെയല്ല.

കൃഷി- ജലസേചനം

കൃഷി: പഞ്ചായത്തിലെ പ്രധാനകൃഷികൾ

തെങ്ങ്, കമുക്, റബ്ബർ, കുരുമുളക്, പച്ചക്കറികൾ (പാവൽ, പയർ) റ്റ്യൂബർ വിളകൾ (ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, ഉരുളകിഴങ്ങ്) നേന്ത്രവാഴ, ഇഞ്ചി, മഞ്ഞൾ, കൊക്കോ, ജാതിക്ക ഔഷധകൃഷി (കച്ചോലം)

ഓരോ വിളയുടെയും വിസ്തീർണ്ണം:

1.	തെങ്ങ്	1605 ഹെക്ടർ
2.	കമുക്	450 ഹെക്ടർ
3.	റബ്ബർ	2608 ഹെക്ടർ
4.	കുരുമുളക്	296 ഹെക്ടർ
5.	കശുമാവ്	280 ഹെക്ടർ
6.	പച്ചക്കറി	15 ഹെക്ടർ
7.	ചേന	10 ഹെക്ടർ
8.	കാച്ചിൽ	5 ഹെക്ടർ
9.	ചേമ്പ്	10 ഹെക്ടർ
10.	മരച്ചീനി	60 ഹെക്ടർ
11.	കൂർക്ക കിഴങ്ങ്	2 ഹെക്ടർ
12.	വാഴ കൃഷി	45 ഹെക്ടർ
13.	ഇഞ്ചി	40 ഹെക്ടർ
14.	മഞ്ഞൾ	25 ഹെക്ടർ
15.	കൊക്കോ	5 ഹെക്ടർ
16.	ജാതിക്ക	5 ഹെക്ടർ
17.	കച്ചോലം	5 ഹെക്ടർ

ഉത്പാദന ക്ഷമത (ശരാശരി)

തെങ്ങ് - 80 തേങ്ങ
കമുക് - 180 അടയ്ക്ക
റബ്ബർ - 3.75 ടൺ/ ഹെക്ടർ
കശുമാവ് - 960 കിലോ
കുരുമുളക് - 400 കിലോ
വാഴ - 7 കിലോ
പച്ചക്കറി - 5 ടൺ/ഹെക്ടർ
ഇഞ്ചി - 5 ടൺ/ഹെക്ടർ
മഞ്ഞൾ - 2.1/2 ടൺ/ഹെക്ടർ

കാർഷിക ചരിത്ര പശ്ചാത്തലം:

50 വർഷങ്ങൾക്കു മുമ്പ് തന്നെ പുനകൃഷി ചെയ്ത് (നെൽകൃഷി) ശീലിച്ചുവന്ന ആദിവാസികളുടെ നാടായിരുന്നു ഈ പ്രദേശം. നെൽകൃഷിയിൽ നിന്ന് ചിറ്റാരി എന്ന പേർ ഉടലെടുക്കുകയും ക്രമേണ ചിറ്റാരിക്കാൽ ആവുകയും ചെയ്തു. ഈ പ്രദേശം 50 വർഷങ്ങൾക്ക് മുമ്പ് 70 % ത്തോളം വനപ്രദേശമായിരുന്നു. 1950-ന് ശേഷം ഉണ്ടായ കുടിയേറ്റത്തോടുകൂടി വനപ്രദേശങ്ങൾ തെളിച്ച് നെൽകൃഷി, കുരുമുളക് കൃഷി എന്നിവ കൃഷിചെയ്തുവന്നു. ക്രമേണ കൃഷിയിടങ്ങൾ നാണ്യവിളകൾ വിളയുന്ന പ്രദേശങ്ങളായി മാറുകയാണ് ചെയ്തത്. ആദ്യകാലത്ത് മാത്രമുണ്ടായിരുന്ന നെൽകൃഷി ക്രമേണ ഇല്ലാതായി. ഇടക്കാലത്ത് കുരുമുളക് കൃഷിയാൽ നിറഞ്ഞുനിന്നിരുന്ന നമ്മുടെ പഞ്ചായത്തിലെ കർഷകരുടെ മുഖ്യവരുമാനം കുരുമുളകിൽ നിന്നുള്ള വരുമാനമായിരുന്നു.

1980-ന് ശേഷം മാരകമായ ദ്രുതവാട്ട രോഗം കുരുമുളക് കൃഷിയെ ബാധിക്കുകയും തുടർന്ന് 10 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ 70 ശതമാനം കുരുമുളക് കൃഷി നശിക്കുകയും ചെയ്തു. കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളകളായ റബ്ബർ, തെങ്ങ്, കമുക് എന്നീ കൃഷികളാൽ നിറഞ്ഞു നിൽക്കുന്ന പ്രദേശമാണ്. ഈസ്റ്റ് എളേരി പഞ്ചായത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട കർഷകരാണ് ഉള്ളത് (വൻകിട, ചെറുകിട, ഇടത്തരം) ജനങ്ങളുടെ ജീവിതമാർഗ്ഗം കാർഷികവൃത്തിയിൽ നിന്നുള്ള വരുമാനം

മാത്രമാണ്. ജില്ലയിലെ ബാക്കി പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ പഞ്ചായത്തിലെ കർഷകർ ശാസ്ത്രീയ കൃഷി രീതിയോട് കൂടുതൽ ആഭിമുഖ്യം പ്രകടിപ്പിക്കു ന്നവരാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിലെ 90 ശതമാനവും ചരിവുഭൂമിയാണ് കടൽ നിരപ്പിൽ നിന്നും 2000 അടിവരെ ഉയരത്തിലുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്

കാലാവസ്ഥ

വർഷത്തിൽ ശരാശരി 350 സെ.മീ. മഴ ലഭിക്കുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. അതിൽ 90 ശതമാനവും ജൂൺ മുതൽ സെപ്തംബർ വരെയാണ് ലഭിക്കുന്നത്. ഒക്ടോബർ മുതൽ മെയ് വരെ ബാക്കി 10 ശതമാനം ലഭിക്കും.

മൺ തരം :

ചരൽ കലർന്ന പശിമരാശി മണ്ണും, ഏക്കൽമണ്ണും, വനമണ്ണും ഈ പ്രദേശത്തെ സമ്പുഷ്ടമാക്കുന്നു. തൻമൂലം കാർഷികവിളകളായ തെങ്ങ്, റബ്ബർ, കമുക് എന്നിവയുടെ ഉത്പാദന ക്ഷമത വളരെ കൂടുതലാണ്.

മണ്ണ് പരിശോധന:

മണ്ണുപരിശോധനാ കേന്ദ്രത്തിന്റെ അഭാവം കൃഷിക്കാർക്ക് ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിന് തടസമാണ്.

തരിശു ഭൂമികൾ:

കാര്യമായ തരിശു ഭൂമി ഈ പഞ്ചായത്തിൽ നിലവിലില്ല.

കൂലിനിരക്ക്:

പുരുഷൻമാർക്ക് 75 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ് ശരാശരി കൂലിനിരക്ക്. എങ്കിലും ആവശ്യത്തിന് കർഷക തൊഴിലാളികളെ കിട്ടുന്നില്ല.

ജലസേചനം:

മൊത്തത്തിൽ പഞ്ചായത്തിൽ 30 ശതമാനത്തിൽ താഴെ ജലസേചനം ചെയ്യുന്ന് പ്രദേശമാണ്. തൻമൂലം നീർമറി പദ്ധതിയുടെ (വാട്ടർ ഷെഡ്) അടിസ്ഥാനത്തിൽ കൃഷി ചെയ്യാനുള്ള സാധ്യത വളരെയുണ്ട്.

പ്രധാന തോടുകൾ:

പ്രധാന തോടുകളായ ചിറ്റാരിക്കാൽ, കാവുംതല, പെരുംമ്പട്ട, കാരമല-അരിയിരുത്തി, കുണ്ഡാരം, തയ്യേനി, ഏണിച്ചാൽ, നല്ലോംപുഴ-അരിയിരുത്തി, പട്ടിയങ്ങാനം എന്നീ സ്ഥലങ്ങൾ നീർമറി അടിസ്ഥാന ത്തിലുള്ള കൃഷിരീതി നടപ്പിൽ വരുത്തണം. പ്രസ്തുത തോടുകൾക്കും കാവും തല-മുക്കട, കമ്പല്ലൂർ-കൊല്ലാട, ആവശ്യത്തിന് ജലസേചനം ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ :

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയും യാത്രാ അസൗകര്യങ്ങളും കണക്കിലെടുത്ത് കൃഷിഭവനിൽ സ്വന്തമായി വാഹന സൗകര്യം ഏർപ്പെടുത്തുകയും കൃഷിഭവനിൽ ചുരുങ്ങിയത് അഞ്ച് കൃഷി അസിസ്റ്റന്റിനേയും ഒരു ക്ലാർക്കിനേയും ഒരു പ്യൂൺ തസ്തികയും അനുവദിക്കണം, കൃഷിഭവനുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ കുറവാണ്. അത് പരിഹരിക്കണം. കൃഷിഭവനിൽ സ്വന്തമായ ചുറ്റു മതിലോട്കൂടിയുള്ള കെട്ടിടം പണിയുകയും വിത്ത്, തൈകൾ, വളങ്ങൾ, കീടനാശിനി ഇവയുടെ വിൽപനയും വിതരണവും കൃഷിഭവനോട് അനുബന്ധിച്ചു തന്നെ പ്രത്യേകം ഏജൻസിയുടെ കീഴിലാക്കണം.

കൃഷിക്കാരെ അസമയത്ത് അനാവശ്യമായ കീടനാശിനികളും, രാസവളങ്ങളും, കൃഷിഭവൻ മുഖേന അടിച്ചേൽപ്പിക്കുന്നത് നിർത്തേണ്ടതാണ്. ജൈവ വളങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് നിലവിൽ വേണ്ടത്ര പ്രചാരവും ലഭിക്കുന്നില്ല. മണ്ണൊലിപ്പ് തടയുന്നതിന് ജലം പാഴായി പോകുന്നത് തടയാനും നിലവിൽ പദ്ധതികൾ കുറവാണ്. മണ്ണ് പരിശോധനാകേന്ദ്രത്തിന്റെ അഭാവം കർഷകന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. മണ്ണൊലിപ്പുതടയുന്നതിനും ജലം പാഴായിപ്പോകുന്നത് തടയാനും നിലവിൽ പദ്ധതികൾ കുറവാണ്. രോഗം വന്നു നശിക്കുന്ന തെങ്ങുകളെ പുനഃരുദ്ധരിക്കുന്നതിനു പദ്ധതികൾ ഇല്ല. നല്ലയിനം പച്ചക്കറി വിത്തുകൾ വിതരണം ചെയ്യാനും പച്ചക്കറി കൃഷിയിൽ ശാസ്ത്രീയമായ അവബോധം സൃഷ്ടിക്കാനും നിലവിൽ പദ്ധതികൾ കുറവാണ്.

ഭൂകാണ്ഡ കൃഷികൾ:

(ചേന, കപ്പ, ചേമ്പ്, കാച്ചിൽ, കൂർക്ക) മുതലായവയ്ക്ക് ശാസ്ത്രീയ പരിചരണവും അത്യുത്പാദനവിത്തുകളും ലഭിക്കുന്നില്ല. നാളികേരം, കുരുമുളക് എന്നിവയ്ക്ക് ഉൽപാദന ചിലവുമായി താരതമ്യം ചെയ്യുമ്പോൾ ലഭിക്കുന്ന വില തുച്ഛമാണ്. കുരുമുളക് കൃഷി നാശത്തിനെതിരെ ഫലപ്രദമായ കണ്ടു പിടുത്തങ്ങൾ ഉണ്ടാകുന്നില്ല. തേനീച്ച വളർത്തൽ, പുഷ്പകൃഷി, കൂൺകൃഷി, ഔഷധ സസ്യകൃഷി മുതലായവയ്ക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളും ശാസ്ത്രീയ പരിചരണങ്ങളും ലഭിക്കുന്നില്ല. ഇവയ്ക്ക് ആവശ്യമായ വില്പന കേന്ദ്രങ്ങളുടെ അഭാവം വളരെ പ്രധാനപ്പെട്ടതാണ്.

ഔഷധകൃഷി:

ആരോഗ്യപരിപാലത്തിന് ഔഷധ സസ്യങ്ങളുടെ പ്രാധാന്യം വർദ്ധിച്ചുവരുന്നതിനാൽ പഞ്ചായത്തിലെ ചുരുങ്ങിയതും 10 ഹെക്ടർ സ്ഥലത്തെങ്കിലും ഔഷധച്ചെടികൾ നട്ടുവളർത്താൻ കർഷകർക്ക് പ്രോത്സാഹനം നൽകുകയും ആയുർവേദ ഔഷധങ്ങളുടെ ഒരു മരുന്ന് ഉൽപാദനശാല നിർമ്മിക്കുകയും ചെയ്യണം.

ഔഷധകൃഷി ചെയ്യുന്ന കർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകണം. ഗവൺമെന്റ് അധീനതയിലുള്ള വനപ്രദേശത്ത് വനംവകുപ്പിന്റെ സഹകരണത്തോടെ ഔഷധകൃഷി നടപ്പിലാക്കണം.

മത്സ്യകൃഷി:

പഞ്ചായത്തിൽ മത്സ്യം വളർത്താൻ ആവശ്യമായ കുളങ്ങളും ജലാശയങ്ങളും കണ്ടെത്തി നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യമാക്കുകയും അതിനുവേണ്ട ബോധവൽക്കരണക്ലാസുകൾ നടത്തുകയും ആവശ്യമായ സാമ്പത്തികസഹായം നൽകുകയും ചെയ്താൽ മത്സ്യകൃഷി ചെയ്യാൻ യുവജനങ്ങൾ സന്നദ്ധരാകും.

വിള ഇൻഷുറൻസ്:

ശാസ്ത്രീയമായി പരിഷ്കരിക്കുകയും രോഗംവന്ന വിളകൾക്കു കൂടി ഇൻഷുറൻസ് സംരക്ഷണം നൽകുകയും ചെയ്യണം. ഇപ്പോഴുള്ള വിള ഇൻഷുറൻസ് ഏജന്റുമാരെ ഒരു വാർഡിൽ ഒന്നു വീതം നിയമിക്കുകയും ഒരു തൊഴിൽ എന്ന നിലയിൽ അവരെ ഈ രംഗത്ത് സ്ഥിരപ്പെടുത്തുകയും ചെയ്യുക.

സ്വയം തൊഴിൽ പദ്ധതി പ്രകാരം കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യുവതീ യുവാക്കളിൽ നിന്ന് അർഹരായവരെ തിരഞ്ഞെടുത്ത് പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക അനുബന്ധവ്യവസായങ്ങൾ തുടങ്ങി നിയമിക്കുക.

പഞ്ചായത്തിൽ ഒരു കൃഷി വിജ്ഞാനകേന്ദ്രം തുടങ്ങണം.

കൃഷിഭവനിൽ ഇപ്പോഴുള്ള കമ്മറ്റികൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് വാർഡ്തലത്തിൽ കൃഷി വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം പ്രസ്തുത കമ്മറ്റികൾ നിർവഹിക്കുക. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മാസത്തിൽ ഒരു തവണ നിശ്ചിത ദിവസം കാർഷിക പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാനും പരിഹരിക്കുവാനും ഉദ്യോഗസ്ഥൻമാരും പഞ്ചായത്ത് അധികൃതരും കർഷകരും തമ്മിലുള്ള ഗ്രൂപ്പ് ചർച്ചകൾ നടത്തേണ്ടതാണ്. വാഴകൃഷി പ്രോത്സാഹിപ്പിക്കാൻ നിലവിൽ പദ്ധതികൾ ഇല്ല. അത്യുത്പാദന ശേഷിയുള്ള ഫലവൃക്ഷത്തൈകൾ, വിത്തുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാതൃകാ കൃഷിത്തോട്ടങ്ങൾ ഇല്ലാത്തതുകാരണം വേണ്ട സമയത്ത് വേണ്ടത്ര ലഭിക്കുന്നില്ല.

ഹരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ബോധവത്കരണത്തിന്റെ അഭാവംമൂലം പദ്ധതികൾ പാളിപോകുന്നു. തേങ്ങയുടെ ഉപോത്പന്ന നിർമ്മാണത്തിനാവശ്യമായ ചെറുകിട വ്യവസായ യൂണിറ്റിന്റെ അഭാവം റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ അഭാവം എന്നിവമൂലം പഞ്ചായത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ സാധ്യത കുറവാണ്.

കൃഷി ഭവനിൽ ഇപ്പോഴുള്ള അശാസ്ത്രീയ പദ്ധതിയുടെ ധാരാളിത്തം കുറച്ച് പ്രധാന പദ്ധതികൾക്ക് ഊന്നൽ നൽകികൊണ്ട് ശാസ്ത്രീയമായ കാഴ്ചപ്പാടോടെ ഉത്പാദന പദ്ധതികൾക്ക് ഉതകുന്നതായ കൃഷി രീതികളാണ് നമുക്ക് ആവശ്യം. ഭക്ഷ്യവിളകളുടെ കാര്യത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്.

കൃഷി : നടപ്പുപദ്ധതികൾ

തെങ്ങുകൃഷി:- പഞ്ചായത്തിലെ ചുരുങ്ങിയത് മുപ്പത് സെന്റ് സ്ഥലവും 25 കായ്ക്കുന്ന തെങ്ങും ഉള്ള കർഷകർക്ക് ജലസേചനത്തിനാവശ്യമായ കിണർ കുഴിക്കാനും പമ്പുസെറ്റ് വാങ്ങുന്നതിനും 2500 രൂപയുടെ സബ്സീഡി സമഗ്ര നാളീകേര വികസന പദ്ധതി പ്രകാരം കൃഷി വൻ മുഖേന നടപ്പിലാക്കുന്നു, 1000 രൂപ സബ്സീഡിയിൽ മരുന്നുതളിയന്ത്രം 500 രൂപ സബ്സീഡിയിൽ തെങ്ങുകയറ്റ യന്ത്രം 100 ശതമാനം സബ്സീഡിയിൽ ഹരിജനങ്ങൾക്ക് (രൂപ 10000) പരിമിതമായ എണ്ണത്തിൽ കിണർകുഴിക്കൽ 85% സബ്സീഡിയിൽ പൊതുജലസേചനകുളം പമ്പ്സെറ്റ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ-സിസ്റ്റം 10000 രൂപ സബ്സീഡിയിൽ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി മുതലായവ നടപ്പാക്കുന്നു.

കൂടാതെ ഹെക്ടറിന് 15000 രൂപ സബ്സീഡിയിൽ കണിക ജലസേചന പദ്ധതി നടപ്പാക്കുന്നു.

കമുക് :

കേന്ദ്ര പദ്ധതി പ്രകാരം മഹാളി രോഗത്തിനെതിരെ ഹെക്ടറിന് 400 രൂപാ സബ്സീഡിയിൽ തുരുശു വിതരണം മഞ്ഞളിപ്പു രോഗം ബാധിച്ച കമുക് മുറിച്ചു മാറ്റുന്നതിനു 100 രൂപയുടെ ആനുകൂല്യം നൽകുന്നു.

റബ്ബർ:

റബ്ബർ കൃഷിക്കു നിലവിൽ പ്രകൃതി ക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ഇൻഷ്യുറൻസ് തുക ലഭിക്കുന്നവയൊഴിച്ച് മറ്റു പദ്ധതികൾ നിലവിലില്ല. റബ്ബർ കൃഷിക്ക് റബ്ബർ ബോർഡിന്റെ ആനുകൂല്യം നേരിട്ടു ലഭിക്കുന്നതിനാൽ പദ്ധതികൾ കുറവാണ്.

കുരുമുളക് :

പുനരുദ്ധാരണ പദ്ധതിപ്രകാരം 3 കൊല്ലത്തേക്ക് ഹെക്ടറിന് 6300/- രൂപയുടെ സബ്സീഡി നൽകുന്നു. രാസവള പ്രയോഗം, കീടനാശിനി പ്രയോഗം, ഇടയിളക്കൽ, കുമ്മായം ജൈവവളം, നടീൽ വസ്തുക്കൾ വാങ്ങാൻ ഉപയോഗിക്കുന്നു. കൂടാതെ കുരുമുളക് ഡമോൺസ് ട്രേഷൻ കുരുമുളക് സ്ഥലവിസ്തൃതി പദ്ധതി പ്രകാരം സൗജന്യ നടീൽ വസ്തുക്കൾ ലഭ്യമാക്കൽ എന്നിവയിൽ നടപ്പിലാക്കുന്നു.

കശുമാവ്:

കശുമാവ് കൃഷി പദ്ധതി പ്രകാരം അത്യുത്പാദന ശേഷിയുള്ള ഗ്രാഫ്റ്റ് തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കശുമാവ് സ്ഥലവിസ്തൃതി പദ്ധതി പ്രകാരം 5 വർഷത്തേക്ക് രാസവളം, കീടനാശിനി ഇവ സൗജന്യമായി വിതരണം ചെയ്യുന്നു.

തെയിലകൊതുകിനെതിരായി ഹെക്ടറിന് 300 രൂപ നിരക്കിൽ കീടനാശിനി രണ്ട് തവണ മരുന്നു തളിക്കാനായി നൽകുന്നു.

സുഗന്ധവിള:

ഇഞ്ചി, മഞ്ഞൾ കൃഷിക്കായി ഡമോൺ സ്ട്രേഷൻ പ്ലോട്ടുകൾ മാതൃകാത്തോട്ടം സ്ഥലവിസ്തൃതി പദ്ധതി പ്രകാരം 5000 രൂപയുടെയും 4000 രൂപയുടെ സബ്സീഡി നൽകുന്നു.

പച്ചക്കറി:

പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പഞ്ചായത്തിൽ ഏറ്റവും നന്നായി കൃഷിചെയ്യുന്ന സ്കൂൾ കുട്ടികൾക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നു. കൂടാതെ പഞ്ചായത്തിൽ ഏറ്റവും നല്ല പച്ചക്കറി കൃഷിക്കാരനും 500/- രൂപയുടെ സഹായവും നൽകുന്നു.

കേന്ദ്രവികസനപദ്ധതിപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ചുരുക്കം കൃഷിക്കാർക്ക് 100 രൂപയുടെ പച്ചക്കറിവിത്തും 50 രൂപയുടെ രാസവളവും കീടനാശിനിയും നല്കുന്നു.

കൊക്കോ കൃഷി

കൊക്കോ കൃഷി പദ്ധതി പ്രകാരം ഡമോൺ സ്ട്രേഷൻ പ്ലോട്ടുകളും സ്ഥലവിസ്തൃതി പദ്ധതി പ്രകാരം ആനുകൂല്യങ്ങളും നൽകുന്നു.

വിള ഇൻഷ്യുറൻസ്:

തെങ്ങ്, കമുക്, റബ്ബർ, വാഴ, കശുമാവ്, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, മരച്ചീനി, നെല്ല് മുതലായവയ്ക്ക് നിലവിൽ ഇൻഷ്യുറൻസ് പദ്ധതി നടപ്പാക്കുന്നു. തെങ്ങിന് 1000 രൂപ കമുകിന് 100 രൂപ, റബ്ബറിന് 500/- കശുമാവിന് 200 രൂപ, വാഴയ്ക്ക് 50 രൂപ എന്നിവ നഷ്ട പരിഹാരം അനുവദിക്കുന്നു.

കാർഷികമേഖലയിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ പെൻഷൻ ആനുകൂല്യങ്ങൾക്കായി ഈസ്റ്റ് എളേരി പഞ്ചായത്തിൽ 148 യുവതീയുവാക്കൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പശ്ചിമഘട്ട വികസനപദ്ധതി പ്രകാരം I, II, VII വാർഡുകളിൽ ഹരിജനങ്ങൾക്ക് 100% ഉം മറ്റുള്ളവർക്ക് 50% നിരക്കിലും ജലസേചനസൗകര്യം നടീൽവസ്തുക്കൾ സ്പ്രേയറുകൾ പമ്പുസെറ്റുകൾ ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് കൃഷിവകുപ്പ് രൂപം നൽകി വരുന്നു.

കാർഷികവിളകളുടെ വിപണനം:

കാർഷികോത്പന്നങ്ങൾ പ്രധാനമായും വിപണനം നടത്തുന്നത് ചിറ്റാരിക്കാൽ, ചെറുപുഴ, നീലേശ്വരം, കാഞ്ഞങ്ങാട്, പയ്യന്നൂർ, തളിപറമ്പ മുതലായ പ്രദേശങ്ങളിലാണ്.

പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പ്രശ്നപരിഹാരങ്ങൾ ചുവടെ ചേർക്കുന്നു.

1. മണ്ണു പരിശോധനയ്ക്കുള്ള സംവിധാനം ഉണ്ടാക്കുക. നിലവിൽ ജില്ലാതലത്തിൽ മാത്രമേ മണ്ണ് പരിശോധയ്ക്കുള്ള പരീക്ഷണശാലയുള്ളൂ. മണ്ണ് പരിശോധനാശാല ബ്ലോക്കടിസ്ഥാനത്തിൽ ആവശ്യമാണ്.

2. മണ്ണൊലിപ്പ് തടയുന്നതിന് കോൺടൂർ ബൺഡിംഗ്, ബഡ്ടർസിംഗ്, കല്ലുകയ്യാല, മൺബണ്ടുകൾ നിർമ്മിക്കൽ, തോട്ടിൽ കരകെട്ടൽ എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ നടപ്പിൽ വരുത്തണം.

3. പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും ജനപങ്കാളിത്തം ഉറപ്പിൽ വരുത്താനും വേണ്ടി കൃഷിഭവനുകൾക്ക് വാഹന സൗകര്യം അനുവദിക്കേണ്ടതാണ്. കൃഷിഭവന് സ്വന്തമായ കെട്ടിടങ്ങൾ ആവശ്യമാണ്.

4. യഥാർത്ഥ കർഷകർക്ക് കാർഷിക വിളയുടെ കണക്കനുസരിച്ച് 50% സബ്സീഡിയും ചെറുകിട പരിമിത കർഷകർക്ക് രാസവളങ്ങൾ അനുവദിച്ച് കിട്ടണം. കീടനീശിനി കൃഷിക്കാർക്ക് ആവശ്യമാണെങ്കിൽ മാത്രമേ വിതരണം ചെയ്യേണ്ടതുള്ളൂ.

5. ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കംപോസ്റ്റ് നിർമ്മിക്കുന്നതിനും ജീവാണുവളങ്ങൾ ഉപയോഗിക്കുന്നതിനും ആവശ്യമായ പ്രോത്സാഹനം കൃഷിക്കാർക്ക് നല്കേണ്ടതാണ്.

6. രോഗം വന്നു നശിക്കുന്ന തെങ്ങുകൾക്ക് (കൂമ്പ് ചീയൽ) (ചെന്നീരൊലിപ്പ്) കൃഷിക്കാരന് തെങ്ങൊന്നിന് 500 രൂപ തോതിൽ നല്കുകയും പുനഃരുദ്ധാരണത്തിനാവശ്യമായ സഹായങ്ങൾ നല്കുകയും വേണം. തെങ്ങ് കൃഷിക്ക് 50% സബ്സീഡിയിൽ കുമ്മായം മഗ്നീഷ്യം സൾഫേറ്റ് രാസവളം എന്നിവ അനുവദിക്കണം.

7. കമുക് കൃഷിക്ക് ഉത്പാദനശേഷി വർദ്ധിപ്പിക്കാനായി കമുകിൻ തോട്ടത്തിൽ മണ്ണിട്ടു നികത്തുന്നതിനും മഞ്ഞളിപ്പുരോഗം വന്നു ഉത്പാദനശേഷികുറയുന്ന കമുക് കൃഷിയെ പുനഃരുദ്ധീകരിക്കാനായി അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും മുറിച്ചു മാറ്റുന്ന കമുക് ഒന്നിന് 200 രൂപയുടെ സാമ്പത്തികസഹായം അനുവദിക്കുകയും വേണം. കമുകുകൾക്ക് സ്പ്രിങ്ക്ളർ ജലസേചനരീതി നടപ്പിലാക്കേണ്ടതാണ്.

8. കുരുമുളക് കൃഷി പുനഃരുദ്ധരിക്കുന്നതിന് അത്യുത്പാദനശേഷിയുള്ള പന്നിയൂർ ഇനങ്ങൾ ഉത്പാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി വിതരണം നടത്തണം. കൂടാതെ കുരുമുളക് വാട്ടരോഗം വന്ന് കൃഷി നശിക്കുന്ന കർഷകർക്ക് പുനഃരുദ്ധാരണത്തിനാവശ്യമായ തൂരിശ്, കുമ്മായം എന്നിവ സൗജന്യനിരക്കിൽ യഥാസമയത്ത് വിതരണം ചെയ്യുക.

9. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാഫ്റ്റ് തൈകൾ 50% സബ്സീഡി നിരക്കിൽ വിതരണം ചെയ്യണം.

10. സുഗന്ധവിളകൾ : ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാംപു തുടങ്ങിയ കൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്ഥലവിസ്തൃതി പദ്ധതി പ്രകാരം സാമ്പത്തിക സഹായങ്ങൾ നല്കുകയും വേണം.

11. വാഴകൃഷി: നേന്ത്രവാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വാഴകന്നുകൾ വാങ്ങുന്നതിനും രാസവളത്തിനും 50% സബ്സീഡി അനുവദിക്കണം. നാടൻ വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏറ്റവും കൂടുതൽ കൃഷിചെയ്യുന്ന കർഷകരെ തിരഞ്ഞെടുത്ത് പ്രോത്സാഹനസമ്മാനങ്ങൾ നല്കണം.

12. പച്ചക്കറി കൃഷി: പഞ്ചായത്തുതലത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും പൊതുസ്ഥാപനങ്ങൾ വഴിയും സ്കൂൾ കുട്ടികൾ വഴിയും നല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമാക്കുകയും ചുരുങ്ങിയത് 3 ഇനങ്ങളെങ്കിലും നന്നായി കൃഷിചെയ്യുന്ന കർഷകർക്കും 1,2,3 അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ നല്കുക. പച്ചക്കറി കൃഷികളിലുള്ള അമിതമായ കീടനാശിനി പ്രയോഗം ഇല്ലാതാക്കാൻ ബോധവൽക്കരണ ക്ലാസ്സുകൾ വാർഡ് അടിസ്ഥാനത്തിൽ നൽകണം.

13. തേനീച്ച വളർത്തൽ: പഞ്ചായത്തിൽ തേനീച്ച കൃഷി ചെയ്യാൻ താത്പര്യമുള്ള കർഷകരെ തിരഞ്ഞെടുത്ത് തേനീച്ച കൃഷിയിൽ ശാസ്ത്രീയ പരിശീലനം നൽകുകയും തേനീച്ചകളടക്കമുള്ള കൂടുകൾ സൗജന്യനിരക്കിൽ കർഷകർക്ക് നൽകേണ്ടതുമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഇറ്റാലിയൻ തേനീച്ചകളെ വളർത്തുന്നതും കൂടുതൽ തേൻ ഉത്പാദിപ്പിക്കുന്നതും ഈസ്റ്റ് എളേരി പഞ്ചായത്തിലാണ്.

14. പൂവ് കൃഷി: മുല്ല, ഓർക്കിഡ്സ്, ആന്തൂറിയം മുതലായ പൂവ് കൃഷി പ്രോത്സാഹിപ്പിക്കാനായി തൊഴിലില്ലാത്ത സ്ത്രീകളെ പരിശീലനം നൽകുകയും, കൃഷിയാവശ്യത്തിനുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും വേണം. ഓരോ പ്രദേശത്തെയും സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിലും സഹായത്തോടും കൂടി പൂവ് കൃഷി പ്രോത്സാഹിപ്പിക്കണം. കൂടാതെ ഇവ വിറ്റഴിക്കാനാവശ്യമായ മാർക്കറ്റിംഗ് സംവിധാനം പഞ്ചായത്തിൽ സർവ്വീസ് ബാങ്ക് വഴി നടപ്പിലാക്കണം.

15. കുൺ കൃഷി: സാധാരണക്കാരുടെ കൃഷണമെന്ന നിലയിൽ കുൺ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ കൃഷിചെയ്യുവാൻ താത്പര്യമുള്ള യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും കൃഷിചെയ്യാൻ ആവശ്യത്തിനുള്ള വിത്തുകൾ സൗജന്യമായി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കുകയും വേണം.

പൊതുജലസേചനം: (Community Irrigation)

1. ചേരങ്കല്ല്-കുരുന്തോലവയൽ
2. മല്ലുകുന്ന്
3. പള്ളികുന്ന്.
4. ചട്ടമല
5. മലാംകടവ്
6. പട്ടിയങ്ങാനം
7. കുണ്ഡാരം
8. കണ്ണിവയൽ
9. വെള്ളടുക്കം
10. പുളിമൂല

കാര്യങ്കോട് പുഴയിൽ ആവുള്ളം കയത്തിൽ നിന്നും (അരിയിരുത്തി) വെള്ളം പമ്പ് സെറ്റ് ഉപയോഗിച്ച് കോട്ടയുടെ പള്ള എന്ന കുന്നിൻ മുകളിൽ വെള്ളം എത്തിക്കാൻ കഴിഞ്ഞാൽ 4-5 വാർഡുകളിൽ 150 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ സാധിക്കും. കൊല്ലാട തോടിന് ചെറുകുപ്പയിൽ ക്രോസ്ബാർ നിർമ്മിക്കുക ചേടിക്കുണ്ട് കമ്പല്ലൂർ എന്നിവിടങ്ങളിൽ പൊതു കുളങ്ങൾ നിർമ്മിക്കുക. കാര്യംങ്കോട് പുഴയുടെ അരിച്ചിൽ എന്നഭാഗത്ത് മോട്ടോർവച്ച് മുനയം കുന്ന്ഭാഗത്ത് സാമൂഹ്യ

ജലസേചന പദ്ധതി നടപ്പിലാക്കാൻ പറ്റും.

ചെറുകിട പരിമിത കൃഷിക്കാരെ സഹായിക്കാനായി 9-ാാാം പദ്ധതിയിൽ 200 കിണറുകളും 300 പമ്പുസെറ്റും 50% സബ്സീഡി അനുവദിക്കണം. കുണ്ഡാരം തോടിന് ബണ്ട് നിർമ്മിക്കുകയാണെങ്കിൽ കുളിനീർ, നെല്ലിക്കാമല, കാവുംതല കണ്ണിവയൽ എന്നീ ഗങ്ങളിൽ ജലം എത്തിക്കാൻ പറ്റും വെള്ളടുക്കത്ത് ഒരു പുതിയ കുളം നിർമ്മിക്കേണ്ടതാണ്. ആയന്നൂർ മഞ്ഞകടവ് തോടിന് കുണ്ഡാരം തോട് ക്രോസ്ബാർ നിർമ്മിച്ചാൽ 50 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ പറ്റും. (വായ്ക്കാനത്തും മീനഞ്ചേരിയിലും പൊതുകുളം നിർമ്മിക്കേണ്ടത് ആവശ്യമാണ്.)

ചിറ്റാരിക്കാൽ, ഗോക്കടവ്, മണ്ഡപം തോടിന് തടയിണ കെട്ടേണ്ടത് ആവശ്യമാണ്. പട്ടേങ്ങാനത്ത് ഒരു പൊതുകുളം നിർമ്മിക്കുക, നല്ലോംപുഴ അരിയിരുത്തി തോടിന് നല്ലോം പുഴയിൽ ചെക്ക്ഡാം നിർമ്മിച്ചാൽ 100 ഹെക്ടർ സ്ഥലത്ത് ജലസേചനം ചെയ്യാം.

ജനപ്രതിനിധികളുടെ കാര്യമായ മേൽനോട്ടവും കൃഷി ഉദ്യോഗസ്ഥൻമാരുടെ സേവനവും വിവിധ സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും ആത്മാർത്ഥമായ പ്രവർത്തനം മൂലവും കർഷകരുടെ കഠിനാദ്ധ്വാനവും ഒന്നിച്ചു കോർത്തിണക്കികൊണ്ട് ഒരു പുതിയ സംവിധാനം നിലവിൽ വരികയാണെങ്കിൽ പഞ്ചായത്തിലെ കാർഷിക വിളകളിൽ നിന്നും കൂടുതൽ ഉത്പാദന ക്ഷമത കൈവരിക്കാനും കൃഷിക്കാരന്റെ സാമ്പത്തിക അടിത്തറ ഉയർത്തുവാനും തൻമൂലം പഞ്ചായത്തിന് കൂടുതൽ വികസനത്തിന് വഴിയൊരുക്കുകയും ചെയ്യാം.

മൃഗസംരക്ഷണം:

ഈസ്റ്റ് എളേരി പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ് 90% ജനങ്ങളും കൃഷിയെ ആശ്രയിക്കുന്നവരാണ്. മൃഗ സംരക്ഷണമാണ് മുഖ്യ ഉപതൊഴിൽ വളർത്തു മൃഗങ്ങളിൽ ഭൂരിഭാഗവും പശുക്കളാണ്. 1984 മുതൽ 94 വരെ പാലുൽപാദന രംഗത്ത് വൻ പുരോഗതി ഉണ്ടായിരുന്നു. എന്നാൽ 94-ന് ശേഷം ഈ രംഗം തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉൽപാദകന് പാലിന് ന്യായമായ വില ലഭിക്കാത്തതും കാലിത്തീറ്റയുടെ വില വർദ്ധനവും തീറ്റപ്പുല്ലിന്റെ അപര്യാപ്തതയും ഭൂമിയുടെ വിലയിലുണ്ടായ വൻ വർദ്ധനവും കൂലി വർദ്ധനവും മറ്റു കൃഷികളിലുണ്ടായ ആദായ വർദ്ധനവുമാണ് ഈ രംഗം പിന്തള്ളപ്പെടുവാൻ കാരണം അതിനാൽ കർഷകർ ഈ രംഗം ഉപേക്ഷിച്ച് മറ്റു തൊഴിലുകൾ തേടിപ്പോകുന്നു. ഈ സ്ഥിതി തുടർന്നാൽ വരും കാലങ്ങളിൽ ജൈവവളത്തിനും പാലിനും ക്രമാതീതമായ വില വർദ്ധനവും ക്ഷാമവും ഉണ്ടാകുന്നു. ഇതു മുൻകൂട്ടി കണ്ടുകൊണ്ടാകണം ഇനിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് നീക്കാൻ.

ഇതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന മറ്റു തൊഴിലുകളാണ് ആടു വളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ തുടങ്ങിയവ.

വളർത്തുമൃഗങ്ങളും പക്ഷികളും

മൃഗങ്ങളുടെ ഇനം
എണ്ണം

പശു	3108
കിടാരി	1487
കന്നുകുട്ടികൾ	1325
എരുമ	1403
കാളകൾ	620
ആട്	4784
കോഴി	15324
താറാവ്	2224
പന്നി	374

മൃഗാശുപത്രിയും സേവന പരിഷ് കാരങ്ങളും.

മൃഗാശുപത്രി കെട്ടിടം

ഈ പഞ്ചായത്തിലെ ഏക മൃഗാശുപത്രി നല്ലോം പുഴയിലാണ് പ്രവർത്തിക്കുന്നത്. 1974-ൽ ഉണ്ടാക്കിയ ഒരു ഷെഡ്ഡിലാണ് പ്രവർത്തനം നടത്തുന്നത്. ഇവിടെ മരുന്നുകൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങളും കർഷകർക്ക് ഇരിക്കാനുള്ള സ്ഥലവും മൃഗങ്ങളെ കെട്ടുവാനും പരിശോധിക്കുവാനും ഉള്ള സൗകര്യങ്ങളും ഇല്ല. ഈ സൗകര്യങ്ങളോടുകൂടിയ ഒരു പുതിയ കെട്ടിടം അത്യാവശ്യമാണ്. മൃഗാശുപത്രിക്ക് അര ഏക്കർ സ്ഥലമുണ്ട്. കൃഷിഭവന് സ്വന്തമായ കെട്ടിടമില്ല. താഴെ മൃഗാശുപത്രിയും മുകളിൽകൃഷിഭവനും പ്രവർത്തിക്കുന്ന രീതിയിൽ ഒരു പുതിയ കെട്ടിടം പണിയേണ്ടത് അത്യാവശ്യമാണ്.

ടെലിഫോൺ സൗകര്യം

യാത്രാ സൗകര്യം കുറഞ്ഞ ഈ പഞ്ചായത്തിൽ കർഷകർക്ക് അന്വേഷണങ്ങൾ നടത്താനും അത്യാവശ്യ സന്ദർഭങ്ങളിൽ അടിയന്തിര വൈദ്യ സഹായം ലഭ്യമാക്കുന്നതിനും ആശുപത്രിയിൽ ടെലിഫോൺ സൗകര്യം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

വാഹന സൗകര്യം

മലയോര മേഖലയിൽ യാത്രാ സൗകര്യങ്ങൾ കുറവായതിനാലും ടാക്സി ചാർജ് വളരെ കൂടുതലായതിനാലും, അടിയന്തിര ഘട്ടങ്ങളിൽ

കർഷകന്റെ വീട്ടുമുറ്റത്ത് വൈദ്യ സഹായം എത്തിക്കുന്നതിനും മാസത്തിലൊരിക്കലെങ്കിലും വാക്സിനേഷൻ ക്യാമ്പുകളും ക്യാമ്പു ഡിസ്പെൻസറികളും നടത്തുന്നതിനും ഒരു ജീപ്പ് വളരെ അത്യാവശ്യമാണ്.

മലയോരമേഖലയിൽ രണ്ടു മൂന്നു പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മൊബൈൽ വെറ്റിനറി ഡിസ്പെൻസറി വേണം.

വർഗ്ഗോദ്ധാരണവും സേവനമേഖലയും

കൃത്രിമബീജസങ്കലന വിവരങ്ങൾ

ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ

വളർത്തുമൃഗങ്ങളുടെ ഇനം	എണ്ണം	കൃത്രിമ ബീജ സങ്കലനംനടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ
പശു	3108	1066	166
കിടാരി	1487	256	108
എരുമ	43	16	2

ഈ പഞ്ചായത്തിൽ കാവും തല, മണ്ഡപം, ചിറ്റാരിക്കാൽ കമ്പല്ലൂർ, പാറക്കടവ്, തയ്യേനി പാലാവയൽ എന്നിവിടങ്ങളിൽ കൃത്രിമ ബീജ സംങ്കലന കേന്ദ്രങ്ങൾ ഉണ്ട്. ഇവയിൽ കാവും തല, മണ്ഡപം, പാറക്കടവ് കേന്ദ്രങ്ങളിൽ ബീജ സങ്കലനത്തിന്റെ എണ്ണം വളരെ കുറവാണ്. ഇതിനു കാരണം വിത്തുമൂരി വളർത്തലാണ്. ഇതു നിരുൽസാഹപ്പെടുത്തിക്കൊണ്ട് വിത്തുമൂരികൾക്ക് ലൈസൻസ് നിർബന്ധിതമാക്കണം. ഒരു ബീജദാന കേനമ്ദ്രത്തിന്റെ 3 km ചുറ്റളവിൽ വിത്തുമൂരികൾക്ക് ലൈസൻസ് നൽകുവാൻ പാടില്ല. വിത്തമൂരികൾക്ക് 100 രൂപയെങ്കിലും ലൈസൻസ് ഫീസ് ഏർപ്പെടുത്തണം. ഈ ഏഴു കേന്ദ്രങ്ങളിലേയും ബീജ ധാന വിവരങ്ങൾ വെറ്റിനറി സർജൻ മുഖേന എല്ലാമാസവും പഞ്ചായത്തിനെ അറിയിക്കുവാനുള്ള സംവിധാനം ഉണ്ടാകണം ഈ കേന്ദ്രങ്ങളിൽ വർഷത്തിൽ രണ്ടു തവണയെങ്കിലും വെറ്റിനറി സർജന്റെ നേതൃത്വത്തിൽ വിദഗ്ധ പരിശോധനയും ക്യാമ്പും നടത്തണം. വർഗ്ഗോദ്ധാരണത്തിന് ധീമിയം ബുൾസെമൻ മൃഗാശുപത്രി വഴി ലഭ്യമാക്കണം ഇപ്പോൾ ഇത് ലഭിക്കാൻ കർഷകന് നീലേശ്വരം വരെ പോകേണ്ടിവരുന്നു ഈ നില മാറ്റേണ്ടത് അനിവാര്യമാണ്.

പൊതുജനാരോഗ്യവും മൃഗ സംരക്ഷണവും

കുട്ടികളുടെ ശാരീരികവും ബുദ്ധിപരവുമായ വളർച്ചക്ക് പാലും മുട്ടയും അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിലെ ആളുകളുടെ പോഷകാഹാരത്തിന്റെ മുഖ്യ പങ്ക് പാലും മുട്ടയും ആണ്. നമ്മുടെ പഞ്ചായത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപതമാണ്. മുട്ട ഉൽപാദനത്തിൽ സ്വയം പര്യാപ്തമല്ല.

ഇറച്ചി, മത്സ്യം എന്നിവയുടെ വിപണനം:

ഈ പഞ്ചായത്തിൽ അംഗീകൃത ഇറച്ചി വില്പനക്കാരില്ല. പൊതു അറവുശാലയും പോതു മാർക്കറ്റും ഇല്ല. പല സ്ഥലങ്ങളിലും അനധികൃത ഇറച്ചി വില്പന നടക്കുന്നുണ്ട്. ഉദ്ദേശം പതിനായിരം കിലോ ഇറച്ചി ഒരു മാസം വിൽക്കപ്പെടുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും കർണ്ണാടകത്തിൽനിന്നും വരുന്ന കാലികളുടം മാംസമാണ്. ഇറച്ചി ശുദ്ധവും നല്ലയിനവും ജനങ്ങൾക്ക് ലഭിക്കാൻ പൊതുജന ശ്രദ്ധ കിട്ടുന്ന വിധത്തിൽ പഞ്ചായത്തിൽ പൊതു അറവുശാല ഉണ്ടാകേണ്ടതും അവിടെ ആരോഗ്യമുള്ള കാലികളെ

അറക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മത്സ്യ വില്പന നിരത്തുകളിൽ നിന്നും മാറ്റി പൊതുമാർക്കറ്റിൽ ആക്കണം.

പേവിഷ നിയന്ത്രണ പരിപാടി:

നായ്ക്കൾക്ക് ലൈസൻസും പ്രതിരോധ കുത്തിവെയ്പും നിർബന്ധമാക്കണം ലൈസൻസ് ഇല്ലാത്ത നായ്ക്കൾക്ക് 200 to 250 രൂപ പിഴ ഈടാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ കർശന നടപടി ഉണ്ടാകണം. പന്നി വളർത്തൽ കേന്ദ്രങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തണം. ലൈസൻസ് എടുക്കാൻ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടൊഴിവാക്കാൻ ലൈസൻസ് മൃഗാശുപത്രി വഴി കൊടുക്കണം.

ഉൽപാദനം

മുട്ട ഉൽപാദനം:

ഐ.സി.എം.ആർ കണക്കുപ്രകാരം ഒരാൾക്ക് വർഷത്തിൽ 220 മുട്ട ആവശ്യമാണ്. ഒരുവർഷത്തേക്ക് ഈ പഞ്ചായത്തിൽ 5500000 മുട്ടകൾവേണം. ഇവിടുത്തെഉൽപാദനം 2400000 മുട്ടമാത്രമാണ്. ഉൽപാദനം 3100000 കൂടി വർദ്ധിപ്പിക്കണം. ഇതിന് ഇനിയും 20000 കോഴികൾ കൂടിവേണം ഉൽപാദനം കുറയാനുള്ള പ്രധാനകാരണം ചെറുപ്രായത്തിലുള്ള കോഴിക്കുഞ്ഞുങ്ങളുടെ മരണവും കോഴി വസന്ത പോലുള്ള പകർച്ചവ്യാധിയുമാണ്. ഇതിനു പരിഹാരമായി പഞ്ചായത്തിൽ രണ്ട് എഗ്ഗർ നഴ്സറികൾ തുടങ്ങി എല്ലാ വാക്സിനേഷനും ചെയ്ത് എട്ടാഴ്ച പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സബ്സീഡി നിരക്കിൽ നൽകാൻ പദ്ധതി ഉണ്ടാകണം.

പാലുൽപാദനം:

ഈ പഞ്ചായത്തിൽ നിന്ന് 92 to 94 കാലഘട്ടങ്ങളിൽ 4000 ലിറ്ററിലധികം പാൽ വിപണനം ചെയ്തിരുന്നു ഇപ്പോൾ അത് ആയിരത്തിൽ താഴെ മാത്രമാണ്. ഈ പഞ്ചായത്തിലെ പശുക്കളുടെ ഉൽപാദനശേഷി പൂർണ്ണമായും ചൂഷണം ചെയ്താൽ പ്രതിദിനം 5000 ലിറ്റർ പാൽ വിപണനം ചെയ്യാം. ഒരു ലിറ്റർ പാലിന് കാസർഗോഡ് ജില്ലയിൽ ഇന്ന് 12 രൂപ മാർക്കറ്റുണ്ട്. ഉൽപാദകന് 11 രൂപ കിട്ടുന്ന വിധത്തിൽ പാൽ വിപണനം പുനഃസംഘടിപ്പിക്കണം. തൊഴിൽ രഹിതരായ ചെറുപ്പക്കാരെ ഉൾപ്പെടുത്തി മാർക്കറ്റിങ്ങ് സൊസൈറ്റിയും സ്ത്രീകൾക്ക് പാലുൽപന്ന ഫാക്ടറിയും തുടങ്ങാനുള്ള നടപടി ഉണ്ടാകണം. ഉൽപാദനംവർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 200 ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സീഡി നിരക്കിൽ (പാൽ വില്പനക്ക് അനുശ്രിതമായി) നൽകുവാൻ നടപടി ഉണ്ടാവണം. തീറ്റ പുൽ കൃഷിക്ക് വേണ്ട പ്രോൽസാഹനം കൊടുക്കണം. നല്ലയിനം പുൽവിത്തുകൾ ലഭ്യമാകണം കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഉണ്ടാകണം യഥാർത്ഥ വിലക്ക് കർഷകന് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭിക്കാൻ ചെറുകിട കാലിത്തീറ്റ ഫാക്ടറി ഉണ്ടാക്കണം.

ആട്ടിൻപാലിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നല്ലയിനം ആടുകളെ സബ്സീഡി നിരക്കിൽ ലഭ്യമാക്കണം

മാംസം ഉൽപാദനം :

കോഴിയിറച്ചി:

ഒരു മാസം 3000 കിലോ കോഴിയിറച്ചി ഈ പഞ്ചായത്തിൽ ചിലാകുന്നുണ്ട്. ഓരെ വാർഡിലും ബ്രോയിലർ ഫാം തുടങ്ങുകയും സഹകരണ മേഖലയിൽ ഒരു വീറ്റ് സ്റ്റാൾ തുടങ്ങി നിയന്ത്രിത വിലക്ക് ഇറച്ചി വിൽപന നടത്തണം.

ആട്ടിറച്ചി:

ഇന്നത്തെ സാഹചര്യത്തിൽ കർഷകന് ആട്ടിറച്ചി ഉൽപാദനംവളരെ ലാ കരവും നഷ്ടസാധ്യത കുറവുമാണ്. ആട്ടിറച്ചിയുടെ ഉല്പാദനം കൂട്ടുന്നതിന് മുന്തിയ ഇനം മുട്ടനാടുകളെയും ഉല്പാദനശേഷി കൂടിയ പെണ്ണാടുകളെയും സബ്സീഡി നിരക്കിൽ ലഭ്യമാക്കണം.

പന്നിയിറച്ചി:

അറവുശാലകളിലേയും ഹോട്ടലുകളിലേയും അവശിഷ്ടങ്ങൾ ഉപയോഗിച്ച് ചുരുങ്ങിയ മുതൽ മുടക്കിൽ ചെയ്യാവുന്ന തൊഴിലാണിത്. പന്നിയിറച്ചി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നാല് ബ്രീഡിംഗ് ഫാമുകൾ സബ്സിഡി കൊടുത്തുകൊണ്ട്

തുടങ്ങുകയും നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ന്യായവിലക്ക് ലഭ്യമാക്കുകയും വേണം.

മാട്ടിറച്ചി:

ഈ പഞ്ചായത്തിൽ ഏകദേശം മുന്നു ലക്ഷം രൂപയുടെ മാട്ടിറച്ചി അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരികയാണ് ചെയ്യുന്നത്. നമ്മുടെ നാട്ടിലുള്ള മുരിക്കുട്ടന്മാരെനല്ലരീതിയിൽ വളർത്തികൊണ്ടുവന്നാൽ ഇവിടെ ആവശ്യമായ മാട്ടിറച്ചി ഇവിടെ ഉല്പാദിപ്പിക്കാം. ഇവിടെ വളർത്തുന്ന നല്ലയിനം മുരികളെ കശാപ്പു ചെയ്യുമ്പോൾ വിലയുടെ 10 to 20% കർഷകന് പ്രോൽസാഹനമായി നൽകണം. ഇത് നല്ലനിലവാരമുള്ള ഇറച്ചി ല ്യമാകാൻ സഹായിക്കും.

പട്ടിക ജാതി പട്ടിക വർഗ വികസനം

ഈ പഞ്ചായത്തിലെ ഏകദേശം മുന്നൂറു കുടുംബങ്ങളിലായി രണ്ടായിരത്തോളം പട്ടിക ജാതിക്കാരുണ്ട്. ഇവരുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിന് കുട്ടികളിലെ പോഷകാഹാരക്കുറച്ച് നികത്തുന്നതിനും ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഓരോ കുടുംബത്തിനും രണ്ടു പെണ്ണാടുകളെയും അഞ്ച് പിടക്കോഴികളെയും സൗജന്യമായി നൽകണം.

ഒരു ഏക്കറെങ്കിലും ഭൂമിയുള്ളവർക്ക് പശുക്കളെ സബ്സിഡി നിരക്കിൽ ലോൺ നൽകുകയും കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുകയും അവർ സൊസൈറ്റിയിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് ഒരു രൂപ പ്രോൽസാഹന വിലയായി കൂടുതൽ നൽകണം. കോളനികളിൽ വർഷത്തിലൊരു ദിവസമെങ്കിലും ബോധവത്കരണ ക്ലാസുകളും, മൃഗ പരിശോധനയും, സൗജന്യ ചികിത്സയും, നടത്തുകയും ഇതിൽ പങ്കെടുക്കുന്നവർക്ക് ഒരു ദിവസത്തെ കൂലി കൊടുക്കുകയും വേണം.

വനിതകളും മൃഗസംരക്ഷണവും.

മൊത്തം തൊഴിലിന്റെ 30% വനിതകൾക്ക് നൽകാൻ ഏറ്റവും പറ്റിയ മേഖല മൃഗ സംരക്ഷണ മേഖലയാണ്. ഈ പഞ്ചായത്തിൽ ഒരു വർഷം 100 വനിതകൾക്ക് ആടു വളർത്തൽ പദ്ധതിയും 5 വനിതകൾക്ക് മാസം 250 വീതമുള്ള ബ്രോയ്ലർ ഫാമും ഒരു എഗ്ഗർ സഴ്സറിയും സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.

വനിതകൾക്ക് പാലുൽപ്പന്ന യൂണിറ്റുകളും വനിതാ മിൽക്ക് ബൂത്തുകളും സഹകരണാടിസ്ഥാനത്തിൽ നടത്താം. പാലുൽപ്പന്ന യൂണിറ്റും മിൽക്ക് ബാറും നടത്തുക വഴി നമ്മുടെ പഞ്ചായത്തിലെ മിച്ചം വരുന്ന പാൽവിപണനം ചെയ്യാൻ സാധിക്കും.

കൃഷിക്കാർക്കുള്ള ട്രെയിനിംഗും അവാർഡുകളും

ഓരോ വാർഡിലും അവിടുത്തെ കർഷകർക്ക് വർഷത്തിലൊരിക്കലെങ്കിലും ട്രെയിനിംഗുകളും എക്സ്റ്റൻഷൻ ക്ലാസും നൽകേണ്ടതാണ്. ഇതിൽ സംബന്ധിക്കുന്നവർക്ക് അലവൻസും ക്ഷണവും നൽകാൻ സംവിധാനം ഉണ്ടാകണം. പ്രബുദ്ധരായ കർഷകരെ ജില്ലാതല ട്രെയിനിംഗിന് വിടുകയും അവർക്ക് ചിലവും അലവൻസും നൽകുവാൻ സംവിധാനം ഉണ്ടാകണം.

ഏറ്റവും നല്ല ക്ഷീര കർഷകർ മുന്നു പേർക്ക് ക്യാഷ് അവാർഡ് നൽകുകയും പതിനെട്ടുമാസത്തിനു മുമ്പ് കൃത്രിമ ബീജധാനം വഴി ചന പിടിക്കുന്ന കിടാരികളുടെ ഉടമസ്ഥർക്ക് പ്രോൽസാഹന സമ്മാനം നൽകണം.

വിദ്യാർത്ഥികളും മൃഗ സംരക്ഷണവും.

സ്കൂൾ പൗൾട്രി ക്ലബുകൾ :

ഒരു സ്കൂളിൽ 25 കുട്ടികൾക്ക് രണ്ടു കോഴികളെ വീതം കൊടുക്കുകയും അതിനു കിട്ടുന്ന മുട്ടയുൽപാദനം റിക്കാർഡ് ചെയ്യുകയും ഒരു മുട്ടയുടെ പകുതി വിലക്ക് സ്കൂൾ ക്ലബ് ശേഖരിക്കുകയും പിന്നത്തെ വർഷം ഈ പദ്ധതി നടത്തുകയും വേണം.

പന്നി വളർത്തൽ:

താത്പര്യമുള്ള കുട്ടികൾക്ക് രണ്ടു പന്നിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുകയും അതിന്റെ 4 കുഞ്ഞുങ്ങളെ വീതം തിരിച്ചു വാങ്ങുകയും വീണ്ടും വിദ്യാർത്ഥികളുടെ ഇടയിൽ വിതരണം ചെയ്യുകയും ചെയ്യണം.

വിദ്യാർത്ഥികൾക്ക് വേണ്ടി ക്ലാസുകളും ക്വിസ്മൽസരവും ഉപന്യാസ മൽസരങ്ങളും നടത്തണം. അംഗൻവാടികളിലെയും L.P. സ്കൂളുകളിലെയും നിർധനരായ വിദ്യാർത്ഥികൾക്ക് ദിവസം ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകാൻ പദ്ധതിയുണ്ടാക്കണം.

പഞ്ചായത്തിലെ ബീജാധാന കേന്ദ്രങ്ങളും സ്ഥിതി വിശേഷവും

സ്ഥിതി ചെയ്യുന്ന വാർഡ്		പേരും പ്രവർത്തനങ്ങളും	വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ
1.	1.	ഐ. സി. ഡി. പി സബ് സെൻറർ മണ്ഡപം	പ്രതിമാസ ബീജാധാനം 25 എണ്ണം. ഈത് വളരെ കുറഞ്ഞ ടാർജറ്റാണ്.	മുഴുവൻ സമയവും ലൈവ്സ്റ്റോക്ക് ഇൻസ്പെകടറുടെ സേവനം ലഭ്യമാക്കുക. ബോധവൽക്കരണം നടത്തുക
2.	3.	ബീജാഘാന കേന്ദ്രം കമ്പല്ലൂർ	പ്രതിമാസ ബീജാധാനം 40 എണ്ണം	ബീജാധാനത്തിനുള്ള തുക കുറച്ച് സർക്കാർ നിരക്കിലാക്കുക. ഇൻസുലേറ്റർക്ക് പഞ്ചായത്ത് വേതനം നൽകുക
3.	4.	I.C.D.P. സബ്സെൻറർ പാറക്കടവ്	ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ നിയമിക്കുക. ജനങ്ങൾക്ക് ബോധവൽക്കരണ സെമിനാർ നടത്തുക
4.	7.	I.C.D.P. സബ്സെൻറർ ചിറ്റാരിക്കാൽ	പ്രതിമാസ ബീജാധാനം 45 എണ്ണം	ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ നിയമിക്കുക.
5	8.	ബീജധാന കേന്ദ്രംAPCOS കാവുംന്തല	പ്രതിമാ ബീജാധാനം. 15 എണ്ണം ഇത് വളരെ കുറവാണ്.	സമീപ പ്രദേശത്തുള്ള വിത്ത് കാളകളെ വന്ധീകരണം നടത്തുക. ബോധവത്ക്കരണ സെമിനാർ നടത്തുക. ഇൻസുമുലേറ്റർക്ക് പഞ്ചായത്ത് വേതനം കൊടുക്കുക.
6.	9	ICDP സബ്സെൻറർ പാലാവയൽ	പ്രതിമാസ ബീജാധാനം 35 എണ്ണം	ജനങ്ങൾക്ക് ബോധവത്ക്കരണ സെമിനാർ നടത്തുക.
7.	10	ബീജാധാന കേന്ദ്രം APCOS തയ്യേനി	പ്രതിമാസ ബീജാധാനം 40 എണ്ണം	ഇൻസുമുലേറ്റർക്ക് പഞ്ചായത്ത് വേതനം കൊടുക്കുക. ബീജധാനത്തിന് ചാർജ് കുറക്കുക.

വ്യവസായം

വികസനത്തിലേക്കുള്ള പാതയിലെ സുപ്രധാന നാഴികക്കല്ലാണ് വ്യവസായ വൽക്കരണം. വൻകിട -ചെറുകിട വ്യവസായ ശൃംഖലകളുടെ രൂപീകരണവും മറ്റും വ്യവസായ വൽക്കരണത്തിന് അനിവാര്യമത്രേ. രൂക്ഷമായി വരുന്ന തൊഴിലില്ലായ്മയ്ക്ക് ഏക പരിഹാരമർഗ്ഗമായി ചൂണ്ടിക്കാണിക്കപ്പെടുന്നതും വ്യവസായ വൽക്കരണമാണ്. മുതിർന്ന തലമുറയുടെ അനുഭവ പരിചയവും യുവതലമുറയുടെ കർമ്മ ശേഷിയും നവീന ശാസ്ത്രസാങ്കേതിക വിദ്യകളുടെ വിനിയോഗവും ഒത്തുചേരുന്ന പ്രവർത്തന പദ്ധതികളാണ് വ്യവസായ വൽക്കരണത്തിന് അനിവാര്യമായിട്ടുള്ളത്.

ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രധാനമായും കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിലാണ് ഊന്നുന്നത്,അതുകൊണ്ടുതന്നെ വ്യവസായമേഖലയിൽ കാര്യമായ വളർച്ച ഈ കാലയളവിൽ ഉണ്ടായിട്ടില്ല, വ്യവസായ പുരോഗതിക്കുവേണ്ടിയുള്ള ഒന്നുംതന്നെ ഇതുവരെ നടന്നിട്ടില്ലെന്നു പറയാം.

പഞ്ചായത്തു പ്രദേശത്ത് വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട യൂണിറ്റുകളാണ് നിലവിലുള്ളവ. അവയിൽ 1 അച്ചടിശാലയും ഒരു തടി മില്ലും സ്ക്രീൻപ്രിന്റിംഗിനുള്ള ഒരു യൂണിറ്റും ധാന്യങ്ങൾ പൊടിക്കുന്ന 8 മില്ലുകളും ഒരു റബ്ബർബാന്റ് നിർമ്മാണ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. കുടുമേനിയിലെ ഖാദി ഗ്രാമവ്യവസായ യൂണിറ്റിൽ 30ഓളം വനിതകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി തയ്യൽ പരിശീലന കേന്ദ്രങ്ങളും ഏതാനും റെഡിമെയ്ഡ് വസ്ത്ര ഉല്പാദന കേന്ദ്രങ്ങളും ഉണ്ട്. കൊപ്രനിർമ്മാണത്തിനായി 50ൽ പരം കൊപ്ര അട്ടികൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

വ്യവസായ വികസനത്തിന് അനുപേക്ഷണീയമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ വ്യാപകമായി വരുന്നതേയുള്ളൂ. ഗതാഗതം, വൈദ്യുതി തുടങ്ങിയവയുടെ അപര്യാപ്തത വ്യവസായ വികസനത്തെ പിന്നോട്ടു നയിക്കുന്നു.

62.52 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 22738 വരുന്ന ജനസംഖ്യയും വീടുകളുള്ള ഈ പഞ്ചായത്ത് നിത്യോപയോഗ സാധനങ്ങളുടെ ഒരു നല്ല വിപണിയായിട്ടും പ്രസ്തുത ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവിൽക്കുന്ന ഒരു വ്യവസായ യൂണിറ്റുപോലും വളർന്നു വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

ഉയർന്ന സാക്ഷരതാ നിരക്ക്, ആരോഗ്യപരിരക്ഷ ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത ഇവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായവളർച്ച കൈവരിക്കാൻ സാധിക്കാത്തത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യ കാർഷികോൽപ്പന്നങ്ങളിലൊന്നായ നാളികേരം, റബ്ബർ മുകലായവ വ്യവസായ രംഗത്ത് പ്രയോജനപ്പടുന്നില്ല.
2. വൈദ്യുതി സൗകര്യങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
3. സാങ്കേതിക പരിജ്ഞാന കുറവ്.
4. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
5. വിപണന സാധ്യതക്കുറവ്.
6. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കുവാൻ സാധ്യത ഇല്ല.
7. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.
8. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാൻ സാധ്യതയില്ല.
9. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായ

ധാരണക്കുറവ്.

10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ്.

നിലവിലുള്ള വ്യവസായ യൂണിറ്റുകളിലെ കുലിനിരക്കിനെ കുറിച്ച വ്യക്തമായ കണക്കുകള ലഭ്യമിച്ചിട്ടില്ല. കടുമേനിയിലെ ഖാദി ഗ്രമവ്യവസായ യൂണിറ്റിൽ നൂൽനൂൽപ്പ് തുണിനിർമ്മാണം തുടങ്ങിയ പ്രവർത്തങ്ങൾനടക്കുന്നുണ്ടെങ്കിലും തൊഴിലാളികളുടെ കുറഞ്ഞ കുലിനിരക്ക് അവരെ അസംതൃപതരാക്കുന്ന ഒരു ഘടകമാണ്.

സാധ്യതകൾ

കാസർഗോഡ് ജില്ലയിൽ വിദ്യാസമ്പന്നരായ യുവതിയുവാക്കളുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ വ്യവസായ മേഖലയിലെ വളർച്ചക്കുറവ് ഗൗരവമായി പരിഗണിക്കപ്പെടണം.

പഞ്ചായത്തിലെ പ്രധാന കാർഷികോൽപന്നങ്ങളിൽ ഒന്നായ നാളികേരം പരമാവധി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം കൊപ്രസംസ്കരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി പരിഷ്കരിച്ച് കൂടുതൽ നിലവാരമുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻഡ സഹകാര്യ മേഖലയിലും സഹകരണ മേഖലയിലും ഇതിനുള്ള പ്രവർത്തനങ്ങൾ നടത്താം സഹകാര്യഅട്ടികൾക്ക് സാങ്കേതിക പരിജ്ഞാനവും പരിശീലനവും സാമ്പത്തിക സഹായവും നൽകി ഉൽപന്നത്തിന് ഗുണമേന്മയും മൂലവർദ്ധനയും വരുത്തി വിപണനം നടത്തുക. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ വിദഗ്ദ്ധരുടെ സഹായത്തോടെ നടപ്പിലാക്കുക.

സഹകരണമേഖലയിൽ എണ്ണയാട്ടുമിൽ ആരംഭിച്ച് ചെറിയ ക്യാനുകളിൽ വിപണനം നടത്തുക. പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം ആരംഭിക്കുക. ചിരട്ടക്കരി ഉൽപാദനത്തിനും സാധ്യതകൾ ഉണ്ട്. തേങ്ങാവെള്ളം തേങ്ങ സംസ്കരണ ശാലകളിൽ നിന്നും സംസ്കരിച്ച് വിനാഗിരി സ്കാഷ് തുടങ്ങിയ ഉൽപന്നങ്ങൾ നിർമ്മിക്കുക. ചികരിനാർ ഫാക്ടറി ആരംഭിക്കുക. ഇങ്ങനെ തേങ്ങ ഉൽപന്നങ്ങളെ അടിസ്ഥാനമാക്കി ആസൂത്രിതമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

റബ്ബർ ഉൽപന്നങ്ങൾക്കും അനന്തരമായ സാധ്യതകൾ ഉണ്ട്. റബ്ബർ ഷീറ്റ് ഉപയോഗിച്ച് ഒരു കോംപൗണ്ടിംഗ് മിൽ സ്ഥാപിക്കുക. ഓട്ടോമൊബൈൽ വ്യവസായ രംഗത്ത് ആവശ്യമുള്ള റബ്ബർ ബുഷുകളും മറ്റ് ഉൽപന്നങ്ങളും ഇതിലേക്കായി പഞ്ചായത്തിലെ വീടുകളിൽ വച്ച് ഉണ്ടാക്കാവുന്ന തരത്തിലുള്ള ഉൽപന്നങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തിക കാര്യങ്ങൾക്കായി റബ്ബർബോർഡ് ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയെ സമീപിക്കുക.

നിലവിലുള്ള തയ്യൽപരിശീലന കേന്ദ്രങ്ങളെയും ഗാർമെന്റുകളെയും സംയോജിപ്പിച്ച് സഹകരണ മേഖലയിൽ വസ്ത്രവിപണന സംവിധാനം സ്ഥാപിക്കുക. കൂടാതെ മറ്റു ദേശങ്ങളിലേക്ക് അവ എത്തിക്കാനുള്ള മാർക്കറ്റിങ്ങ് സംവിധാനങ്ങൾഒരുക്കുക.

കൂടാതെ പഞ്ചായത്തിലെ വിപണി ലക്ഷ്യമിച്ചാൽതന്നെ നിലനിൽക്കാവുന്ന അച്ചാർ തുടങ്ങിയ ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് അവസരം ഒരുക്കുക.

ഏത് വ്യവസായ സംരഭത്തിന്റെയും വിജയത്തിന് ആത്മാർത്ഥതയും പ്രയത്നശീലവും ലക്ഷ്യബോധവും ഉള്ള ഒരു കൂട്ടം അഭ്യസ്ഥവിദ്യരുടെ കൂട്ടായ പരിശ്രമം അനിവാര്യമാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആത്മാർത്ഥമായ ആഗ്രഹം ഉള്ളവരിൽനിന്ന് അപേക്ഷകളും വിവരങ്ങളും ശേഖരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ സെമിനാറുകളിലൂടെ ഓരോ മേഖലകളെ കുറിച്ചും വ്യക്തമായ ധാരണകൾ നൽകി അവരെ പ്രോൽസാഹിപ്പിക്കുകയും വേണ്ടുന്ന സഹായങ്ങൾ നൽകുകയും ചെയ്യണം. വിദഗ്ദ്ധരുടെയും മറ്റും നേതൃത്വത്തിൽ പഞ്ചായത്തുതല വ്യവസായ വികസന സമിതി രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ഉൽപന്നങ്ങളുടെ വിപണന സൗകര്യങ്ങളും മറ്റും ഉറപ്പു വരുത്തിയാൽ മാത്രമെ അവയ്ക്ക് നിലനിൽപുണ്ടാവു. യൂണിറ്റുകൾ ആരംഭിക്കുന്നതോടെ തന്നെ അതിനുള്ള സംവിധാനങ്ങൾ നിലവിൽ വരണം. അനേകം സംരം ങ്ങളെ സഹകരണാടിസ്ഥാനത്തിൽ ഒന്നിച്ചുചേർത്ത് വിപണന സംവിധാനം രൂപം

നൽകിയാൽ ആ മേഖലയിലുടെയും തൊഴിൽ നൽകുവാൻ കഴിയും.

കുത്തക ഉൽപന്നങ്ങളോടുള്ള മൽസരത്തിൽ പഞ്ചായത്തിന്റെ തനതായ ഉൽപന്നം എന്ന പ്രചരണത്തിലുടെ പ്രാദേശികമായി മാർക്കറ്റ് കണ്ടെത്താൻ ഈ സംവിധാനത്തിനു കഴിയണം.

ക്ഷീര സംഭരണ കേന്ദ്രങ്ങളോടനുബന്ധിച്ച പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുണിറ്റുകൾക്ക് സാധ്യതയുണ്ട്.

ചക്ക പഴം തുടങ്ങിയ വി വങ്ങളെ അചിസ്ഥാനമാക്കി വീടുകളിലോ മറ്റു കേന്ദ്രങ്ങളലോ വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഏറെ സാധ്യതകൾ ഉണ്ട്. ഇവയെ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് വിപണനം നടത്തണം.

വ്യവസായ സംരം കരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുകയും അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യാം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു നിശ്ചിത സ്ഥലം ഏറ്റെടുത്ത് അവിടെ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.

പഞ്ചായത്തിൽ നിലവിൽ ല ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ അവയുടെ സംസ്കരണത്തിലും ഉൽപാദനത്തിലും ഊന്നിക്കൊണ്ട് സമഗ്രമായ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

ഇവ കൂടാതെ ഗ്രാമ സ കളിൽനിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. കശുവണ്ടി സംസ്കരണം
2. കശുമാങ്ങ ഉപയോഗിച്ച ജാം, പാനിയങ്ങൾ മുതലായവ
3. റബ്ബർപാലുപയോഗിച്ച റബ്ബർ ഉൽപന്നങ്ങൾ
4. ഓട്, ഇഷ്ടിക വ്യവസായങ്ങൾ
5. ചെങ്കല്ല് കൊത്തി വിപണനം
6. സോപ്പ് നിർമ്മാണ യുണിറ്റ്
7. അച്ചാർ നിർമ്മാണം
8. ചന്ദനത്തിരി നിർമ്മാണം
9. ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആ ിമുഖ്യത്തിൽ തയ്യേനിയിൽ വനിതകൾക്കൊരു വ്യവസായ യുണിറ്റ്.
10. ഈറ്റ, മുള തുടങ്ങിയവ ഉപയോഗിച്ച കുട്ട, വട്ടി തുടങ്ങിയവ നിർമ്മിക്കുന്നവരെ സഹകരണ അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഉൽപാദനവും വിപണനവും നടത്തുക.
11. മെഴുകുതിരി വ്യവസായം
12. ആയുർവ്വേദ ഔഷദ നിർമ്മാണശാല
13. സിമന്റ് ഇഷ്ടിക നിർമ്മാണം

വ്യവസായ രംഗത്ത് മുതൽമുടക്കുവാനും പ്രവർത്തിക്കുവാനും സാധ്യതയുള്ള യുവതി യുവാക്കൾക്ക് ആവശ്യമായ പരിശീലനവും വൈദഗ്ദ്ധ്യ പോഷണവും നൽകി സർക്കാർ ഉദ്യോഗത്തിനുവേണ്ടിയുള്ള ദീർഘമായ കാത്തിരിപ്പുകൾക്കു പകരം സ്വന്തം ജീവിതമാർഗ്ഗം സ്വയം വെട്ടി പിടിക്കാൻ പ്രേരണ നൽകുന്ന തരത്തിൽ ഒരു പുതിയ വ്യവസായ വികസന സംസ്കാരം പഞ്ചായത്തിൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.



വിദ്യാഭ്യാസ രംഗം

വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോൻമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തെയും ലക്ഷ്യം.

വിദ്യാഭ്യാസം ഒരു വികസന പ്രക്രിയ കൂടിയാണ്. വ്യക്തികളുടെ വികസനം എന്നത് അതിന്റെ ആദ്യ പടിമാത്രമാണ്. വ്യക്തികളിലൂടെ പ്രദേശത്തിന്റെയും പ്രദേശങ്ങളിലൂടെ രാജ്യത്തിന്റെയും വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സാധിതമാകേണ്ടത്.

മേൽപറഞ്ഞ വലിയ ലക്ഷ്യത്തിലേക്ക് ഏറെ ദൂരം ഉണ്ടെങ്കിലും വിദ്യാഭ്യാസത്തെസംബന്ധിച്ച ചില മാനദണ്ഡങ്ങൾ വെച്ച് നോക്കുമ്പോൾ നമ്മുടെ സംസ്ഥാനമായ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നടന്നെത്താവുന്ന ദൂരത്തിൽ പ്രൈമറിസ്കൂളുകൾ ഉണ്ടെന്നത് ചെറിയ കാര്യമല്ല. മുഴുവൻ പഞ്ചായത്തുകളിലും ഇന്ന് ഹൈസ്കൂൾ നിലവിൽ വന്നിരിക്കുന്നു. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലായാലും പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ ഗതമാനക്കണക്കുവെച്ചായാലും താരതമ്യേന കേരളത്തിന്റെ നില വളരെ മെച്ചമാണ്.

5 വയസ്സുതികഞ്ഞ മുഴുവൻ കുട്ടികളും ഒന്നാം ക്ലാസിൽ എത്തിച്ചേരുന്നുണ്ട്, തുടർന്നുള്ള ക്ലാസുകളിലെ കൊഴിഞ്ഞുപോക്കും കേരളത്തിൽ താരതമ്യേന കുറവാണ് ഇതിന്റെയൊക്കെ ഫലമായി സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസമെന്ന രണഘടനാ വാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്നുള്ള ബഹുമതി കേരളം നേടിയെടുത്തു. പടിപടിയായി നേടിയ ഈ വളർച്ച മറ്റു രംഗങ്ങളിലേക്കും പ്രതിഫലിച്ചു. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിനും കേരളീയർക്കുമുണ്ടായ പല നേട്ടങ്ങളുടെയും രഹസ്യം വിദ്യാഭ്യാസ പുരോഗതിയാണ്.

ഈസ്റ്റ് എളേരി പഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്തുള്ള സ്ഥിതിയെ കുറിച്ചുള്ള ഒരു പട്ടിക ചേർക്കുന്നു.

കാസർഗോഡ് ജില്ലയുടെ ഭൂപടത്തിൽ ഏറ്റവും കിഴക്കേയറ്റത്താണ് ഈസ്റ്റ് എളേരി പഞ്ചായത്ത്. കഴിഞ്ഞ ഏതാനും ദശകങ്ങൾ കൊണ്ട് ഇല്ലായ്മകളിൽനിന്നും പുരോഗതിയുടെ പടവുകള കയറിയ ചരിത്രമാണ് ഈ പഞ്ചായത്തിനുള്ളത്. ഏതാണ്ട് നാലഞ്ച് ദശകങ്ങൾക്ക്മുമ്പ് തിരുപതാം കുറിന്റെ കോട്ടയം എറണാകുളം തുടങ്ങിയ ജില്ലകളിൽ നിന്നും കന്നിമണ്ണ്തേടി കൃഷിക്കാർ കുടിയേറിയതോടെ ഈ മലയോരമേഘലയുടെ വിദ്യാഭ്യാസവളർച്ചക്ക് ആരംഭം കുറിക്കുകയായി. വിദ്യാഭ്യാസപരമായി നേട്ടങ്ങൾ സ്ഥലങ്ങളിൽനിന്നും കുടിയേറിയവർ തങ്ങളുടെ കുട്ടികൾക്കുവേണ്ടി വിദ്യാലയങ്ങൾ പണികഴിപ്പിക്കാൻ കാണിച്ച വ്യഗ്രത അടിവരയിട്ടു പറയേണ്ടതുതന്നെ. കുടിയേറ്റക്കാർ ആരാധനാലയങ്ങൾക്കൊപ്പം തന്നെ പ്രാധാന്യമാണ് വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും നൽകിപ്പോന്നത്.

കുടിയേറ്റ ആരംഭിക്കുന്നതുവരെ മലയോരത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റ സാധാരണ കുടുംബങ്ങളിലെ അംഗങ്ങൾക്കും വിദ്യാ ഭ്യാസം ലഭിക്കാനുള്ള സൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ലായിരുന്നു. പണക്കാരായിരുന്ന ചില ജന്മിമാർ മാത്രം മംഗലാപുരത്തും മറ്റതുപോലുള്ള വിദൂര സ്ഥലങ്ങളിലും തങ്ങളുടെ മക്കളെ വിട്ടു പടിപ്പിച്ചിരുന്ന ചില സംഭവങ്ങൾ മാത്രം അങ്ങിങ്ങായി ചൂണ്ടിക്കാണിക്കാൻ സാധിക്കും.

ഈസ്റ്റ് എളേരി പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത് കമ്പല്ലൂർ പ്രദേശവുമായി ബന്ധപ്പെട്ടതാണ്. 1934 കാലഘട്ടത്തിൽ ഒരു എഴുത്തച്ഛൻ അവിടെ കുട്ടികൾക്ക് പഴയ രീതിയിലുള്ള അക്ഷരാഭ്യാസം നൽകി പ്പോന്നതായി പ്രായമായവർ പറയുന്നുണ്ട്. സമൂഹത്തിലെ അധസ്ഥിതനും

വിദ്യാലയ വിവരങ്ങൾ

No	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം		ആകെ	അദ്ധ്യാപകരുടെ എണ്ണം
			ആൺ	പെൺ		
1	സെന്റ് ജോൺസ് എൽ. പി. സ്കൂൾ, പാലാവയൽ	എയ്ഡഡ്	212	198	410	13
2	എ.എൽ.പി. സ്കൂൾ, പാറക്കടവ്	എയ്ഡഡ്	49	53	102	4
3	ബി.എ.എൽ.പി. സ്കൂൾ, മുനയംകുന്ന്	എയ്ഡഡ്	55	63	118	5
4	സെന്റ് തോമസ് എൽ.പി. സ്കൂൾ, തോമാപുരം	എയ്ഡഡ്	259	258	517	14
5	ഗവ. യു.പി. സ്കൂൾ, തയ്യേനി	ഗവ.	216	181	397	13
6	ഗവ. യു.പി. സ്കൂൾ, കണ്ണിവയൽ	ഗവ.	81	79	160	9
7	എസ്.എൻ.ഡി.പി. സ്കൂൾ, കടുമേനി	എയ്ഡഡ്	288	309	597	20
8	സെന്റ് തോമസ് എച്ച്.എസ്സ്, തോമാപുരം	എയ്ഡഡ്	533	526	1059	38
9	സെന്റ് മേരീസ് എച്ച്.എസ്സ്. കടുമേനി	എയ്ഡഡ്	155	181	336	14
10	സെന്റ് ജോൺസ് എച്ച്.എസ്സ്. പാലാവയൽ	എയ്ഡഡ്	593	570	1163	42
11	ഗവ. എച്ച്.എസ്സ്. കമ്പല്ലൂർ	ഗവ.	394	420	814	27
12	ഇംഗ്ലീഷ് മീഡിയം സ്കൂൾ ചിറ്റാരിക്കാൽ	അൺ എയ്ഡഡ്	145	113	248	-

S.S.L.C വിജയ ശതമാനം
മൊത്തം വിദ്യാർത്ഥികൾ

NO	സ്കൂളിന്റെ പേര്	1994-95			1994-95		
		ആകെ കുട്ടികൾ	വിജയിച്ചവർ	ശതമാനം	ആകെ കുട്ടികൾ	വിജയിച്ചവർ	ശതമാനം
1	സെന്റ് തോമസ് എച്ച്.എസ്സ്, തോമാപുരം	161	108	68%	156	116	77%
2	സെന്റ് ജോൺസ് എച്ച്.എസ്സ്. പാലാവയൽ	166	131	79%	160	110	69%
3	സെന്റ് മേരീസ് എച്ച്.എസ്സ്. കടുമേനി	82	66	81%	102	83	82%
4	ഗവ. എച്ച്.എസ്സ്. എസ്സ്. കമ്പല്ലൂർ	-	-	55%	-	-	37%
5	സെന്റ് മേരീസ് എച്ച്.എസ്സ്. ചിറ്റാരിക്കാൽ	-	-	-	17	16	95%

സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റ് തിരുവനന്തപുരം

ചെറുതും വലുതുമായ വാഹനങ്ങളുടെ
എല്ലാ ടയറുകളും കൃത്യമായും,
വിശ്വസ്തതയോടും ചെയ്ത് കൊടുക്കുന്നു.

ശക്തി ടയേർസ്,

ചിറ്റാരിക്കാൽ

ഒരു പതിറ്റാണ്ടിന്റെ പാരമ്പര്യവുമായി

"നിഖില എന്റർപ്രൈസസ്".

കൃത്യസമയത്തും വിശ്വസ്തയോടും
കുടി പന്തലുകൾ, ഡിന്നർസെറ്റ്കൾ, മേശ, കസേര,
ടാർപോളിൻ എന്നിവ മിതമായ നിരക്കിൽ
വാടകയ്ക്ക് കൊടുക്കുന്നു.

എല്ലാവിധ ജനൽ ഗ്ലാസുകൾ, മിറ്ററുകൾ, ഫ്ളൈവുഡ്സ്,
മൈക്ക, ഹാർഡ്ബോർഡ് ഫിറ്റിംഗ്സുകൾക്കും
സമീപിക്കുക

"ഫ്രണ്ട്സ് ഗ്ലാസ് ഹൗസ്"

ചിറ്റാരിക്കാൽ
(സഹകരണ ആശുപത്രിക്കു സമീപം)

ശാസ്ത്രീയമായി തയ്യാർ ചെയ്ത ആയുർവേദ
ഔഷധങ്ങൾക്കും വിദഗ്ധ
വൈദ്യോപദേശത്തിന്നും

"വിഘ്നേശ്വര ആയുർവേദ ഫാർമസി"

ചുക്കനാനി
ചിറ്റാരിക്കാൽ
ഫോൺ : 721276

സാധാരണക്കാരനും വിദ്യ അഭ്യസിക്കുന്നത് കണ്ട് കലി പൂണ്ട മേലാളൻമാർ പ്രസ്തുത എഴിത്തച്ഛനെ എതിർക്കുകും അദ്ദേഹം പ്രാണരക്ഷാർത്ഥം സ്ഥലം വിടുകയും ചെയ്തുവത്രെ. പിന്നീട് കമ്പല്ലൂരിൽ ജനങ്ങൾ മുൻകൈയ്യെടുത്ത് ഒരു ഏകാദ്ധ്യാപക വിദ്യാലയം (കുടിപ്പള്ളിക്കൂടം) ആരം ിക്കുകയുണ്ടായി. പിന്നീട് വർഷങ്ങൾക്കുശേഷം കമ്പല്ലൂരിൽ L.P. സ്കൂൾ ആരംഭിക്കുകയും അത് U.P. സ്കൂളായും ഹൈസ്കൂളായും ഉയരുകയും ചെയ്തു. ഇന്ന് ഈ സ്കൂൾ ഹയർസെക്കന്ററി സ്കൂളായി ഉയർന്ന് മലയോര മേഖലയാകെ തില ക്കുറിയായി പരിണമിച്ചുകൊണ്ടി രിക്കയാണ്. പഞ്ചായത്തിന് പുറത്ത് നിന്ന് ധാരാളം കുട്ടികൾ ഇവിടെ ഉന്നത വിദ്യാഭ്യാസം തേടി എത്തിച്ചേർന്നു.

ഈസ്റ്റ് എളേരി പഞ്ചായത്തിൽ ഇപ്പോൾ 4 ഹൈസ്കൂളും 3 U.P സ്കൂളും 4 L.P.സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ കേന്ദ്രസ്ഥലമായ ചിറ്റാരിക്കാലിൽ ഒരു Un Aided English Medium School ഉം പ്രവർത്തിക്കുന്നുണ്ട്. കണ്ണി വയലിലുള്ള ഒരദ്ധ്യാപക പരിശീലന കേന്ദ്രവും ചിറ്റാരിക്കാലിൽ സ്ഥാപിത മായിട്ടുള്ള ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസും പ്രത്യേകം എടുത്തുപറയേണ്ട സ്ഥാപനങ്ങളാണ്.

രണ്ട് ബാലവാടികളും പത്തോളം നഴ്സറിസ്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ചിറ്റാരിക്കാലിൽ പ്രവർത്തിച്ചുപ്പോരുന്ന പാരലൽകോളജും ഓസാനം Type Writing Institute ഉം s.s.L.c. പാസ്സാകുന്ന കുട്ടികൾക്ക് വളരെ യധികം സഹായകരമായ സ്ഥാപനങ്ങളാണ്.

ഈസ്റ്റ് എളേരി പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ തോമാപുരം ഹൈസ്കൂളാണ്. 1960 ൽ ആരംഭിച്ച ഈ സ്ഥാപനം ഈ പഞ്ചായത്തിനു മാത്രമല്ല സമീപ പ്രദേശങ്ങളുടെയും വളർച്ചക്ക് കാരണമായിട്ടുള്ളതാണ്. 1960-65 കാലഘട്ടങ്ങളിൽ കോഴിച്ചാൽ, പാലാവയൽ, തിരുമേനി, ചെറുപുഴ, ഭീമനടി, വെള്ളരിക്കുണ്ട്, മാലോം തുടങ്ങിയ മലയോര മേഖലകളിലെ കുട്ടികൾക്കെല്ലാം ആശ്രയം തോമാപുരം ഹൈസ്കൂൾ മാത്രമായിരുന്നു. കാൽനട യായി അന്ന് ചിറ്റാരിക്കാലിൽ എത്തിയിരുന്ന കുട്ടികളുടെ വിജ്ഞാന തൃഷ്ണയും ത്യവും അവിസ്മരണീയവും ആശ്ചര്യജനകവും തന്നെ ഇന്നത്തെ ചിറ്റാരിക്കാലിന്റെ സമൃദ്ധി അന്നില്ലായിരുന്നു. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന വനങ്ങളായിരുന്നു അന്നിവിടെ അധികവും എങ്കിൽ തന്നെയും ഈ വിദ്യാലയം പണിതുയർത്തുന്നതിന് അവർ സമർപ്പിച്ച മനുഷ്യാദ്ധ്വാനമായിട്ടും സംഭാവനകളായിട്ടുമുള്ള പൊതുജന പങ്കാളിത്തം അവിസ്മരണീയമാണ്. കിഴക്കൻ മേഖലയുടെ വിദ്യാഭ്യാസ വികസനത്തിന് മാർഗ്ഗദർശിയായ ഈസ്റ്റ് എളേരി പഞ്ചയത്ത് സാക്ഷരതയിൽ Kasargode District ൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും നിരക്ഷരരുടെ എണ്ണം ലഘൂകരിക്കുകയും ചെയ്തതിൽ അൽഭുതപ്പെടനില്ലല്ലോ. 1960ൽ ചിറ്റാരിക്കാലിൽ ഹൈസ്കൂൾ ആരം ിക്കുന്നതിന് നേതൃത്വം നൽകിയ യശഃ ശരീരനായ Fr. Joseph Kollem parambilനും അദ്ദേഹത്തിന്റെ പിൻഗാമികളായ വൈദികരും ഈ നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് നൽകിയ സേവനം തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്നും ഈ പഞ്ചായത്ത് പിന്നിലാണെന്നതാണ് യാഥാർത്ഥ്യം. സാങ്കേതിക വിദ്യാഭ്യാസത്തിനും കലാലയ പഠനത്തിനും ഈ പഞ്ചായത്തിന് സ്ഥാപനങ്ങളില്ല. വിദ്യാർത്ഥികൾ കണ്ണൂർ കാസർഗോഡ് തുടങ്ങിയ ദൂരസ്ഥലങ്ങളിലുള്ള സ്ഥാപനങ്ങൾ തേടി പോകുന്ന സ്ഥിതിയാണുള്ളത്.

പഞ്ചായത്തിനകത്തുള്ള വിദ്യാർത്ഥികളുടെ എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു. ഇതിനു പുറമെ പഞ്ചായത്തിനു വെളിയിലുള്ള ചെറുപുഴ St. Mary s High school, മണ്ഡപം St. Joseph U.P. School, കോട്ടമല M.G. U.P. School, എന്നീ സ്ഥാപനങ്ങളിലും ഈ പഞ്ചായത്തിനകത്തുള്ള വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. കുടുംബാസൂത്രണ പരിപാടികൾ മൂലം കുടുംബങ്ങളിലെ അംഗസംഖ്യ കുറഞ്ഞു വരുന്നതാണ് മുഖ്യകാരണം. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവവും മറ്റൊരു കാരണം തന്നെയാണ്.

ഈ പഞ്ചായത്തിലെ S.S.L.C. വിജയശതമാനം ഉയർന്ന തോതിലുള്ളതാണ്. അദ്ധ്യാപകരിൽ അധികവും വനിതകളാണ്. പഞ്ചായത്തിൽ വിദ്യാലയങ്ങളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത് സർക്കാർ സ്കൂളുകളിൽ സ്റ്റാഫ്റും, കക്കൂസ്,

മുത്തപ്പുര, പാചകപ്പുര എന്നിവ പരിമിതമായ തോതിലേ ഉള്ളു. കളിസ്ഥലം, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ കുടിവെള്ളസൗകര്യങ്ങൾ എന്നിവ മിക്ക വിദ്യാലയങ്ങളിലും വേണ്ടവിധമില്ല. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക രക്ഷകർതൃ സമിതി രൂപീകരിച്ചിട്ടുണ്ട്. Mother P.T.A. യുടെ പ്രവർത്തനം തൃപ്തികരമെന്ന് പറയാൻ പറ്റാത്ത സ്ഥിതിയാണ്.

ഗ്രാമ സഭകളിൽനിന്നും വന്ന പൊതുവായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. കണ്ണിവയൽ U.P. School High School ആയി ഉയർത്തണം.

2. മുനയൻകുന്ന് B.H.L.P School U.P ആയി ഉയർത്തണം

3. കണ്ണിവയൽ Govt. U.P. School നും Govt. T.T.I ക്കും ആവശ്യമായ കെട്ടിട സൗകര്യവും കളിസ്ഥലവും നിർമ്മിക്കണം.

4. തയ്യേനി Govt. U.P. School High School ആക്കണം.

5. എല്ലാ പ്രൈമറി സ്കൂളിനോടും അനുബന്ധിച്ച് പ്രീ പ്രൈമറി സ്കൂൾ സ്ഥാപിക്കണം.

6. സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അരിയും മറ്റു വിഭവങ്ങളും പൊതുവിതരണ കേന്ദ്രത്തിലൂടെ ലഭ്യമാക്കണം.

7. തോമാപുരം St. Thomas High School Plus Two ആയി ഉയർത്തണം.

8. പാലാവയൽ St. Johns High Schoool നോടനുബന്ധിച്ച് നിന്തൽക്കുളം നിർമ്മിക്കണം.

9. കമ്പല്ലൂർ Higher Secondary School ന് ചുറ്റുമതിൽ സ്ഥാപിക്കണം.

10കമ്പല്ലൂർ Govt. Higher Secondary School തയ്യേനി Govt. U.P. School എന്നിവിടങ്ങളിലെ ഓല ഷെഡ്ഡുകൾ മാറ്റി പകരം കെട്ടിടം നിർമ്മിക്കണം.

11. കടുമേനി കേന്ദ്രമായി ഒരു B. Ed Centre സ്ഥാപിക്കണം.

12. വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തണം

13. കലാ കായിക രംഗത്ത് മികച്ച വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

14. ഈസ്റ്റ് എളേരി പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കണം.

15. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം

16 പഞ്ചായത്തിൽ അങ്കണവാടികൾ സ്ഥാപിക്കണം

വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സഹായകമായ പല അനുകൂല ഘടകങ്ങളും ഉണ്ടായിട്ടും നമ്മുടെ സംസ്ഥാനവും പ്രത്യേകിച്ച് നമ്മുടെ പഞ്ചായത്തും എന്ത് കൊണ്ട് പിന്നോക്കം പോകുന്നു എന്നത് വിശദമായി പരിശോധിക്കേണ്ട വിഷയങ്ങളാണ്. നിലവാരത്തകർച്ചയുടെ ചില കാരണങ്ങൾ വ്യക്തമാക്കുന്നു.

1. അദ്ധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരം ഇല്ലായ്മകൾ

2. ശാസ്ത്രീയമായ ബോധന രീതികൾ ഉപയോഗിക്കുവാൻ അദ്ധ്യാപകർ കാണിക്കുന്ന വൈമുഖ്യം

3. അശാസ്ത്രീയമായ മൂല്യ നിർണ്ണയ സമ്പ്രദായം

4. മോണിറ്ററിംഗിന്റെ അപര്യാപ്തത

5. വീടുകളിലെ പഠന സാഹചര്യ പരിമിതികൾ

6. സാമൂഹികമായ പിന്നോക്കാവസ്ഥ

7.വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷാകർത്താക്കൾക്കിടയിലും പൊതുവെ സമൂഹത്തിലും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകൾ

8. വിദ്യാഭ്യാസവും ജീവിതവുമായുള്ള ബന്ധമില്ലായ്മ

തെറ്റായ പരീക്ഷാ സമ്പ്രദായത്തിന് കുട്ടികളെ ഒരുക്കലാണ് വിദ്യാഭ്യാസത്തിന്റെ അത്യന്തിക ലക്ഷ്യമെന്ന് വന്നിരിക്കുന്നു. ജീവിതം മത്സരമാണെന്ന് ആ മത്സരത്തിനുവേണ്ടി കുട്ടിയെ ഇപ്പോഴെ ഒരുക്കണമെന്നും പ്രചരിക്കപ്പെടുന്നു. കാണാപാഠം പഠിക്കലാണ് മെച്ചപ്പെട്ട വിദ്യാഭ്യാസമെന്നും അതിനായി രൂപപ്പെടുത്തുന്ന സ്ഥാപനങ്ങളാണ് മെച്ചപ്പെട്ട സ്ഥാപനങ്ങളെന്നും രക്ഷിതാക്കൾ തെറ്റിദ്ധരിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5വർഷത്തേക്കുവേണ്ട വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

1. L.P. സ്കൂളിനോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ Pre Primary കൾ ആരംഭിക്കുക.

2. സ്കൂളുകളിൽ ടെസ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കാൻ നടപടികൾ സ്വീകരിക്കുക.

3. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്തം പഞ്ചായത്ത് ഏറ്റെടുക്കുക.

4. സ്കൂളുകളുടെ അറ്റ കുറ്റപ്പണികൾ നടത്തുക.

5. അദ്ധ്യാപക വിദ്യാർത്ഥി അനുപാദം കുറക്കുക.

6. പഞ്ചായത്തിന്റെ ആ ിമുഖ്യത്തിൽ റിഫ്രഷണൽ കോഴ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക. U.P. സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുക.

7. പരീക്ഷകൾ ചിട്ടപ്പെടുത്താൻശ്രമിക്കുക.

8. കുട്ടികളുടെ എല്ലാകഴിവുകളെയും വിലയിരുത്തുന്ന മൂല്യനിർണ്ണയം നടത്തുക.

9. പഞ്ചായത്തിലെ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ ടീം വിദ്യാലയങ്ങൾ സന്ദർശിച്ച് വിലയിരുത്തുക.

10. പഞ്ചായത്തിലെ എല്ലാ അദ്ധ്യാപകരും ഒത്തുകൂടി സബ്ജക്ട് കൗൺസിലുകൾ രൂപീകരിക്കുക.

11. പഠനാനുബന്ധ പ്രവർത്തനങ്ങളായി സ്കൂൾ സാഹിത്യസമാജം, കൈയ്യെഴുത്തു മാസികകൾ, സയൻസ്ക്ലബ്ബ്, സ്കൂൾ ലൈബ്രറി, മാസ്ഡ്രിൽ, പഠനയാത്ര, പരിസര ശുചീകരണം, യണിഫോറം, അസംബ്ലി, ദേശീയ ദിനാചരണം ഇവ സംഘടിപ്പിക്കണം

12. P.T.A. കളും M.P.T.A കളും സജീവമാക്കണം.

13. സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കണം. സ്കൂൾ കോംപ്ലക്സ് ജനകീയ പങ്കാളിത്തം നടപ്പിലാക്കുന്നത് കോംപ്ലക്സ് പ്രവർത്തന ശൈലി കൂടുതൽ പ്രയോജനകരമാക്കാൻ സഹായിക്കും.

വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയും ത്വരിതപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയും വേണം സ്കൂൾ പാർലമെന്റുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കായിക പരിശീലന പരിപാടികൾ, ദേശീയ ദിനാചരണങ്ങൾ, പഠന വിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

14. അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അതിൽപ്പെടുന്ന വീടുകൾ സന്ദർശിക്കുകയും കുട്ടികളുടെ പഠന സൗകര്യങ്ങളേകുറിച്ച് അന്വേഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും കുട്ടികൾ കൃത്യമായി സ്കൂളിൽ പോകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

മാസാന്തര പരീക്ഷകളും മാതൃസംഗമങ്ങളും ക്ലാസ്സ് P.T.A. കളും ഒത്തുചേർന്നാൽ തീർച്ചയായും വിദ്യാർത്ഥിസമൂഹത്തിലെ ശോചനീയാവസ്ഥ നമുക്കില്ലാതാക്കാനാവും.

അടിയന്തിര പ്രധാന്യം നൽകി നടപ്പാക്കേണ്ടവ

1. ഈസ്റ്റ് ഏളേരി പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം ആരം ിക്കുക.

2. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും കക്കൂസ്, മൂത്രപ്പുര എന്നീ സൗകര്യങ്ങൾ ഏർപ്പെടുകത്തുക.

3. വിദ്യാലയങ്ങൾക്ക് ചുറ്റു മതിൽ നിർമ്മിക്കുക.

4. ചാവറഗിരിയിലും, കാവുംതലയിലും L.P. സ്കൂളുകൾ അനുവദിക്കുക.

5. ഈസ്റ്റ് ഏളേരി പഞ്ചായത്തിൽ ഒരു കോളേജ് അനുവദിക്കുക.

6. ഡി.പി.ഇ.പി.ആഭിമുഖ്യത്തിൽ അത്തിയടക്കത്ത് ഏകാദ്ധ്യാപക സ്കൂൾ ആരംഭിക്കുക.

7. കമ്പല്ലൂർ പ്ലസ്ടുവിൽ നിന്നും L.P. വിഭാഗം മാറ്റുക.

8. കമ്പല്ലൂരിൽ I.T.C. ആരംഭിക്കുക.

9. കായികപ്രതിഭകളെ വളർത്തിയെടുക്കാൻ ഹൈസ്കൂളിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുക.

10. പ്രൈവറ്റായി ഉന്നത ബിരുദം നേടാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി പഞ്ചായത്ത് ലൈബ്രറിയിൽ ആവശ്യമായ റഫറൻസ് ഉപകരണങ്ങൾ വാങ്ങിക്കുക.

കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യ ശീലങ്ങളാണ് സമൂഹത്തിന്റെ ജീവിത നിലവാരം വിലയിരുത്തുന്ന ഒരു പ്രധാന സൂചിക. ശുദ്ധവായു, ശുദ്ധജലം, ശുചിത്തമുള്ള പാർപിടം എന്നീ ഘടകങ്ങളാണ് ജനങ്ങളുടെ ആരോഗ്യ ശീലങ്ങൾ രൂപപ്പെടുത്തുന്നത്. ഇവയിൽ ശുദ്ധജല ലഭ്യത അതി പ്രധാനമാണ്.

ഈസ്റ്റ് എളേരി പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയാണ് കൂടുതലായി ആശ്രയിക്കുന്നത്. വർഷകാലത്ത് മുളപൊട്ടുന്ന ഉറവകളിലൂടെ കിണറുകളിലെ ജലവിതാനം ഉയരുന്നുവെങ്കിലും ഏപ്രിൽ മെയ് മാസങ്ങളുലെ കടുത്ത വരൾച്ചയിൽ മിക്ക കിണറുകളും കുളങ്ങളും വറ്റുന്നു. ഇങ്ങനെ ഏതാനും മാസങ്ങൾ നീണ്ടുനിൽക്കുന്ന കടുത്ത വരൾച്ച മിക്ക ഭാഗങ്ങളിലും അനുഭവപ്പെടുന്നു.

നിലവിലുള്ള കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ 2876 കിണറുകളും 318 കുളങ്ങളും ഉണ്ട്. പൊതു കിണറുകൾ 21 എണ്ണം ആണ് ഉള്ളത്. പൊതു കുഴൽകിണറുകൾ 21 എണ്ണം ഉണ്ട്. പൊതു ടാപ്പുകൾ 19 എണ്ണവും പൈപ്പ് ജലം ഹൗസ് കണക്ഷനുകൾ ഏഴെണ്ണവുമാണുള്ളത്. ശുദ്ധജല വിതരണ സംവിധാനം ഇല്ല. ഇവയിൽ പല കുഴൽ കിണറുകളും വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. പലതിലും വേനൽക്കാലത്ത് ജലം ലഭിക്കുന്നില്ല. ഇരുമ്പു പൈപ്പുകൾ ഉപയോഗിച്ച കുഴൽ കിണറുകളിൽ ഇരുമ്പിന്റെ അംശം വളരെ കൂടുതലുള്ളത് ദോഷകരമായി അനുഭവപ്പെടുന്നുണ്ട്. ശുദ്ധജല ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിന് 30 ഓളം കുഴൽ കിണറുകൾ കുഴിക്കാൻ ഗ്രാമസകളിൽ നിന്നും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

കുടിവെള്ള ക്ഷാമ പ്രദേശങ്ങളും ഗ്രമസ കൾ നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങളും.

വാർഡ് 1:

കുടിവെള്ള ക്ഷാമം അനുഭവപ്പടുന്നപ്രദേശങ്ങൾ – വെള്ളടുക്കം, മൗവ്വേനി, അറക്കൽത്തട്ട്, ഉദയപുരം എന്നീസ്ഥലങ്ങളിൽ

പരിഹാരമാർഗ്ഗങ്ങൾ

അറക്കൽത്തട്ട്, വെള്ളെടുക്കം എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ ഉണ്ടെങ്കിലും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഇവയിൽ ജലം ലഭ്യമല്ല. ലഭ്യമായ സമയത്ത് ഇരുമ്പു ചുവ ഉണ്ടാക്കുന്നതു കാരണം ഉപയോഗയോഗ്യവുമല്ല. കുഴൽകിണറുകൾക്ക് ആഴം കൂട്ടുകയും ഇരുമ്പുപൈപ്പുകൾ മാറ്റുകയും ചെയ്താൽ ഒരു പരിധി വരെ ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്. വെള്ളടുക്കത്തുള്ള പ്രകതിദത്ത ജല സ്രോതസ്സ് ടാങ്കുകൾ മുഖേന ശേഖരിക്കുകയാണെങ്കിൽ പൈപ്പ്ലൈൻ വഴി വീടുകളിൽ എത്തിക്കാവുന്നതാണ്. അമ്പേച്ചാൽ തോടിന് ചെക്ക് ഡാം നിർമ്മിച്ച് ശുദ്ധജല വിതരണം നടത്താവുന്നതാണ്.

വാർഡ് 2

കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ
കാര, ചിത്രാടി, പാവൽ, പട്ടേങ്ങാനം
പരിഹാര നിർദ്ദേശങ്ങൾ

രണ്ടാം വാർഡിൽപ്പെട്ട കടുമേനിയിൽ പട്ടേങ്ങാനം തോട്ടിനു സമീപം വലിയ കുളം കുഴിച്ച് വെള്ളം കടുമേനിയിൽ എത്തിച്ചാൽ പഞ്ചായത്തിലെ 2,3,4,5, വാർഡുകളിലെ കുടിവെള്ളക്ഷാമം

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	കെട്ടിടത്തിന്റെ അവസ്ഥ
1	പ്രാഥമിക ആരോഗ്യകേന്ദ്രം, ചിറ്റാരിക്കൽ	2	1972	11	സ്വന്തം
2	ഗവ. ഹോമിയോ ഡിസ്പെൻസറി	5		3	സ്വന്തം
3	കുടുംബക്ഷേമ കേന്ദ്രം, ചിറ്റാരിക്കൽ	1	1966	1	സ്വന്തം
4	കുടുംബക,ഷേമ കേന്ദ്രം, കാവുംതല	8		1	സ്വകാര്യം
5	കുടുംബക്ഷേമ കേന്ദ്രം, നല്ലോമ്പുഴ	6		2	സ്വന്തം
6	കുടുംബക്ഷേമ കേന്ദ്രം, പാലാവയൽ	9		1	സ്വന്തം
7	കുടുംബക്ഷേമ കേന്ദ്രം, കടുമേനി	2		1	സ്വന്തം
8	കുടുംബക്ഷേമ കേന്ദ്രം, കമ്പല്ലൂർ	3	1991	2	സ്വന്തം
9	കുടുംബക്ഷേമ കേന്ദ്രം, തയ്യേനി	10		2	സ്വന്തം

കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുക.

കാരണം	പരിഹാരം
സാമ്പത്തിക പരാധീനത.	സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, സന്നദ്ധ സംഘടനകളിൽ നിന്നും ഉള്ള സാമ്പത്തിക സഹായം നൽകുക.
കോളനികളിലും മറ്റും സ്ഥലദൗർല്ലഭ്യം.	കോളനികളിൽ പൊതു കക്കൂസ് സ്ഥാപിക്കണം.
കക്കൂസുകളുടെ ആവശ്യകത ബോധ്യമില്ലായ്മ.	സന്നദ്ധ സംഘടനകൾ, വായന ശാലകൾ, ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
ജലദൗർലഭ്യം	പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജല ലഭ്യതയ്ക്കു വേണ്ട പ്രവർത്തനങ്ങൾ നടത്തുക.

പരിഹരിക്കാം. പട്ടേങ്ങാനം IHDP കോളനിയിലും കടുമേനിയിലും വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ പൊട്ടി ഉപയോഗശൂന്യമായി ഇരിക്കുന്നത് അറ്റക്കുറ്റപ്പണികൾ പുനഃസ്ഥാപിച്ചാൽ ശുദ്ധജല വിതരണം സുഖമമാക്കാം. കാര, ചിത്രടി, പാവൽ പ്രദേശങ്ങളിൽ കുളം കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ശുദ്ധജല വിതരണം ഉറപ്പാക്കേം.

വാർഡ് 3

കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ
അമ്പേച്ചാൽ,കമ്പല്ലൂർ, ചെരുവപ്പാടി, കൊല്ലാട.

പരിഹാര നിർദ്ദേശങ്ങൾ
നെടുങ്കല്ലു പുഴയിൽനിന്നും വെള്ളം പമ്പുചെയ്ത് ഉയർന്ന സ്ഥലത്തു ടാങ്കുകെട്ടി വെള്ളം ശേഖരിക്കുക. ചെരുവപ്പാടിയിലെ പഞ്ചായത്ത് കിണറിന് ആഴം കൂട്ടി ജല ലഭ്യത ഉറപ്പു വരുത്തുക എന്നീ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കിയാൽ ജലദൗർലഭ്യം തൃപ്തികരമായി പരിഹരിക്കാവുന്നതാണ്.

വാർഡ് 4

കുടിവെള്ളക്ഷാമ പ്രദേശങ്ങൾ
കണ്ണിക്കുന്ന്, കാട്ടിപ്പൊയിൽ, കൊല്ലാട, പ്ലാവനോടി, പാറക്കടവ്, വെണ്ണയക്കര, വെള്ളരിക്കുണ്ട്, പയറ്റുകുന്ന്.

പരിഹാര നിർദ്ദേശങ്ങൾ
കണ്ണിക്കുന്നിൽ ഒരു കുളം കുഴിച്ച് ടാങ്ക് നിർമ്മിക്കുക, നീലം പാറയിൽ കുഴൽകിണർ നിർമ്മിക്കുക. കൊല്ലാടത്തോടിന് സമീപം കുളം കുഴിക്കുക, വെള്ളരിക്കുണ്ടിൽ കിണർ നിർമ്മിക്കുക, പാറക്കടവ് ലക്ഷം വീട് കോളനിയിലെ കിണറിന് ആഴം കൂട്ടുക തുടങ്ങിയ നിർദ്ദേശങ്ങൾ ജല ദൗർലഭ്യം പരിഹരിക്കാൻ ഉന്നയിക്കപ്പെട്ടതാണ്.

വാർഡ് 5

കുടിവെള്ളക്ഷാമ പ്രദേശങ്ങൾ
പന്തത്താനം, തവളക്കുണ്ട്, അരിമ്പ, പൊങ്കൽ, കടുമേനി, കോട്ടക്കുന്ന്.

പരിഹാര നിർദ്ദേശങ്ങൾ
പട്ടയങ്ങാനത്ത് കുളം നിർമ്മിച്ച് ടാങ്ക് കെട്ടി ജലം സംഭരിച്ച് വിതരണം ചെയ്യുക, അരിമ്പയിൽ കോട്ടക്കുന്ന് എന്ന സ്ഥലത്ത് 5 സെന്റ് സ്ഥലം വാങ്ങി പമ്പു ചെയ്ത് വെള്ളം എത്തിച്ച് പരിസര പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാം.

വാർഡ് 6

കുടിവെള്ളക്ഷാമ പ്രദേശങ്ങൾ
മുത്താടിത്തട്ട്, കണ്ണിവയൽസ്കുൾ, മുനയംകുന്ന് സ്കുൾ, നിരത്തുംതട്ട്, കണ്ണിവയൽ ബാലവാടി.

പരിഹാര നിർദ്ദേശങ്ങൾ
കാര്യങ്കോട് പുഴയിൽ അരിച്ചിൽ എന്ന സ്ഥലത്തുനിന്നും വെള്ളം പമ്പുചെയ്ത് ശുദ്ധീകരിച്ച് മുനയംകുന്ന് മലയിൽ ടാങ്ക് കെട്ടി കുടിവെള്ളമായി ഉപയോഗിക്കാവുന്നതാണ്. കണ്ണിവയൽ മുനയംകുന്ന് എന്നിവിടങ്ങളിലെ സ്കൂളുകൾക്ക് അടുത്തുള്ള പഞ്ചായത്ത് കിണറിന് ആഴം കൂട്ടുക മുനയംകുന്നിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്താൽ നിർമ്മിച്ച കിണറിന്റെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ പ്രവർത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കിയാൽ ജല ദൗർലഭ്യം പരിഹരിക്കാം. നല്ലോമ്പുഴത്തോടിന് ചെക്ക്ഡാം നിർമ്മിച്ച് ശുദ്ധജല വിതരണം നടത്താവുന്നതാണ്.

വാർഡ് 7

കുടിവെള്ളക്ഷാമ പ്രദേശങ്ങൾ
കുളിനീർ, കുരുത്തോലവയൽ, കാരമല, ഊട്ടിത്തട്ട്, ചേറങ്കല്ല്, ചട്ടമലത്തട്ട്, പള്ളിക്കുന്ന്.

പരിഹാര നിർദ്ദേശങ്ങൾ
കിണറുകൾ കുഴൽകിണറുകൾ നിർമ്മിക്കുക കാര്യംക്കോട് പുഴയിലെ ജലം ശുദ്ധീകരിച്ച് ഉപയോഗിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവയാണ് ഇവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

വാർഡ് 8

കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ
വടക്കേമല, കുണ്ടാരം, കറ്റാംകവല, മലാംകടവ്,

കണ്ണിവയൽ, നെല്ലിക്കാമല, കുളിനീർ, നിരന്നുംതട്ട്.

പരിഹാര നിർദ്ദേശങ്ങൾ

ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന മേൽപറഞ്ഞ പ്രദേശങ്ങളിൽ കിണർ കുളം കുഴൽകിണർ മുതലായവ സ്ഥാപിക്കുക.

നെല്ലിക്കാമലയിൽനിന്നും വെള്ളം പമ്പുചെയ്ത് നെല്ലിക്കാമലത്തട്ടിൽ എത്തിച്ചാൽ 7,8 വാർഡുകളിലെ ശുദ്ധജല ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം.

വാർഡ് 9

കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ

പാലാവയൽ, മലാങ്കടവ്, ഓടക്കൊല്ലി, ചാവറഗിരി, മെയ്യാൽ, കോളിത്തട്ട്.

പരിഹാര നിർദ്ദേശങ്ങൾ

കിണറുകൾ കുളങ്ങൾ കുഴൽകിണറുകൾ മുതലായവ നിർമ്മിക്കുക

വാർഡ് 10

കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ

ഏക്കൽ, കുണ്ടാരം, ഒറ്റക്കുഴി, വായ്ക്കാനം, ആണിയടുക്കം, മിനുഞ്ചേരി, തയ്യമുണ്ട, ചെമ്പേത്തുമല, കുട്ടക്കുഴി

പരിഹാര നിർദ്ദേശങ്ങൾ

കിണറുകൾ കുഴൽകിണറുകൾ ഇവ നിർമ്മിച്ച് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജല ലഭ്യത ഉറപ്പുവരുത്തണം. ഏക്കൽത്തോട്ടിൽ നിന്നും ജലം പമ്പുചെയ്ത് ശുദ്ധജലക്ഷാമം പരിഹരിക്കാം.

കുടിവെള്ളം - സാധ്യതകൾ

1. പട്ടേങ്ങാനം IHDP കോളനിയിലേക്ക് വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ അറ്റകുറ്റപ്പണികൾ നടത്തി പുനഃസ്ഥാപിച്ച് ജല വിതരണം ഉറപ്പുവരുത്തണം.

2. കാര്യങ്കോട്ടു പുഴയിൽ അരിയിരുത്തി, ആവുള്ളം കയത്തിൽനിന്നും ജലം പമ്പു ചെയ്ത് കോട്ടക്കുന്നിൽ സംഭരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്താൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ജലക്ഷാമം വലിയൊരളവുവരെ പരിഹരിക്കാൻകഴിയും. ഇതിനു വേണ്ട പഠന പ്രവർത്തനങ്ങളും മറ്റും പൂർത്തിയായതാണ്. ആ സ്കീൻ പുനരുജ്ജീവിപ്പിച്ച് നടപ്പിലാക്കാൻ ശ്രമം ഉണ്ടാവണം.

3. നിലവിലുള്ള പൊതുകിണറുകളുടെയും കുളങ്ങളുടെയും അറ്റകുറ്റപ്പണികളും ശുചിത്വ പാലനവും അതാതിടങ്ങളിലേക്കുള്ള ജനകീയ സമിതികളുടെ നേതൃത്വത്തിൽ പൂർത്തിയാക്കണം.

4. നിലവിലുള്ള കുഴൽകിണറുകളിലെ പഴക്കം ചെന്ന ഇരുമ്പുപൈപ്പുകൾ മാറ്റിസ്ഥാപിക്കണം.

5. ജല ലഭ്യത ഉപയോഗം, വരൾച്ചാമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇവയെ വിശദമായ ഒരു സർവ്വേപ്രവർത്തനത്തിലൂടെ പഠിച്ച് ഉചിതമായ സ്ഥലങ്ങളിൽ പുതിയ കിണറുകളും കുളങ്ങളും കുഴൽ കിണറുകളും അനുവദിക്കുക.

6. നല്ലോമ്പുഴത്തോടിന് ചെക്ക് ഡാം നിർമ്മിച്ച് ശുദ്ധജല വിതരണത്തിന് പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിലെ 5,6 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു സാധിക്കു.

7. മലവെള്ളം മലമുകളിൽനിന്നും കുത്തിയൊലിച്ച്പോകുന്നതിനെ കൈയ്യാലകൾ കെട്ടിയും കുഴികൾ കുത്തിയും സംരക്ഷിച്ച് ഭൂമിയിലേക്ക് കീനിഞ്ഞിറങ്ങാൻ അനുവദിക്കണം. ഇത്തരം പ്രവർത്തനത്തിലൂടെ കിണറുകളിലെ ജല നിരപ്പിനെ ഉയർത്താൻ കഴിയുമെന്ന് ഉദാഹരണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ അടുത്ത കാലവർഷക്കാലത്ത് പഞ്ചായത്തിൽ നടപ്പാക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിച്ച് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം. പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ ഈ പ്രവർത്തനത്തിന് വിജയം കൈവരിക്കാനാവു.

പൊതുജനാരോഗ്യം

ഒരു പ്രദേശത്തെ ജീവിതനിലവാരം നിർണ്ണയിക്കുന്നതിൽ അതിപ്രധാനമാണ് ഇവിടുത്തെ പൊതുജനാരോഗ്യ സംവിധാനം. ആരോഗ്യ പ്രവർത്തനങ്ങളുടെ വ്യാപ്തി വിപുലപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംശയാതീതമായി അംഗീകരിക്കപ്പെട്ടതാണ്. ബഹുജന പങ്കാളിത്തവും അർപ്പിതമനസ്കരായ ഉദ്യോഗസ്ഥ സംവിധാനവും വളർന്നു വന്നാൽ മാത്രമെ ജനജീവിതത്തെ സ്വാധീനിക്കുന്ന തരത്തിൽ ആരോഗ്യ പ്രവർത്തനങ്ങൾ മാറുകയുള്ളു.

നമ്മുടെ പഞ്ചായത്തിന്റെ ആരോഗ്യ നിലവാരം പൊതുവെ മികച്ചതാണ്. ലഭ്യമായ സ്ഥിതി വിവരക്കണക്കുകൾ ഇതാണ് തെളിയിക്കുന്നത്. ഈ സാഹചര്യത്തിൽ കൂടുതൽ വിപുലവും ജനപങ്കാളിത്തത്തോടു കൂടിയതുമായ പ്രവർത്തനമേഖലകൾക്ക് വഴിതെളിയിക്കുന്നതിലൂടെ ഇനിയും ബഹുദൂരം മുന്നോട്ട് പോകാമെന്ന് നിസംശയം പറയാം.

17-10-72ൽ ചിറ്റാരിക്കാലിൽ സ്ഥാപിച്ച കുടുംബക്ഷേമ കേന്ദ്രമാണ് പഞ്ചായത്തിലെ ആരോഗ്യരംഗത്തെ ആദ്യത്തെ ഔദ്യോഗിക സ്ഥാപനം ഇത് പ്രൈമറി ഹെൽത്ത് സെന്ററായി പ്രവർത്തിക്കുന്നു നല്ലോമ്പുഴയിൽ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നു. ഇവ കൂടാതെ ഏഴു കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രി ചിറ്റാരിക്കാലിൽ നിലവിലുണ്ട്. ഇവയ്ക്ക് പുറമെ 3 സ്വകാര്യ ഡിസ്പെൻസറികളും ആയുർവ്വേദത്തിൽ 5 സ്വകാര്യ ഡിസ്പൻസറികളും ഉണ്ട്.

1995-96 വർഷത്തിൽ 26 ജല ജന്യരോഗങ്ങളും 32 വായുജന്യ രോഗങ്ങളും 19 പ്രാണിജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന ഒരാളും മലേറിയ ബാധിച്ച് ചികിത്സിച്ച 19 ഉം തിമിരം ബാധിച്ച 38ഉം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ സഹകരണാശുപത്രിയിൽ മാത്രമാണ് കിടത്തി ചികിത്സാ സൗകര്യമുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വൈകുന്നേരം 5 മണിവരെ മാത്രമെ പ്രവർത്തനം നടക്കുന്നുള്ളു. ആവശ്യമായ സൗകര്യങ്ങളും സേവനങ്ങളും ലഭിക്കാത്തതുകൊണ്ടുതന്നെ ആൾക്കാർ PHCയെ ഉപേക്ഷിച്ച് മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ തേടിപ്പോകുന്നു. അത്കൊണ്ടുതന്നെ അവിടെനിന്നു കിട്ടുന്ന കണക്കുകൾ വാസ്തവമല്ല. ഇങ്ങനെ കൂടുതൽ മികച്ച ചികിത്സാസൗകര്യങ്ങൾക്കായി 30-40 കിലോമീറ്റർ ഇവിടത്തുകാർക്ക് സഞ്ചരിക്കേണ്ടി വരുന്നു. ഗ്രാമ സഭകളിൽ നടന്ന വിശദമായ ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ സമൂഹ സൃഷ്ടിക്ക് ഒരു സമഗ്ര ആരോഗ്യ പരിപാടിതന്നെ നടപ്പിലാക്കേണ്ടതുണ്ട്.

സ്ഥാപനങ്ങളും സേവനങ്ങളും

ഈസ്റ്റ് എളേരി പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമിക ആരോഗ്യകേന്ദ്രം 1
ഹോമിയോ ആശുപത്രി 1
കുടുംബക്ഷേമ കേന്ദ്രങ്ങൾ 7
ഇവയിലെല്ലാം കൂടി 25 ജീവനക്കാരാണ് ഉള്ളത് .

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടർ ഇല്ലാത്തതിനാൽ രോഗികൾ ചികിത്സക്ക് എത്താറില്ല. ഈ സ്ഥാപനത്തിലെ സൗകര്യങ്ങൾ വേണ്ട വിധം ഉപയോഗപ്പെടുത്താൻ നാട്ടുകാർക്ക് കഴിയിന്നും ഇല്ല. അതുകൊണ്ടുതന്നെ ഇവിടെ നിന്നും ലഭിച്ച കണക്കുകളെ മാത്രം ആധാരമാക്കി പഞ്ചായത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്താൻകഴിയില്ല.

പഞ്ചായത്തിലെ ഒരു വയസ്സിൽ തഴെ പ്രായമുള്ള എല്ലാകുട്ടികൾക്കും പ്രതിരോധക്കുത്തിവെയ്പ് നടത്തിയിട്ടുണ്ട്. കുട്ടികളുടെ പോഷണനിലവാരത്തെ കുറിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

നമ്മുടെ പഞ്ചായത്തിൽ കുടുംബാസൂത്രണ പ്രവർത്തനങ്ങൾ വ്യാപകമായി തന്നെ നടക്കുന്നുണ്ട്. എങ്കിലും ലഭ്യമായ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കണക്കുകളെ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ സംസ്ഥാന നിരക്കിൽ നിന്നും ഉയർന്ന നിരക്കാണ് കാണുന്നത്. കുടുംബാസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമായി നടത്തേണ്ടതിന്റെ ആവശ്യകത ഈ കണക്കുകൾ കാണിക്കുന്നു.

രണ്ടിൽ കൂടുതൽ കുട്ടികൾ 1098
രണ്ടുകുട്ടികളുള്ള 1246 അമ്മമാരും ഒരുകുട്ടി മാത്രമുള്ള 557 അമ്മമാരും ഇപ്പോഴുണ്ട്.

ആരോഗ്യ പ്രവർത്തന രംഗത്ത് സന്നദ്ധസംഘടനകൾ

പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങളോട് സന്നദ്ധസംഘടനകളോ സ്ഥാപനങ്ങളോ സഹകരിച്ചു പ്രവർത്തിക്കുന്ന അവസരങ്ങളും ഉണ്ടായിട്ടുണ്ട്. പോളിയോ നിർമ്മാർജ്ജനയജ്ഞത്തിന്റെ നടത്തിപ്പിന്

പല സന്നദ്ധസംഘടനകളും സഹകരിച്ചിരുന്നു. രക്ത നിർണ്ണയ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും പ്രകൃതി ചികിത്സയെ കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പല സംഘടനകളും നടത്തിയിട്ടുണ്ട്.

രോഗാതുരത

വിരശല്യം, വയറിളക്കരോഗങ്ങൾ, ചെങ്കണ്ണ്, മലമ്പനി, ചിക്കൻപോക്സ് തുടങ്ങിയ പകർച്ചവ്യാധികൾ പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്നു. കുഷ്ഠം, മഞ്ഞപ്പിത്തം, ടൈഫോയിഡ്, ക്ഷയം, അഞ്ചാംപനി മുതലായവ വളരെ കുറഞ്ഞതോതിലാണെങ്കിലും കാണപ്പെടുന്നുണ്ട്. പ്രമേഹം, രക്ത സമ്മർദ്ദം എന്നിരോഗങ്ങൾ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഗോയിറ്റർ ഈ പ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവരുന്നു.

പഞ്ചായത്തിലെ രോഗാതുരത ശരാശരിക്കുതാഴെയാണ്. വ്യക്തിശുചിത്വം, ആരോഗ്യശീലങ്ങൾ തുടങ്ങിയവ പൊതുവെ മെച്ചപ്പെട്ടവയായതിനാൽ ആരോഗ്യനിലവാരം ഉയർന്നതാണ്. കക്കൂസ് ശുദ്ധജല ലഭ്യത എന്നിവ ഉറപ്പാക്കുന്നതോടൊപ്പം പരിസര ശുചിത്വം കൂടി പാലിച്ചാൽ പഞ്ചായത്തിന്റെ ആരോഗ്യനിലവാരം കുറേക്കൂടി ഉയർത്താൻ കഴിയും.

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വളരെ പ്രാധാന്യമർഹിക്കുന്നു ശുചിത്വ പാലനം. ശുചിത്വ പാലനത്തിൽ ആവശ്യം വേണ്ടവയാണ് കക്കൂസുകൾ. വിരശല്യം, വയറിളക്കരോഗങ്ങൾ തുടങ്ങിയവ താരതമ്യേന കൂടുതൽ കണ്ടുവരുന്നതിന് ഒരു കാരണവും കക്കൂസുകളുടെ അഭാവമാണ്. പഞ്ചായത്തിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ 62% വീടുകളിലും കക്കൂസില്ല. മഴക്കാലത്ത് വിസർജ്ജ്യ വസ്തുക്കൾ കുത്തിയൊലിച്ച് ജലാശയങ്ങളിലും മറ്റും ചെന്നു ചേരുന്നത് പലരോഗങ്ങൾക്കും കാരണമാകുന്നു. ആയതിനാൽ പഞ്ചായത്തിലെ എല്ലാവീടുകളിലും കക്കൂസ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ കക്കൂസുകൾ സ്ഥാപിക്കാതിരിക്കുന്നതിന് കാരണം താഴെ പറയുന്നവയാണ്.

ചിറ്റാരിക്കാൽ പാലാവയൽ തുടങ്ങിയ പ്രദേശങ്ങളിൽ പൊതുകക്കൂസുകളും മൂത്രപ്പുരകളും ഇല്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വ്യാപകമായ ബോധവൽക്കരണത്തിലൂടെയും ജനകീയ ഇടപെടലുകളിലൂടെയും പഞ്ചായത്തിലെ എല്ലാ വീടുകളിലും കക്കൂസുകൾ സ്ഥാപിക്കാനുള്ള ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാം നടപ്പാക്കേണ്ടതാണ്. പ്രാദേശിക സഹകരണത്തോടെ ഈ പരിപാടി നടപ്പിലക്കാനുള്ള ആസൂത്രണങ്ങൾ നടത്തണം. ഈരംഗത്ത് നിലവിലുള്ള സ്ഥിതി വിവരക്കണക്കുകൾ അപര്യാപ്തമായതിനാൽ കൂടിതൽ വ്യപകമായ വിവര ശേഖര പ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്.

പരിസര ശുചിത്വം

വ്യപകമായ വ്യവസായ വൽക്കരണം നടന്നിട്ടില്ലാത്തത് കൊണ്ട് തന്നെ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരുന്നാലും പഞ്ചായത്തിന്റെ പല ഭാഗത്തുനിന്നും മലിനീകരണത്തെ കുറിച്ച് പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ചിറ്റാരിക്കാൽ, പാലാവയൽ തുടങ്ങിയ ടൗണുകളുടെ ശുചീകരണത്തിന് പ്രത്യേകം ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നടത്തിക്കൊണ്ട അടിരിക്കുന്ന അറവുശാലകളും, പച്ചമത്സ്യ വില്പനസ്ഥലങ്ങളും ഏകോപിപ്പിക്കുകയോ, നിശ്ചിത സ്ഥലങ്ങളിൽ ഇവ വില്ക്കുന്നതിനുള്ള സ്ഥാനങ്ങൾ നിർദ്ദേശിച്ച് കൊടക്കുകയോ ചെയ്യുക. യാതൊരു ശുചിത്വ പാലന നിയമങ്ങളും അനുസരിക്കാതെയാണ് നിലവിൽ പഞ്ചായത്തിലെ അറവുശാലകളും മത്സ്യകച്ചവടവും നടക്കുന്നത്. തനെയുമല്ല വില്പന നടത്തുന്ന മത്സ്യമാംസാദികളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള സംവിധാനങ്ങളും പഞ്ചായത്തിലില്ല. ഇതുകൂടാതെ പഞ്ചായത്തിലെ പല വാർഡുകളിലും നടക്കുന്ന പന്നിവളർത്തൽ കേന്ദ്രങ്ങളിൽ ആവശ്യത്തിന് പരിസര ശുചീകരണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാത്തത് കൊണ്ട് അവിടെ കൂന്നുകൂടുന്ന മാലിന്യങ്ങൾ പരിസരമലിനീകരണത്തിന് ഇടവരുത്തുന്നുണ്ട്.

കുടിവെള്ള സ്രോതസ്സുകളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്. അതിലൂടെ ജലജന്യ

രോഗങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കാനാവു. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കിമാറ്റിയാൽ അടുക്കളത്തോട്ടങ്ങളിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗ്രഹപരിസര ശുചിത്വപൂർണ്ണമാകു. വീടിനടുത്ത് മലിനജലം കെട്ടിക്കിടക്കുന്നത് തടയുക, കുത്താടികളെ നശിപ്പിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കൊതുകു നശീകരണം ഫലപ്രദമാവു. ഈ പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്കൊപ്പം സന്നദ്ധപ്രവർത്തകരെയും ഉപയോഗിക്കാനാവു. അമിതമായ പ്ലാസ്റ്റിക്ക് വസ്തുക്കളുടെയും മറ്റും ഉപയോഗം നിയന്ത്രിക്കുതുമൂലം അവമൂലമുള്ള മലിനീകരണവും തടയാം. ഇതിനാവശ്യമായ ബോധവൽക്കരണ സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. വരൾച്ചാ കാലങ്ങളിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അരുവികളിലും തോടുകളിലും വലിയൊരു ഭാഗം വേനൽക്കാലത്ത് വറ്റിവരളുന്നു. കാര്യംക്കോട്ട് പുഴയിലെ നീരൊഴുക്ക് ഇടമുറിയുന്നതിനാൽ കെട്ടിക്കിടക്കുന്ന ജലം പലയിടങ്ങളിലും മലിനമാകുന്നു. കിണറുകളും കുളങ്ങളും വരളുന്നതും ജലക്ഷാമം രൂക്ഷമാക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ വല്ലപ്പോഴും മാത്രമെ ഡോക്ടർ ഉണ്ടാകാറുള്ളു. അത്കൊണ്ടുതന്നെ അവിടെയെത്തുന്ന രോഗികളുടെ എണ്ണവും കുറയുന്നു.

2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. വൈകുന്നേരം 5 മണിവരെയുള്ള നിരീക്ഷണം മാത്രമാണ് ഇവിടെ ഉള്ളത്. കിടത്തിചികിത്സിക്കുന്ന സംവിധാനം ഉണ്ടാകണം.

3. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം പലയിടങ്ങളിലും കാര്യക്ഷമമല്ല. അത്യാവശ്യ ഘട്ടങ്ങളിൽ പ്രാഥമികചികിത്സനൽകാൻ കഴിയുന്ന തരത്തിൽ ഇവയെ പരിഷ്കരിക്കണം.

4. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ മിഡ്-വൈഫ്മാർ അവിടെ താമസിക്കുന്ന രീതി എല്ലായിടത്തുമുണ്ടാവണം.

5. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ വെള്ളം, വെളിച്ചം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. ജീവനക്കാർ ഇവിടങ്ങളിൽ നിൽക്കാൻ മടിക്കുന്നത് ഇവയുടെ അഭാവത്താലാണ്.

6. പ്രാഥമിക ആരോഗ്യകേന്ദ്രത്തോട് ചേർന്ന് ജീവനക്കാർക്ക് താമസ സൗകര്യവും ഇല്ല. ജീവനക്കാർ മുഴുവൻ സമയവും ആശുപത്രികളിൽ ഉണ്ടാവാൻ ഈ സൗകര്യം ഒരുക്കണം.

സാധ്യതകൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ദിവസവും ഡോക്ടർ ഉണ്ടാകണം.

2. രോഗികളെ കിടത്തിചികിത്സിക്കാനുള്ള സൗകര്യം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഉണ്ടാകണം. ജീവനക്കാർക്ക് അതിനോട് ചേർന്ന് താമസിക്കാനാവശ്യമായ ക്വാർട്ടേഴ്സ് പണിയണം.

3. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അപര്യാപ്തതകളെ കുറിച്ച് വിശദമായി പഠിച്ച് ഏറ്റവും ആവശ്യമുള്ളെടുത്ത് ആദ്യം എന്നരീതിയിൽ സൗകര്യങ്ങൾ നൽകണം.

4. സന്നദ്ധസംഘടനകളുടെ സഹായത്തോടെ ആരോഗ്യരംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.

5. പഞ്ചായത്തിലെ ആരോഗ്യ സ്ഥിതിയെ കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. സമഗ്രമായ ആസൂത്രണത്തിന് ഈ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കേണ്ടത് അനിവാര്യമാണ്. അതിന് സമഗ്രമായ ഒരു ആരോഗ്യ സർവ്വേയിലൂടെ വിവരം ശേഖരിക്കണം.

6. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും ഫലപ്രദമായ രീതിയിൽ പ്രസവശുശ്രൂഷയ്ക്കും മറ്റും സൗകര്യങ്ങൾ ഏർപ്പെടുത്തണം. അതിനായി ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം.

7. ആരോഗ്യരംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസം ഉൾപ്പെടുത്തണം. ആരോഗ്യക്ലബ്ബുകൾ സജീവമാക്കണം. PHC യുടെ ആഭിമുഖ്യത്തിൽ ഓരോ വാർഡിലും വർഷത്തിൽ രണ്ടു തവണയെങ്കിലും ക്ലാസുകൾ സംഘടിപ്പിക്കണം.

ഗതാഗതം

ഏതു നാടിന്റെയും പുരോഗതി വിലയിരുത്തുന്നത് അവിടുത്തെ ഗതാഗത ശൃംഖലയെ അടിസ്ഥാനമാക്കിയാണ്. ഈസ്റ്റ് എളേരി പഞ്ചായത്തിലെ ഗതാഗതം പൂർണ്ണമായും റോഡുകളെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പൂർവ്വികർ ഇക്കാര്യത്തിൽ തികച്ചും ബോധവാൻമാരായിരുന്നു. 1940 ഓടുകൂടി സാമുവൽ ആറോൺ എന്ന വ്യവസായി തയ്യേനിയിലെ എച്ചിക്കാനും തറവാട്ടുവക മരം വിലക്കുവാങ്ങി മുക്കട കടത്തിൽ എത്തിക്കുന്നതിനു വേണ്ടി സ്വന്തമായി നിർമിച്ച തയ്യേനി-പാലാവയൽ-ചിറ്റാരിക്കാൽ- ഭീമനടി-മുക്കടറോഡാണ ഈ പഞ്ചായത്തിലെ ആദ്യത്തെ റോഡ്. ഈ റോഡ് ഇപ്പോൾ ഒടയംചാൽ-ചെറുപുഴPWD റോഡായിത്തീർന്നിരിക്കുന്നു. പിന്നീട് പട്ടേലർ ആയിരുന്ന കോട്ടയിൽ രാഘവൻ നമ്പ്യാർ നീലേശ്വരം ബ്ലോക്ക് സ്കീമിൽപ്പെടുത്തി നാട്ടുകാരുടെ സഹായത്തോടെ നിർമ്മിച്ച റോഡാണ് പെരുംപട്ട-പാലാവയൽ റോഡ്. ഇതുപോലെ ഫാദർ ജറോം ഡിസൂസയുടെ നേതൃത്വത്തിൽ 1955ഓടു കൂടി നാട്ടുകാർ ചിറ്റാരിക്കാലിൽ നിന്നും ചെറുപുഴക്ക് റോഡ് നിർമ്മിച്ചു. ഇതു മുന്നുമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യകാല റോഡുകൾ.

പഞ്ചായത്തിലെ മുഴുവൻ റോഡുകളും ജനങ്ങൾ ശ്രമദാനത്തിലൂടെയാണ് നിർമ്മിച്ചിട്ടുള്ളത്. ആദ്യകാല കുടിയേറ്റക്കാർ രോഗം വന്നാൽ രോഗിയെ ചാരുകസേരയിലിരുത്തി ചുമന്നുകൊണ്ടാണ് ആശുപത്രിയിൽ കൊണ്ടുപോയിരുന്നത്. പഞ്ചായത്തിലെ ജനങ്ങൾ കണ്ണൂർ ജില്ലയിലെ പുളിങ്ങോം-ചെറുപുഴ-പാടിച്ചാൽ തുടങ്ങിയ ടൗണുകളുമായി ബന്ധപ്പെടുവാൻ അടുത്താലം വരെ പുഴകടക്കുവാൻ വേണ്ടി പാണ്ടിയെയാണ് ആശ്രയിച്ചിരുന്നത്. ഇതിനു പരിഹാരമായി നാട്ടുകാരുടെ സഹകരണത്തോടെ പാലാവയലിൽ കാര്യംക്കോട്ടുപുഴക്ക് കോൺക്രീറ്റ് പാലം പണിതത് ഈ നാട്ടിലെ ഗതാഗത പുരോഗതിയുടെ ഒരു സുപ്രധാന കണ്ണിയാണ്. കാര്യംകോട്ട് പുഴക്ക് മുനയംകുന്നിൽ (അരയിരുത്തി) പാലം നിർമ്മിച്ചാൽ ഈസ്റ്റ് എളേരിയുടെ മൊത്തം വികസനത്തിന് പ്രയോജനകരമാവും എന്ന് ഗ്രാമസഭകളിൽനിന്നും നിർദ്ദേശം വന്നു. പ്രസ്തുത പാലം നിർമ്മിക്കുന്നതിന് നാട്ടുകാരുടെ കമ്മറ്റിയുടെ നേതൃത്വത്തിൽ പരിശ്രമിച്ചതിന്റെ ഫലമായി പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽകൂടി കടന്ന് പോകുന്ന PWD റോഡുകളാണ് ഒടയംചാൽ- ഓടക്കൊല്ലി റോഡ്, കുന്നുംകൈ-ചിറ്റാരിക്കാൽ റോഡ്, ചീമേനി-പാലാവയൽ-ഓടക്കൊല്ലി റോഡ്, ചിറ്റാരിക്കാൽ വള്ളിക്കടവ് എന്നിവയാണ്. ഇതിൽ ചീമേനി-പാലാവയൽ-ഓടക്കൊല്ലി റോഡ് നല്ലോംപുഴവരെ PWD ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കിവരുന്നുണ്ട്. ബാക്കി ഭാഗം എത്രയയും പെട്ടെന്ന് PWD ഏറ്റെടുക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം.

പഞ്ചായത്തിൽ ബസ് ഗതാഗതമുള്ള റോഡുകളാണ് ചിറ്റാരിക്കാൽ- പാലാവയൽ, പാലാവയൽ-തയ്യേനി, ചിറ്റാരിക്കാൽ-അരയിരുത്തി, ചിറ്റാരിക്കാൽ-കടുമേനി-കമ്പല്ലൂർ, ചിറ്റാരിക്കാൽ-കാറ്റാംകവല. വർഷംതോറും പഞ്ചായത്തിൽ ലഭിക്കുന്ന തുകയിൽ അധികവും റോഡുകളുടെ നിർമ്മാണത്തിനായിട്ടാണ് ചിലവഴിക്കുന്നത്. ഈ തുക നാമമാത്രമാണ്. അത്കൊണ്ട് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മലയോര മേഖലയിലെ പഞ്ചായത്തുകൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകണം.

നിർദ്ദിഷ്ട മലയോര ഹൈവെക്ക് എത്രയും വേഗം ഭരണാനുമതി നൽകേണ്ടതാണ്, ഇത് ഈ പ്രദേശത്തിന്റെ വികസന വിപ്ലവത്തിന് ഒരു നാന്ദിയായിത്തീരും. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലേക്ക് കൂടുതൽ KSRTC, പ്രൈവറ്റ് ബസ്സുകൾ ഓടുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാവണം.

പഞ്ചായത്തിൽ നിലവിലുള്ള റോഡ്കളും ഉടമസ്ഥതയും ദൂരവും യാത്രസൗകര്യങ്ങളും

		നീളം കി.മി.	യാത്രസൗകര്യം
01.	ചിറ്റാരിക്കൽ ടൗൺ റോഡ്	1	ടാറിംഗ്
02.	പാലാവയൽ മലാംകടവ്	5	"
03.	ചിറ്റാരിക്കൽ കാര	1.500	"
04.	കടുമേനി കൊല്ലാട	3	"
05.	നിലംപാറ പാവൽ	1.500	"
06.	പാവൽ കാര	2	"
07.	വെള്ളരിക്കുണ്ട് മണക്കടവ്	3	"
08.	പാലാവയൽ കമ്പിപ്പാലം	0.350	"
09.	നിലംപാറ കടുമേനി	1	"
10.	ചെരുവപ്പാടി കൊല്ലാട	2.750	750 മീ. ടാറിംഗ്
11.	മലാംകടവ് തയ്യേനി	4	ടാറിംഗ്
12.	നല്ലോംപുഴ തോട്ടാഞ്ചാൽ	2.500	"
13.	തോട്ടാംചാൽ പാലാവയൽ	2.500	"
14.	ഓടക്കൊല്ലി പാലാവയൽ	2	"
15.	കാവുന്തല പാലച്ചാൽ തട്ട്	1.500	"
16.	ചിറ്റാരിക്കൽ ടൗൺ തോട് റോഡ്	.200	"
17.	കടിമേനി വെള്ളരിക്കുണ്ട്	2.500	"
18.	നല്ലോംപുഴ നിലംപാറ	1.500	ചരൽ
19.	ചിറ്റാരിക്കൽ ചട്ടമല	1.000	ചരൽ
20.	കുണ്ടാരം പാലച്ചാൽതട്ട്	3	"
21.	തോട്ടയംചാൽ മുനിയംകുന്ന്	3	"
22.	ചിറ്റാരിക്കൽ പറമ്പ്തട്ട്	3.6	"
23.	മലാംകടവ് മീനഞ്ചേരി	2	"
24.	മരോട്ടചെയിൽ മയ്യാൽ	3	"
25.	കാര ചിത്രാടി	2	"
26.	എഴുത്തുകടവ് നർക്കിലകാട്	1	"
27.	കാവുന്തല തയ്യേനി (ഒറ്റക്കുഴി)	3	"
28.	മുനിയംകുന്ന് ആവുള്ളാൻ കയം	1	"
29.	നിലംപാറ മണക്കടവ്	1.600	"
30.	പാവൽ പൊങ്കൽ നല്ലോംപുഴ	2.300	"
31.	ഓടക്കൊല്ലി നർക്കിലകാട്	3.	"
32.	ഓടക്കൊല്ലി വെള്ളക്കല്ല്	1.500	"
33.	കണ്ണിവയൽ നിരത്തുംതട്ട്	4	"
34.	ചിറ്റാരിക്കൽ കുളിനിർ	3.950	"
35.	നെല്ലിക്കാമല കണ്ണിവയൽ	2.600	"
36.	നല്ലോംപുഴ കുളിനിർ	4	"
37.	കമ്പല്ലൂർ കണ്ണിക്കുന്ന്	4	"

38.	പുതിയകണ്ടം പാലച്ചാൽ	3	ചരൽ
39.	നെല്ലിക്കാമല കുളിനീർ	1.500	"
40.	കുണ്ടാരം കാവുന്തല	1.500	"
41.	മണ്ഡപം മേലാഞ്ചേരി	1.500	"
42.	അരിയിരുത്തി കമ്പിപ്പാലം	2.500	"
43.	തയ്യേനി നേയ്യമുണ്ട	3.00	"
44.	ഓടക്കൊല്ലി മീനഞ്ചേരി	4	"
45.	പെരളം ചെരുവപ്പാടി	1.500	"
46.	കാറ്റാംകവല ഈസ്റ്റ് ഏളേരി ബോർഡർ	1	"
47.	ഏണിച്ചാൽ നിരത്തുംതട്ട്	2	"
48.	കൊല്ലാട ആയനൂർ	3.500	"
49.	മലാംകടവ് കാട്ടിയിറങ്ങിയകുണ്ട്	3	"
50.	ചിറ്റാരിക്കാൽ ചട്ടമല ഈസ്റ്റ്	1.500	"
51.	കുരുത്തോലവയൽ കുളിനീർ	2.540	"
52.	ഗോക്കടവ് കടുമേനി	3	"
53.	ഗോക്കടവ് മൗവ്വേനി	3.500	"
54.	കാവുന്തല തയ്യേനി	3	"
55.	മുനയൻകുന്ന് കോലുവള്ളി	1	"
56.	നീലംപാറ പട്ടേങ്ങാനം	1.500	"
57.	മണ്ഡപം കടുമേനി	2	"
58	കടുമേനി വെണ്ണിക്കര	1.700	"
59	മലാംകടവ് കുളിനീർ	2.500	"
60	മലാംകടവ് നർക്കിലക്കാട്	3	"
61.	വരിക്കമാവ് മൗവ്വേനിഹരിജൻകോളനി	1.500	"
62.	ഗോക്കടവ് ചിത്രാടി ഹരിജൻകോളനിനല്ലോംപുഴ	2	"
63.	ബസ് സ്റ്റാൻഡ് സൈറ്റ് റോഡ്	541	"
64.	ഗോക്കടവ് ഉദയപുരം	2	"
65.	ചെരുവപ്പാടി ചെമ്മരംകയം	1.500	"
66.	ചെരുവപ്പാടി നെടുങ്കല്ല്	1.500	"
67.	മുനയംകുന്ന് അരിയിരുത്തി	1	"
68.	പറമ്പ്തട്ട് കാറ്റാംകവല ഹരിജൻകോളനി	1	"
69.	അരിയിരുത്തി പൊങ്കൽ	2.650	"
70.	തെയ്യമുണ്ട പായിക്കാനം	0.200	"
71.	ഐക്കാട് തിരുത്തുംതട്ട്	0.550	"
72.	ട വളവ് ഗോക്കടവ്	1.524	"
73.	നല്ലോംപുഴ കണ്ണിവയൽ TTI	0.270	"
74.	പാലച്ചാൽ തട്ട് ചേറംകല്ല്	2	"
75.	ഗോക്കടവ് പുളി	1	"
76.	ചേറംകല്ല് കുളിനീർ	2	"
77.	നർക്കിലകാട് കാട്ടിറങ്ങിയ കുണ്ട്	1	"
78.	നെല്ലിക്കാമല ഹരിജൻകോളനി	0.325	"
79.	ചിത്രാടി ഗോക്കടവ്	0.600	"
80.	മീനംച്ചേരി കുട്ടക്കുഴി	1.750	"
81.	വരിക്കമാവ് മൗവ്വേനിതട്ട്	0.675	"
82.	കൊയിലംപാറ അത്തിയടുക്കം	1.600	"
83	അരയ്ക്കത്തട്ട് മൗവ്വേനി	2	"
84.	അത്തിയടുക്കം വായ്ക്കാനം	2	"
85.	ഗോക്കടവ് പട്ടേങ്ങാനം	1.383	"
86.	ഗോക്കടവ് വെള്ളടുക്കം	0.400	"
87.	പള്ളിക്കുന്ന് വടക്കേമല	0.800	"
88.	അരിയിരുത്തി മുനയൻകുന്ന് തോട്ടേംചാൽ	1.061	"

പഞ്ചായത്തിലെ ചിറ്റാരിക്കാൽ-കടുമേനി -ചെറുപുഴ ഫെറി റോഡും, പാലച്ചാൽ-കാവും തല-കുണ്ടാരം റോഡ്, പാലാവയൽ-തയ്യേനി, മണ്ടപം-കടുമേനി റോഡ്, കാക്കടവ്-കമ്പല്ലൂർ-കൊല്ലാട-അരയിരുത്തി റോഡും PWD ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കിയാൽ ജനങ്ങൾ ഇന്നനു വിക്കുന്ന യാത്രാ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളും അവയുടെ ഉടമസ്ഥതയും, ദൂരവും, യാത്രാസൗകര്യങ്ങളും താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിലെ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്കറോഡുകളിലും വെള്ളം കെട്ടിക്കിടക്കുന്നു. ഓവുചാലുകളുടെയും കലിങ്കുകളുടെയും അഭാവമാണ് ഇതിനു കാരണം. ആവശ്യത്തിനു ഫണ്ടില്ലായ്മ വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാവുന്നു. ഗ്രാമ സഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവുലുള്ള മൺ റോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറായിക്കിടക്കുന്നറോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുക എന്നതാണ് പ്രധാന പരാതി. കടാതെ റോഡുവക്കുകളിൽ റോഡിലേക്കു ചാഞ്ഞുനിൽക്കുന്ന റബ്ബർ, തെങ്ങ്, കശുമാവ്, മറ്റുമരങ്ങൾ തുടങ്ങിയവ വെട്ടിമാറ്റിയാൽ മാത്രമെ ടാർറോഡുകൾ നശിച്ചുപോകുന്നത് തടയാനാവു. പഞ്ചായത്തിലെ മിക്ക റോഡകൾക്കും കലിങ്കുകൾ തീർക്കേണ്ടതുണ്ട്.

റോഡ് ഗതാഗത സൗകര്യം മെച്ചപ്പടുത്തുന്നതിന് ഗ്രാമസ കളിൽനിന്നും പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് 1

1. ഗോക്കടവ്-ഉദയപുരം-മവ്വേനി-നർക്കിലക്കാട് റോഡ് നിർമ്മാണം പൂർത്തിയാക്കി ടാർ ചെയ്യണം.

2. അരക്കത്തട്ട്-മവ്വേനി വഴി നർക്കിലക്കാടിന് പോവുന്ന വഴിയിൽ കലുങ്കു പണിത് ഹരിജൻ കോളനിയെ ബന്ധിപ്പിക്കുകയും റോഡിന്റെ വീതി കൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

3. മണ്ടപം-മെലാഞ്ചേരി റോഡ് ടാർ ചെയ്യണം.

4. അറക്കത്തട്ട്-വരിക്കമാവ് റോഡ് ടാർ ചെയ്യണം.

5. വെള്ളടുക്കം-നർക്കിലക്കാട് റോഡ് ടാർ ചെയ്യണം.

6. ചിറ്റാരിക്കാൽ-പുളി-ടവളവ് റോഡ് ഗതാഗതയോഗ്യമാക്കണം.

7. വാർഡിലെ റോഡുകൾക്ക് മൊത്തം 5കലുങ്കുകൾ എങ്കിലും അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കണമെന്ന് ഗ്രാമ സ യിൽനിന്ന് നിർദ്ദേശം ഉണ്ടായി.

വാർഡ് 2

1. ഗോക്കടവ്-കടുമേനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

2. നിലംപാറ-പട്ടയങ്ങാനം ഹരിജൻ കോളനി റോഡ് കരിമുണ്ടൻകയം വരെ പഞ്ചായത്തേറ്റെടുത്ത് ഹരിജൻസ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

3. ചിറ്റാരിക്കാൽ-കടുമേനി-ചെറുപുഴ ഫെറി റോഡിന്റെ അറ്റകുറ്റപ്പണി നടത്തണം.

4. പട്ടയങ്ങാനം-ചങ്ങനൃാർകുന്ന്-ഗോക്കടവ് റോഡ് വീതികൂട്ടി മൺപണിയെടുത്ത് ഗതാഗതയോഗ്യമാക്കണം.

5. കാര-ചിത്രാടി റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

6.കാര-ഗോക്കടവ് റോഡ് ഗതാഗത യോഗ്യമാക്കണം.

7. പാവൽ-നല്ലോംപുഴ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

8. ഇരുപത്തഞ്ച്-പട്ടയങ്ങാനം റോഡ് ടാർ ചെയ്യണം.

9. കടുമേനി ഹൈസ്കൂളിൽനിന്ന് പട്ടയങ്ങാനം കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിച്ച് പഞ്ചായത്ത് ഏറ്റെടുക്കണം

10. വാർഡിൽ 5 കലിങ്കുകൾ ഉടൻ നിർമ്മിക്കേണ്ടതാണെന്ന് ഗ്രാമസ യിൽനിന്ന് നിർദ്ദേശം ഉണ്ടായി.

വാർഡ് 3

1. കൊല്ലാട-കമ്പല്ലൂർ-പെരളം റോഡ് ടാർ ചെയ്യണം.

2. കമ്പല്ലൂർ-ചെമ്മരങ്കയം റോഡ് ടാർ ചെയ്യണം.

3. കമ്പല്ലൂർ-നെടുങ്കല്ല് റോഡ് ടാർ ചെയ്യണം.

4.കടുമേനി-കൊല്ലാട റോഡിന്റെ അറ്റകുറ്റപ്പണികൾ ഉടൻനടത്തണം.

5. കൊല്ലാട-പാണ്ടിക്കടവ് റോഡ് ടാർ ചെയ്യണം.

6. കമ്പല്ലൂർ അമ്പലം-അമ്പേച്ചാൽ-ബെടൂർ റോഡ് പഞ്ചായത്തേറ്റെടുത്ത് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.

7. കമ്പല്ലൂർ-ചെറുകുപ്പ-കൊല്ലാട റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം.

8. കമ്പല്ലൂർ-കാട്ടിപ്പൊയിൽ ജംഗ്ഷൻ റോൽഡ് ഗതാഗതയോഗ്യമാക്കണം.

9. ഈ വാർഡിൽ 6 കലുങ്കുകൾ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ടതുണ്ട്.

വാർഡ് 4

1. ചിറ്റാരിക്കാൽ-കടുമേനി-ചെറുപുഴ ഫെറി റോഡ് റീടാർ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഇതുവഴി ബസ്സ് ഗതാഗതം പുനസ്ഥാപിക്കണം.

2. കൊല്ലാട-ആയന്നൂർ റോഡ് അരയിരുത്തിപ്പാലം വരെ ടാർ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

3. ആയന്നൂർ തോടിന് കമ്പിപാലത്തിനു സമീപം കോൺക്രീറ്റ് പാലം നിർമ്മിക്കണം.

4. കണ്ണിക്കുന്ന്-കാട്ടിപ്പൊയിൽ റോഡ് ടാർ ചെയ്യണം.

5. പാറക്കടവ്-പ്ലാവിക്കൊടി-കൊല്ലാട റോഡ് ടാർ ചെയ്യണം.

6. കടുമേനി-കൊച്ചേരി എസ്റ്റേറ്റ്-കണ്ണിക്കുന്നു റോഡ് പഞ്ചയത്ത് ഏറ്റെടുക്കണം.

7. ചൊവ്വാറ്റുകുന്നേൽ മുക്ക്-കണ്ണിക്കുന്ന് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

8. പാറക്കടവ്-അയന്നൂർ (ഇളയാനിത്തോട്ടം) റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

9. ഈ വാർഡിൽ 5 കലുങ്കുകൾ അടിയന്തിര പ്രധാന്യത്തോടെ നിർമ്മിക്കണം.

10. കൊല്ലാട-അയന്നൂർ റോഡിൽ വർഷകാലത്തെ നീർക്കെട്ട് ഒഴിവാക്കാൻവേണ്ടിയുള്ള നടപടികൾ ഏറ്റെടുക്കണം.

വാർഡ് 5

1. പാവൽ-പൊങ്കൽ-നല്ലോംപുഴ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

2. നീലംപാറ-അരിമ്പ-മണക്കടവ് റോഡ് ടാർചെയ്യണം. ഇത് 2,4,5 വാർഡുകളിലെ ജനങ്ങൾക്ക് ചെറുപുഴയുമായി ഗതാഗതത്തിനുള്ള മുഖ്യമാർഗ്ഗമാണ്.

3. അരയിരുത്തി-പൊങ്കൽ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

4. കടുമേനി-വെണ്ണിയക്കര റോഡ് മുനയംകുന്ന് പാലവുമായി ബന്ധിപ്പിച്ച് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യണം.

5. പമ്പത്താനം-തവളക്കുണ്ട് റോഡ് ആനക്കുഴി വരെ പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

6. വാർഡിൽ 8 കലുങ്കുകളുടെ നിർമ്മാണം അടിയന്തിര പ്രധാന്യത്തോടെ നടത്തേണ്ടതാണ്.

വാർഡാ 6

1. നല്ലോംപുഴ-പാലാവയൽ-ഓടക്കൊല്ലി റോഡ് PWD ഏറ്റെടുക്കണം.

2. നല്ലോംപുഴ-പാലാവയൽ-ഓടക്കൊല്ലി റോഡ് അടിയന്തിരമായി റീടാർ ചയ്യണം. പഞ്ചായത്തിലെ പ്രധാന ബസ്സ് ഗതാഗതമുള്ളഒരു റോഡാണിത്.

3. അരയിരുത്തി-മുനയംകുന്ന് റോഡ് ടാർ ചെയ്യണം.

4. മുനയംകുന്ന്-തോട്ടയംച്ചാൽ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

5. ഏണിച്ചാൽ-നിരത്തുംതട്ട് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

6. കണ്ണിവയൽ-നിരത്തുംതട്ട് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. ഇത് 8,6 വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനകരമാണ്.

7. അരിയിരുത്തി-മുനയംകുന്ന് സ്മാരകം-തോട്ടയം ചാൽ റോഡ് ഗതാഗത യോഗ്യമാക്കണം

8. തോട്ടയം ചാൽ (കുടുംബക്ഷേമകേന്ദ്രം)-നിരത്തുംതട്ട് റോഡ് ടാർചെയ്യണം.

9. മുനയംകുന്ന്-കോലുവള്ളി കമ്പിപ്പാലം റോഡ് ടാർ ചെയ്യണം.

10. മുനയം കുന്ന് സ്മാരകം റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം

11. നല്ലോംപുഴ-മുത്താടിത്തട്ട് ഭാവനഗിരി റോഡ് ഹരിജൻകോളനിയിൽ ഉൾപ്പെടുത്തിപഞ്ചായത്ത്

ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

12. ഏണിച്ചാൽ-ഇടക്കരക്കടവ് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

1 3

തോട്ടയംചാൽ(കയിപ്പൻപ്ലാക്കൽ)-നിരത്തുംതട്ട് പഞ്ചായത്ത് ഏറ്റെടുക്കണം.

14. വാർഡിലെ റോഡുകൾക്ക് 10 കലുങ്കുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണെന്ന് ഗ്രാമസ നിർദ്ദേശിച്ചു.

വാർഡ് 7

1. ചിറ്റാരിക്കാൽ കുളിനീർ മലാങ്കടവ് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. 7,8 വാർഡുകളിൽകൂടി കടന്നുപോകുന്ന ഈ റോഡിനു അടിയന്തിര പ്രധാന്യം നൽകണം.

2. ചിറ്റാരിക്കാൽ-പറമ്പുതട്ട്-വള്ളിക്കടവ് റോഡ് ടാർ ചെയ്യണം. ഇത് ഈസ്റ്റ് വെസ്റ്റ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്.

3. പാലച്ചാൽതട്ട്-പുതിയകണ്ടം റോഡ് ടാർ ചെയ്യണം.

4. ചിറ്റാരിക്കാൽ-മല്ലുകുന്ന്-കുളിനീർ റോഡ് ടാർ ചെയ്യണം.

5. ചിറ്റാരിക്കാൽ-കുരുത്തോലവയൽ-കുളിനീർ റോഡ് ടാർ ചെയ്യണം.

6. വള്ളിക്കുന്ന്-വടക്കേമല റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.

7. വള്ളിക്കുന്നുൽനിന്നും ചട്ടമല പറമ്പുതട്ട് റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

8. പാലച്ചാൽ തട്ടിൽ നിന്നും ആരംഭിച്ച് പറമ്പുതട്ടു റോഡിൽ എത്തത്തക്കവിധത്തിൽ പുതിയ റോഡ് നിർമ്മിക്കണം.

9. ചിറ്റാരിക്കാൽ ടൗണിൽ സർവ്വീസ് സഹകരണ ബാങ്കിനു മുൻവശം പഞ്ചായത്ത് വക സ്ഥലം ടാർചെയ്യുകയും വെയിറ്റിംഗ് ഷെഡ്ഡ് സ്ഥാപിച്ച് ബസ്സ് സ്റ്റാന്റായി ഉപയോഗിക്കണം.

10. കുളിനീരിൽ നിന്നും ചേറംകല്ലിലേക്കുള്ള റോഡ് പൂർത്തിയാക്കണം.

11. കുരുത്തോലവയൽ-മല്ലുകുന്നു റോഡ് പൂർത്തിയാക്കണം.

12. വാർഡിൽ 10 കലുങ്കുകൾ അടിയന്തിരമായി നിർമ്മിക്കണം.

വാർഡ് 8

1. കാവുംതല-കുണ്ടാരം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

2. കാവുംതല-കുണ്ടാരം റോഡിൽ മുക്കടത്തോട്ടിന് പാലം പണിയണം.

3. കണ്ണിവയൽ മലാങ്കടവ് റോഡ് ടാർ ചെയ്യണം.

4. കണ്ണിവയൽ-നിരത്തുംതട്ട്-പാലാവയൽ റോഡ് ടാർ ചെയ്യണം.

5. മല്ലുകുന്ന്-കുളിനീർ റോഡ് ടാർ ചെയ്യണം.

6. മല്ലുകുന്ന്-നെല്ലിക്കാമല റോഡ് ഹരിജൻ കോളനി സ്കീമിൽ ഉൾപ്പെടുത്തി ടാർ ചയ്യണം.

7. കണ്ണിവയൽ-കുളിനീർ റോഡ് ടാർ ചെയ്യണം.

8. നിരത്തുംതട്ട് മലാങ്കടവ് പഞ്ചായത്ത് ഏറ്റെടുക്കണം.

9. കുളിനീർ ചേറങ്കല്ല് റോഡ് നിർമ്മിച്ച് പാലച്ചാൽതട്ട് വരെ വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. കുളിനീർ-ചേറങ്കല്ല്, നെല്ലിക്കാമല, കാറ്റാംകവല ഹരിജൻകോളനികളെ തമ്മിൽ ബന്ധിപ്പിക്കുന്നതും 7,8, വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനകരവുമാണ്.

10. കാറ്റാംകവല-വടക്കേമല-കാവുംതല റോഡ് നിർമ്മിക്കുക.

11. നിരത്തുംതട്ട്-കുളിനീർ റോഡ് നിർമ്മിക്കുക.

12. വെള്ളപ്പൊക്ക ദുരിദാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻസർക്കാർ റോഡ് നിർമ്മാണത്തിനനുവദിച്ച തുക അതേ റോഡുകൾക്ക് തന്നെ ലഭ്യമാക്കണം.

13. വർഷം തോറും റോഡുകളുടെ അറ്റകുറ്റപ്പണിക്ക് പഞ്ചായത്തനുവദിക്കുന്ന തുക ടെൻഡർ ക്ഷണിക്കാതെ ഓരോഭാഗത്തുള്ള ജനകീയ സമിതികൾക്ക് നൽകി. അവരുടെ നേതൃത്വത്തിൽ മഴക്കാലത്തിന് മുൻപ് ഓടകളും, കട്ടിങ്ങുകളും തീർക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

14. വാർഡിൽ 10 കലുങ്കുകൾ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ടതാണെന്ന് ഗ്രാമസ യിൽനിന്ന് നിർദ്ദേശെ ഉണ്ടായി.

വാർഡ് 9

1. നല്ലോംപുഴ-പാലാവയൽ-ഓടക്കൊല്ലി റോഡ് റീടാർ ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഈ ഭാഗം PWD ഏറ്റെടുക്കണം.

2. ഓടക്കൊല്ലി-ചാവറഗിരി റോഡ് ടാർ ചെയ്യണം.

3. ഓടക്കൊല്ലി-മീനഞ്ചേരി-കുട്ടക്കുഴി കോളനി റോഡ് ടാർ ചെയ്യണം.

4. പാലാവയൽ-മെയ്യാൽ റോഡ് ടാർ ചെയ്യണം.

5. മലാങ്കടവ്-ചാവറഗിരി റോഡ് ടാർ ചെയ്യണം.

6. ഓടക്കൊല്ലി-വെള്ളക്കല്ല് റോഡ് ടാർ ചെയ്യണം.

7. പറോട്ടിപ്പോയിൽ-ചാവറഗിരി റോഡ് ടാർ ചെയ്യണം.

8. മലാങ്കടവ്-കാട്ടിറങ്ങിയകുണ്ട് റോഡ് ഗതാഗതയോഗ്യമാക്കണം.

9. വാർഡിൽ 5 കലുങ്കുകൾ അടിയന്തിരമായി നിർമ്മിക്കണം.

10. പാലാവയലിൽ ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കണം. ടാക്സി സ്റ്റാന്റ് ഉണ്ടാക്കണം.

വാർഡ് 10

1. പാലാവയൽ തയ്യേനി റോഡ് റീടാർ ചെയ്യണം. ടാർ ചെയ്യാത്ത ബാക്കി ഭാഗം ഉടനെ ടാർ ചെയ്യേണ്ടതാണ്. തയ്യേനിക്ക് കൂടുതൽ ബസ് സർവ്വീസ് ഏർപ്പെടുത്തണം. 8,9 വാർഡുകളിലെ ഗ്രാമസ കളിൽ നിന്നും ഇതേ നിർദ്ദേശം ഉണ്ടായിട്ടുണ്ട്.

2. പാലാവയൽ-തയ്യേനി റോഡ്
PWD ഏറ്റെടുക്കണം.

3. കാവുംതല-എക്കൽ-തയ്യേനി റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

4. കാവുംതല-ഒറ്റക്കുഴി-തയ്യേനി റോഡ് ടാർ ചെയ്യണം.

5. തയ്യേനി-തയ്യംമുണ്ട-വായ്ക്കാനം റോഡ് ഹരിജൻ സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യണം.

6. തയ്യേനി-കാട്ടിയിറങ്ങിയകുണ്ട്-മിനഞ്ചേരി റോഡ് ഗതാഗത യോഗ്യമാക്കണം.

7. കൊയിലം പാറ-അത്തിയടുക്കം റോഡ് ഗതാഗത യോഗ്യമാക്കണം.

8. കൊയിലംപാറ-വായ്ക്കാനം റോഡ് മൺപണിയെടുത്ത് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

9. അത്തിയടുക്കം-മിച്ചഭൂമി റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

10. ഒറ്റക്കുഴി-ചെമ്പോത്തുമല റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

11. ശ്രീകണ്ഠാപുരം വായ്ക്കാനം റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

12. റോഡുകളുടെ റിപ്പയർപണി കരാറുകാർക്കു കൊടുക്കുന്ന രീതി മാറ്റി ജനകീയ സമിതികൾക്ക് നൽകുകയും മുഴുവൻ തുകയും ലഭ്യമാക്കുകയും വേണം.(ഇന്ന് ജനകീയ സമിതികൾ റോഡ് ഏറ്റെടുത്താൽ 2/3 ഭാഗം തുക മാത്രമെ ലഭിക്കുന്നുള്ളു.)

13 വാർഡിൽ 12 കലുങ്കുകൾ നിർമ്മിക്കണം.

പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളിലും റോഡുകളിലും റോഡുനിർമ്മാത്തിന് ജന പങ്കാളിത്തം വാഗ്ദാനം ചെയ്തിട്ടുണ്ട്.പഞ്ചായത്തിൽ മൊത്തം 15 ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കേണ്ടതാണെന്ന് ഗ്രാമസഭകളിൽനിന്നും നിർദ്ദേശമുണ്ടായിരുന്നു. 25 ഓളം ബസ്സുകളും 200ഓളം ജീപ്പുകളും 25 ഓട്ടോറിക്ഷകളും നിരവധി ഇരുചക്രവാഹനങ്ങളും ടൊമ്പോ, ലോറി മുതലായവയും വന്ന് പോകുന്ന ചിറ്റാരിക്കാൽ ടൗണിൽ വൺവേ ട്രാഫിക്ക് ഏർപ്പെടുത്തി ഗതാഗതക്കുരുക്ക് ഒഴിവാക്കണം. ടൗണിൽ ഓട്ടോറിക്ഷാസ്റ്റാന്റ്, ടാക്സിസ്റ്റാന്റ്, ടൊമ്പോ സ്റ്റാന്റ് മുതലായവ ഏർപ്പെടുത്തണം. ചിറ്റാരിക്കാൽ ടൗണിൽ ബസ് സ്റ്റാന്റിനായി പഞ്ചായത്ത് വാങ്ങിയ സ്ഥലം ടാർ ചെയ്യുകയും ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുകയും വേണം. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കച്ചവടം നടത്തുവാൻ താല്പര്യമുള്ളവരിൽനിന്നും ഡിപ്പോസിറ്റ് സ്വീകരിക്കാവുന്നതാണ്. ഈസ്റ്റ് എളേരി പഞ്ചായത്തിലെ മറ്റൊരു പ്രധാന ടൗൺ ആണ് പാലവയൽ. ഇവിടെ പൊതുജനങ്ങൾ സംഭാവനയായി നൽകിയ സ്ഥലത്ത് ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കണം. ഇതിന് പൊതുജനങ്ങളുടെ സഹകരണം തേടാവുന്നതാണ്. പാലാവയലിൽ ടാക്സിസ്റ്റാന്റ് ഏർപ്പെടുത്തണം.

ചിറ്റാരിക്കാൽ, നല്ലോംപുഴ, അരിയിരുത്തി, പാലാവയൽ, തയ്യേനി, കടുമേനി, കമ്പല്ലൂർ, ആയന്നൂർ എന്നിവിടങ്ങളിൽ അടിയന്തിരമായി വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കണം. ഇതിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തണം. ടാക്സികൾ അമിതയാത്രക്കൂലി ഈടാക്കുന്നത് പഞ്ചായത്ത് അധികൃതർ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും വേണം. ബസ്സ് പുറപ്പെടുന്നതിന് മുൻപും പിൻപും ടാക്സികൾ ട്രിപ്പ് വയ്ക്കുന്നത് നിരോധിക്കണം. ഇതിന് ജനകീയ സമിതികൾ രൂപീകരിക്കണം.

പഞ്ചായത്തിന് റോഡുകളുടെ അറ്റകുറ്റപ്പണിക്ക്

ലഭ്യമാകുന്ന ഫണ്ടിന്റെ സിംഹഭാഗവും ചിലവഴിക്കപ്പെടുന്നുണ്ട്. റോഡുകളെ സംബന്ധിച്ച ധാരണകൾ പലപ്പോഴും വസ്തു നിഷ്ഠമല്ല. പഞ്ചായത്തിലുള്ള റോഡുകളെ മൺറോഡ്, മെറ്റൽ റോഡ്, ടാർ റോഡ് എന്നിങ്ങനെ തരംതിരിക്കാം. പഞ്ചായത്തിലെ ബഹുഭൂരിഭാഗം റോഡുകളും പഞ്ചായത്ത് റോഡുകളാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ തീർത്തും അപര്യാപ്തമാണ്. റോഡുകളുടെ പിന്നോക്കാവസ്ഥ അടിസ്ഥാനമാക്കി കൂടുതൽ ഫണ്ടുകൾ ലഭ്യമാക്കണം. മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ റോഡുകൾക്ക് ഓടകളും കലുങ്കുകളും പാർശ്വഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇതിന് പൊതുജനങ്ങളുടെ സഹായം തേടാവുന്നതാണ്. പഞ്ചായത്തിലെ എല്ലാ നിർമ്മാണപ്പണികളുടെയും പ്രവർത്തനം ഭരണസമിതിയും പൊതുജന പ്രതിനിധികളും പരിശോധിച്ച് ഗുണനിലവാരം വിലയിരുത്തേണ്ടതാണ്.

ജീപ്പുകൾ, ലോറികൾ, ടെംമ്പോകൾ, ഓട്ടോറിക്ഷകൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ പഞ്ചായത്തുതലത്തിലും നടത്തേണ്ടതാണ്. രജിസ്ട്രേഷന് നിശ്ചയിച്ച തുക ഈടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗമാകും. ഇതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ ഉണ്ടാകണം.

ഊർജ്ജം

1979 ഡിസംബർ 24നാണ് ഈസ്റ്റ് ഏളേരി പഞ്ചായത്തിൽ ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി എത്തിയത്. നീണ്ട 22 വർഷങ്ങൾ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ പല സ്ഥലങ്ങളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഇല്ല. ഈസ്റ്റ് ഏളേരി പഞ്ചായത്തിലെ ഭീമനടി ഇല്ക്ട്രിക്ക് സബ് സെക്ഷന്റെ കീഴിലാണ്. വൈദ്യുതി ബില്ലുകൾ അടക്കുന്നതിന് ആളുകൾക്ക് ഭീമനടിയിൽ എത്തിച്ചേരണം. ഇതിനൊരുപരിഹാരമായി പഞ്ചായത്ത് പരിധിയിൽ ബില്ലിംഗ് പണം സ്വീകരിക്കുന്ന സെക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

ഈസ്റ്റ് ഏളേരിയിൽ വൈദ്യുതി എത്തുന്നത് കാക്കോൽ 110 KV സബ്സ്റ്റേഷനിൽ നിന്നുമാണ്. ഇപ്പോൾ പഞ്ചായത്തിൽ ലഭിക്കുന്ന വൈദ്യുത വോൾട്ടേജിന്റെ നില വളരെ പരിതാപകരമാണ്. ഇപ്പോഴും ആളുകൾ മണ്ണെണ്ണ വിളക്കിൽ അഭയം തേടുന്നു. രാത്രിയിലെ വൈദ്യുതി കട്ട് വ്യാപാരസ്ഥാപനങ്ങൾക്കും, വിദ്യാർത്ഥികൾക്കും വളരെ യേറെ ബുദ്ധിമുട്ടു സൃഷ്ടിക്കുന്നു. വൈദ്യുത പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോമറുകളും കപ്പാസിറ്ററുകളും സ്ഥാപിക്കേണ്ടതാണ്. 2500 ഓളം ഉപഭോക്താക്കളിൽ 85% ഗാർഹിക ഉപഭോക്താക്കളാണ്. വ്യാപാര ഉപഭോക്തർ 10%ത്തോളം വരും ശേഷിച്ചവ കാർഷിക ഉപഭോക്താക്കളുമാണ്.

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ്കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ടുതന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോമറുകൾ വേണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 25% ത്തോളം കേടായവയാണെന്ന് അധികൃതർതന്നെ സമ്മതിക്കുന്നു. വൈദ്യുത ഉപഭോക്താക്കളെ മീറ്റർ റീഡിംഗ് മാസംതോറും എടുക്കാറില്ല. അതുകൊണ്ടുതന്നെ മാസംതോറുമുള്ള വൈദ്യുത ബില്ലുകൾ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല കണക്കാക്കുന്നത്. കാർഷിക മേഖലയായതുകൊണ്ട് നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീഫെയ്സാക്കണമെന്ന് ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ചോറുപുഴയിലെ 110 KV സബ്സ്റ്റേഷന്റെ പണി പുരോഗമിച്ചുവരുന്നു. ഇതിന്റെ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു. വോൾട്ടത കുറവുമൂലം, വ്യാപകമായി വോൾട്ടേജ് സ്റ്റബിലൈസറുകൾ സമ്പന്നന്മാർ വീടുകളിൽ വാങ്ങിവെക്കുന്നതിനാൽ മറ്റുള്ളവർ വോൾട്ടതയുടെ രൂക്ഷത കൂടുതൽ അനുഭവിക്കുന്നു.

ഈസ്റ്റ് ഏളേരി പഞ്ചായത്തിലെ രണ്ട് പ്രധാന ടൗണുകളായ ചിറ്റാരിക്കാലിലും, പാലാവയലിലും ഏതാനും സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും അവ പ്രവർത്തിക്കുന്നില്ല. ഇവിടങ്ങളിൽ കൂടുതൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതു കത്തിക്കുന്നതിനും, സംരക്ഷിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകണം. പഞ്ചായത്തിൽ 20 ഓളം ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയായ ഇവിടെ വർഷകാലമാകുമ്പോൾ മരങ്ങൾ ലൈനിൽ വീണ് വൈദ്യുതി തടസ്സം ഉണ്ടാകുന്നു. ചിലപ്പോൾ ആഴ്ചകൾ തന്നെ കഴിഞ്ഞാലെ വൈദ്യുതി പുനസ്ഥാപിക്കുന്നതിനുള്ള നടപടി ഉണ്ടാവുകയുള്ളു. ഇപ്പോൾ

ചിറ്റാരിക്കാലിൽ മാത്രമാണ് ലൈൻമാൻ ഉള്ളത്. ചിറ്റാരിക്കാലിലും, പാലാവയലിലും കടുമേനിയിലും ലൈൻമാൻ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും നിയമനം നടന്നില്ല. മിനിമം ഗ്യാരണ്ടിയിൽ ധാരാളം പേർ വൈദ്യുതി കണക്ഷൻ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.

ഗ്രാമസഭകളിലെ ചർച്ചകളിൽനിന്ന് നിർദ്ദേശിക്കപ്പെട്ട പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ വൈദ്യുതിക്ക് അപേക്ഷിച്ചിട്ടുള്ള മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകുക

2. പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളും വൈദ്യുതീകരിക്കേണ്ടതാണ്. മല്ലുക്കുന്ന്-കുളിനീർ ലൈൻ ഉടൻ ചാർജ്ജ് ചെയ്യണം. 4ാം വാർഡിലെ ആയന്നൂർലൈൻ ഉടൻ ചാർജ്ജ് ചെയ്യണം.

3. വൈദ്യുത പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നതിൽ ഒരു സ്ഥിരം പ്രശ്നമാണ്.

4. സ്റ്റെപ്-അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

5. വൈദ്യുതബോർഡ് ജീവനക്കാരുടെ അനാസ്ഥയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖതയും, അഴിമതിയും ജനങ്ങൾക്കുള്ള പ്രശ്നങ്ങൾ കൂട്ടുന്നു.

6. പഴയപോസ്റ്റുകളും, കമ്പികളും വൈദ്യുത വിതരണത്തിന് തടസ്സം വരുത്തുന്നതിനാൽ അവമാറ്റി സ്ഥാപിക്കണം.

7. കടുമേനി, തയ്യേനി,പട്ടേങ്ങാനം തുടങ്ങിയ സ്ഥലങ്ങളിൽ ഹരിജൻ കോളനികളുമായി ബന്ധപ്പെടുത്തി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

8. മിനിമം ഗ്യാരണ്ടിയിൽ വൈദ്യുതിക്ക് അപേക്ഷ നല്കിയിട്ടുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്രയും വേഗം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

9. കാർഷിക വിളകൾക്ക് ജലസേചനത്തിന് സൗജന്യമായി വൈദ്യുതി നൽകുക.

10. കോളനികളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

11. തയ്യേനി പ്രദേശത്ത് ഒരു ചെക്കുഡാം നിർമ്മിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച് ആ പ്രദേശത്തിന്റെ വൈദ്യുത പിന്നോക്കാവസ്ഥ പരിഹരിക്കാമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

12. വായിക്കാനം കോളനിയിലും വടക്കേമലയിലും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കണം.

13. CFL വിളക്കുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 5% ത്തിൽ താഴെ വരികയുള്ളു. പുകയില്ലാത്ത അടുപ്പുകളെ പറ്റിയും, സോളാർ വിളക്കുകളെപറ്റിയും അനർട്ടിന്റെയും, വൈദ്യുതബോർഡിന്റെയും സഹകരണത്തോടെ പഞ്ചായത്ത് മുൻകൈയ്യെടുത്ത് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങളില്ലാതാക്കാനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങലിലും നല്ലതുപോലെ സൂര്യപ്രകാശം ല ിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും കവലവിളക്കുകൾക്കായും സോളാർലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്ത് തല സംവിധാനം നടപ്പാക്കാവുന്നതാണ്.

പഞ്ചായത്തിൽ ട്രാൻസ്ഫോമർ ആവശ്യമായ സ്ഥലങ്ങൾ

വാർഡ്	സ്ഥലങ്ങൾ
I	അറക്കൽതട്ട്
II	ചിത്രാടി, പട്ടേങ്ങാനം
III	കൊല്ലാട
IV	വെള്ളരിക്കുണ്ട്
V	പൊങ്കൽ,
VI	തോട്ടയം ചാൽ
VII	പള്ളിക്കുന്ന്,കുളിനീർ, ചട്ടമല
VIII	നെല്ലിക്കാമല
IX	ചാവറഗിരി
X	തയ്യേനി

മാർക്കറ്റ്

ഈസ്റ്റ് എളേരി പഞ്ചായത്തിൽ 25 വർഷം മുമ്പ് സുലഭമായ് ഉണ്ടായിരുന്ന കപ്പ, ഇഞ്ചി, കാച്ചിൽ, ചേമ്പ്, ചേന, വാഴക്കല, കശുവണ്ടി, കുരുമുളക്, മഞ്ഞൾ, തുടങ്ങിയവ ഇന്ന് നമ്മുടെ പഞ്ചായത്തിന്റെ മാർക്കറ്റിംഗ് മാപ്പിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ആ സ്ഥാനത്ത് നാളികേരം, റബ്ബർ, കവുങ്ങ് തുടങ്ങിയവ സ്ഥാനം പിടിച്ചിരിക്കുന്നു. നാളികേരത്തിന് ഒരു പുതിയ വിപണിയോ, സഹകരണ വിപണിയോ പഞ്ചായത്തിൽ ഇന്നില്ല. സ്വകാര്യ വിപണിയെ ആണ് ജനങ്ങൾ ആശ്രയിക്കുന്നത്. റബ്ബറിന്റെ വിപണനത്തിന് കാസർഗോഡ് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ചിറ്റാരിക്കൽ, കടുമേനി, പാലാവയൽ ഡിപ്പോകൾ മാത്രമാണ് ഉള്ളത്. തയ്യേനിയിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ഡിപ്പോ സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ട്. റബ്ബർ കൂടുതലായി വിപണനം ചെയ്യുന്നത് സ്വകാര്യ വിപണിയിലാണ്. റബ്ബർ ഷീറ്റാക്കി ഉണക്കിവിൽക്കുന്നത് കൂടുതൽ പ്രയാസമേറിയതിനാൽ, വൻകിട തോട്ടക്കാർ റബ്ബർപാല് ശേഖരിച്ച് വിൽക്കുന്നതിനാണ് ഇഷ്ടപ്പെടുന്നത്. കൊപ്രയ്ക്ക് ഇന്നത്തെപവിലതീരെ അപര്യാപ്തമാണ്. കിന്റലിനു 4000രൂപ തറവില നിശ്ചയിക്കണം. കശുവണ്ടിയുടെ ഉൽപാദനം നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞുവരികയാണ്. അവയുടെ സ്ഥാനം റബ്ബറും, തെങ്ങും കയ്യടക്കിയിരിക്കുന്നു. കശുവണ്ടിക്ക് കുത്തക സംഭരണം ഏർപ്പെടുത്തുന്നത് ഇവിടുത്തെ കർഷകർക്ക് ദോഷമായി തീരുന്നുണ്ട്. കുത്തക സംഭരണം കൊണ്ട്, മെച്ചമായ വില കിട്ടാതിരിക്കുകയും, അതുതന്നെ യഥാവസരം ലഭിക്കാതിരിക്കുകയും ചെയ്യുന്നു.

ഇവിടെയുള്ള ആളുകൾ പച്ചക്കറിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നിന് പുറമെയുള്ള മാർക്കറ്റിംഗിനെയാണ് ആശ്രയിക്കുന്നത്. പച്ചക്കറി കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നൽകിയാൽ, ഇവിടെ ആവശ്യമായ മുഴുവൻ പച്ചക്കറികളും ഇവിടെത്തന്നെ ഉൽപാദിപ്പിക്കാവുന്നതേയുള്ളു. ചേമ്പ്, ചേന, പാവൽ, പടവലം, വാളരി, വെണ്ട, വഴുതിന, ചീര, വെള്ളരി, മത്തൻ, കുമ്പളം, മുളക്, കോവൽ തുടങ്ങിയ അടുക്കളത്തോട്ട കൃഷിക്ക് ഇവിടെ പ്രസക്തിയുണ്ട്. പഞ്ചായത്ത് ആസ്ഥാനത്ത് ആഴ്ച ചന്ത തുടങ്ങുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.

കാർഷികോൽപന്നങ്ങളുടെ മാർക്കറ്റിംഗ് പ്രശ്നങ്ങളും അവയുടെ നിവാരണമാർഗ്ഗങ്ങളും ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

1. കൊപ്ര, അടയ്ക്ക, കശുവണ്ടി, കുരുമുളക്, എന്നിവ വിപണനം ചെയ്യുന്നതിന്, കാംകോം, നാഫെഡ്, കേരഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഡിപ്പോകൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

2. പച്ചക്കറികൾ വിപണനം ചെയ്യുന്നതിന് ആഴ്ച ചന്ത സ്ഥാപിക്കണം. ഇവിടെ വില നിലവാരവും, ഗുണനിലവാരവും പരിശോധിക്കാനുള്ള സംവിധാനം വേണം

3. നാളികേരം ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന്, വിപണനം നടത്തുന്നതിനുമുള്ള സംരംഭങ്ങൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്.

4. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ചക്ക, മാങ്ങ, കൈതച്ചക്ക തുടങ്ങിയവ കൊണ്ട് ജാം, അച്ചാറുകൾ, പലഹാരങ്ങൾ തുടങ്ങിയവക്കുള്ള വിപണന സാധ്യതയുണ്ട്

5. പഞ്ചായത്തിൽ മത്സ്യമാർക്കറ്റും, കോൾഡ് സ്റ്റോറേജും സ്ഥാപിക്കണം.

പാർപ്പിടം

വിദ്യാഭ്യാസ പരമായും സാംസ്കാരിക പരമായും ഏറെ മുൻപന്തിയിൽ നിൽകുന്ന ഈ പഞ്ചായത്ത് ചിറ്റാരിക്കൽ, പാലാവൽ എന്നീ വില്ലേജുകൾ ചേർന്നതാണ്. ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖല പൂർണ്ണമായും കൃഷിയെ ആശ്രയിച്ചിരക്കുന്നു. നല്ലൊരു വിഭാഗം ആളുകളുടെയും വീടുകൾ പരിമിതമായ സൗകര്യങ്ങൾ ഉള്ളവയാണ്. എങ്കിലും അടുത്ത കാലത്തായി കാർഷികവൃദ്ധിയിലൂടെ സാമ്പത്തിക നില മെച്ചപ്പെട്ട ആളുകളുടെ ഇടയിൽ കോൺക്രീറ്റ് വീടുകൾ കൂടിവരുന്നത് കാണാം. നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കൂലിപ്പണിയെടുതക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. കെട്ടിട നിർമ്മാണം, തടിപ്പണി, ഇഷ്ടിക നിർമ്മാണം, കരിങ്കൽ കോറകളിലെ പണി തുടങ്ങിയവ ഏറിവരുന്നു. ഗൾഫ് മേഖലയുടെ സ്വാധീനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്തിൽ ആകെയുള്ള 7287 വീടുകളിൽ കോൺക്രീറ്റ് വീടുകളുടെ എണ്ണം 744 ആണ്. ഓടിട്ട വീടുകൾ 2530 ഉം ഓലമേഞ്ഞവീടുകളുടെ എണ്ണം 3748ഉം മറ്റുള്ളവ 265 ആണ്.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	943	164	362	375	42
II	950	111	394	428	17
III	597	63	246	269	19
IV	710	44	211	428	27
V	586	37	183	344	22
VI	635	45	192	377	21
VII	516	37	156	304	19
VIII	770	32	212	502	24
IX	810	142	310	327	31
X	770	69	264	394	43

പഞ്ചായത്തിൽ ഒന്നിലധികം നിലവിലുള്ള വീടുകളുടെ എണ്ണം 58 ആണ്.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം തവാർഷിക അടിസ്ഥാനത്തിൽ

1991-92	92-93	93-94	94-95	95-96
6693	6791	6935	7066	2787

സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ 21ഉം ആരോഗ്യ സംബന്ധമായ സ്ഥാപനങ്ങൾ 3ഉം 2 ചെറുകിട വ്യവസായങ്ങളും കച്ചവട സ്ഥാപനങ്ങൾ 370ഉം ആണ് ഈസ്റ്റ് എളേരി പഞ്ചായത്തിൽ ഉള്ളത്. മെയിൻ റോഡുകൾക്ക് സമീപമായിട്ടാണ് ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നത്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഹോസ്ദുർഗ്ഗ് കാർഷിക വികസന ബാങ്ക്, നീലേശ്വരം ഭവന നിർമ്മാണ സഹകരണ സംഘം, ഹൗസിംഗ് ബോർഡിന്റെ വെള്ളരിക്കുണ്ട് ശാഖ, ജില്ലാ സഹകരണ ബാങ്ക് എന്നിവയും പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നു. അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്മയും കാരണം ഇത്തരം വായ്പകൾ സാധാരണക്കാരന് ലഭിക്കാത്ത അവസ്ഥയാണ് ഇന്ന്. ഇത്തരം ഭവന നിർമ്മാണ വായ്പകൾ സാധാരണക്കാരന് ലഭിക്കുന്നതിന് ഭവനനിർമ്മാണ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

2. പലിശ നിരക്ക് 12% ആക്കി നിജപ്പെടുത്തുക.

3. പ്ലോട്ടടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ 1753 കുടുംബങ്ങൾക്ക് വീട് ആവശ്യമായിട്ടുണ്ട്. സർക്കാർ ഏജൻസി മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം. പരിമിതമാണ്.

ദുർബല വിഭാഗക്കാർക്ക് വീട് വയ്ക്കുവാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതിക്കിപ്പണിയുവാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കാത്തവിധം ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ ഉൽസാഹക്കുറവ് കാണുന്നു. ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ ഉത്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടും ഉത്സാഹത്തോടെയും സമസ്ത ജന വിഭാഗങ്ങളെ സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

വിവിധ സ്കീമുകളിലായിട്ട് എട്ടാം പദ്ധതി കാലത്ത് 107 വീടുകൾ നൽകിയിട്ടുണ്ട്. അതിൽ 104 എണ്ണം പൂർത്തിയായി. ഭവന നിർമ്മാണ് ബോർഡു വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ് സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കുലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് മൂലവും പാവപ്പെട്ടവന്റെ "സ്വന്തമായൊരു വീട്" എന്ന ആഗ്രഹം ഒരു സ്വപ്നമായി അവശേഷിക്കുന്നു. ശേഷിക്കുന്നവർലഭിച്ച ആനുകൂല്യങ്ങൾക്കൊണ്ട് വീട്നിർമ്മിക്കുവാനും പണിപൂർത്തിയാക്കുവാനും കഴിയാത്ത അവ്സ്ഥയിലാണ്.

1972-73 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 30രൂപ കൂലിയുണ്ടായിരുന്നപ്പോൾ അവിദഗ്ദ്ധ തൊഴിലാളികൾക്ക് 15 രൂപയായിരുന്നു. 95-96 കാലയളവിൽ അവയഥാസമയം 180 രൂപയുമായി കണക്കാക്കുമ്പോൾ സ്ത്രീകൾക്ക് കൂലി നിരക്ക് വളരെ കുറവാണ്. സ്ത്രീകളുടെ കൂലി നിരക്ക് 50 ഉം 60 ഉം മാത്രമാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമെന്റിന് 1987-88 കാലയളവിൽ 70രൂപയിരുന്നത് 89ൽ 100രൂപയും 95-96വർഷത്തിൽ 180രൂപയിലും എത്തിനിൽക്കുന്നു. 87-88ൽ 100 കല്ലിന് 1200 എന്നത് 95-96ൽ 8000രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. 87-88ൽ ഒരുകിലോഗ്രം കമ്പിക്ക് 13 രൂപയായിരുന്നത് 96ൽ 16.50 രൂപയായി വർദ്ധിച്ചു. 95ൽ 1000 ഓടിന് 5000രൂപ ഉണ്ടായിരുന്നത് 96ൽ 5500ൽ എത്തിനിൽക്കുന്നു.

കുലി നിരക്കിലെയും അതിനെ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന (IAY, JRY, MWS) സഹായം വർദ്ധിപ്പിക്കുവാനും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലൂടെ നൽകുന്ന സഹായങ്ങളും വായ്പാ പരിധിയും വർദ്ധിപ്പിക്കേണ്ടതാണ്. ഇത്തരം സഹായങ്ങൾക്കുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകളും ഒഴിവാക്കേണ്ടിയിരിക്കുന്നു.

റവന്യു വകുപ്പുവഴി പ്രകൃതി ക്ഷോപത്താൽ വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും അത് കിട്ടുന്നതിന് കാലതാമസവും നേരിടുന്നു. നഷ്ടപ്പെട്ട വീടുകൾ പുനർ നിർമ്മിക്കുവാനോ ഈ വായ്പാ സഹായം കൊണ്ട് കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് കൊടുക്കാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകളോ സഹായങ്ങളോ കൊണ്ട് കാര്യമായ ഗുണം ലഭിക്കില്ലെന്ന് അനുഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു. വാർഡുതലത്തിൽ ഒരു ബൃഹത്തായ പദ്ധതി ഉണ്ടായാലേ ഈ അ,വസ്ഥ മാറ്റിയെടുക്കാൻ കഴിയു. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും യോഗം വിളിച്ചുകൂട്ടി സർക്കാർ ഫണ്ടിനു പുറമെ പ്രദേശിക തലത്തിൽ വിഭവ സമാഹരണം നടത്തി ഇതിനു പരിഹാരം കാണാൻ കഴിയും. പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലനിർണ്ണയത്തിൽ സർക്കാർ ഇടപെടുക.

2. സർക്കാർ ലഭ്യമാക്കുന്ന സാമ്പത്തിക സഹായങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടു കൾ ഇല്ലാതാക്കുക.

3. അപേക്ഷകൾ ഗ്രമപഞ്ചായത്തു വഴി വിതരണം ചെയ്യുക.

4. റജിസ്റ്റർ ഓഫീസിലെ അമിതഫീസ് ഇല്ലാതാക്കുക.

5. കാലതാമസം ഒഴിവാക്കുക.

6. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

7. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തുതലത്തിൽ സുക്ഷിക്കുക.

8. ചിലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

9. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പാതുക വർദ്ധിപ്പിക്കുക.

10. IAY, MWS, JRY, RLEGR എന്നിവയിലൂടെ നൽകുന്ന സഹായം 22000രൂപയിൽനിന്ന് 30000രൂപയാക്കി വർദ്ധിപ്പിക്കുക.

11. പ്രകൃതി ക്ഷോഭ പുനധിവാസ സഹായം 15000രൂപയിൽ നിന്ന് 25000രൂപയാക്കി ഉയർത്തുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗത്തുള്ള മിച്ച ഭൂമി പഞ്ചായത്ത് ഭൂമി എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5സെന്റ് ഭൂമി വീതം സൗജന്യമായി നൽകുകയും അവിടങ്ങളിൽകേന്ദ്ര പൊതുസ്ഥാപനങ്ങളുടെ ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടുകളുടെ നിർമ്മാണം നിർമ്മിതികേന്ദ്രം പോലള്ള ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഗുണ ഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യുക. 5വർഷംകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കൂട്ടായ് പ്രയത്നിക്കണം

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാൻ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. ഇതിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവർമെന്റുകളാണ് നടപ്പിലാക്കിവരുന്നത്. സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ, പ്രത്യേകം ക്ഷേമനിധി ബോർഡുകൾ വഴിയാണ് നടപ്പിലാക്കുന്നത്. പട്ടിക ജാതി ജന വിഭാഗങ്ങളുടെ ഉന്നമനത്തിന് പട്ടിക ജാതി വികസന കോർപറേഷനും, വനിതകളുടെ ക്ഷേമകാര്യത്തിനായി വനിതാകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരമുള്ള ക്ഷേമ പദ്ധതികളാണ് സാമൂഹ്യക്ഷേമ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ മുഖ്യമായും നടപ്പിലാക്കി വരുന്നത്.

I R D P സർവ്വേ പ്രകാരം എട്ടാം പദ്ധതികാലത്ത് നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെ 1595 കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണക്ക്. ഇതിൽ 194 കുടുംബങ്ങൾക്ക് നടപ്പു പദ്ധതികാലത്ത് I R D P സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 90 കുടുംബങ്ങൾ പട്ടിക ജാതി കുടുംബങ്ങളാണ്. എട്ടാം പദ്ധതി കാലത്ത് സാമ്പത്തിക സഹായങ്ങൾ ലഭ്യമായതുവഴി ഈ പഞ്ചായത്തിൽ 88 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തിയിട്ടുണ്ട്. I R D P സർവ്വേയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ 18 മുതൽ 35 വയസ്സുവരെ പ്രയമുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം ലഭിക്കുന്ന "ട്രൈസം" പദ്ധതി പ്രകാരം നടപ്പു പദ്ധതി കാലത്ത് പഞ്ചായത്തിലെ 10 ആളുകൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട് ഗ്രമീണ കൈതൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന "ടൂൾകിറ്റ്" എന്ന പദ്ധതി പ്രകാരം 144 പരമ്പരാകത കരകൗശല തൊഴിലാളികൾക്ക് എട്ടാം പദ്ധതികാലത്ത് പണിയായുധങ്ങൾ വിതരണ ചെയ്തിട്ടുണ്ട്. സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി 10ഓ അതിലധികമോ സ്ത്രീകൾ കൂട്ടായ് പ്രവർത്തിക്കുന്ന സംരംഭമാണ് DWCRA നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിലുള്ള 6യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന് പച്ചിക ജാതി വനിതാ യൂണിറ്റാണ്.

DWCRA പദ്ധതിയിൽ താൽപര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്തു തലത്തിൽ സ്വീകരിക്കേണ്ടതാണ് ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും ആവശ്യമായ മാർഗ്ഗ നിർദ്ദേശ സഹായങ്ങൾ നൽകുവാനും അതാതു പ്രദേശത്തെ സാമൂഹ്യസന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കുന്നത് ഗുണപ്രദമായിക്കും.ഇപ്പോൾ ഇത്തരം സ്കീമുകൾ വഴി യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റ് കണ്ടെത്താന് സാധിക്കാത്തസ്ഥിതിയുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി സർക്കാർ ഏജൻസികൾ മുന്നോട്ട് വരണമെന്ന് വിവിധ ഗ്രാമസഭായോഗങ്ങൾ ആവശ്യപ്പെടുകയുണ്ടായി.

നമ്മുടെ പഞ്ചായത്തിൽ 62% കുടുംബങ്ങൾക്ക് ഇനിയും സ്വന്തമായി കക്കൂസില്ല. സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ സാമ്പത്തിക സഹായം ലഭ്യമാക്കി പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം.

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് വില്ലേജ് ഓഫിസുകൾ വഴി വിവിധ പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായങ്ങളുമാണ് ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ കിട്ടുന്നില്ലെന്നതും അനർഹരായ കുറേപേർ

ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതായി ഈ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു. ഹോസ്ദുർഗ്ഗ് താലൂക്ക് വിഭജിച്ച് മലയോര താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ നിർദ്ദിഷ്ട താലൂക്കിന്റെ ആസ്ഥാനം ഭീമനടി ആയിരിക്കണമെന്ന് ഈ പഞ്ചായത്തിലെ ജനങ്ങൾ മൊത്തമായി ആവശ്യപ്പെടുന്നു.

പെൻഷനുകളെ സംബന്ധിച്ച്

വിധവാ പെൻഷൻ

നിലവിലുള്ള നിയമപ്രകാരം പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് ഈ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. ഈ മാനദണ്ഡത്തിന് മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അധികൃതരോട് അഭ്യർത്ഥിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വിധവാ പെൻഷൻ വാങ്ങുന്ന 33 ആളുകൾ ഉണ്ട് ഇതിൽ ചിറ്റാരിക്കാൽ വില്ലേജിൽ 26പേരും പാലാവയൽ വില്ലേജിൽ 7പേരും ഉണ്ട്.

വികലാംഗ പെൻഷൻ

ഈ പഞ്ചായത്തിൽ വികലാംഗപെൻഷൻ അർഹതയുള്ള 40 ഓളം പേരുണ്ടെങ്കിലും ഇപ്പോൾ നിലവിൽ 15 പേർക്ക് മാത്രമാണ് ലഭിക്കുന്നത്. അവരിൽ ചിറ്റാരിക്കാൽ വില്ലേജിൽ അഞ്ചുപേരും പാലാവയൽ വില്ലേജിൽ 10 പേരും ഉണ്ട്. വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയെ ആശ്രയിക്കണം. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസവും ഉണ്ടാവുന്നു. പഞ്ചായത്ത് തലത്തിൽ ഇതിനുള്ള സംവിധാനം ഉണ്ടാക്കണം.

കർഷക തൊഴിലാളി പെൻഷൻ

സാമൂഹ്യക്ഷേമ രംഗത്ത് വളരെ വിപ്ലവകരമായ ഒരു പരിഷ്കാരമായിരുന്നു കർഷകതൊഴിലാളി പെൻഷൻ. ഇന്ന് അനർഹരായ ധാരാളം പേർ ഈ പെൻഷൻ കൈപ്പറ്റുമ്പോൾ അർഹരായ കർഷക തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥയും നിലവിലുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ കർഷക തൊഴിലാളി പെൻഷന് അർഹതയുള്ളവരെ കണ്ടെത്തുന്നതിനും അത്തരക്കാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതിക്ക് അധികാരം നൽകേണ്ടതാണ്.

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ അനർഹമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ വളരെ കൂടുതലുണ്ട്. എന്നാൽ അർഹമായവർക്ക് ലഭിക്കാതെയും ഇരിക്കുന്നു.

ക്ഷേമനിധികൾ സംബന്ധിച്ച്

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഈസ്റ്റ് എളേരി പഞ്ചായത്തിൽ വളരെയധികം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിൽ ചെയ്യുന്നു. എന്നാൽ മുഴുവൻ ആൾക്കാരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം പിരിക്കുന്നുമില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അത്കൊണ്ട് തന്നെ തൊഴിൽ മേഖലയിൽ നിന്നും 55 വയസ്സാകുമ്പോഴേക്കും വിട്ടുനിൽക്കുവാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കണം. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടത്തുകയും വേണം.

കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി.

തയ്യൽക്കാർ, ബാർബർമാർ, കൊല്ലൻമാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച്-സൈക്കിൾ റിപ്പയർമാർ, തെങ്ങാവെട്ടിയുണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ

എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. അതിനുവേണ്ട നടപടികൾ എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

വിവിധ പെൻഷനുകളെ കുറിച്ചും, ക്ഷേമനിധികളെ കുറിച്ചും നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും അജ്ഞരാണ്. അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. അതിനു വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തു തലത്തിൽ നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

പൊതുവിതരണം.

ഈസ്റ്റ് എളേരി പഞ്ചായത്തിൽ 8 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. മാവേലിസ്റ്റോർ ഈ പഞ്ചായത്തിലില്ല. മാവേലിസ്റ്റോറുകൾ ഈ പഞ്ചായത്തിൽ അനുവദിക്കണം. ഈസ്റ്റ് എളേരി പഞ്ചായത്തിലെ നാലാം വാർഡിൽ പാറക്കടവിൽ ഒരു റേഷൻഷോപ്പിനു വേണ്ടി ജനങ്ങൾ മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. അതു തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏഴാം വാർഡിൽ കുളിനീർ കേന്ദ്രമാക്കി റേഷൻ കട അനുവദിക്കണം.

ഇവിടുത്തെ പൊതുവിതരണ കേന്ദ്രത്തിൽ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവയാണ് കൂടുതലായും വിതരണം ചെയ്യുന്നത്. ഒരാൾക്ക് 450ഗ്രാം പഞ്ചസാര എന്നത് 1കിലോ ആക്കി ഉയർത്തണം. വൈദ്യുതി ഇല്ലാത്ത വീടുകൾക്ക് ലഭിക്കുന്ന 5ലിറ്റർ മണ്ണെണ്ണ 7ലിറ്ററാക്കിയെങ്കിലും ഉയർത്തണം. വൈദ്യുതിയുള്ള വീടുകൾക്കും ഇപ്പോൾ ലഭിക്കുന്ന 2ലിറ്റർ മണ്ണെണ്ണ 5ലിറ്ററാക്കി ഉയർത്തണമെന്നും ഗ്രാമസഭകളിൽനിന്നും വന്ന നിർദ്ദേശങ്ങളിൽപ്പെടുന്നു. അതുപോലെ ഗുണമേന്മയുള്ള അരി പൊതുവിതരണ കേന്ദ്രം വഴി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ഈസ്റ്റ് എളേരി പഞ്ചായത്തിലെ 8 പൊതുവിതരണകേന്ദ്രങ്ങളിലായി 4194 കാർഡുടമകളാണുള്ളത്. ഇതിൽ 2864 വൈദ്യുതി കണക്ഷൻ ഇല്ലാത്തത കാർഡുടമകളും 1330 വൈദ്യുതികണക്ഷനുള്ള കാർഡുടമകളുമാണ് ഉള്ളത്.

അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ ഈ പഞ്ചായത്തിൽ അനുവദിക്കാത്തത് വളരെ ഖേദകരമാണ്. വരുംതലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായ അംഗൻവാടികൾ ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും അനുവദിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ ബാലവാടികളുടെ എണ്ണം രണ്ടാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് തീരെ അപര്യാപ്തമാണ്. ബാലവാടികളുടെ എണ്ണം അടിയന്തിരമായിവർദ്ധിപ്പിക്കേണ്ടതാണ്.

DWCRA

വാർഡ്	പദ്ധതി	വർഷം	അംഗങ്ങളുടെ എണ്ണം	സബ്സിഡി	പുരോഗതി
III	കറവ പശു വളർത്തൽ രണ്ട് യൂണിറ്റ്	94 - 95	24 പേർ	33.3%	നല്ലത്
V	കറവ പശു വളർത്തൽ ഒരു യൂണിറ്റ്	95 - 96	10 പേർ	33.3%	നല്ലത്
VIII	കറവ പശു വളർത്തൽ ഒരു യൂണിറ്റ്	94 - 95	12 പേർ	33.3%	നല്ലത്
X	കറവ പശു വളർത്തൽ ഒരു യൂണിറ്റ്	94 - 95	12 പേർ	33.3%	നല്ലത്
X	കുട്ട മെടയൽ യൂണിറ്റ്	95 - 96	പട്ടികജാതി 11 പേർ	50%	നല്ലത്

പഴം പച്ചക്കറി, ഉണക്കമത്സ്യം

മൊത്തമായും ചില്ലറയായും
സമീപിക്കുക

SAV വെജിറ്റബൾസ്

ചിറ്റാരിക്കൽ, പാലാവയൽ, പുളിങ്ങോം

അത്യുൽപ്പാദന ശേഷിയുള്ള എല്ലാ
ഇനം ബഡ് റബർ തൈകൾക്കും
സമീപിക്കുക

മാരൂർ റബർ നഴ്സറി

മണ്ഡപം



വികസന റിപ്പോർട്ട് - സംസ്കാരം

അധ്വാനിക്കുന്ന കർഷകരുടെ വിയർപ്പുതുള്ളികൾ വീണ് ഫലഭൂയിഷ്ഠമായ ഈസ്റ്റ് എളേരിയുടെ പൂർവ്വചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഒരു കാലഘട്ടത്തിന്റെ ചരിത്ര സ്മരണകൾ ഉണർത്തുന്നുവെന്ന നിലക്ക് കമ്പല്ലൂർ, കടുമേനി, നീലമ്പാറ, മുനയംകുന്ന് തുടങ്ങിയ പ്രദേശങ്ങൾ കലാസാംസ്കാരിക രംഗത്ത് സൃഷ്ടിപരമുഖമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് കൊണ്ട് നാടിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്തെ സമ്പന്നമാക്കിയിരുന്നതായി കാണുന്നു. കുടിയേറ്റത്തിന്റെ ആരംഭത്തോടു കൂടിയാണ് സാംസ്കാരികമായ വളർച്ചയുടെ കാലഘട്ടമാരംഭിക്കുന്നത്. 1940കളുടെ ആദ്യവത്സരങ്ങളിൽ മധ്യതിരുവിതാംകൂറിൽനിന്നും മലബാറിന്റെ വിവിധ മേഖലകളിലേക്ക് കുടിയേറ്റം നടത്തിയ കുട്ടത്തിൽ ഈ പഞ്ചായത്തിന്റെ വന്യമായ സൗന്ദര്യത്തിൽ ആകൃഷ്ടരായി 1945ൽ വാസമുറപ്പിച്ച ആദ്യകാല കുടിയേറ്റ ജനതയോട് ഈ നാട് ഏറെ കടപ്പെട്ടിരിക്കുന്നു. കുടിയേറ്റകാലഘട്ടത്തിനു മുമ്പുള്ള സാംസ്കാരിക പശ്ചാത്തലം തേടിപ്പോകുമ്പോൾ കമ്പല്ലൂർ ഭഗവതി ക്ഷേത്രത്തോടനുബന്ധിച്ചുള്ള തെയ്യം ഉത്സവങ്ങൾ സവിശേഷമായ പ്രാധാന്യം അർഹിക്കുന്നു. ആനിലയ്ക്ക് മാപ്പിളയും ചാമുണ്ഡിയും എന്ന തെയ്യം പ്രത്യേകം എടുത്ത് പറയേണ്ടതാണ്. നീലംപാറ മഖാം ഉറുസ് സാമൂഹ്യമായ ഏകീകരണത്തിനും ജീവിത നവീകരണത്തിനും ജനജീവത്തെ ഉൽബുദ്ധമാക്കുന്നതിനുള്ള വേദികൾ ഒരുക്കി മതസൗഹാർദ്ദത്തിന്റെ പ്രതീകമായി വിളങ്ങുന്നത് കാണാം. കടുമേനി, മുണ്ഡ്യക്കാവ് ഉത്സവം ഈ പ്രദേശത്തെ മതസൗഹാർദ്ദത്തിന്റെയും കുലീന സംസ്കാരത്തിന്റെയും ഇതിവൃത്തത്തെ വരച്ചുകാട്ടുന്നു.

ജന്മികുടിയാൻ വ്യവസ്ഥിതി ഭൂപരിഷ്കരണ നിയമ നടപടികളെ തുടർന്ന് അവസാനിച്ചെങ്കിലും ജന്മിത്താധിഗത്യം ഈ ഗ്രാമത്തിൽ വളരെകാലം തുടർന്നുവന്നു. 1950നു ശേഷം ഈ ഗ്രാമത്തിൽ സാംസ്കാരികമായ ഒരു കുതിപ്പുതന്നെയുണ്ടായി. ഇനി നാം എത്തിനിൽക്കുന്ന വികസനകാലഘട്ടത്തിൽനിന്ന് തിരിഞ്ഞുനോക്കുമ്പോൾ ഈ പ്രദേശത്തെ ഗ്രാമീണ സംസ്കാരത്തെ പരിപോഷിപ്പിച്ച വിവിധ ശ്രോതസ്സുകൾ വിസ്മരിക്കവയ്യ. അവയിൽ പ്രഥമസ്ഥാനം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തന്നെയാണ്. ജനനന്മക്കവേണ്ടി ഈ നാട്ടിൽ ഉയർന്നു വന്നിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരവധിയാണെങ്കിലും ഏകാധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിച്ച് ഇന്ന് ഹയർ സെക്കൻഡറിയായി എത്തി നിൽക്കുന്ന കമ്പല്ലൂർ ഗവ: ഹൈസ്ക്കുൾ തോമാപുരം എൽ.പി. സ്ക്കുൾ എന്നിവയാണ് വിദ്യാവികരണത്തിന് ആദ്യമായ് കൈത്തിരി തെളിച്ചത്. ഇന്ന് ഈ ഗ്രാമത്തിൽ നഴ്സറിമുതൽ ഹയർ സെക്കൻഡറി തലം വരെയായി 12 വിദ്യാലയങ്ങളുണ്ട്.

വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, ക്ലബുകൾ എന്നിവ വിദ്യാവിതരണത്തോടൊപ്പം സാംസ്കാരിക മുന്നേറ്റത്തിനും കളമൊരുക്കുന്നു. 1950-ൽ സ്ഥാപിച്ച കമ്പല്ലൂർ വായനശാലയാണ് ഈ ഗ്രാമത്തിലെ ആദ്യ ഗ്രന്ഥാലയം. ചിറ്റാരിക്കാൽ പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി, കമ്പല്ലൂർ സി.ആർ. സി. ഗ്രന്ഥാലയം, പൊങ്കൽ സാംസ്കാരിക നിലയം, ഏ.കെ.ജി. വായനശാല അരിമ്പ, മുനയംകുന്ന് വായനശാല, കിസാൻ ലൈബ്രറി കുളിനീർ, രശ്മി പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റും കാവും തല എന്നിവയാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ഗ്രന്ഥാലയങ്ങൾ. കൂടാതെ പ്രതിഭ ആർട്ട്സ് & സ്പോർട്സ് ക്ലബ് ചിറ്റാരിക്കാൽ, T.J. തോമസ് മെമ്മോറിയൽ ക്ബ്ബ് ചിറ്റാരിക്കാൽ, ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഗോക്കടവ്, മൺഡപം ഗ്രാമീണ വായനശാല, പട്ടേങ്ങാനം സാംസ്കാരിക നിലയം, പാവൽ ഭാവനാക്ലബ്ബ്, തപസ്യകലാകേന്ദ്രം, ജവഹർ സ്പോർട്സ് ക്ലബ്ബ് കമ്പല്ലൂർ, ജവഹർ സ്പോർട്സ് ക്ലബ്ബ്, ഹാപ്പിബ്രദേർസ് ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ് കൊല്ലാട, യുവശക്തി ആയന്നൂർ, ജയരേരള ആർട്സ് & സ്പോർട്സ് ക്ലബ് കടുമേനി, ഉദയ വായനശാല തോട്ടംചാൽ, യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുത്താടിത്തട്ട്, തപസ്യ സംഗീത വിദ്യാലയം

ചിറ്റാരിക്കാൽ , പ്രീയദർശിനി ക്ലബ്ബ്, ചിറ്റാരിക്കാൽ ഫൈൻ ആർട്സ് സൊസൈറ്റി, ദൃശ്യകലാ സമിതി കാവുന്തല, ന്യൂസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഓടക്കൊല്ലി, ദീപ്തി ആർട്സ് & സ്പോർട്സ് കാവുംതല, ഗ്രാമീണ വായനശാല പാലാവയൽ, ഇന്റർ നാഷണൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മലാൻകടവ്, Y.M.C.A. തയ്യേനി, എന്നിവ ഈ പ്രദേശത്ത് കലാ-സാസ്കാരിക കായിക മേഖലകളെ പരിപോഷിപ്പിക്കുന്ന സ്ഥാപനങ്ങളാണ്. ഇവ കൂടാതെ നിരവധി അമേച്വർ കലാസമിതികൾ ജന്മം കൊള്ളുകയും അല്പായുസുക്കളായി മൺമറഞ്ഞകാര്യവും വിസ്മരിക്കുന്നില്ല. കാവുംതല ദൃശ്യതീയറ്റേർസ് കൂറേയേറെ നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഈസ്റ്റ് എളേരി പഞ്ചായത്തിന്റെ സാംസ്കാരിക സാമൂഹിക രംഗത്ത് കാര്യമായ സംഭാവനകൾ നൽകിയ നിരവധി മഹത് വ്യക്തികൾ ഉണ്ടായിട്ടുണ്ട്. കേരളാ ഗ്രന്ഥശാലാ സംഘത്തിന്റെ ജില്ലാ സെക്രട്ടറി എന്ന നിലയിൽ ശ്രീ.സി.ജെ.കുര്യാക്കോസ് മലയോര മേഖലകളിൽ ഗ്രന്ഥശാലകൾക്ക് നൽകിയിട്ടുള്ള സേവനങ്ങളും പ്രോത്സാഹനങ്ങളും പ്രത്യേകം സ്മരണീയമാണ്.

കിഴക്കൻ മലയോര മേഖലാ പഞ്ചായത്തായ ഈസ്റ്റ് എളേരിയിൽ രാഷ്ട്രീയമായി കൂടുതൽ സ്വാധീനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനാണ്. കൂടാതെ സി.പി.ഐ.(എം) കേരളാകോൺഗ്രസ്സ് (എം) കേരളാകോൺഗ്രസ്സ്(ജെ) മുസ്ലീം ലീഗ്, സി.പി.ഐ, ബി,ജെ.പി. തുടങ്ങിയ രാഷ്ട്രീയ കക്ഷികളും അവയുടെ വിദ്യാർത്ഥി യുവജന സംഘടനകളും നിലവിലുണ്ട്.

മത സൗഹാർദ്ദത്തിലും മാനവ സാഹോദര്യത്തിലും അടിയുറച്ച് വിശ്വസിക്കുന്ന ഈ ഗ്രാമ ജന വിഭാത്തിൽ ക്രിസ്ത്യൻ മതവിശ്വാസികളാണ് അംഗസംഖ്യയിൽ മുന്നിൽ. ഹൈന്ദവ മതവിശ്വാസികളും ഇസ്ലാം മത വിശ്വാസികളും ഉൾപ്പെടെ ജനസാന്ദ്രതയേറിയ ഈ ഗ്രാമം ഒരിക്കൽ പോലും മത സ്പർദ്ധകൾക്ക് ഇടം നൽകിയിട്ടില്ല എന്നകാര്യം നമുക്ക് ഏറെ അഭിമാനിക്കാവുന്നതാണ്.

ജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചക്കും അതുവഴി നാടിന്റെ സർവ്വോന്മുഖമായ വികസനത്തിനും വലിയ ഒരളവോളം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ഈ പഞ്ചായത്തിലെ മത സ്ഥാപനങ്ങൾ. ക്രൈസ്തവ, ഹൈന്ദവ, മുസ്ലീം ആരാധനാലയങ്ങളും അവയോടനുബന്ധിച്ചുള്ള മതപഠന കേന്ദ്രങ്ങളും സാംസ്കാരിക വളർച്ചക്ക് വഹിച്ച പങ്ക് നിസ്തുലമാണ്. സെൻതോമസ് ഫെറോന ചർച്ച്, കിഴക്കൻ കാവ് ധർമ്മശാസ്ത്ര ക്ഷേത്രം, സലഫി മസ്ജിദ്, കടുമേനി, കമ്പല്ലൂർ ഭഗവതിക്ഷേത്രം, കൊല്ലാട ശ്രീ നാരായണ ധർമ്മ പരിപാലന സംഘം, കമ്പല്ലൂർ കൊല്ലാട മുസ്ലീം ജുമാമസ്ജിദ്, കൊല്ലാട വിഷ്ണുമൂർത്തി ക്ഷേത്രം നിമ്രാസുൽ ഇസ്ലാം മദ്രസ്സ, കമ്പല്ലൂർ അൽഫോൻസാ ചർച്ച്, കടുമേനി സെന്റ് മേരീസ് ചർച്ച്, നീലംപാറ ജുമാമസ്ജിദ്, കടുമേനി മുണ്ഡ്യക്കാവ്, നീലംപാറ ഹിദായത്തുൽ ഇസ്ലാംമദ്രസ്സ, മുനയം കുന്ന് മസ്ജിദ്, കാവുംതല ചർച്ച്, കണ്ണിവയൽ ചർച്ച്, സെന്റ് ജോൺസ് ചർച്ച് പാലാവയൽ, തയ്യേനി ചർച്ച്, തയ്യേനി ക്ഷേത്രം എന്നിവയാണ് ഈഗ്രാമത്തിലെ പ്രധാന മതസ്ഥാപനങ്ങൾ.

ഈ മതസ്ഥാപനങ്ങളിലെയും ആരാധനാലയങ്ങളിലെയും പ്രധാനപ്പെട്ട ആഘോഷങ്ങളും ഉത്സവങ്ങളും എല്ലാമതവിഭാഗക്കാരുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടും കൂടിയാണ് നടത്തപ്പെടുന്നത് എന്നുള്ളക്കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഈ ആഘോഷങ്ങൾ പലപ്പോഴും വിവിധ മത സമുദായങ്ങളുടെ സംഗമ വേദികൂടി ആകാറുണ്ട്. എല്ലാ വാർഡുകളിലും ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണെന്ന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ചിറ്റാരിക്കാലിൽ പ്രവർത്തിക്കുന്ന വൈസ്മൻക്ലബ്ബ് ആലംബഹീനരായ വൃദ്ധൻമാരെ സംരക്ഷിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പ്രൊജക്ടാണ് ''വൈസ്നിവാസ്''. ഇവിടെ പത്തോളം അന്തേവാസികളെ സംരക്ഷിക്കുന്നു.

കായികരംഗം

കായികരംഗങ്ങിൽ നിർണ്ണായക സ്ഥാനം ഉള്ള പഞ്ചായത്താണ് ഈസ്റ്റ് എളേരി നിരവധി കായിക പ്രതിഭകളെ വാർത്തെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ടീമിലും, ഇന്ത്യൻ ടീമിലും അംഗങ്ങളായ നിരവധി കായികതാരങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് . മലബാർ പ്രദേശത്തെ കളിക്കളങ്ങളിൽ നിറഞ്ഞുനിന്ന വോളിബോൾ താരങ്ങളുടെ കളിത്തൊട്ടിലാണ് ഈസ്റ്റ് എളേരി. ഇതിൽ നിർണ്ണായകമായ പങ്കുവഹിച്ച ക്ലബ്ബുകളാണ്. പ്രതിഭ ചിറ്റാരിക്കാൽ, ജവഹർ കമ്പല്ലൂർ,

ജയകേരള കടുമേനി, ഹാപ്പി ബ്രദേർസ് കൊല്ലാട, ഇന്റർ നാഷണൽ മലാങ്കടവ് എന്നിവ. ഇനിയും ഒട്ടേറെ ക്ലബ്ബുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ വോളിബോൾ ഇപ്പോഴും നിലനിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഈസ്റ്റ് എളേരി.

ജില്ല, യൂണിവേഴ്സിറ്റി തലങ്ങളിൽ മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കായിക രംഗങ്ങളിൽ മികവ് പ്രകടിപ്പിച്ച നിരവധി ആളുകൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസുകളിൽ ജോലി ലഭിച്ചിട്ടുണ്ട്. വോളിബോൾ കൂടാതെ ഫുട്ബോൾ, അത്ലറ്റിക്സ്, ക്രിക്കറ്റ് തുടങ്ങിയ സ്പോർട്സ് ഇനങ്ങൾക്കും വ്യക്തമായ സ്വാധീനം നമ്മുടെ പഞ്ചായത്തിലുണ്ട്. അമേരിക്കയിലെ കണക്ടിക്കട്ടിൽ വെച്ച് നടത്തപ്പെട്ട മന്ദബുദ്ധികൾക്കായുള്ള സ്പെഷ്യൽ ഒളിംമ്പിക്സിൽ നീന്തൽ മത്സരത്തിൽ സ്വർണ്ണം നേടിയ ജയ്മോൾ കൊച്ചിമുറിയിൽ എന്നകുട്ടിയും നമ്മുടെ പഞ്ചായത്തിന്റെ സംഭാനവനയാണ്. മാത്യൂചാക്കോ തെക്കൻ (വോലിബോൾ) വർഗീസ് കെ.സി. കാരിക്കക്കുന്നേൽ (വോളിബോൾ) ഗീതാമണി കോട്ടൂർ (അത്ലറ്റിക്സ്) എന്നിവരും അഖിലേന്ത്യാ തലത്തിൽ ശ്രദ്ധപിടിച്ചുപറ്റിയ കായികതാരങ്ങളാണ്. പുതിയ തലമുറക്ക് കായികരംഗത്തോട് അതിയായ താൽപര്യമാണ് ഉള്ളതെങ്കിലും ഈ താൽപര്യത്തെ വളർത്തിയെടുക്കുവാൻ സ്കൂൾ തലത്തിലും മറ്റു ഗവ. തലത്തിലും കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. സർക്കാർ തലത്തിൽ നടപ്പാക്കുന്ന പല പരിപാടികളും വ്യക്തമായ പ്ലാനിംഗ് ഇല്ലാത്തത് കൊണ്ട് ഉദ്ദേശിച്ച ഫലങ്ങൾ കിട്ടുന്നില്ല. ഈരംഗത്ത് ക്രിയാത്മകമായ രീതിയിൽ പ്രവർത്തിച്ചാൽ ദേശീയശ്രദ്ധയാകർഷിക്കുന്ന പ്രതിഭകളെ രാജ്യത്തിനു സംഭാവനചെയ്യാൻ നമുക്കു സാധിക്കും. ഇതിനാവശ്യമായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കഴിവുള്ള വിദ്യാർത്ഥികളെ സ്കൂൾ തലത്തിൽനിന്ന് കണ്ടെത്തുക.

2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ കലാകായിക സമിതി ഉണ്ടാക്കി ജനകീയ പങ്കാളിത്തത്തോടെ കായിക മേളകൾ സംഘടിപ്പിക്കുക.

3. അവധിക്കാല സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ പ്രഗൽഭന്മാരെ പങ്കെടുപ്പിച്ച് നടത്തുക.

4. കായികമേളകൾ നടത്തുന്നതിന് സൗകര്യപ്രദമായ സ്റ്റേഡിയങ്ങൾ നിർമ്മിക്കുക.

5. കായിക മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനകൾക്ക് അനുവദിക്കുക.

പ്രശ്നങ്ങൾ

ഇന്ന് സാംസ്കാരിക മണ്ഡലം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം.

1. പഞ്ചായത്തിലെ ചുരുക്കംചില വാർഡുകളിലൊഴികെ ഭൂരിഭാഗം വാർഡുകളിലും അംഗീകൃത ഗ്രന്ഥശാലകൾ ഇല്ല.

2. പഞ്ചായത്ത് ലൈബ്രറി ചിട്ടയായി പ്രവർത്തിക്കുന്നില്ല.

3. നിലവിൽ ഗ്രന്ഥശാല സംഘത്തിന്റെ കീഴിലുള്ള ലൈബ്രറികൾ ജനാധിപത്യപരമായും സാംസ്കാരിക രംഗത്ത് പ്രയോജനപ്പെടുമാറും പ്രവർത്തിക്കുന്നില്ല.

4. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജന വിദ്യാകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമാണ്. പട്ടിക ജാതി – പട്ടിക വർഗ കോളനികളിൽ (കുണ്ടാരം, നെല്ലിക്കാമല, പട്ടേങ്ങാനം) സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.

5. സാംസ്കാരിക രംഗത്ത് പ്രാചീന കലാരൂപങ്ങളായ തെയ്യം, നാടൻ പാട്ടുകൾ, ദഫ്മുട്ട്, കോൽക്കളി തുടങ്ങിയ കലകൾ പ്രോത്സാഹനം ലഭിക്കാതെ അന്യം നിന്നുപോയി.

6. കായിക പ്രതിഭകൾക്ക് വളരാനാവശ്യമായ സഹായം സർക്കാർ പക്ഷത്തുനിന്നും ലഭിക്കുന്നില്ല.

7. കലാകായിക സംസ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്ന ആധുനിക ദൃശ്യമാധ്യമങ്ങളായ ടെലിവിഷൻ പഞ്ചായത്തിൽ വ്യാപിച്ചിട്ടില്ല.

പരിഹാരമാർഗങ്ങൾ

കലാകായിക സംസ്കാരങ്ങൾ സ്വയം വളർന്നുവരേണ്ടതാണെങ്കിലും അധികൃതരുടെ പ്രോത്സാഹനവും സഹായവും കിട്ടിയാൽ മാത്രമെ അത് നാം ഉദ്ദേശിക്കുന്ന രീതിയിൽ വളർന്നു വരികയുള്ളൂ.

1. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം ചിട്ടയായി കൊണ്ടുപോകുവാനും ഒരു റഫറൻസ് ലൈബ്രറി എന്ന നിലക്ക് അത് ഉയർത്തികൊണ്ടു വരികയും വേണം. ഇതിന്റെ പ്രവർത്തനത്തിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുവേണ്ടി ഒരു ഉപദേശകസമിതി രൂപീകരിക്കണം. കൂടാതെ വായനശാല അംഗങ്ങളുടെ യോഗം വിളിച്ചു ചേർത്ത് ഗ്രന്ഥശാല പ്രവർത്തനത്തെ കുറിച്ച് ചർച്ച ചെയ്യണം.

2. വാർഡുകൾതോറും ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നിന് പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ ശ്രമം ആരംഭിക്കണം.

3. നിലവിലുള്ള ഗ്രന്ഥാലയങ്ങൾ വിപുലീകരിക്കുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളണം.

4. പ്രചീന കലാരൂപങ്ങൾ ഒരു നാടിന്റെ കഴിഞ്ഞകാല സംസ്കാരത്തിന്റെ തുടിപ്പുകളാണ്. തെയ്യങ്ങൾ, നാടൻപാട്ടുകൾ, ദഫ്മുട്ട്, കോൽക്കളി, മാർഗംകളി എന്നിവയുടെ തനിമകൾ കാത്തുസൂക്ഷിക്കുവാനും അന്യംനിന്നു പോകാതിരിക്കാൻ പുതിയതലമുറക്ക് ഇത് കൈമാറാനും കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാടൻ കലാ അക്കാദമിയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലേക്കും വ്യാപിക്കുക.

5. ജനവിദ്യാകേന്ദ്രങ്ങളിലൂടെ പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിലേക്ക് സാക്ഷരതാ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കണം. ജനവിദ്യാകേന്ദ്രങ്ങൾക്ക് നേതൃത്വപരമായ പങ്ക് നൽകിക്കൊണ്ട് ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ അവസരം നൽകുക.

6. വാർഡുകളിൽ പ്രധാനപ്പെട്ട സാംസ്കാരി സ്ഥാപനങ്ങൾക്ക് ടെലിവിഷൻ വാങ്ങുന്നതിന് വേണ്ട സഹായങ്ങൾ നൽകുക.

7. നാടകം തുടങ്ങിയ കലാപരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ വ്യാപിപ്പിക്കണം.

8. പഞ്ചായത്തു തലത്തിൽ കലാസാംസ്കാരിക മത്സര പരിപാടികൾ സംഘടിപ്പിക്കുക.

9. സംഗീതത്തിനും നാടകത്തിനും പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് ഗവ. തലത്തിലുള്ള സഹായം ലഭ്യമാക്കുക.

10. കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി കടുമേനി, കമ്പല്ലൂർ, തയ്യേനി എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്കൂൾതല കായിക മത്സരങ്ങളിൽ ഈ പഞ്ചായത്തിലെ ഹരിജന വിഭാഗത്തിൽപ്പെട്ട ധാരാളം കുട്ടികൾ മികവു പുലർത്തി കാണുന്നുണ്ടെങ്കിലും അവർക്കു മികച്ച പരിശീലനത്തിന്റെയും പ്രോത്സാഹനത്തിന്റെയും അപര്യാപ്തതമൂലം തുടർന്ന് ഈ രംഗത്ത് ശോഭിക്കാൻ കഴിയാതെ വരുന്നു. ആയതിനാൽ ഇത്തരത്തിൽപ്പെട്ട ഗ്രാമീണ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് സ്പോർട്സ് കൗൺസിലിന്റെയും ഹരിജന ക്ഷേമ ബോർഡിന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

11. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു വിവേ ഗ്രഹണകേന്ദ്രം (Information Centre) ആരംഭിക്കേണ്ടതാണ്.

THE KASARAGOD DISTRICT CO-OPERATIVE RUBBER MARKETING SOCIETY
LTD. NO : C.325
CHITTARICKAL P.O., Phone : 721023

MARKETING OFFICE - KANHANGAD — Phone : 704351, 704410
KASARAGOD LATEX FACTORY - MANGOD — " 613383

DEPOT

Chittarickal	Phone	721023
Beemanady	"	613332
Vellarikundu	"	612255
Maloth	"	633233
Malakallu	"	604040
Bendadukka	"	400249
Konnakkadu	"	633326
Kalichanadukam	"	756146
Kadumeni	"	721161
Palavayal	"	812092
Parappa (PP)	"	734246
Cheemeni S.C. Bank (Agency)	"	750339
West Eleri S.C. Bank (Agency)	"	613327

* Leading Rubber Marketing Society in Kerala
* Largest Suppliers of Fertiliser in Kasaragod District
* We offer attractive rate of interests on deposits verying from 130 to 15.5% according to period
* Producers of High Quality 60% Concerntrated Rubber Latex (Kasaragod Latex Factory)

K.J. Chacko Kollakombil
President
Ph : 721133

P.J. Mathew
Managing Director
Ph : 721332

വെട്ടം ചിറ്റ്സ് Pvt. Ltd.,

Reg. Off. Faridabad No. BES 95/2560

H. O. PAYYANNUR

ബ്രാഞ്ചുകൾ : പുളിങ്ങോം, ചിറ്റാരിക്കൽ, പയ്യന്നൂർ, ശ്രീകണ്ഠാപുരം, ഇരിട്ടി & മാനന്തവാടി

എല്ലാ മാസവും പുതിയ ചിട്ടികൾ ആരംഭിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
സിബി വെട്ടം

മലഞ്ചരക്ക് വ്യാപാരം

സെന്റ് മേരീസ് ട്രേഡേർസ്

ചെറുപുഴ

സഹോദര സ്ഥാപനം

പാലാവയൽ ട്രേഡേർസ്

"ആശംസകൾ "

ഹോട്ടൽ ടിൻസ്

ചിറ്റാരിക്കാൽ

പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം.

കുടിയേറ്റ മേഖലയായ ഈസ്റ്റ് എളേരി പഞ്ചായത്തിലെ ജനങ്ങൾ പരമ്പരാഗതമായി കൃഷിയേയും, കൂലിപ്പണിയേയും ആശ്രയിച്ച് ജീവിക്കുന്നവരാണ്. വികസനത്തിന്റെ ശംഖൊലികൾ ഇനിയും എത്തിചേർന്നിട്ടില്ലാത്ത എത്രയോ പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇവിടുത്തെ കർഷക ജീവിതത്തെ സ്വാധീനിച്ചുവരുന്ന ഒരു സുപ്രധാന ഘടകമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം തദ്ദേശ വാസികൾക്ക് എന്നും ഒരു തീരാശാപമാണ്.

ജനങ്ങൾ

ജാതിമത വർഗരാഷ്ട്രീയ വൈരം തൊട്ടു തീണ്ടിയിട്ടില്ലാത്ത ഒരു ജനതയാണ് ഈ പഞ്ചായത്തിലുള്ളത്. വിവിധ മതവിഭാഗങ്ങളുടെ ദേവാലയങ്ങൾ തോളുരുമ്മി ഇവിടെ സ്ഥിതി ചെയ്യുന്നു. വ്യത്യസ്ഥ രാഷ്ട്രീയാനുഭങ്ങൾ വച്ചുപുലർത്തുന്നവരാണെങ്കിലും ദൈനംദിന ജീവിതത്തിൽ അതൊരിക്കലും പ്രകടിപ്പിക്കാൻ ഇവിടുത്തെ ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ

സംസ്ഥാനത്ത് മൊത്തമുള്ള 68 പട്ടികജാതി വിഭാഗങ്ങളിൽ ഏകദേശം പതിനഞ്ച് വിഭാങ്ങളിൽപ്പെട്ട പട്ടികജാതിക്കാർ ഈസ്റ്റ് എളേരി പഞ്ചായത്തിൽ വാസമിച്ചു വരുന്നു. ഈസ്റ്റ് എളേരി പഞ്ചായത്തിലെ ആകെ ജന സംഖ്യയും അതിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യവും താഴെ കൊടുത്തിരിക്കുന്ന പട്ടിക സൂചിപ്പിക്കുന്നു.

	ആകെ	പുരു.	സ്ത്രീ
ആകെ ജനസംഖ്യ	22731	11525	11213
പട്ടികജാതി	1911	988	923
പട്ടികവർഗ്ഗം	22	14	8

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും നിലവിലുള്ള ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞതയും ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങളുടെ ജീവിത നിലവാരം എന്നും താഴെതട്ടിൽതന്നെ നിലനിർത്തുന്ന സ്വാധീന ഘടകങ്ങളാണ്. ഗവർമെൻറ് അംഗീകരിച്ചതും അംഗീകാരം കാത്തുകഴിയുന്നതുമായ നിരവധി കോളനികൾ പഞ്ചായത്തിലെ വിവിധ വാർഡുകളിലുണ്ട്. കൂടാതെ നിരവധി പട്ടികജാതി കുടുംബങ്ങൾ ഒറ്റപ്പെട്ടു താമസിക്കുന്ന പ്രദേശങ്ങളും ഇവിടെയുണ്ട്. ഈസ്റ്റ് എളേരി പഞ്ചായത്തിൽ ഐ.എച്ച്.ഡി.പി. കോളനികളായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് കേവലം രണ്ട് കോളനികൾ മാത്രമാണ്. 1. പട്ടേങ്ങാനം ഐ.എച്ച്.ഡി.പി കോളനി. 2. വായിക്കാനം ഐ.എച്ച്.ഡി.പി. കൊളനി. പഞ്ചായത്തിൽ നിരത്തും തട്ട്, കുണ്ടാരം, കാറ്റാം കവല, നെല്ലിക്കാമല, ചേറംക്കല്ല്, പള്ളികുന്ന്, കൂട്ടകുഴി, മീനംചേരി, എക്കൽ, കാവുംതല, ഒറ്റകുഴി, കൊല്ലാട - ചെരുവപ്പാടി, ഹോളിതട്ട്, മൗവേനി, ഉദയപുരം, വെള്ളടുക്കം, കോട്ടകുന്ന്, സർക്കാരി, പാവൽ - ചിത്രാടി, മൂത്താടിതട്ട് തുടങ്ങിയ പ്രദേശങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾ കൂട്ടമായും ഒറ്റപ്പെട്ടും താമസിച്ചു വരുന്നു. കോളനികളായി അംഗീകരിക്കപ്പെട്ടവയും, അല്ലാത്തവയും മേൽപ്പറഞ്ഞവയിൽപ്പെടുന്നു.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിശദമായ ഒരു സർവ്വേയുടെ അഭാവം അവരെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭിക്കുവാൻ തടസ്സമായി നിൽകുന്നു.

നിലവിലുള്ള ആനുകൂല്യങ്ങൾ

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും, അവർക്കുവേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും സർക്കാർ തലത്തിൽ ഒട്ടേറെ പദ്ധതികളും, ആനുകൂല്യങ്ങളും, ഇളവുകളും പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിൽപ്പോലും, മേൽസൂചിപ്പിച്ചപോലെ ആനുകൂല്യങ്ങളെ ക്കുറിച്ചുള്ള അജ്ഞത, അവ ലഭിക്കുവാനുള്ള കാലതാമസം തുടങ്ങിയ ഒട്ടേറെ കാരണങ്ങൾ മൂലം മിക്കതും പലപ്പോഴും ലാപ്സായിപ്പോകാൻ ഇടയായിട്ടുണ്ട്. വിവാഹത്തിനുള്ള ധനസഹായം, വീട് പണിയുന്നതിനും, ഓലമേയുന്നതിനും മറ്റുമുള്ള ധനസഹായം, ചികിൽസക്കുള്ള സഹായങ്ങൾ, ലസ്സം ഗ്രാൻറ്, വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ് തുടങ്ങിയ ആനുകൂല്യങ്ങൾ യഥാവസരം ലഭ്യമാക്കാനുള്ള

സത്വരനടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

തൊഴിൽ

പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ മുഖ്യമായും കാർഷികമേഖലയിലെ കൂലിപ്പണിയുമായ് ബന്ധപ്പെട്ടാണ് ഉപജീവനം നടത്തുന്നത്. വ്യവസായശാലകളുടെ അഭാവം, പരമ്പരാഗത തൊഴിൽ മേഖലയുടെ തകർച്ച തുടങ്ങിയ ഒട്ടേറെകാരണങ്ങൾ ഈ സാഹചര്യത്തിനു വഴിയൊരുക്കുന്നു. കാർഷികമേഖലയിൽ കൂലിപ്പണിക്കുള്ള അവസരങ്ങൾ ധാരാളമുണ്ടെങ്കിൽപ്പോലും മെച്ചപ്പെട്ട ഒരു ജീവിതസാഹചര്യമൊരുക്കാൻ ഈ മേഖലയിൽ നിന്നുള്ള വരുമാനം തികയാതെ വരുന്നു. ഒരു കാലത്ത് പട്ടികജാതി -പട്ടികവർഗ്ഗവിഭാങ്ങൾക്കിടയിൽ കൊട്ട, വട്ടി, തടുപ്പ തുടങ്ങിയ പരമ്പരാഗത കൈത്തൊഴിലുകൾ സജീവമായിരുന്നു. പുതിയ തലമുറയുടെ താത്പര്യമില്ലായ്മ അസംസ്കൃത വസ്തുക്കളുടെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ ഈ രംഗത്തുള്ളവരുടെ തകർച്ചക്ക് വഴിതെളിയിച്ചു.

പാർപ്പിടം

സ്വന്തമായി പാർപ്പിടം ഭൂമി എന്നിവ ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾ ധാരാളം ഉണ്ട് ഈ പഞ്ചായത്തിൽ. പാർപ്പിടം വൈദ്യുതീകരിക്കൽ, കക്കൂസ് തുടങ്ങിയ പ്രശ്നങ്ങൾ പഞ്ചായത്തിലെ എല്ലാ കോളനികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

ഗതാഗതം

പഞ്ചായത്തിലെ ഏകദേശം 80% കോളനികളും അഭിമുഖീകരിക്കുന്ന അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണ് ഗതാഗത സൗകര്യങ്ങളുടെ അഭാവം ഇത് കോളനികളെ ഒറ്റപ്പെട്ടസ്ഥിതിയിലേക്ക് നയിക്കുന്നു. സാധനങ്ങളുടെ വിനിമയം, രോഗികളെ ആശുപത്രിയിൽ എത്തിക്കൽ, പുറം ലോകവുമായി ബന്ധപ്പെടൽ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾക്ക് ഗതാഗത വികസനം ത്വരിത ഗതിയിൽ നടത്തേണ്ടത് അത്യാവശ്യമാണ്.

വിദ്യാഭ്യാസം

സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്തവരും കുടുംബം പുലർത്തേണ്ടതിനാൽ വിദ്യാഭ്യാസം തുടരാൻ കഴിയാത്തവരും ധാരാളമുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പലകോളനികളും വിദ്യാഭ്യാസസ്ഥാപനങ്ങളുമായി ഗതാഗത മാർഗ്ഗം മുഖേന ബന്ധം പോലും ഇല്ലാത്തവയാണ്. കോളനി നിവാസികൾക്കിടയിൽ വിദ്യാഭ്യാസ ബോധവൽക്കരണം അത്യാവശ്യമാണ്. വിദ്യാർത്ഥികൾക്ക് യൂണിഫോമും, പാഠ്യോപകരണങ്ങളും സൗജന്യമായി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ സാക്ഷരതാ പ്രവർത്തനം സജീവമായി തുടർന്നുപോകേണ്ടതാണ്. നിരക്ഷരരുടെ എണ്ണത്തിലുണ്ടായ കുറവ് സാക്ഷരതാ പ്രവർത്തനത്തിന്റെ വിജയത്തെ എടുത്തു കാണിക്കുന്നു.

ആരോഗ്യം

അടിയന്തിരമായി ബന്ധപ്പെടാനോ, അടിസ്ഥാന വിവരങ്ങൾ നേടുവാനോ സാധിക്കാത്തവിധം കോളനികളിൽനിന്നും വളരെ ദൂരെയാണ് ആരോഗ്യകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. ആരോഗ്യസബന്ധമായ ബോധവൽക്കരണത്തിന്റെ ആവശ്യകത എല്ലാ കോളനികളും നേരിടുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനാൽ ഇവിടങ്ങളിൽ പകർച്ച വ്യാധികൾ പകരാനും, പിടിപെടാനും ഉള്ള സാധ്യകൾ വളരെ കൂടുതലാണ്. പരിസര ശുചീകരണത്തിനുള്ള ഉപാധികൾ മുഴുവൻ കോളനികളിലും ലഭ്യമാകേണ്ടതുണ്ട്.

ശുദ്ധജല വിതരണം.

ഈ പഞ്ചായത്തിലെ മുഴുവൻ കോളനികളും രൂക്ഷമായ ശുദ്ധജല ക്ഷാമം നേരിടുന്നവയാണ്. പൊതുകിണറുകൾ കുഴിച്ചും, ടാങ്കുകൾ സ്ഥാപിച്ച് പൈപ്പ് ലൈൻ സംവിധാനം മുഖേനയും കോളനികളിൽ ശുദ്ധജല വിതരണം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടാതാണ്.

വൈദ്യുതി

പഞ്ചായത്തിലെ ഏകദേശം 90% കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതീകരിച്ച കോളനികളിൽ തന്നെ നിലവിലുള്ള ഒറ്റ ബൾബ് സംവിധാനം തീരെ അപര്യാപ്തമാണ്. വൈദ്യുതി എത്തിക്കാനാകാത്ത പ്രദേശങ്ങളിൽ സോളാർ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. മിക്ക

കോളനികളും നിലവിലുള്ള വൈദ്യുതി ലൈനിൽ നിന്നും ഏകദേശം മുന്നൂറു മീറ്റർ അകലെയല്ലാത്ത ദൂരത്ത് സ്ഥിതി ചെയ്യുന്നവയാണ്.

സാമൂഹ്യ ക്ഷേമം

പട്ടകജാതി - പട്ടികവർഗ്ഗത്തിലുള്ളവർ ആരും തന്നെ ബഹുജന സംഘടനാ രംഗത്തില്ല. ബഹുജന സംഘടന കളിലേക്ക് ആകർഷിക്കാനും അവരിലുള്ള നേതൃത്വ ശേഷി വളർത്തിയെടുക്കാനും കൂട്ടായ ശ്രമം ആവശ്യമാണ്.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിവിധ കലാരൂപങ്ങളുമായി ബന്ധമുള്ളവരും കലാകാരൻമാരും ധാരാളം ഉണ്ട്. അത്തരക്കാരെ കണ്ടെത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ഗ്രാമോൽസവങ്ങൾ സംഘടിപ്പിക്കണം. തെയ്യം മുതലായ പരമ്പരാഗത കലാ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അർഹമായ സ്ഥാനവും സഹായങ്ങളും നൽകാൻ ബദ്ധശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

പട്ടികജാതി - പട്ടകവർഗ്ഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. സർക്കാർ കോളനികളായി അംഗീകരിക്കാത്ത ധാരാളം കോളനികൾ ഈ പഞ്ചായത്തിലുണ്ട്.

2. പട്ടികജാതി - പട്ടികവർഗ്ഗവിഭാങ്ങൾക്കിടയിൽ സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്തവരുണ്ട്.

3. മിക്കകോളനികളും വൈദ്യുതീകരിച്ചിട്ടില്ല.

4. ഗതാഗത സൗകര്യങ്ങളുടെ അഭാവം എല്ലാ കോളനികളും നേരിടുന്നു.

5. കോളനികൾ എല്ലാം തന്നെ രൂക്ഷമായ ശുദ്ധജല ക്ഷാമം നേരിടുന്നു.

6. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിന് സാമ്പത്തിക പരാധീനത അനുഭവിക്കുന്നു.

7. ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുവാൻ ഉതകുന്ന സ്ഥാപനങ്ങളുടെ അഭാവം.

സാദ്ധ്യതകൾ

വിദ്യാഭ്യാസം

സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടാനാകാത്ത കോളനികളെ ഗതാഗത സംവിധാനം മുഖേന ബന്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. തയ്യേനി യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുകയും. ചാവറഗിരി, ഉദയപുരം, നിരത്തുംതട്ട്, കുണ്ടാരം, നെല്ലിക്കാമല തുടങ്ങിയ പ്രദേശങ്ങളിൽ സ്കൂളുകൾ അനുവദിക്കാനുള്ള സാധ്യതകൾ ആരായുകയും ചെയ്യാവുന്നതാണ്. കുണ്ഡാരം, നിരത്തുംതട്ട്, നെല്ലിക്കാമല, പട്ടേങ്ങാനം, ചേറംകല്ല്, സർക്കാരി കോളനികളിൽ ബാലവാടികൾ സ്ഥാപിക്കുവാൻ നടപടിയെടുക്കണം.

ആരോഗ്യം

എല്ലാ കോളനികൾക്കും എളുപ്പത്തിൽ ബന്ധപ്പെടാനുള്ള തരത്തിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയോ ആരോഗ്യ പ്രവർത്തകരുടെ സാന്നിദ്ധ്യം കോളനികളിൽ കൂടെകൂടെ ഉറപ്പു വരുത്തുകയോ ചെയ്യുന്നതുമൂലം നിലവിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. പരിസര ശുചീകരണത്തിനുള്ള കീടനാശിനികൾ ആരോഗ്യ പ്രവർത്തകർ മുഖേന ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഗതാഗതം

മിക്കവാറും എല്ലാകോളനികളും നേരിടുന്ന ഒരു മുഖ്യപ്രശ്നമാണ് ഗതാഗത സൗകര്യങ്ങളുടെ അഭാവം. മിക്ക കോളനികളും നിലവിലുള്ള റോഡുകളിൽ നിന്ന് അധികം അകലെയല്ലാത്ത ദൂരത്തിൽ സ്ഥിതി ചെയ്യുന്നവയാണ്. ഗതാഗത സൗകര്യം ലഭ്യമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നീലംപാറ - പട്ടേങ്ങാനം, ഐ.എച്ച്.ഡി.പി. കോളനി റോഡ് ടാർ ചെയ്യുക.

2. പാവൽ, ചിത്രാടി, കോട്ടക്കുന്ന് കോളനികളിലേക്ക് റോഡ് വെട്ടുക.

3. തയ്യേനി - തായ്മുണ്ട റോഡ് ടാർ ചെയ്യുക.

4. കൊല്ലാട - പെരളം റോഡുകൾ ടാർ ചെയ്യുക.

5. നല്ലോമ്പുഴ - മുത്താടിത്തട്ട് - ഭാവനഗിരി റോഡ് ടാർ ചെയ്യുക.

6. തയ്യേനി - ഏക്കൽ കാവുംതല റോഡ് ടാർ ചെയ്യുക.

7. ഓടക്കൊല്ലി - കുട്ടകുഴി പഞ്ചായത്ത് റോഡ് ഹോളിതട്ട് കോളനിയുമായി ബന്ധപ്പെടുത്തുക.

8. തയ്യേനി - ഒറ്റകുഴി കാവുംതല റോഡ് ഹരിജൻ കോളനി ഉൾപ്പെടുത്തി ടാർ ചെയ്യുക.

9. തയ്യേനി - മീനംചേരി - കുട്ടകുഴി റോഡ് ഗതാഗത യോഗ്യമാക്കുക.

10. ഏണിച്ചാൽ - കണ്ണിവയൽ റോഡ് റിപ്പയറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുക.

11. കുണ്ടാരം കോളനികളിൽ നിന്ന് നെല്ലിക്കാമല - നിരത്തുംതട്ട് റോഡ് നിർമ്മിക്കുക.

12. കണ്ണിവയലിൽ നിന്നും നെല്ലിക്കാമല കോളനിയിലേക്കുള്ള റോഡ് എസ്. സി. പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യുക.

13. നിരത്തും തട്ട് - നെല്ലിക്കാമല കോളനികൾ തമ്മിൽ ബന്ധിപ്പിക്കുക.

14. കാവുംതല - കുണ്ടാരം ഹരിജൻ കോളനി റോഡ് എസ്. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യുക.

തൊഴിൽ

പരമ്പരാഗത തൊഴിൽ മേഖലയായ കൊട്ട, വട്ടി, തടുപ്പ തുടങ്ങിയവ നിർമ്മിക്കുന്നതിൽ വിദഗ്ദരായവർക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ സഹകരണ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഉൽപന്നങ്ങൾ ന്യായമായ രീതിയിൽ വിറ്റഴിക്കാനാവശ്യമായ മാർക്കറ്റ് ഈ സഹകരണസംഘങ്ങൾ ഉറപ്പ് വരുത്താൻ ശ്രദ്ധിക്കണം. തയ്യിൽ മെഷീൻ മുതലായ കൈതൊഴിലിൽ ഏർപ്പെടാൻ പ്രോൽസാഹനം നൽകുകയും അതിനാവശ്യമായ യന്ത്രസാമഗ്രികൾ സബ്സിഡിനിരക്കിൽ വിതരണം ചെയ്യാൻ ശ്രദ്ധിക്കുകയും വേണം.

വൈദ്യുതി

നിലവിൽ വൈദ്യുതികരിച്ച കോളനികളിൽ ഇപ്പോഴുള്ള ഒറ്റ ബൾബ് സംവിധാനം തീരെ അപര്യപ്തമാണ്. എല്ലാ കോളനികളിലേയും വീടുകൾ അടിയന്തിരമായും വൈദ്യുതികരിച്ച് നൽകേണ്ടതാണ്. ഇവ കൂടാതെ ഇത്തരം വീടുകളിൽ സർക്കാർ തന്നെ വയറിംഗ് നടത്താനുള്ള ഏർപ്പാടുകൾ ഏറ്റെടുക്കേണ്ടതാണ്. പട്ടേങ്ങാനം ഐ.എച്ച്.ഡി.പി. കോളനിയിലേക്കുള്ള ട്രാൻസ്ഫോർമർ ത്രീഫേസ് ലൈനാക്കി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

ശുദ്ധജലവിതരണം

ശുദ്ധജല ക്ഷാമം നേരിടുന്ന കോളനികളിൽ പൊതുകിണറുകൾ, കുഴൽകിണറുകൾ തുടങ്ങിയവക്ക് അടിയന്തിര പ്രാധാന്യം നൽകണം. ഇത് പ്രയോഗികമല്ലാത്ത കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം ഉറപ്പാക്കണം. കോട്ടത്തുന്ന്, സർക്കാരി കോളനികളിൽ പൊതുകിണറുകൾ യാതൊരു പ്രയോജനവും ഇല്ലാതായിരിക്കുകയാണ്. പട്ടേങ്ങാനം ഐ.എച്ച്.ഡി.പി. കോളനിയിലേക്ക് സ്ഥാപിച്ച പൈപ്പ് ലൈനുകൾ പൊട്ടി ഉപയോഗശൂന്യമായിരിക്കയാണ്. ഇത് പുനസ്ഥാപിച്ചു നൽകാൻ അടിയന്തിര ശ്രദ്ധ പതിയണം.

സാമൂഹ്യ ക്ഷേമം

നിലവിലുള്ള കോളനികളിൽ ഓരോ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുന്നത്, കോളനി നിവാസികൾക്ക് ഒത്ത് ചേരുവാനും കൂട്ടായ്മയുടെ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമാണ്. കോളനികളോട് ബന്ധപ്പെട്ട വായനശാലകളിൽ ടി. വി. പത്രം മുതലായവ അനുവദിക്കാം. നാടൻ കലാരൂപങ്ങളുടേയും, കലാകാരൻമാരുടേയും പ്രോൽസാഹനത്തിന് ഗ്രാമോൽസവങ്ങൾ സംഘടിപ്പിക്കണം. കമ്മ്യൂണിറ്റിഹാൾ പ്രവർത്തിച്ചു വരുന്ന പട്ടേങ്ങാനത്തും, വായിക്കാനത്തും ഒരു വായനശാലയും ലൈബ്രറിയും അനുവദിക്കണം.

സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ സർവ്വീസ് സഹകരണ സംഘങ്ങളിൽ പട്ടികജാതി - പട്ടികവർഗ്ഗ

വിഭാഗങ്ങളിൽ പെട്ടവർക്ക് നിലവിലുള്ള ഗവ: നിരക്ക് അനുസരിച്ച് അംഗത്വം നൽകണം.

2. റേഷൻകാർഡ് ജാതി സർട്ടിഫിക്കറ്റ് മുതലായവ പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം

3. പത്തോ പന്ത്രണ്ടോ വർഷങ്ങൾക്ക് മുമ്പ് വീടുകെട്ടാൻ സാമ്പത്തികസഹായം ലഭിച്ചവർക്ക് അതു പുതുക്കി പണിയുവാൻ വേണ്ടുന്ന സമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കണം.

4. കോളനികളായി അംഗീകാരം ലഭിച്ചിട്ടില്ലാത്ത കോളനികളെ എത്രുയം വേഗം അംഗീകരിക്കുക.

5. കൈവശ പട്ടയം ആവശ്യമുള്ളവർക്ക് എത്രയും വേഗം അത് നൽകുവാനുള്ള നടപടികൾ സ്വീകരിക്കുക.

6. പട്ടികജാതി - പട്ടികവർഗ്ഗത്തിൽപെട്ട എല്ലാ വീടുകളിലും 100% സബ്സിഡിയോടുകൂടി സർക്കാർ തലത്തിലൊ ഗ്രാമ പഞ്ചായത്ത് തലത്തിലൊ കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം.

7. കോളനികളിലെ കുടിവെള്ള ക്ഷാമം അടിയന്തിരമായും പരിഹരിക്കേണ്ടതാണ്.

8. സർക്കാരി, നെല്ലിക്കാമല, മൂത്താടിതട്ട്, മീനംചേരി, ചേറംകല്ല്, കുണ്ടാരം തുടങ്ങിയ കോളനികൾ ഐ.എച്ച്.ഡി.പി. കോളനികളായി പ്രഖ്യാപിക്കണം.

9. ഈസ്റ്റ് എളേരി പഞ്ചായത്തിന് അനുവധിക്കുന്നഅദ്ധ്യാപക സ്കൂൾ തയ്യേനിയിൽ സ്ഥാപിക്കണം.

10. എല്ലാ കോളനികളിലും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കണം. കടുമേനി ടൗണിന് സമീപമുള്ള മിച്ചഭൂമിയിൽ താമസമാക്കിയ കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകണം.

11. എല്ലാ കോളനികളിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കണം.

12. കോളനികളിലെ വനിതകൾക്ക് സൗജന്യ നിരക്കിൽ ആട്ടിൻ കുട്ടികളെ നൽകണം.

13. പട്ടേങ്ങാനം, കാവുംതല, തയ്യേനി, കുണ്ടാരം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കണം.

മേൽകാണിച്ച ആവശ്യങ്ങളും ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കിയാൽ ഈ പഞ്ചയത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും തദ്വാര മെച്ചപ്പെട്ട സാമൂഹ്യജീവിതം ഉറപ്പുവരുത്തുവാനും സാധിക്കുന്നതാണ്.

സഹകരണം

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ സഹകരണാടിസ്ഥാനത്തിൽ ജനങ്ങൾ പ്രവർത്തിച്ചു വന്നിരുന്നുതായി മനസ്സിലാക്കുവാൻ കഴിയും. പൊതുവായ ലക്ഷ്യം മുൻനിർത്തി സമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ ഉന്നമനത്തിനായി ഒരുസംഘം ജനങ്ങളുടെ സംഘടിച്ചുള്ള പ്രവർത്തനത്തെയാണ് സഹകരണമെന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. ഇന്ന് സഹകരണപ്രസ്ഥാനം കടന്നു ചെല്ലാത്ത മേഖലകളില്ല. കാർഷിക ധനസഹായ വ്യവസായിക ആതുര ശുശ്രൂഷാ രംഗങ്ങളിൽ സഹകരണപ്രസ്ഥാനം വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

1844-ൽ ബ്രിട്ടനിലാരംഭിച്ച സഹകരണാടിസ്ഥാനത്തിലുള്ള ഒരു കൂട്ടായ്മയാണ് അംഗത്വാടിസ്ഥാനത്തിലാരംഭിച്ച ആദ്യത്തെ സഹകരണ സംഘം. 1912 -ൽ സെൻട്രൽ ആക്ട് പാസ്സായതോടെ ഇൻഡ്യയിൽ സഹകരണസംഘങ്ങൾ ഉടലെടുത്തു. അതിനു ശേഷം മലബാർ പ്രദേശത്ത് സൊസൈറ്റിസ് ആക്ടും, തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്ന 1957ലെ ട്രാവൻകൂർ കൊച്ചി കോ-ഓപ്പറേറ്റീവ് ആക്ടും കൂടി സംയോജിപ്പിച്ച് കേരളപിറവിയ്ക്കു ശേഷം 1969 ൽ രൂപീകൃതമായ കേരളാ കോ ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ടാണ് ഇന്നു കേരളത്തിൽ നിലവിലുള്ളത്. 1969 ൽ പ്രാബല്യത്തിൽ വന്ന ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ട് കാലാനുസൃതമായ പരിഷ്കാരങ്ങളോടും ഭേദഗതികളോടുംകൂടി ഇപ്പോഴും തുടർന്നു വരുന്നു.

1940-50 കാലഘട്ടത്തിൽ തിരുവിതാംകൂറിൽ നിന്നും കുടിയേറിയ ത്യാഗികളായ കർഷകരുടെ സാമ്പത്തിക കാർഷിക ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി 1952 ജൂൺ മാസം 15ാം തീയതി കിഴക്കേ എളേരി വിവിധോദ്ദേശ സഹകരണസംഘമെന്ന പേരിൽ ഒരു വായ്പാ സംഘം രജിസ്ട്രർ ചെയ്യുകയും 1952 സെപ്തംബർ 9ാം തീയതി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ടി സംഘമാണ് പിൽകാലത്ത് ഈ പഞ്ചായത്തിന്റെ സാമ്പത്തികാവശ്യത്തിൽ സിംഹഭാഗവും കൈകാര്യം ചെയ്യുന്ന ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബങ്കായി

മാറിയത്. ഇതിന്റെ ആദ്യത്തെ പ്രസിഡന്റ് യശ്ശശരീരനായ **ശ്രീ. കെ.ടി. മാത്യു കവല വഴി** ആണ്. ആദ്യത്തെ സെക്രട്ടറി ശ്രീ. അഗസ്റ്റ്യൻ കുര്യാലപ്പുഴ ആയിരുന്നു.

ഈ പഞ്ചായത്തിൽ 7500റോളം കർഷക കുടുംബങ്ങളാണുള്ളത്. അവരുടെ സാമ്പത്തികാവശ്യങ്ങൾ ഭൂരിഭാഗവും ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബങ്കാണ് നിർവ്വഹിച്ചു വരുന്നത്. 1978-ൽ ബാങ്കിന്റെ കീഴിൽ ചിറ്റാരിക്കാൽ ടൗണിൽ ഒരു കൺസ്യൂമർ സ്റ്റോറും 1981-ൽ പാലാവയലിൽ ആദ്യ ബ്രാഞ്ചും പ്രവർത്തനമാരംഭിച്ചു. പാലാവയൽ സെൻറ് ജോൺസ് പള്ളിയിൽനിന്നും സംഭാവനയായി ലഭിച്ച 5 സെൻറ് സ്ഥലത്ത് നിർമിച്ച കെട്ടിടത്തിലേക്ക് ബ്രാഞ്ചിന്റെ പ്രവർത്തനം 1984-ൽ മാറ്റുകയും ചെയ്തു. 1984 മാർച്ച് മാസത്തിൽ ബാങ്കിന്റെ രണ്ടാമത്തെ ബ്രാഞ്ച് കടുമേനിയിൽ പ്രവർത്തനമാരംഭിച്ചു. ശ്രീ. എൻ. ടി. ജോസഫ് പ്രസിഡണ്ടും, സെബാസ്റ്റ്യൻ നായ്ക്കംപറമ്പിൽ വൈസ് പ്രസിഡണ്ടുമായുള്ള പതിനൊന്നംഗ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

പഞ്ചായത്തിലെ റബർ കർഷകർക്ക് അവരുടെ ഉൽപ്പാദനങ്ങൾ വിപണനം നടത്തുന്നതിന് 1960 കാലഘട്ടത്തിൽ വളരെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ഉൽപ്പന്നങ്ങൾ കാഞ്ഞങ്ങാട്ടോ, തളിപ്പറമ്പിലോ കൊണ്ടു പോകേണ്ടി വന്നു. എന്നാൽ തന്നെ ന്യായമായവില ലഭിച്ചിരുന്നുമില്ല. കൂടാതെ അവർക്ക് ആവശ്യമായ കാർഷിക സാമഗ്രികൾ വളം, ആസിഡ്, കീടനാശിനികൾ തുടങ്ങിയവ യഥാ സമയം ആവശ്യത്തിനു ലഭിച്ചിരുന്നുമില്ല. ഈ ദുരവസ്ഥയിൽ നിന്നും മോചനം പ്രതീക്ഷിച്ചു കൊണ്ട് ശ്രീ. ടി.ജെ. ജോസഫ് തയ്യിലിന്റെ നേതൃത്വത്തിൽ 50 കൃഷിക്കാർ ഒത്തുചേരുകയും ഹോസ്ദുർഗ്ഗ് റബർ പ്ലാന്റേഴ്സ് സഹകരണ സംഘമെന്ന പേരിൽ ഒരു സഹകരണ സംഘം ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി സംഘം 7-4-1967ൽ പ്രവർത്തനമാരംഭിച്ചു. ടി. സംഘം ഇപ്പോൾ ഈസ്റ്റ് എളേരി പഞ്ചായത്തിൽ മാത്രമല്ല, കാസറഗോഡ് **ജില്ല** മുഴുവൻ പടർന്ന് പന്തലിച്ച് കാസർഗോഡ് ജില്ലാ സഹകരണ റബർ മാർക്കറ്റിംഗ് സംഘമായി മാറി. കാസർഗോഡ് ജില്ലയിൽ പതിനൊന്ന് ഡിപ്പോകളും, കാഞ്ഞങ്ങാട് മാർക്കറ്റിംഗ് ഓഫീസും, മാങ്ങോട് റബർ ലാറ്റക്സ് ഫാക്ടറിയുമുണ്ട്. ശ്രീ. കെ.ജെ. ചാക്കോ കൊല്ലക്കൊമ്പിൽ പ്രസിഡൻറായുള്ള 13 അംഗ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തിവരുന്നത്.

മലയോര പഞ്ചായത്തായ നമ്മുടെ പ്രദേശത്തുനിന്നും ചികിൽസാകാര്യങ്ങൾക്കായി ബന്ധപ്പെട്ടുകൊണ്ടിരിന്നത് വിദൂരമായ കാഞ്ഞങ്ങാട്, മംഗലാപുരം എന്നിവിടങ്ങളിലാണ്. ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരമെന്ന നിലയിൽ ചികിൽസിക്കാൻ ഒരു ആശുപത്രി സൊസൈറ്റി രൂപീകരക്കുവാൻ തീരുമാനമുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ശ്രീ. എൻ.ടി. ജോസഫിന്റെ നേതൃത്വത്തിൽ എളേരി സഹകരണ ആശുപത്രി സൊസൈറ്റി 1984 ൽ പ്രവർത്തനമാരംഭിച്ചു. ടി. ആശുപത്രി സൊസൈറ്റിയുടെ ഉത്ഘാടനം അന്നത്തെ കേരള ഗവർണർ ശ്രീ. പി. രാമചന്ദ്രൻ അവറുകൾ നിർവ്വഹിച്ചു. യശ്ശശരീരനായ ശ്രീ. കരിമ്പിൽ കുഞ്ഞികോമന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ അനന്തരാവകാശികൾ ആശുപത്രി സൊസൈറ്റിക്ക് 12.50 സെൻറ് സ്ഥലം സംഭാവന ചെയ്തു. അതിന്റെ പേരിൽ ആശുപത്രിയുടെ പേര് കരിമ്പിൽ കുഞ്ഞികോമൻ മെമ്മോറിയൽ ആശുപത്രി സൊസൈറ്റിയെന്നാക്കി മാറ്റി. ഭരണ സമിതിയുടെ അക്ഷീണമായ പ്രയത്നം മൂലം 25 സെൻറ് സ്ഥലം കൂടി ആശുപത്രിയോടനുബന്ധിച്ചു വാങ്ങുകയും കെ. എഫ്. സി. യുടെ ധനസഹായത്തോടുകൂടി സർവ സജ്ജീകരണങ്ങളോടുംകൂടിയ ഒരു ഇരുനിലകെട്ടിടം നിർമ്മിക്കുകയും ചെയ്തു. ശ്രീ. എ. പി. ജോസഫ് ആലിലകുഴി പ്രസിഡൻറായുള്ള ഭരണ സമിതിയാണ് ഇപ്പോൾ ഭരണം നിർവ്വഹിക്കുന്നത്.

ഈ പഞ്ചായത്തിൽ എഴോളം ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ചിറ്റാരിക്കാൽ, മണ്ഡപം പാറക്കടവ്, കമ്പല്ലൂർ, അരിയിരുത്തി, കാവുംതല, തയ്യേനി. എന്നിവിടങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിച്ച് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ അടുത്തകാലത്തായി പാലിന്റെ ലഭ്യതകുറവും, കാലിവളർത്തലിലെ ചിലവു കൂടുതലും കാരണം ടി. സംഘങ്ങളിൽ പലതിന്റെയും പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.

ഈ പഞ്ചായത്ത് ആസ്ഥാനമാക്കി നീലേശ്വരം ബ്ലോക്ക് വനിതാ സഹകരണ സംഘം, ഈസ്റ്റ് എളേരി പഞ്ചായത്ത് വനിതാ സഹകരണ സംഘം എളേരി ഭവന നിർമാണ സഹകരണ സംഘം എളേരി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, നല്ലോം പുഴ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, പാലാവയൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ തുടങ്ങിയ സഹകരണ സംഘങ്ങൾ

പ്രവർത്തിക്കുന്നു. പാലാവയൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ തയ്യേനിയിൽ പ്രവർത്തിച്ചു വരുന്നു. ഈസ്റ്റ് എളേരി പഞ്ചായത്ത് വനിതാ സഹകരണ സംഘം നാമമാത്രമായി പ്രവർത്തിച്ചു വരുന്നു. ബാക്കി ഒന്നും തന്നെ ഇപ്പോൾ പ്രവൃത്തിക്കുന്നുമില്ല. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട പത്തോളം റബ്ബർ ഉൽപ്പാദക സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവൃത്തിച്ചുവരുന്നു. ഇവയിൽ പലതും മൃതാവസ്ഥയിലാണ്.

നമ്മുടെ പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന പോരായ്മകൾ പല വാർഡുകളിലേയും ഗ്രാമ സഭകളിൽ വന്നു.

നിർദ്ദേശങ്ങൾ

1. സഹകരണ സ്ഥാപനങ്ങളിൽ എല്ലാ കർഷകർക്കും മെമ്പർഷിപ്പ് നൽകണം.

2. സമ്പാദ്യ ശീലം വളർത്തുവാനുള്ള നടപടികൾ സ്വീകരിക്കണം.

3. ചിട്ടികൾ ആരംഭിക്കണം.

4. കർഷകരെ സംബന്ധിച്ച പൂർണ വിവരങ്ങളോടു കൂടിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് അതേ വർഷത്തേക്കുള്ള വായ്പാ തുക തിട്ടപ്പെടുത്തേണ്ടതുമാണ്.

5. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുൻപ് തന്നെ പാസാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.

6. കർഷക ആവശ്യത്തിന് നബാർഡിൽനിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ച് കിട്ടുന്നതിന് നടപടി എടുക്കുക.

7. പലിശ, സബ്സിഡി യഥാസമയം കർഷകന് ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക

8. ആൾ ജാമ്യത്തിൻ മേൽ 25,000 രൂപവരേയും വസ്തു പണയത്തിൻ മേൽ 5,00,000 രൂപ വരെയും വായ്പ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

9. സർവീസ് സഹകരണ ബാങ്കിൻറെ ഒരു ഈവനിംഗ് ബ്രാഞ്ച് ചിറ്റാരിക്കാലിൽ ആരംഭിക്കുക.

10 കോക്കനട്ട് മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സഹകരണ സംഘം ആരംഭിക്കുക.

11. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുക.

12. തേനീച്ച വളർത്തൽ സഹകരണ സംഘം സജീവമാക്കുക

13. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം (Apcos) കാര്യക്ഷമമാക്കുകയും പാലുൽപ്പന്ന നിർമാണം അവയോടൊത്ത് ആരംഭിക്കുകയും ചെയ്യുക.

14. ഹൊസ്ദുർഗ് സഹകരണ കാർഷിക വികസന ബാങ്കിൻറെ ഒരു ബ്രാഞ്ച് ചിറ്റാരിക്കലിൽ തുടങ്ങുക

15. നിലവിലുള്ള വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അവയുടെ നേതൃത്വത്തിൽ റെഡിമെയ്ഡ് സെൻറുകൾ ആരംഭിക്കുകയും ചെയ്യുക.

16. വനിതാ ക്ഷേമത്തെ മുൻനിർത്തി ഖാദി നൂൽനൂൽപ്പ് കേന്ദ്രം ആരംഭിക്കുക.

17. നവീന പ്രിൻറിംഗ് പ്രസ് ആരംഭിക്കുക

18. കോഴി, പന്നി വളർത്തൽ സഹകരണ സംഘങ്ങൾ തുടങ്ങുക.

19. പട്ടിക ജാതി, പട്ടിക വർഗ ക്ഷേമ സഹകരണ സംഘം തുടങ്ങുക

20 മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം ആരംഭിക്കുക

21. പഴം പച്ചക്കറി സഹകരണ സംഘം തുടങ്ങുക.

22. ചിറ്റാരിക്കൽ, കമ്പല്ലൂർ, കടുമേനി, പാലാവയൽ, തയ്യേനി ഇവിടങ്ങളിൽ നാണ്യവിളകളുടെ വിപണനം കാര്യക്ഷമമാക്കുന്നതിന് സംഘങ്ങൾ തുടങ്ങുക.

23. സഹകരണ കോളേജ് ആരംഭിക്കുക

24. കൺസ്യൂമർ സംഘങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനം ഊർജിതപ്പെടുത്തുക.

25. വായ്പയും, വിപണനവും തമ്മിൽ ബന്ധപ്പെയുത്തുക. ഇൻറഗ്രേറ്റഡ് റഗുലേറ്റഡ് മാർക്കറ്റ് പദ്ധതി നടപ്പിൽ വരുത്തുക.

26. സഹകരണ ആശുപത്രിയിൽ വിദഗ്ദ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുക

നമ്മുടെ പഞ്ചായത്തിലെ സഹരണസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന പോരായ്മകൾ ഉണ്ട്.

1. ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികാവശ്യം ഭൂരിഭാഗവും നിർവ്വഹിക്കുന്ന

ഈസ്റ്റ് എളേരി സർവ്വീസ് ബാങ്കിൽ മെമ്പർ ഷിപ്പ് കൊടുക്കുന്നതിൽ പല നിയന്ത്രണങ്ങളും ഉണ്ട്.

2. കർഷകരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് വായ്പ നൽകുവാൻ സാധിക്കുന്നില്ല.

3. റബർ ഒഴിച്ച് ബാക്കിയുള്ള വിളകളുടെ വിപണനത്തിന് സംവിധാനമില്ല.

4. സംസ്കരണ രംഗത്ത് പ്രവർത്തനങ്ങളില്ല.

5. ക്ഷീരോൽപാദക സംഘങ്ങളുടെ പ്രവർത്തങ്ങൾ തൃപ്തികരമല്ല.

6. കൺസ്യൂമർ രംഗത്തെ പ്രവർത്തനവും തൃപ്തികരമല്ല.

7. വനിതാ ക്ഷേമം മുൻ നിർത്തി രണ്ട് സംഘങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

8. കേരഫെഡ്, നാഫെഡ്, കാംകോ എന്നിവയുടെ ബ്രാഞ്ചുകൾ പഞ്ചായത്തിൽ തുടങ്ങുക.

സംഘങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെൻറ് - 1995 - 96

നമ്പർ	സംഘത്തിന്റെ പേര്	സ്വഭാവം	ആരംഭിച്ചവർഷം	പ്രവർത്തന പരിധി	മെമ്പർ	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ കാർഷികം	വായ്പകൾ മറ്റുള്ളവ	പ്രവർ	ലാഭം	ന	ജീ
1.	ഈസ്റ്റ് എളേരി സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 8832	വായ്പ സംഘം	1952	ഈസ്റ്റ് എളേരി പഞ്ചായത്ത്	8088	49.97	351.81	395.59	353.53	392.42	800.00	1.75		23
2.	കാസർഗോഡ് ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, നമ്പർ 325	വിപണന സംഘം	1967	കാസർഗോഡ് ജില്ല	4892	54.08	78.71	102.07	1613.56		219.62	3.12		37
3.	കരിമ്പിൽ കുഞ്ഞിക്കോമൻ മെമ്മോറിയൽ സഹ. ആശുപത്രി സൊ. നം. സി.943	ആശുപത്രി സംഘം	1984	ഈസ്റ്റ് ,വെസ്റ്റ് എളേരി പഞ്ചാ	1044	9.04	22.50	0.45	20.62					7
4.	എളേരി കോ-ഓപ് സ്റ്റോർ					ലഭ്യമല്ല								
5.	നിലേശ്വരം ബ്ലോക്ക് വനിതാ സഹകരണ സംഘം					ലഭ്യമല്ല								
6.	ഈസ്റ്റ് എളേരി പഞ്ചായത്ത് വനിതാ സഹകരണ സംഘം					ലഭ്യമല്ല								
7.	പാലാവയൽ കോ-ഓപ് സ്റ്റോർ					ലഭ്യമല്ല								
8.	എളേരി ഭവന നിർമാണ സഹകരണ സംഘം					ലഭ്യമല്ല								
9.	മിശ്ര സംഘങ്ങൾ -7-					ലഭ്യമല്ല								
10.	നല്ലോമ്പുഴ കോ-ഓപ് കൺസ്യൂമർസ്റ്റോർ	കൺസ്യൂമർ സ്റ്റോർ സംഘം	1991	ഈസ്റ്റ് എളേരി പഞ്ചായത്ത് 5,6,8,വാർഡ്	110	ലഭ്യമല്ല								

വനിത

ഈസ്റ്റ് എളേരിയെ സംബന്ധിച്ചിടത്തോളം കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തിൽ വനിതകൾ പൊതുവെ ഗൃഹാന്തരീക്ഷവുമായി ഒതുങ്ങികഴിയുന്നവരാണ്. സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും വനിതകളുടെ സാന്നിദ്ധ്യം ഉണ്ട്.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്ത്രീകൾക്ക് പൊതുവേ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ഇവിടെ സ്കൂളുകൾ ഒന്നും തന്നെ ഇല്ലായിരുന്നു. കളരിയിലും, കുടിപ്പള്ളിക്കൂടങ്ങളിലുമായിരുന്നു പെൺകുട്ടികൾ എഴുത്ത് പഠിച്ചിരുന്നത്. പല അനാചാരങ്ങളും, ജാതിവ്യവസ്ഥയുമെക്കെതാണ്ഡവമാടിയ കാലമായിരുന്നതിനാൽ ആഘോഷ പരിപടികളിലും, പൊതുപരിപാടികളിലും സ്ത്രീ പങ്കാളിത്തം പൊതുവേ കുറവായിരുന്നു. സ്വാതന്ത്ര്യകാലങ്ങിൽ ഈ പ്രദേശങ്ങളിലെ സ്ത്രീകൾ പ്രക്ഷോഭ പരിപാടികളിൽ പങ്കെടുത്തതായി അറിവില്ല. പക്ഷെ സമരങ്ങളിൽ പങ്കടുത്തിരുന്ന പുരുഷൻമാർക്ക് ഒളിത്താവളമായി ഇവിടുത്തെ ഭവനങ്ങൾ ഉപയോഗിച്ചിരുന്നു. 20ാം നൂറ്റണ്ടിന്റെ ആരംഭത്തിൽ ശൈശവ വിവാഹം, പെൺകുട്ടികളുടെ കെട്ടുകല്ല്യാണം ഇവ നിലനിന്നിരുന്നു. 1960ഓടു കൂടി തിരുവിതാംകൂറിൽ നിന്നും കുടിയേറ്റക്കാർ വ്യാപകമായി ഇവിടെ വരുവാൻ തുടങ്ങി. കുടിയേറ്റ ഭവനങ്ങളിലെ സ്ത്രീകൾ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയിരുന്നു. അതുകൊണ്ട് തന്നെ സ്ത്രീകൾ അധിക പങ്കും എഴുത്തും വായനയും അറിയാവുന്നവരായിരുന്നു. ഇവർ കൃഷിയും ഗൃഹാന്തരീക്ഷവുമായി കഴിഞ്ഞുകൂടി. പിന്നീട് സ്കൂളുകൾ വ്യാപകമായതോടു കൂടി കുടിയേറ്റ ജനത തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യസം നൽകുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു.

അടുത്തകാലത്ത് ഈസ്റ്റ് എളേരി പഞ്ചയത്തിൽ നടന്ന ഒരു വനിതാ മുന്നേറ്റമായിരുന്നു അടുക്കള പണിമുടക്കം. സ്ത്രീ പീഠനത്തിന് എതിരായി കമ്പല്ലൂരിൽ- കൊല്ലാട എന്ന സ്ഥലത്ത് സ്ത്രീകൾ സംഘടിക്കുകയും 1996 ഓഗസ്റ്റ് 11 ാം തീയ്യതി അടുക്കളയിലെ ജോലി ഒരു ദിവസം ബഹിഷ്കരിച്ച് അടുക്കള പണിമുടക്ക് നടത്തുകയും ചെയ്തു. ബദറുന്നിസ എന്ന സ്ത്രീയുടെ നേതൃത്വത്തിൽ വനിതകൾ വീടുകൾ കയറിയുള്ള പ്രചരണങ്ങൾ നടത്തി. വാർത്താ മാദ്ധ്യമങ്ങളിൽ പ്രത്യേകം ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പുതുമയാർന്ന സമരമായിരുന്ന ഇത്.

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 22,738 ആണ്. ഇതിൽ പുരുഷൻമാർ 11,525ഉം സ്ത്രീകൾ 11,213ഉം ആണ്. സംസ്ഥാന തലത്തിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും പഞ്ചായത്തിൽ പുരുഷൻമാരെക്കാൾ സ്ത്രീക്കൾ 312 എണ്ണം കുറവാണെന്നു കാണം. നമ്മുടെ പഞ്ചായത്തിൽ രണ്ടിൽ കൂടുതൽ കുട്ടികളുള്ള 1098 അമ്മമാരും, രണ്ട് കുട്ടികളുള്ള 1246 അമ്മമാരും ഒരു കുട്ടി മാത്രമുള്ള 557 അമ്മമാരും ഉണ്ട്.

വനിതകൾക്ക് തൊഴിൽ മേഖലകളിൽ എത്തിപ്പെടാൻ കഴിയാതെ പോയതിന്റെ പ്രധാനകാരണം ഉന്നത വിദ്യാഭ്യാസ ത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതു കൊണ്ട് വീട്ടിൽ നിന്ന് വേണ്ടത്ര പ്രോൽസാഹനം ലഭിക്കാതിരിക്കുന്നതാണ്. കൂടാതെ വിവാഹം കഴിച്ച് വിടുന്നതോടുകൂടി പഠനത്തിന് അവസരം ലഭിക്കാതിരിക്കുകയും അടുക്കളയിൽ തന്നെ ഒതുങ്ങി നിൽക്കാൻ സ്ത്രീയെ നിർബന്ധിതയാക്കുകയും ചെയ്യുന്നു. ജനപ്രാധിനിത്യ രംഗങ്ങളിൽ ഭരണഘടനാപരമായ സംവരണം ഏർപ്പെടുത്തിയതോടുകൂടി സ്ത്രീകൾ പൊതു പ്രവർത്തന രംഗത്തും രാഷ്ട്രീയ രംഗത്തും പ്രത്യക്ഷ പ്പെടുന്നുണ്ട്.

ബലാൽസംഘങ്ങളും, സ്ത്രീ പീഠനങ്ങളും, മാനഭംഗങ്ങളും, തട്ടികൊണ്ടുപോകലുമെല്ലാം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരികയാണ്. നമ്മടെ പഞ്ചായത്തിൽ ഇത്തരത്തിലുള്ള അസാൻമാർഗ്ഗിക പ്രവർത്തനങ്ങൾ കുറവാണ്. സ്ത്രീ പീഠനവും കുറവാണ്. ഈ സാംസ്കാരിക ജീർണ്ണതെക്കെതിരെ വിപുലമായ ബോധവൽകരണം നടത്തണം.

തൊഴിൽ മേഖലയെ പറ്റി വിശകലനം നടത്തിയ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെ പിറകിലാണ്. അദ്ധ്യാപന രംഗത്തുമാത്രമാണ് പഞ്ചാത്തിലെ സ്ത്രീകൾ പുരുഷൻമാരെകാൾ കൂടുതലായിട്ടുള്ളത്. നേഴ്സിംഗ് ജോലികൾ, ബാലവാടി ടീച്ചർമാർ, കുടുംബക്ഷേമ കേന്ദ്രങ്ങളിലെ മിഡ് വൈഫ്മാർ

തുടങ്ങിയവയാണ് സ്ത്രീകൾ കൂടുതലായും ജോലി ചെയ്യുന്ന ഇതര മേഖലകൾ. പഞ്ചായത്തിൽ കുറച്ച് വനിതകൾ മാത്രമേ കൂലി പണിക്കു പോകുന്നുള്ളു. കൃഷി മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളും കുറഞ്ഞു വരുന്നു. തടിപ്പണി, കെട്ടിട നിർമ്മാണം, ക്വാറികളിലെ മെറ്റൽ പണി തുടങ്ങിയ രംഗങ്ങളിലും സ്ത്രീകൾ പണിയെടുക്കുന്നു. സ്ത്രീകളുടെ കൂലി നിരക്ക് 50 മുതൽ 70 രൂപ വരെയാണ്. ഇത് പുരുഷൻമാരെക്കാൾ തുലോം കുറവാണ്. കടുമേനിയിൽ പ്രവർത്തിക്കുന്ന ഖാദി കേന്ദ്രത്തിൽ 30ഓളം സ്ത്രീകൾ പണിയെടുക്കുന്നു. ഇവിടെ നിന്നും ലഭിക്കുന്ന കൂലിയും വളരെ കുറവാണ്. കമ്പല്ലൂരിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. ചാറാരിക്കാലിലും, കണ്ണിവയലിലും ബാലവാടികളും, കടുമേനി, കമ്പല്ലൂർ, മുനയൻകുന്ന്, പാലാവയൽ, മലാങ്കടവ്, തയ്യേനി, കാവുംതല തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളുകളുമാണ് പ്രധാനപ്പെട്ട ശിശു സംരക്ഷണ സ്ഥാപനങ്ങൾ. കടുമേനിയിൽ ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ വനിതകൾക്കായി അനാഥമന്ദിരവും (ശാന്തിഭവൻ) പ്രവർത്തിക്കുന്നു. കളിച്ചും ചിരിച്ചും വളരേണ്ട കുരുന്നു ശൈശവത്തെ ഷൂസും കോട്ടും കെട്ടി വാഹനങ്ങളിൽ ഇംഗ്ലിഷ് മീഡിയത്തിലേക്ക് കയറ്റി അയക്കുന്ന പ്രവണത പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 16 ഓളം ഹരിജൻ കോളനികളുണ്ട്. ഇവിടുത്തെ കുട്ടികൾക്ക് പ്രീപ്രൈമറി സൗകര്യം ലഭിക്കുന്നതിന് അങ്കണവാടികൾ കോളനികളെ കേന്ദ്രമാക്കി സ്ഥാപിക്കണം. കൂടാതെ എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി ക്ലാസുകൾ തുടങ്ങണം.

കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത് അമ്മമാരാണ്. ഇത് മനസ്സിലാക്കിയാണ് സ്കൂളുകളിൽ മദർ പി.ടി.എ സംഘടിപ്പിച്ചിരിക്കുന്നത്. മിക്കവാറും എല്ലാ സ്കൂളുകളിലും മദർ പി.ടി.എ. പ്രവർത്തിക്കുന്നു. സംതൃപ്തവും സമാധാന പൂർണ്ണവുമായ കുടുംബ ജീവിതം നയിക്കുവാനും, സ്ത്രീധന പ്രശ്നങ്ങൾ, ആഡംബര ചെലവുകൾ, കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ട മാർഗ്ഗങ്ങൾ തുടങ്ങിയവയെ പറ്റി മദർ പി.ടി.എ., മഹിളാ സമാജങ്ങൾ തുടങ്ങിയ സംഘടനകൾക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്താവുന്നതാണ്.

1990 ലെ സാക്ഷരതാ സർവ്വേയിൽ ഈസ്റ്റ് എളേരിയിലെ സാക്ഷരതാ നിരക്ക് 90% ആയിരുന്നു. പട്ടിക ജാതി വീടുകളിലാണ് സ്ത്രീകൾക്കിടയിലെ നിരക്ഷരത കൂടുതലായുണ്ടായിരുന്നത്. സാക്ഷരതാ പരിപാടിയിലൂടെ നിരക്ഷരത പരിഹരിക്കുവാൻ കുറേയൊക്കെ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ചില കോളനികളെ കേന്ദ്രീകരിച്ച് ആരോഗ്യ ക്ലാസ്സും, വിദ്യാഭ്യാസ ക്ലാസ്സും നടക്കുന്നുണ്ട്. ഇത് മറ്റ് കോളനികളിലേക്ക് വ്യാപിപ്പിക്കണം. പരീക്ഷകളിൽ ഉയർന്ന മാർക്കു വാങ്ങുന്ന കാര്യത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളാണ് മുന്നിൽ. ഇന്ന് മിക്കവാറും പെൺകുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. സ്ത്രീകളുടെ വിവാഹപ്രായം പൊതുവേ ഉയർന്നിട്ടുണ്ട്.

സ്ത്രീകൾക്ക് കടന്നുവരാവുന്ന ധാരാളം തൊഴിൽ മേഖലകൾ നമ്മടെ നാട്ടിലുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളിലും, പരമ്പരാഗത വ്യവസായ സംരംഭങ്ങളിലും സ്ത്രീകൾക്ക് പ്രോൽസാഹനവും, സഹായവും, ബോധവൽക്കരണവും നൽകണം. തയ്യൽ പരിശീലനം, കുറിപൗഡർ നിർമ്മാണം, പപ്പടം യൂണിറ്റുകൾ, അച്ചാർ, ജാം, ബേക്കറി പലഹാരങ്ങൾ തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകൾ അടുക്കള തോട്ടം ഔഷധ കൃഷികൾ കൂറ്റിമുല്ല, ഓർക്കിഡ് കൃഷി, കൂൺ കൃഷി, മുയൽ വളർത്തൽ, ഇറച്ചി കോഴി വളർത്തൽ, എഗ്ഗ് നേഴ്സറി തുടങ്ങിയവ വനിതകൾക്ക് കടന്നു വരാവുന്ന തൊഴിൽ മേഖലകളാണ്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. സ്ത്രീകൾ സാമൂഹ്യ സേവനരംഗത്ത് പ്രവർത്തന സജ്ജരായി വരുന്നില്ല.

2. കുടുംബനാഥ എന്ന നിലയിൽ ഭാരിച്ച ജോലികൾ ഉള്ളതിനാൽ സ്ത്രീകൾക്ക് പൊതുരംഗങ്ങളിൽ പ്രവർത്തിക്കാൻ സമയം കിട്ടുന്നില്ല.

3. വനിതകൾക്ക് പ്രാധിനിധ്യമുള്ള വ്യവസായസംരംഭങ്ങൾ ഒന്നും തന്നെ ഇല്ല.

4. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്വയം തൊഴിൽ പരിപാടികൾ ഒന്നും ഇല്ല.

5. ദുർബല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കാറില്ല.

6. സ്ത്രീകളുടെ മാസികവും സാസ്കാരികവുമായ ഉന്നമനത്തിനായി ഒന്നുംതന്നെ ഇല്ല.

7. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ പരിപാലനത്തിനു വേണ്ട സൗകര്യങ്ങൾ വളരെ കുറവാണ്.

8. പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വദ്യാഭ്യാസ പുരോഗതിക്ക് വേണ്ട സഹായം ലഭിക്കുന്നില്ല.

9. സാമാന്യ വിദ്യാഭ്യാസ നിലവാരം ഉണ്ടെങ്കിലും, ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ താരതമ്യേന കുറവാണ്.

10. മദ്യനിരോധനം ഏർപ്പെടുത്തിയെങ്കിലും അപൂർവ്വം വനിതകൾ ഇന്നും ദുരിതം അനുഭവിക്കുന്നു.

11. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ ബുദ്ധിമുട്ടിക്കുന്നു.

12. ഈ പഞ്ചായത്തിൽ അങ്കൺവാടികൾ പ്രവർത്തിക്കുന്നില്ല.

13. വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം അപര്യാപ്തമാണ്.

14. അശരണരും, ആലംബഹീനരുമായ സ്ത്രീകൾക്ക് സംരക്ഷണാലയങ്ങൾ ഒന്നും ഇല്ല.

15. ബാലവാടികളിലെ അദ്ധ്യാപികമാർക്ക് ന്യായമായ ശംബളം കിട്ടുന്നില്ല.

16. വിധവകൾക്കും മറ്റും നൽകുന്ന പെൻഷൻ നടപടി ക്രമങ്ങൾ വിഷമം സൃഷ്ടിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് പൊതുവേദികളിൽ പ്രവർത്തിക്കാൻ കൂടുതൽ അവസരങ്ങൾ നൽകണം. സെമിനാറുകൾ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കണം.

2. ത്രിതല പഞ്ചായത്തു സംവിധാനത്തിലെ പോലെ നിയമ സഭകളിലും പാർലിമെൻറിലും വനിതകൾക്ക് സംവരണം ഏർപ്പെടുത്തണം.

3. ഉൽപ്പാദനപരമായിട്ടുള്ള സ്വയം തൊഴിൽ പ്രവർത്തങ്ങൾ സ്ത്രീ ജനങ്ങൾക്കിടയിൽ സംഘടിപ്പിക്കുവാൻ പഞ്ചായത്തു സമിതികൾ മുൻകൈ എടുക്കണം.

4. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായിട്ടുള്ള സാമ്പത്തിക സഹായങ്ങൾ ഉദാരമായി ലഭ്യമാക്കണം.

5. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് 50% പ്രധിനിധ്യം നൽകണം.

6. സഹകരണാടിസ്ഥാനത്തിൽ പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങണം.

7. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, മാത്യ ശിശു ആനുകൂല്യങ്ങൾ തുടങ്ങിയ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കണം.

8. തുല്ല്യ ജോലിക്ക് തുല്ല്യ വേതനം ലഭിക്കണം.

9. പഞ്ചായത്തിൽ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് അഗണവാടികൾ സ്ഥാപിക്കണം. അടിയന്തിരമായി സ്ഥാപിക്കേണ്ടത് പട്ടേങ്ങാനം, തയ്യേനി, നെല്ലിക്കാമല, തുടങ്ങിയ പ്രദേശങ്ങളിൽ.

10. എല്ലാ പൊതു സ്ഥാപനങ്ങളിലും ടോയിലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ബസ്സ് ഷെൽട്ടറുകൾ സ്ഥാപിക്കുകയും വേണം.

11. സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി ഒരു മാത്യശിശുസംരക്ഷണ കേന്ദ്രം തുടങ്ങണം.

12. ചിറ്റാരിക്കാൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം.

13. സ്ത്രീധനം ചോദിക്കുകയും വങ്ങുകയും ചെയ്യുന്നത് കർശനമായി നിരോധിക്കണം.

14. സ്ത്രീകൾ നേരിടുന്ന ആക്രമങ്ങൾക്കും പീഡനങ്ങൾക്കും പരിഹാര മാർഗ്ഗം കണ്ടെത്തുകയും, കുറ്റവാളികളെ യഥാസമയം ശിക്ഷിക്കുകയും വേണം.

15. ബാഗ്, കസ്സേര മടയൽ, ചെരിപ്പ്, ചിരട്ടകൊണ്ടുള്ള കൗതുക വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിന് പരിശീലനം നൽകണം. ഇവ തുടങ്ങുവാനുള്ള സംരംഭങ്ങൾ പഞ്ചായത്ത് നൽകണം.

16. റെഡിമെയിഡ്, കോഴിവളർത്തൽ, കാലി വളർത്തലും ഡയറിഫാമും, നേന്ത്രക്കായ ചിപ്സ്, ചക്ക, മാങ്ങ, പഴം തുടങ്ങിയവ ഉപയോഗിച്ചുള്ള ജാം, സ്കാഷുകൾ എന്നിവയുടെ ഉൽപാദനം, കറിപൗഡർ, പപ്പടം, അടുക്കളതോട്ടം, കുറ്റിമുല്ലകൃഷി, ഔഷധതോട്ടം,ഓർക്കിഡ് കൃഷി, കൂൺകൃഷി തുടങ്ങയവയ്ക്ക് പരിശീലനവും ബോധവൽക്കരണവും നടത്തി വാർഡുതല സംരംഭങ്ങൾക്ക് രൂപം നൽകണം.

വിഭവ സമാഹരണം

കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ ഇന്ന് നേരിടുന്ന മുഖ്യ വെല്ലുവിളി വ്യവസായ മേഖലയിലെ നിശ്ചലതയാണ്. ചെറുകിട മേഖലകളിൽ പോലും നമ്മടെ വളർച്ച നാമമാത്രമാണ്. ഗ്രാമത്തിന്റെ കാർഷിക പരിസ്ഥിതിക്കിണങ്ങുന്ന തനതു വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കുന്ന വൻകിട ചെറുകിട വ്യവസായങ്ങളെ പോഷിപ്പിച്ചുകൊണ്ട് വിഭവസമാഹരണത്തിൽ നൂതന മാർഗ്ഗങ്ങൾ വെട്ടിതെളിക്കാനാകും. വ്യവസായിക മേഖലയിലെ വളർച്ചക്കുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ മൂർത്തമായ ആലോചനകൾ നടത്തണം.

കാർഷിക മേഖലയിലെ ഉൽപാദനം വർദ്ധിക്കപ്പെടണം. ഉൽപാദനക്ഷമത ഉയർത്തുവാൻ അനുയോജ്യവും നൂതനവുമായ കാർഷിക രീതികൾ പ്രോൽസാഹിപ്പിക്കപ്പെടണം. അമിതമായ രാസവളപ്രയോഗം മൂലം ഉണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. ഇതിന് അനുകൂലമായ മനോഭാവം കർഷകരിൽ വളർത്തിയെടുക്കണം. ജലസേചനത്തിലൂടെ തെങ്ങ്, കവുങ്ങ് മുതലായവയുടെ ഉൽപാദനം വർദ്ധിപ്പിക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഒരു രംഗത്തും വർദ്ധിപ്പിക്കാൻ സാധിക്കില്ല.

ഈ രണ്ടു തലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചയത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസംവിനാ നേടാനാകും. സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ കഴിയണം. അതിനാവശ്യമായ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് എന്നിവ ഉദാഹരണങ്ങളായി എടുക്കാം. ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിലെത്തുന്നത് ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ ദാരിദ്ര്യ രേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി - പട്ടികവർഗ്ഗ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാൻറുകളുടെ നീതി പൂർവ്വമായ വിതരണത്തിന് ഇത് ആവശ്യമാണ്.

പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരം

ഇനം	തുക
1	2
കെട്ടിടനികുതി	185483
സർവ്വീസ് ചാർജ്	-
തൊഴിൽ നികുതി	162000
വിനോദനികുതി	100
പ്രദർശന നികുതി	120
പ്രദർശന നികുതിയിൽമേലുള്ള സർചാർജ്	32
ലൈസൻസ് ഫീസ്	20848
വസ്തു കൈമാറ്റ നികുതി	87739
ഡെപ്പോസിറ്റ്	5272
മറ്റുള്ളവ	8039
ആകെ	469633

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 20848 രൂപ വസൂലാക്കിയിട്ടുണ്ട്. നാമമാത്രമായ ഈ തുക വർദ്ധിപ്പിക്കുവാനും എല്ലാ കച്ചവടസ്ഥാപനങ്ങളേക്കും വ്യാപിപ്പിക്കുവാനും ശ്രമം ഉണ്ടാക്കണം.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിലെ മറ്റൊരു വിഭാഗം.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലുമാണ് നികുതി കൊടുക്കുക വഴി തങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വാർഡു വികസന സമിതികൾ രൂപീകരിച്ചും അതിലെ ജനപങ്കാളിത്തത്തോടൊപ്പം വാർഡ് പ്രതിനിധികൾ കൂട്ടായി പരിശ്രമിച്ചും നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ഒരു പഞ്ചായത്താകാൻ നമുക്ക് കഴിഞ്ഞാൽ ഈസ്റ്റ് എളേരിയുടെ വികസന

പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിനു കൊടുക്കാൻ സാധ്യമാകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായി വരുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത്. വരുമാനത്തിന്റെ ഒരുചെറിയ ശതമാനമേ നികുതിയാക്കാൻ പാടുള്ളു. അങ്ങനെയാകുമ്പോൾ എല്ലാവരും അതു കൊടുക്കാൻ താത്പര്യം ഉള്ളവരായി മാറും

2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.

3. നികുതി കൊടുക്കുന്നത് വഴി തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം അതുകൊണ്ടുതന്നെ ചിലവിന്റെ കണക്കിൽ സുതാര്യത ഉണ്ടാക്കണം.

4. നികുതിപിരിവിൽ നേതൃത്വം കൊടുക്കാൻ വാർഡ് സമിതികളും വാർഡുവികസന സമിതികളും സയ്യാറാകണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ പൊതുജനങ്ങൾക്കുണ്ടാവണം.

5. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനും ഉള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാകണം.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. നികുതി കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ വിസ്തീർണവും, ആഢംബരത്വവും, വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുവരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീടു നിർമാണത്തിലെ അനാവശ്യമായ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്റ്റാമ്പ് സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. വീട് അസ്സസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. അഴിമതി കുറയ്ക്കാൻ ഒരു അസ്സസ്സ്മെൻറ് കമ്മറ്റി ഉചിതമായിരിക്കും. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതാണ്. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സമയവും അവിടെ രൂപീകരിക്കുന്ന വാർഡ് വികസന സമിതികളെ അറിയിക്കും അവരുടെ ഇടപെടലുകളോടെയും സഹകരണത്തോടെയും നികുതി പിരിച്ചെടുക്കണം.

തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനത്തിലും സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ഇങ്ങനെയുള്ളവരാല്ലാത്ത തൊഴിൽ ചെയ്യുന്ന മുഴുവൻപേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇതു കച്ചവടക്കാർക്കും നിർമാണത്തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

വിനോദ നികുതി

പഞ്ചായത്തിൽ ഒരു സിനിമാ തിയേറ്റർ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. കൂടുതൽ ഗതാഗത സൗകര്യങ്ങൾ നിലവിൽ വന്നിരിക്കുന്നത് കൊണ്ട് ഈ രംഗത്ത് വിജയസാധ്യത ഏറെയുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന സിനിമാ പ്രദർശനങ്ങളിൽനിന്നും ഒരു നിശ്ചിത നികുതി ഈടാക്കേണ്ടതാണ്.

മറ്റു ധനാഗമ മാർഗങ്ങൾ

പഞ്ചായത്തിലെ സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ എവിടെയായാലും പഞ്ചായത്തിന് വർഷംതോറും നിശ്ചിത നികുതി ഈടാക്കാവുന്നതാണ്.

വീടുകളുടെ കൈമാറ്റത്തിന് നിലവിൽ നികുതി ഇല്ല. ഈ നികുതി പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

5 ഏക്കറിൽ കൂടുതൽ ഭൂമി ഉള്ളവരിൽനിന്നും നിന്നും കൂടുതൽ നികുതി ഈടാക്കണം.

ബാങ്ക് ഫൈനാൻസിയേഴ്സ്

ഈസ്റ്റ് എളേരി സർവീസ് സഹകരണബാങ്കിന് ചിറ്റാരിക്കൽ, പാലാവയൽ, കടുമേനി, എന്നിവിടങ്ങളിൽ ശാഖകളുണ്ട്. കൂടാതെ കനറാബാങ്ക് ചിറ്റാരിക്കാൽ ശാഖ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കടുമേനി ശാഖ നോർത്ത് മലബാർ ഗ്രാമീൺ ബങ്കിന്റെ പാലാവയൽ ശാഖ എന്നിവ പ്രവർത്തിക്കുന്നു. കമ്പല്ലൂർ, തയ്യേനി എന്നിവിടങ്ങളിൽ ഏതെങ്കിലും ബാങ്കുകളുടെ ബ്രാഞ്ചുകൾ സ്ഥാപിക്കുൻ നിർദേശങ്ങളുള്ള പ്രദേശമാണ്.

നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. ഇത് ഉപയോഗിച്ച് പുതിയ വ്യവസായ സംരംഭങ്ങൾക്ക് അവസരം ഒരുക്കാം. ഗ്രാമ സഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബധ്യസ്ഥരാകുന്ന നിയമം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

ചിലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചിലവഴിക്കുന്നത് ഇതുവരെ പ്രത്യുത്പാദനപരമായ രീതിയിലായിരുന്നില്ല.

പൊതുമരാമത്തിന് 57.7%ഉം ഭരണച്ചിലവിന് 21.4%ഉം വിദ്യാഭ്യാസത്തിനും പൊതു ജനാരോഗ്യം ജലവിതരണം എന്നിവയ്ക്ക് 1.4%ഉം മറ്റുള്ളവ 6.7% ഉം വീതമാണ്.പഞ്ചായത്ത് ഫണ്ട് ചിലവഴിച്ചത്. ഇവയിൽ പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്തിൽ റോഡുകളുടെ റിപ്പയർ പണിക്കായിരുന്നു. പഴയ റോഡിന് ഇട്ട മണ്ണ് മഴക്കാലത്ത് ഒലിച്ചുപോയി റോഡ് വിണ്ടും പഴയ സ്ഥിതിയിലാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള താല്ക്കാലിക റിപ്പയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല എന്നുമാത്രമല്ല പഞ്ചായത്തിന്റെ ഫണ്ട് പാഴായിപോകുന്നതിന് കാരണമാകുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ വിഭവച്ചോർച്ച തടയുന്നതിന് മണ്ണുറോഡുകൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം അതാതു വാർഡുകളിൽ വികസന സമിതികൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിലായിരിക്കണം. മഴക്കാലം തുടങ്ങുന്നതിനു മുമ്പ് തന്നെ റോഡിന് ആവശ്യത്തിന് ഓടകളും കട്ടിങ്ങുകളും മറ്റും നിർമിക്കുന്ന പ്രവർത്തനങ്ങൾ സമിതിയുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തനത്തിലൂടെ നടത്തണം. വെള്ളം ഒലിച്ചുപോകാൻ ചാലുകളില്ലാത്തതുകൊണ്ടാണ് റോഡുകൾ തോടുകളായി മാറുന്നത്.

നമ്മുടെ പഞ്ചായത്തിലെ ഭരണചിലവുകളിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ കഴിയില്ല

ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണയിക്കുന്നതിനും അതു പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കാം. കൃഷിയോഗ്യമായഭൂമിക്കും വയൽ നികത്തി ഉണ്ടാക്കുന്ന പുരയിടത്തിനും പരമാവധി നികുതി ആക്കാം. വയലുകൾക്ക് നികുതി ഈടാക്കരുത്. ഇതു പിരിച്ചെടുക്കുന്നതിന് നേരത്തെ കെട്ടിടനികുതുയുടെ കാര്യത്തിൽ പറഞ്ഞ സമീപനം സ്വീകരിക്കാവുന്നതാണ്. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ഥ സ്ഥലങ്ങളിൽ ആവണം നികുതി പിരിക്കേണ്ടത് ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി കുറക്കാൻ ഇവ സഹായകമാകും.

ഷോപ്പിംഗ് കോംപ്ലക്സ്

നിർദിഷ്ട ബസ് സ്റ്റാൻറ് പ്രദേശത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തിയാക്കിയാൽ പഞ്ചായത്തിന് ഒരു നല്ല വരുമാനമാകും. ഇപ്പോൾ റോഡ് സൈഡിൽ പാർക്കുചെയ്യുകയും ചിറ്റാരിക്കാലിൽ ഗതാഗത ക്കുരുക്കുണ്ടാക്കുകയും ചെയ്യുന്ന വാഹനങ്ങൾക്ക് ഒരു പാർക്കിംഗ് സ്ഥലമായും ബസ്സ്റ്റാൻറിനേറെഒരു ഭാഗം നീക്കിവെച്ചാൽ ജനങ്ങൾക്ക് അത് വലിയ ഒരു സഹായമാകും.

ഗ്രാമ ചന്ത

പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ഗ്രാമ ചന്ത തുടങ്ങുവാനുള്ള നിർദേശങ്ങൾ ഗ്രാമസഭകളിലൂടെ ഉണ്ടായിട്ടുണ്ട്. ഗ്രാമീണർക്കും ഇടത്തട്ടുകാർക്കും അവരുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യുവാനും അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങുവാനും ഇതിലൂടെ കഴിയും.

കച്ചവട ലൈസൻസ്

എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പടുത്തി കൂടുതൽ വ്യാപകമാക്കണം. തുക ഉയർത്തേണ്ടതാണ്.

ടൂറിസം

നമ്മുടെ പഞ്ചായത്തിനടുത്ത് കിടക്കുന്ന കോട്ടഞ്ചേരി മലയിലേക്കും തലക്കാവേരിയിലേക്കുമുള്ള എളുപ്പ മാർഗമായി ഇവിടങ്ങളിലുള്ള വഴികളെ കാണാം. ചെങ്കുത്തായ കുന്നുകളും ഇവിടങ്ങളിലേക്കുള്ള യാത്രക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. മനോഹരമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ പഞ്ചായത്തിലെ ടൂറിസം സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തണം.

നാഷനൽ സേവിംഗ്സ് സ്കീം

പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25% വരെ ആ പഞ്ചായത്തിന് കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. വാർഡ്വികസന സമിതികളിലൂടെ ഭരണസമിതി ഇടപെട്ട് പഞ്ചായത്തിൽനിന്നും പരമാവധി നിക്ഷേപം - മഹിളാ പ്രധാൻ ഏജൻറ് വഴി - ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെ. എല്ലാ ഗ്രാമസഭകളിൽനിന്നും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് രാൻെറ അദ്ധ്വാനം സംഭാവന നൽകി എന്നത് വളരെ മഹത്തായ ആശയമാണ്.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിനു മുമ്പ് ഓടകൾ ഉണ്ടാക്കി മഴക്കാലത്ത് റോഡ് ചീത്തയാകാതിരിക്കാൻ റോഡ് ഉപയോഗിക്കുന്നവരും ആ റോഡിന് ഇരുവശത്തും താമസിക്കുന്നവരും മനസുവെച്ചാൽ മതി. പഞ്ചായത്തിൻെറ സഹായം വേണ്ടിടത്ത് സ്വീകരിക്കുകയും ആകാം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ അയൽക്കൂട്ട സമിതികൾ വളരെ പ്രയോജനകരമാണെന്ന് കമ്പല്ലൂരിൽ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. പൂർണ സാക്ഷരരായ നമ്മുടെ പഞ്ചായത്തുകളിൽ എസ് എസ് എൽ സി പാസായവരും അതിനു മുകളിൽ യോഗ്യതയുള്ളവരും ധാരാളമുണ്ട്. ഇവരെ ഉപയോഗപ്പെടുത്തിയാൽ മാത്രം മതി പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ. ഇതിന് അവരെ സന്നദ്ധരാക്കണം. അതിൻെറ പ്രവർത്തനങ്ങൾ ഉണ്ടാകണം.

എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അവയുടെ ഇടപെടൽ വികസന പ്രവർത്തനങ്ങൾക്ക് വമ്പിച്ച മാറ്റങ്ങൾ വരുത്തും. റോഡുകൾ കൂടാതെ കുളങ്ങൾ, കിണറുകൾ ഇവയുടെ ശുദ്ധീകരണം, ആരോഗ്യ പ്രവർത്തനങ്ങൾ, പരിസര മാലിന്യങ്ങൾ ഇല്ലാതാക്കാൻ സമഗ്രമായ വിവര ശേഖരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കെല്ലാം സന്നദ്ധമായ മനുഷ്യ പ്രയത്നം ഉപയോഗിക്കാവുന്നതാണ്. അങ്ങനെ സ്വന്തം അധ്വാനത്തിലൂടെ അർപിത മനസരായ ഒരു സമൂഹമായി നമുക്ക് മാറാൻ കഴിയും. ഈ സന്നദ്ധ പ്രവർത്തന മേഖലയിലേക്ക് യുവതീയുവാക്കളെ പങ്കാളികളാക്കാൻ മുന്നിട്ടിറങ്ങുകയാണ് ആവശ്യം. അതിനുള്ള വേദികളായി വാർഡുകളിലെ ജനകീയ വികസനസമിതികൾ മാറണം. അങ്ങനെ ഒരു നല്ല നാളെയുടെ ശുഭ്രദീപം തെളിക്കാൻ ഇതു സഹായകമാകട്ടെ.

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് പ്രവർത്തന രേഖ

1995 ഒക്ടോബർ 2 ാം തീയ്യതിയാണ് ഇന്നത്തെ പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത്. കക്ഷി രാഷ്ട്രീയത്തിനതീതമായി വികസന സംസ്കാരം വേണമെന്നും വികസനരംഗത്ത് ജനപങ്കാളിത്തം ഉറപ്പാക്കണമെന്നും ഭരണസമിതി തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനമാണ് നിരന്തരം നടന്നു കൊണ്ടിരിക്കുന്നത്. പൂർണ്ണമായും ഒരു കാർഷിക മേഖലയാണെന്നും, വളരെയേറെ യാത്രാസൗകര്യങ്ങൾ ഉണ്ടാകേണ്ട പഞ്ചായത്ത് ആണെന്ന കാഴ്ചപ്പാടോടെയാണ് ഭരണസമിതി നീങ്ങുന്നത്.

കാർഷിക രംഗത്ത് കൃഷിഭവനുമായി സഹകരിച്ച് കൊണ്ട് വിവിധ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കി കൊണ്ടിരിക്കുന്നു. പ്രധാനമായും തെങ്ങു കൃഷി വികസന പദ്ധതി വളരെ വിജയകരമായിരുന്നു. അതുപോലെ തന്നെ 95 - 96 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 9 വീടുകളുടെ പണി പൂർത്തിയാക്കി. ചിറ്റാരിക്കാൽ - കടുമേനി റോഡ് ടാറിംങ്ങ്, നല്ലോംപുഴ - പാലാവയൽ റോഡ് ടാറിംങ്ങ് 405 മീറ്റർ, കുളിനീർ കലിങ്ക്, പാവൽ, പൊങ്കൽറോഡ് വികസനം, നല്ലോംപുഴ, കുളിനീർറോഡ് ടാറിംങ്ങ്, മലാംകടവ് തയ്യേനിറോഡ് ടാറിംങ്ങ്, മണ്ഡപം - കടുമേനി റോഡ് വികസനം ജലക്ഷാമം രൂക്ഷമായ കോളനികളിൽ കിണറുകളും, കുഴൽകിണറുകളും കുഴിച്ച് വികസന പ്രവത്തനങ്ങൾ നടത്തുകയുണ്ടായി.

വായിക്കാനം, പട്ടേങ്ങാനം എന്നീ കോളനികളിൽ കമ്മ്യൂണിറ്റിഹാളും, പട്ടേങ്ങാനം കോളനിയിൽ ടി. വി. യും ഡിഷ് ആന്റിനയും നൽകുകയുണ്ടായി. പട്ടേങ്ങാനം കോളനി കമ്മ്യൂണിറ്റി ഹാളിന്റെ ഉത്ഘാടനം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. പഞ്ചായത്ത്വക ലൈബ്രറി കെട്ടിടത്തിന്റെ പണി വളരെ വേഗം പൂർത്തിയഴയി കൊണ്ടിരിക്കുന്നു. ഈ കഴിഞ്ഞ ഒരു വർഷകാലം പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക പരിധിക്കുള്ളിൽ നിന്ന് കൊണ്ട് ചെയ്യാൻ കഴിയുന്ന വികസന കാര്യങ്ങൾ വളരെ ആത്മാർത്ഥമായി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. മേൽ കാണിച്ച വികസന പ്രവർത്തനങ്ങൾ കൂടാതെ പൂർണ്ണമായ ജനപങ്കാളിത്തത്തോടു കൂടി ചാവറഗിരി - ഓടക്കൊല്ലി, അറക്കത്തട്ട് - മൗവ്വേനി, ഗോക്കടവ് - ഉദയപുരം, പാവൽ-പൊങ്കൽ, ചിറ്റാരിക്കാൽ- പറമ്പ്തട്ട്, ആരിയിരുത്തി-മുനയംകുന്ന് - തോട്ടേൻചാൽ എന്നീ റോഡുകളുടെ പുനർ നിർമ്മാണം നടന്നു കൊണ്ടിരക്കുന്നു. കാട്ടിപ്പൊയിലിൽ ഒരു വെയിറ്റിംങ്ങ് ഷെഡും ജന പങ്കാളിത്തത്തോടു കൂടി നിർമിച്ചുകൊണ്ടിരിക്കുന്നു. ഈ കാല വർഷാരംഭത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകൃതി ക്ഷോഭം മൂലം കനത്ത നാശനഷ്ടം ഉണ്ടായി. പലരുടെയും ഉപജീവനമാർഗ്ഗമായിരുന്ന റബ്ബർ, കുരുമുളക്, കശുമാവ്, കമുങ്ങ്, തെങ്ങ്, വാഴ മുതലായ കൃഷികൾ പാടെ നശിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് ആവുന്നതൊക്കെ ചെയ്യുകയുണ്ടായി.

പ്രദേശിക അസന്തുലിതാവസ്ഥയും, മുൻഗണനാ ക്രമം ഇല്ലായ്മയും മൂലം ഉണ്ടായ മുരടിപ്പ് വസ്തുനിഷ്ഠപരമായ പരിശോധനയോടെ തിരുത്തപ്പെടേണ്ടതുണ്ട്. വികസനത്തിന്റെ ഏറ്റകുറച്ചലുകളുടെ യഥാർത്ഥ വിവരങ്ങൾ നമ്മുടെ മുമ്പിൽ കുറവാണ്. ആയതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു സമഗ്ര സർവ്വെ നടത്തി ഇതിന് പരിഹാരമുണ്ടാക്കുന്നുണ്ട്. നമ്മുടെ വകസന പ്രവർത്തനങ്ങൾ നടത്താൻ കേവലം പഞ്ചായത്ത് ഫണ്ട് കൊണ്ട് സാധിക്കുകയില്ല. സംസ്ഥാന സർക്കാർ 9ാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചത് ഈ രംഗത്ത് ആശ്വാസകരമാണ്. എന്നാലും കഴിഞ്ഞകാലങ്ങളിൽ നമ്മൾ ജന പങ്കാളിത്തത്തോടുകൂടി നടത്തിയ വികസന പ്രവർത്തനങ്ങൾ ഇനിയും തുടർന്നേപറ്റു. പണമില്ലെന്ന് കരുതി പണിയെടുക്കാതിരിക്കുന്ന സമ്പ്രദായത്തിന് പകരം ബഹുജന സഹകരണത്തോടെ പ്രവർത്തിക്കുക എന്നതാണ് ഇപ്പോഴത്തെ ഭരണസമിതിയുടെ ലക്ഷ്യം

നമ്മടെ ഗ്രാമസഭകളിൽ നിന്നും വന്ന ചർച്ചകളും, നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ജനകീയ ആസൂത്രണ പ്രവർത്തകരുടെ സഹകരണത്തോടെയാണ് ഈ വികസന രേഖ രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതൊടൊപ്പം വരും കാലങ്ങളിൽ ഈ രേഖ അടിസ്ഥാനമാക്കി ജനകീയ ആവശ്യങ്ങൾ നിറവേറ്റാൻ പഞ്ചായത്തു ഭരണസമിതി പ്രതിജ്ഞാബദ്ധമാണെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നു. എന്ന്,

പ്രസിഡണ്ട്,

ഈസ്റ്റ് എളേരി പഞ്ചായത്ത്

ഈസ്റ്റ് എളേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം

നമ്പർ 8832

പി. ഒ. ചിറ്റാരിക്കാൽ

ഹെഡ് ഓഫീസ്		ചിറ്റാരിക്കാൽ	ഫോൺ	721031
ബ്രാഞ്ചുകൾ	1.	പാലാവയൽ	ഫോൺ	812094
	2.	കടുമേനി	ഫോൺ	721013

ഒരു ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് സർവീസ് സഹകരണ ബേങ്ക്

അംഗങ്ങൾ	12300
ഓഹരി മൂലധനം	50 ലക്ഷം
നിക്ഷേപങ്ങൾ	405 ലക്ഷം
വായ്പകൾ	750 ലക്ഷം
പ്രവർത്തന മൂലധനം	800 ലക്ഷം

നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന പലിശ നിരക്ക്

എൻ. ടി. ജോസഫ്
പ്രസിഡണ്ട്
ഫോൺ 721019

ജോസ്. ജെ. തയ്യിൽ
സെക്രട്ടറി
ഫോൺ 721078

☎ Shop: 540391
PP: 540233

ഗോൾഡ് കോംപ്ലക്സ്

ജ്വല്ലറി

പി. സി. കുഞ്ഞിരാമൻ ബിൽഡിങ്ങ്

ചെറുപുഴ